KOTTAYAM PUBLIC LIBRARY

Call No M05 ROY.T Acc. No 20477

Author റോയി. സി. ജെ.

Title താരകോപഹാരം.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# താരകോപഹാരം

പ്രൊഫസ്സർ പുത്തൻകാവു മാത്തൻതരകൻ

ഷഷ്ടിപൂർത്തി സ്മാരകഗ്രന്ഥം

20477

എഡിററർ

**സി. ജെ. റോയി എം. എ.**

അസോഷിയേററ് എഡിററർ

**കെ. വി. തമ്പി എം. എ.**

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകർ

**മാത്തൻതരകൻ ഷഷ്ടിപൂർത്തി ആഘോഷക്കമ്മററി**

**കലാമന്ദിരം, പത്തനംതിട്ട.**

വില ക. 5

# THARAKOPAHARAM

PROF. MATHEN THARAKAN
ṢHAṢHTI POORTHI ṢMARAKA GRANDHAM

M05
ROY. T

*Edited by:*
**C. J. Roy M. A.**

*and*

**K. V. Thampi M. A.**

*Published by:*
**Prof. Puthenkavu Mathen Tharakan**
**Shashtipoorthi Celebration Committee**

*Rights Reserved By :*
PROF. MATHEN THARAKAN

PRICE RS. FIVE

# ഉള്ളിലേക്ക കടന്നാൽ

പ്രസാധകർക്ക വേണ്ടി
—ഡോ. പി. വി. ജോർജ്ജ്

'ജി'യുടെ കത്ത്

ഒരു പൂച്ചെണ്ട്
—സി. ജെ. മണ്ണുമ്മൂട്ട്

കാളിദാസൻെറ കണ്മണി
—ഒ. എൻ. വി. കുറുപ്പ്

കഠിന പ്രയത്നത്തിൻെറ ഉപാസകൻ
—ഇ. എം. കോവൂർ

ഞാൻ കണ്ട തരകൻ സാർ
—അമ്പലപ്പുഴ രാമവർമ്മ

കവിതയുടെ കാഠിന്യവും സാർവ്വജനീനതയും
—പി. കെ. പരമേശ്വരൻനായർ

സൗന്ദര്യാന്വേഷിയുടെ രാജപാത
—ജി. സുകുമാരൻ നായർ

നളിനി
—കൃഷ്ണകുമാർ

മൂന്നു രംഗങ്ങൾ മൂന്നു മുഖങ്ങൾ!!
—സി. ജെ. റോയി

ഭാഷയിൽ അലിഞ്ഞുചേർന്നിരിക്കുന്ന ചിത്രാംശങ്ങൾ
—ശൂരനാട്ട കുഞ്ഞൻപിള്ള

ഉദ്യാനപാലകൻ
—കെ. തങ്കപ്പൻ നായർ

പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും ശബ്ദം
—ജെ. പത്മകുമാരി

ഈ ഞാൻ അവനോ നീയോ അല്ല
—പ്രൊഫ: കെ. സി. പീററർ

പുതിയൊരു മുത്തശ്ശൻ
—ഓമല്ലൂർ ഗോപാലകൃഷ്ണൻ

ശ്രുലേംകുമാരി
—സാമുവൽ ചന്ദനപ്പള്ളി

ജീവിതം സാഹിത്യത്തിനു വേണ്ടി
—എം. കെ. സാനു

വെളിച്ചം ചൊരിഞ്ഞാലും

—കുളത്തൂർ കൃഷ്ണൻ നായർ

ബാഷ്പധാര—ഒരശ്രുശകലം

—കെ. വി. തമ്പി

സംസ്കാരസമ്പന്നനായ ഒരു സാഹിത്യകാരൻ

—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ

വിശ്വദീപത്തിന്റെ പിന്നിൽ

—പി കെ. ബി. നായർ

ഭാഷാവൃത്തങ്ങൾ

—പി. കുഞ്ഞികൃഷ്ണമേനോൻ

ഒരു ശിഷ്യന്റെ ഓർമ്മകൾ

—മാമ്മൻ ഫിലിപ്പ്

പ്രൊഫസ്സർ തരകന്റെ ഗദ്യപ്രബന്ധങ്ങൾ

—കെ. വി ചാക്കൊ

മൂന്നു ഡയറികൾ

—എം. ഒ. ജോസഫ്

മംഗള ചിത്രം

—പാലാ

ഇവൻ എന്റെ പ്രിയപുത്രൻ

—ചെമ്മനം ചാക്കോ

പ്രൊഫസ്സർ തരകന്റെ ഖണ്ഡകാവ്യങ്ങൾ

—ജെ. ററി. ആമ്പല്ലൂർ

അമൃതവും വിഷവും

—റെക്സ്

ലഘു കവനങ്ങളിലൂടെ

—പി. ഭാർഗ്ഗവൻ നായർ

നിസ്തുല്യ സാഹിത്യസേവനത്തിന്റെ മാതൃക

—പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ

ഭൂമിയിൽ ഒരു സ്വർഗ്ഗം

—എൻ. ശ്രീധരൻ നായർ

ഗുരുപൂജ

—പി. കെ. ദേവി

മംഗളാശംസകൾ

ലഘുജീവചരിത്രം


കവർ: ശങ്കരൻകുട്ടി

# പ്രസാധകർക്കു വേണ്ടി

പ്രൊഫസ്സർ പുത്തൻകാവു മാത്തൻതരകനു് അറുപതു വയസ്സു തികഞ്ഞിരിക്കുന്നു. അറുപതിൻേറതായ യാതൊരു മാററവും അദ്ദേഹത്തിൻെറ രൂപത്തിലോ ഭാവത്തിലോ കാണുന്നില്ല. എങ്കിലും അതു സത്യമാണു്; പ്രൊഫസ്സർ തരകനു് അറുപതു വയസ്സു തികഞ്ഞിരിക്കുന്നു.

അറുപതാം വയസ്സിനു് ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ പ്രത്യേകമായ പ്രാധാന്യമുണ്ടു്. അതുവരെ ചെയ്തുതീർത്ത കർമ്മങ്ങളെ വിലയിരുത്തുവാനും അനന്തരകർമ്മങ്ങൾക്കു പ്രചോദനമാർജ്ജിക്കുവാനും അർദ്ധായുസ്സു കടന്ന ഈ ഘട്ടത്തോളം സമുചിതമായ മറെറാരു സന്ദർഭമില്ല. താൻ പിന്നിട്ട ജീവിതത്തിൻെറ എല്ലാമണ്ഡലങ്ങളിലും തൻേറതായ വ്യക്തിമുദ്ര പതിച്ചിട്ടുള്ള പ്രൊഫസ്സർ തരകൻെറ ഷഷ്ടിപൂർത്തി അദ്ദേഹത്തെ അറിയുന്നവർക്കെല്ലാം സന്തോഷകരമായ ഒരു സംഭവമാണു്. അതുകൊണ്ടുതന്നെയാണു് ഈ ഷഷ്ടിപൂർത്തി സമുചിതമായി ആഘോഷിക്കുന്നതിനു് അദ്ദേഹത്തിൻെറ സഹപ്രവർത്തകരും സുഹൃത്തുക്കളുമായ ഞങ്ങൾ തീരുമാനിച്ചതു്. അനല്പമായ സ്വാഗതമാണു് ലഭിച്ചതു് ഞങ്ങളുടെ ഈ തീരുമാനത്തിനു്. തുറന്നു പറയട്ടെ; ഈ അനുകൂല പ്രതികരണങ്ങളാണു് ഈ സംരംഭത്തിൽ ഞങ്ങളെ മുന്നോട്ടു നയിച്ചതു്. എല്ലാവിധ പ്രോത്സാഹനങ്ങൾ കൊണ്ടും ഞങ്ങളെ അനുഗ്രഹിച്ചവർക്കു ഞങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നു. പ്രത്യേകിച്ചു് പല പ്രതികൂല സാഹചര്യങ്ങളും ഉണ്ടായിരുന്നിട്ടും ഈ ആഘോഷപരിപാടികൾക്കു നേതൃത്വം നൽകിയ സർവ്വശ്രീ. കെ. കുമാരൻ നായർ, കെ. തങ്കപ്പൻ നായർ, സാമുവൽ ചന്ദനപ്പള്ളി, പി. കെ. കുഞ്ഞുരാമൻ എന്നിവർക്കും

'താരകോപഹാര'ത്തെപ്പററിയുള്ള ഒരുവാക്ക്. പ്രൊഫ: തരകൻെറ ഷഷ്ടിപൂർത്ത്യുത്സവത്തിൽ അദ്ദേഹത്തിനു ഞങ്ങൾ സമർപ്പിക്കുന്ന ഒരു ഉപഹാര ഗ്രന്ഥമാണിതു്. പ്രൊഫ: തരകനോടൊപ്പം കൈരളിക്കും ഇതൊരു ഉപഹാരമായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ആഗ്രഹം ഒരളവു വരെയെങ്കിലും സാധിതമാകത്തക്കവണ്ണം കേരളത്തിലെ സാഹിത്യകാരന്മാരിൽ നിന്നു ഞങ്ങൾക്കു ലഭിച്ച സഹകരണം ചാരിതാർത്ഥ്യജനകമാണ്.

മററു പല ചുമതലകൾക്കിടയിലും ഈ പ്രസിദ്ധീകരണത്തിനു് ഉചിതമായ രൂപംനൽകിയ ശ്രീമാന്മാരായ സി. ജെ. റോയി എം. എ., കെ. വി. തമ്പി എം. എ. എന്നിവരോടും ഇതിനു സുന്ദരമായ ഒരു മുഖം നൽകിയ ആർട്ടിസ്റ്റ് ശങ്കരൻകുട്ടിയോടും ഞങ്ങൾക്കു വളരെ കടപ്പാടുണ്ടു്. കലാമന്ദിരം അച്ചടിശാലയിലെ കരിയും മഷിയും പുരണ്ട കൈകളേയും ഞങ്ങളിവിടെ ഓർമ്മിക്കുന്നു.

ഡോ. പി. വി. ജോർജ് എം. ബി. ബി. എസ്.,
(പ്രസിഡണ്ടു്)

പത്തനംതിട്ട,
1964 സെപ്തംബർ 26,

20477



KOTTAYAM PUBLIC LIBRARY
KOTTAYAM



20477

**THILAKAM** PHONE : 1168

LITERARY MAGAZINE

MARKET ROAD, ERNAKULAM.

ശ്രീ: പുത്തൻകാവു മാത്തൻതരകന്.

പ്രിയ സുഹൃത്തേ,

താങ്കളുടെ ഷഷ്ടിപൂർത്തിമംഗളോപഹാരത്തിൽ, സന്ദർഭത്തിന്റെ ഗൗരവത്തിനും നമ്മുടെ സൗഹൃദത്തിന്റെ വലുപ്പത്തിനും അനുരൂപമായ ഒരു ലേഖനമോ കവിതയോ സമർപ്പിക്കാൻ കഴിയാതെ വന്നതിൽ എനിക്കു വിഷാദമുണ്ടു്. ഞാൻ ഈയിടെ ഒന്നും എഴുതാറില്ല, അനാരോഗ്യവും ഉന്മേഷരാഹിത്യവും മൂലം. ക്ഷമിക്കണം.

പകലിന്റെ വെളിച്ചമാർന്നു രാവും
പകലും പൂർണ്ണകലാവിലാസവാനായ്
അകളങ്കമുഖത്തൊടെന്നുകൊണ്ടും
മുകളിൽത്തന്നെയെഴുന്ന മത്സുഹൃത്തേ,

മലനാട്ടിനു സൗഭഗം വളർത്താൻ
മലയാളത്തിനു വേലിയേററമേകാൻ
പലകാലമുയർന്നുയർന്നു ഭാഗ്യോ-
ജ്ജ്വലനായങ്ങു ജയിക്ക മേൽക്കുമേലേ.

7—9—'64

സ്നേഹപൂർവ്വം,

**ജി. ശങ്കരക്കുറുപ്പ്.**

# ഒരു പൂച്ചെണ്ടു്

— സി. ജെ. മണ്ണമ്മൂട്.

സൗഹൃദത്തിൻെറ പൊൻപൂച്ചെണ്ടുമായിതാ
സൗഭഗം നേർന്നിടുന്നിക്കൊച്ചനുജനും.

സ്വപ്നങ്ങൾ സത്യമായ് ജീവിതം തൃപ്തമായ്
ഷഷ്ട്യബ്ദപൂർത്തികൊണ്ടാട്ടമീവേളയിൽ.

കത്തിച്ചുവച്ചൂ ഭവാനൊരു കൈത്തിരി
സ്വാർത്ഥാന്ധകാരകലുഷമീവീഥിയിൽ.

അദ്ദീപനാളക്കതിരൊളിചിന്നുമീ
രഥ്യയിലൂടേ ചരിക്കുന്നു ഞങ്ങളും.

ചെണ്ടണിയിച്ചു ഭവാൻെറ ശ്രമങ്ങളി–
ക്കണ്ടകാകീർണ്ണമാം പാതയെക്കൂടിയും.

സ്നേഹം പകർന്നു തവ കൈകളെൻ കൊച്ചു
ദീപികയിങ്കലുമാത്തകുതൂഹലം.

ഒത്തുചേരട്ടെൻെറയിഗ്ഗാനവും ഭവൽ
ഷഷ്ട്യബ്ദപൂർത്തി മഹോത്സവവേളയിൽ.

→❀←

# കാളിദാസന്റെ കണ്മണി

— ഒ. എൻ. വി. കുറുപ്പ്

തപസ്സുചെയ്യും മുനിയുടെ മുന്നിലൊ-
രുഷസ്സുദിച്ചല്ലോ!
കണ്ണിൽ, കരളിൽ മലരമ്പെയ്യോരു
പെണ്ണു ചിരിച്ചല്ലോ!

സ്വർഗ്ഗം മുന്നിലെഴുന്നള്ളുന്നു,
സ്വപ്നം മലരണിയുന്നു
ഇതളിതളായി വിടർന്നൊരു പൂവിൻ-
മധുരം നുണയുന്നു–പൂവിൻ
മധുരം നുണയുന്നു!

അപ്സരകന്യകൾ കൺപൊത്തുന്നു,
അദ്രികൾ കാവലിരുന്നു,
ജടയുടെ പായലിൽ നിന്നൊരു താമര-

മുകുളം വിരിയുന്നു-താമര
മുകുളം വിരിയുന്നു!

ഇന്ദ്രസദസ്സിൽ പൊട്ടിച്ചിരികൾ
ചന്ദ്രികയായൊഴുകുന്നു!
മുനിയുടെ കൈകൾ വലിച്ചെറിയുന്നു
മധുപാത്രം ദൂരെ!—ഒഴിയും
മധുപാത്രം ദൂരേ!

കുഞ്ഞിക്കൈകൾ നണഞ്ഞുകരഞ്ഞൊരു
കുഞ്ഞോമനയെക്കണ്ടോ?
പറവകൾ പാടിപ്പാടിയുറക്കിയ
പൈതലിനെക്കണ്ടോ?—കവിയുടെ
കണ്മണിയെക്കണ്ടോ?

# കഠിന പ്രയത്നത്തിൻെറ ഒരു ഉപാസകൻ.

— ഇ. എം. കോവൂർ.

നാല്പത്തിരണ്ടുവർഷങ്ങൾക്കു മുമ്പാണ്. ഞാനന്ന് എറണാകുളം മഹാരാജാസ് കോളജിൽ ഇൻററർമിഡിയററിനു പഠിക്കുകയാണ്. തിരുവല്ലായിൽനിന്നും എറണാകുളത്തിനുള്ള അക്കാലത്തെ യാത്ര ക്ലേശകരമായിരുന്നു. കമ്പനിവള്ളത്തിൽ ആലപ്പുഴ എത്തണം. അവിടുന്ന് നാവിഗേഷൻ കമ്പനിക്കാരുടെ വലിയ സ്റ്റീംബോട്ടിൽ കയറി മിക്കവാറും ഒരു പകൽ മുഴുവനും അതിൽ കത്തിയിരുന്ന്, വേമ്പനാട്ടുകായൽ താണ്ടി എറണാകുളത്തിറങ്ങണം.

സ്റ്റീംബോട്ടിൻെറ മേൽനിലയിൽ ഒരു മൂലചേർന്നു ഞാനിരിക്കയാണ്. ബോട്ട് കായലിലിറങ്ങാൻ ഇനി നാലോ അഞ്ചോ മിനിട്ടുകൾ കൂടെയേ വേണ്ടു. അതാ ബോട്ടിൻെറ വേറൊരു മൂലയിൽ നിന്നും ഒരു പാട്ടുയരുന്നു അക്കാലങ്ങളിൽ കുറെയധികം പ്രചാരത്തിലിരുന്ന "കാക്കാരശ്ശി" നാടകത്തിൽനിന്നുമുള്ള രണ്ടു വരികളാണ്.

"ജനകൻെറ മകളല്ലോ സീതപ്പെണ്ണ്—
അവൾക്കല്ലോ മുണ്ടുകൊടുത്തതു രാമച്ചാര്"

ഒരു പത്തു കണ്ടങ്ങൾ അതേറവുപ്പാടി. ചില ട്ടെപെട്ടികൾ മൃദംഗങ്ങളായി മാറി. പാട്ടിൻെറ ഉന്മേഷവും ഉജാറം വർദ്ധിക്കുന്നു. പതിനേഴുകാരനായ ഞാനെങ്ങനെ അടങ്ങിയിരിക്കും. മൂന്നനാലു തവളച്ചാട്ടം കൊണ്ടു് ഞാൻ കച്ചേരിസ്ഥലത്തെത്തി.

വെളുത്തു സുമുഖനായ ഒരു യുവാവു്. ആററിൻതീരത്തെ കാട്ടപൊന്തകൾപോലുള്ള രണ്ടു പുരികങ്ങൾ, ചുരുളിച്ച അറിയാതെ നെററിയിലേക്കു വീണുകിടക്കുന്ന മുടി. അസാരം തള്ളിനിൽക്കുന്ന വലിയ കണ്ണുകൾ, ചിരിക്കുമ്പോൾ സമ്പൂർണ്ണമായി അടയുവാൻ അവയ്ക്കുള്ള വല്ലാത്ത ഒരു പ്രവണത. ഇവയെല്ലാം ഉടമയായ ഒരു കെല്ലിച്ച യുവാവു്. അയാളാണു് ഗായകസംഘത്തെ നയിക്കുന്നതു്: അവരിലേക്കു് തൻെറ ഊർജ്ജസ്വചലതയും, യുവസഹജമായ ഉന്മേഷവും പകർന്നുകൊടുക്കുന്നതു്. ഞാനും അചിരേണ ആ സംഘത്തിൽപ്പെട്ടു പാടി. ബോട്ടു മിക്കവാരും എറണാകുളത്തെത്തുംവരെ തകർത്തു ഇറങ്ങാറായപ്പോൾ അന്വേഷിച്ചു അവരാരാണെന്നു്. ഏതോ സ്കൂളിലെ വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകനുമാണു്. കൊച്ചിയും മററും കാണാൻ ഇറങ്ങിത്തിരിച്ചിരിക്കയാണു്. അദ്ധ്യാപകനാണു് ഗായകസംഘത്തെ നിയന്ത്രിക്കുന്നതു്. അദ്ദേഹത്തിൻെറ പേരോ? — പുത്തൻകാവു മാത്തൻ തരകനെന്നും.

എനിക്കു് ആളിനെ നന്നാ പിടിച്ചു. അദ്ധ്യാപകരായാൽ ഇങ്ങനെ വേണം. ഇതുപോലെ പാടുകയും തകർക്കുകയും ചിരിക്കുകയും ചിരിപ്പിക്കുകയും, കഥപറയുകയും വേണം. ഞങ്ങൾ തമ്മിൽ അന്നു സ്നേഹിതരായി ആ സ്നേഹബന്ധം—അല്ല സഹോദരബന്ധം—ഇന്നും നിലനിൽക്കയാണു് അഭംഗുരമായി.

കുറെക്കഴിഞ്ഞപ്പോൾ വിദ്വാൻ പുത്തൻകാവു മാത്തൻ തരകൻ എന്ന പേരു് മലയാളമനോരമയിലും മററു പ്രസിദ്ധീകരണങ്ങളിലും സാധാരണ കാണുന്ന ഒരു പേരായി—ഒരു കവിയായി; കാഥികനായി; തർജ്ജമക്കാരനായി; പ്രസംഗകനായി എല്ലാം.

ഏതാണ്ട് അക്കാലത്തുതന്നായിരുന്നു എൻെറ പേരും പത്രമാസിക കളിൽ സ്ഥലംപിടിച്ചു തുടങ്ങിയതു്.

പ്രഥമവും പ്രധാനവുമായി ശ്രീ: മാത്തൻതരകൻ ഒരു കവിയാണു്, അനുഗ്രഹീതനായ ഒരു കവിയാണു്. ശബ്ദവും അർത്ഥവും സുന്ദരമായ രീതിയിൽ സമ്മേളിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നു. പ്രസന്നത നിറഞ്ഞതാണദ്ദേഹിത്തിന്റെ കവിതകൾ. പ്രകൃതിയിൽനിന്നും, ക്രൈസ്തവ വേദപുസ്തകത്തിൽനിന്നും, മഹാന്മാരായ പഴയ സംസ്കൃത കവികളിൽനിന്നും ആണു് അദ്ദേഹത്തിൻെറ കവിത പ്രചോദനം നേടുന്നതു്. കവിതയിൽ കഥാരീതി കടത്തിവിട്ടു് അതിൽ അനിതരസാധാരണമായ വിജയം കൈവരിച്ചിട്ടുള്ള ഒരു കവിയാണദ്ദേഹം.

പക്ഷെ ഒരു സംഗീതജ്ഞനും അനുഗ്രഹീതനായ ഒരു സംഭാഷകനുമായിട്ടാണു് ഞാനദ്ദേഹത്തെ എപ്പോഴും ഓർത്തുപോകുക. ഗീതങ്ങളുടെ കർത്താവു മാത്രമല്ല അദ്ദേഹം, അവ ശാസ്ത്രീയമായി, സുന്ദരമായ ശബ്ദത്തിൽ, പാടുവാൻ കഴിവുള്ള ഒരു ദേഹവുമാണു് ശ്രീ: മാത്തൻതരകൻ. “ജീവിതേശനെ പ്രതീക്ഷിച്ചന്നൊരന്തിയിങ്കൽ .....” “കണ്ണിനു എന്നും കൌതുകമേകും കേരളദേശം ദിവ്യദേശം......” എന്നും മററുംതുടങ്ങുന്ന അദ്ദേഹത്തിന്റെ പാട്ടുകൾ ഗ്രാമഫോൺ റിക്കേർഡുകളിൽകേട്ടു് നാമെല്ലാം എത്ര തവണ കോരിത്തരിച്ചിട്ടുണ്ടു്! കൊല്ലം മാർത്തോമ്മാപ്പള്ളിയുടെ ജൂബിലിയാഘോഷം സംബന്ധിച്ചുള്ള മഹായോഗത്തിൽ പാടേണ്ട സ്വാഗതഗാനം, ശ്രീ: ടി. എം. വറുഗീസ്സിൻെറ നിർദ്ദേശമനുസരിച്ചു്, ശ്രീ: തരകൻ സൃഷ്ടിക്കുന്നതു കണ്ടപ്പോഴാണു് എത്ര ദ്രുതഗതിയിലാണു് അദ്ദേഹം ഗാനനിർമ്മാണം നടത്തുന്നതെന്നെനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു്.

തരകൻെറ സംഭാഷണം—അതൊരിക്കലും മറക്കുവാൻ സാദ്ധ്യമല്ലാത്തഒരനുഭവമാണു്. കുലപ്പടക്കങ്ങൾപോലാണു് വിനോദകഥകൾ അപ്പോൾ പൊട്ടിത്തെറിക്കുന്നതു്. പററിയ കവിതാശകലങ്ങൾ ഉദ്ധരിക്കപ്പെടുന്നതു്. നർമ്മബോധംകൊണ്ടു നിർഭ

രമായ ജീവിതവീക്ഷണങ്ങൾ വിളംബരപ്പെടുത്തുന്നതു്. പ്രസംഗകനായ തരകനിലും ഈ വിധ വിശേഷങ്ങളെല്ലാം നാം കാണുന്നു.

ടാർസനെ മലയാളത്തിനു പരിചയപ്പെടുത്തിക്കൊടുത്തതു് ശ്രീ: മാത്തൻതരകനാണു്. ബറോസ്സ് എഴുതിയ ടാർസൻ കഥകളിൽ മിക്കതും തരകൻ മലയാളത്തിലേക്കു തർജ്ജമ ചെയ്യുകയും മലയാളമനോരമ അതു ഖണ്ഡശഃപ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടു്. അവ വായിച്ചിട്ടുള്ളവർ ശ്രീ: തരകൻെറ കഠിനാദ്ധ്വാനത്തിനുള്ള അപാരമായ കഴിവിനെ പ്രശംസിക്കാതിരിക്കില്ല

കഠിനാദ്ധ്വാനത്തിനുള്ള കഴിവു്, അതാണു് ശ്രീ: തരകൻെറ ജീവിതവിജയത്തിൻെറ താക്കോൽ. എസ്സ്. എസ്സ്. എൽ. സി. പാസ്സായ തരകൻ; വിദ്വാനായതും, എം. എ ആയതും പ്രഫസ്സറായതും, പ്രിൻസിപ്പാളായതും, കേരള സാഹിത്യ അക്കാഡമി മെമ്പറായതും എല്ലാം കഠിനാദ്ധ്വാനം എന്ന നെട്ടനെട്ടങ്കൻ വഴിയെ ആശ്രയിച്ചു മാത്രമാണു്. സാഹിത്യപ്രസിദ്ധിയ്ക്കായി വെമ്പി കലശൽ കൂട്ടുന്ന ചെറുപ്പക്കാർ ഇതുപ്രത്യേകം ധരിക്കേണ്ട ഒരു കാര്യമാണു്.

തരകൻെറ ഭാര്യാഗൃഹം: അതെൻെറ വീടിനു തൊട്ടടുത്താണു്. അദ്ദേഹം എൻെറ അയൽക്കാരനായും ജീവിച്ചിട്ടുണ്ടു്. ധന്യമായ ഒരു കുടുംബജീവിതമാണു് തരകൻേറതു്. അദ്ദേഹത്തിൻെറ പുത്രന്മാർ—സിദ്ധികളിൽ അവർ പിതാവിനെ പിന്നിലാക്കിയിരിക്കുന്നു. ഇതിൽ കൂടുതൽ ഒരു പിതാവിനാഹ്ളാദം നൽകുവാൻ മറെറന്തുണ്ടു്.

ശ്രീ: മാത്തൻതരകൻ അല്ലെങ്കിൽ ഞങ്ങളുടെ എല്ലാം "വലിയകുഞ്ഞു്", നീണാൾ ജീവിച്ചിരുന്നു് കൈരളിയേയും, മലയാളക്കരെയേയും കൂടുതൽകൂടുതൽ ധന്യമാക്കട്ടെ. ഇതു മാത്രമാണു് ഈ പഴയ മിത്രത്തിനു് ഈ അവസരത്തിൽ ആശംസിക്കുവാനുള്ളതു്.

# ഞാൻ കണ്ട തരകൻസാർ.

— അമ്പലപ്പുഴ രാമവർമ്മ എം. എ.

"പഠിപ്പിക്കാൻ കഴിവുള്ള അദ്ധ്യാപകർ പലരുണ്ട്. പക്ഷേ, അവർക്ക് പാടാൻ വശമുണ്ടായിരിക്കയില്ല. പാടാനും പഠിപ്പിക്കാനും കഴിയുന്നവർക്ക് സാഹിത്യവാസനയോ കലാധർമ്മമർമ്മജ്ഞതയോ കണ്ടെന്നുവരില്ല ഇതെല്ലാംകൂടി ഒരുവനിൽ സമ്മേളിക്കുന്നതു് ഒരസുലഭ സിദ്ധിതന്നെയാണ്. അത്തരത്തിൽഅനുഗൃഹീതനായഒരദ്ധ്യാപകവര്യനത്രേ പ്രൊഫ: പുത്തൻകാവു മാത്തൻതരകൻ."

സമസ്തകേരള സാഹിത്യപരിഷത്തിന്റെ 24-ാം വാർഷികം തിരുവനന്തപുരത്തുവച്ചു് 1954 ഡിസംബർ അവസാനത്തിൽ ആഘോഷിക്കുകയുണ്ടായി. അതിൽ ഈ ലേഖകനും സംബന്ധിച്ചിരുന്നു. അന്നു നടന്ന സമ്മേളനങ്ങളിൽ ഏററവും ഒച്ചപ്പാടുണ്ടാക്കിയ ഒന്നായിരുന്നു മൂന്നാംദിവസത്തെ പദ്യസാഹിത്യ സമ്മേളനം. മഹാകവി ജി. ശങ്കരക്കുറുപ്പാണു് അതിൽ അദ്ധ്യക്ഷത വഹിച്ചതു്. സ്വാഗതപ്രസംഗകനായിരുന്ന ശ്രീ: കെ ദാമോദരൻ സന്ദർഭവശാൽ സൂചിപ്പിച്ച ചില അഭിപ്രായങ്ങളിൽ ക്ഷുഭിത

നായി, അവയെ നഖശിഖാന്തം എതിർത്തുകൊണ്ടു്, അദ്ദേഹം അതിദീർഘമായ ഒരു പ്രസംഗം ചെയ്തു. തുടർന്നു് പ്രസംഗിച്ച ശ്രീ: വൈലോപ്പിള്ളി ശ്രീധരമേനോനും ജി. യുടെ വാദമുഖങ്ങളോടു് അനുകൂലിച്ചു സംസാരിച്ചു. അദ്ധ്യക്ഷനുൾപ്പെടെ ആ സംസാരിച്ചവരെല്ലാം തങ്ങൾ ദീക്ഷിക്കേണ്ട പ്രതിപക്ഷ ബഹുമാനവും സാംസ്കാരിക നിലവാരവും ആവേശത്തിനിടയിൽ വിസ്മരിച്ചതുപോലെ തോന്നി. സദസ്യരുടെ ഇടയിൽ രണ്ടഭിപ്രായഗതിയായി. (പില്ക്കാലത്തു് 'സിമ്പോളിസ'ത്തെപ്പററിയുണ്ടായ വാദകോലാഹലത്തിൻെറ നാന്ദികുറിച്ചതു് ആ സമ്മേളനമായിരുന്നു) എൻ വി. യുടെയും വൈലോപ്പിള്ളിയുടെയും പ്രസംഗം കഴിഞ്ഞു് ഒരു മാന്യദേഹം പ്ലാററു്ഫോറത്തിൽ പ്രവേശിച്ചു. നല്ല ഉയരം. സ്ഥൂലിക്കാത്ത ശരീരം. ജൂബ്ബായും ഖദർ മുണ്ടും. കഴുത്തു ചുററിയിട്ടു മുട്ടോളം എത്തിയിട്ടുള്ള ഒരു ഖദർ വേഷ്ടി. ശാന്തവും ഗംഭീരവുമായ മുഖഭാവം. താൻ ഇതിലൊന്നും പങ്കുചേരുന്നില്ലെന്ന മട്ടിൽ ഒരു പുഞ്ചിരി. സദസ്യർ ആ പ്രസംഗകനിൽ ആകൃഷ്ടരായി. ശബ്ദകോലാഹലം ശമിച്ചു. തുടർന്നു ഗാനാത്മകവും സാഹിത്യസുധാനിഷ്യന്ദിയുമായ ഒരു പ്രസംഗം ആരംഭിച്ചു.

പ്രൊഫസർ പുത്തൻകാവു മാത്തൻ തരകനായിരുന്നു ആ പ്രസംഗകൻ. സർവ്വകലാശാലാക്ലാസുകളിൽ ദീർഘകാലം പഠിപ്പിച്ചു് നല്ല തഴക്കവും പകവതയുമുള്ള ഒരു വന്ദ്യ ഗുരുഭൂതൻ എന്ന നിലയിൽ അദ്ദേഹം ഒട്ടുവളരെ ശിഷ്യഗണങ്ങളുടെയും സമാദരം നേടിയിരുന്നു. ആ നിലയ്ക്കാണു് ഞാനും അദ്ദേഹത്തെപ്പററി കേട്ടിരുന്നതു്. എന്നാൽ അന്നത്തെ പ്രസംഗം കഴിഞ്ഞതോടെ ഒരു നല്ല സാഹിത്യരസികനും, ഗായകനും, സഹൃദയനും കൂടിയാണു് പ്രൊഫസർ മാത്തൻതരകൻ എന്ന അഭിപ്രായം എനിക്കെന്നപോലെ മററു ശ്രോതാക്കൾക്കും ഉണ്ടായി. പഠിപ്പിക്കാൻ കഴിവുള്ള അദ്ധ്യാപകർ പലരുണ്ടു്. പക്ഷേ അവർക്കു പാടാൻ വശമുണ്ടായിരിക്കുകയില്ല. പാടാനും പഠിപ്പിക്കാനും കഴിയുന്നവർക്കു് സാഹിത്യവാസനയോ കലാധർമ്മമർമ്മജ്ഞതയോ കണ്ടെന്നുവരികയില്ല. ഇതെല്ലാംകൂടി ഒരുവനിൽ സമ്മേളിക്കുന്നതു് ഒരപൂ

ലഭ സിദ്ധിതന്നെയാണ്. അത്തരത്തിൽ അനുഗൃഹീതനായ ഒരധ്യാപക വര്യനത്രേ പ്രൊഫസർ പുത്തൻകാവു മാത്തൻ തരകൻ.

തിരുവനന്തപുരത്തുവെച്ചാണ് ഞാൻ ആദ്യമായി തരകൻ സാറിനെ കാണുന്നതും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുന്നതും. ആ രൂപവും ഭാവവും സ്വരവും ഇന്നും ഇത്ര വ്യക്തമായി ഓർക്കുണ്ണമെങ്കിൽ അവ എത്രമാത്രം ഗാഢമായി എൻെറ ഹൃദയത്തിൽ പതിഞ്ഞിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. ആർക്കും ഒരു വെറുപ്പോ, വിപ്രതിപത്തിയോ തോന്നിക്കാത്തതാണ് അദ്ദേഹത്തിൻെറ സ്വഭാവവും പെരുമാററവും സംഭാഷണവും. ആ വാക്കിനു മാധുര്യം മാത്രമല്ല ഉള്ളത്. പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതവുമുണ്ട്. എന്തൊരു വിനയം! എന്തൊരന്തസ്സ്! എന്തൊരാഭിജാത്യം! ആ ദേഹവും മനസ്സും ഒന്നുപോലെ ഉന്നതമാണ്.

പിന്നീടു ഞാൻ തരകൻ സാറുമായി പരിചയപ്പെടുന്നതു് ഔദ്യോഗികമായ കാര്യങ്ങൾ സംബന്ധിച്ചാണ്. ഒന്നു രണ്ടു പ്രാവശ്യം അദ്ദേഹം പ്രധാന പരീക്ഷകനായിരുന്ന യൂണിവേഴ്സിററി പരീക്ഷാസമിതിയിൽ ഞാനും അംഗമായിരുന്നു. കാര്യഗൗരവവും ശുഷ്കാന്തിയും പ്രദർശിപ്പിക്കുന്നതോടൊപ്പം തൻെറ സഹപ്രവർത്തകരോടു് അങ്ങേയററം സൗമനസ്യവും ദാക്ഷിണ്യവും കാട്ടി അവരുടെ ഹൃദയപൂർവ്വമായ സഹകരണം നേടാൻ അദ്ദേഹത്തിനുള്ള സാമർത്ഥ്യം ഒന്നു പ്രത്യേകമാണ്. അഹന്തയും 'വലിപ്പ'വും അദ്ദേഹത്തെ ഒരിക്കലും സ്പർശിച്ചിട്ടില്ല.

ഒരു നല്ല നേതാവും സംഘാടകനുംകൂടിയാണു തരകൻ സാർ. കേരളസർവ്വകലാശാല പൗരസ്ത്യഭാഷകളോടു് — പ്രത്യേകിച്ചു് മലയാളത്തോടു് — കൈക്കൊണ്ടു വരുന്ന 'ചിററമ്മ' നയത്തിൽ പ്രതിഷേധിക്കാൻ എറണാകുളത്തുവച്ചു കൂടിയ ഒരു സമ്മേളനത്തിൽ പ്രൊഫസർ പുത്തൻകാവു മാത്തൻ തരകൻ ചെയ്ത സരസവും അതിനിശിതവുമായ പ്രസംഗം അന്നവിടെ സന്നിഹിതരായിരുന്നവർ ഒരിക്കലും മറക്കുമെന്നു തോന്നുന്നില്ല. കുറിക്കു

കൊള്ളുന്നതും, ചിരിപ്പിക്കുന്നതും, ചിന്തിപ്പിക്കുന്നതുമാണ് ആ വാഗ്‌വൈഭവം.

സാഹിത്യലോകത്ത് ഒരു പക്ഷക്കാരുടെയും വക്താവായി പ്രത്യക്ഷപ്പെടാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. നിഷ്പ്രയോജനമായ വാദബഹളങ്ങളിൽ ഏർപ്പെട്ട് സമയവും ശക്തിയും ദുർവ്യയം ചെയ്യുന്നതും അദ്ദേഹത്തിനിഷ്ടമല്ല. സ്വയം ആനന്ദിക്കുക, ആ ആനന്ദത്തെ അനുവാചകരിലേക്കു പകർത്താൻ ശ്രമിക്കുക— അങ്ങനെ തികച്ചും സ്വാനുഭൂതി പ്രചോദിതമായി പ്രസരിക്കുന്ന, ആത്മാർത്ഥത നിറഞ്ഞ, ആ സർഗ്ഗശക്തി മലയാള സാഹിത്യത്തിനു നൽകിയിട്ടുള്ള സംഭാവനകൾ അമൂല്യമാണ്.

സാഹിത്യത്തിൻെറ വിവിധ ശാഖകളിൽ തരകൻസാർ നേടിയിട്ടുള്ള വിജയത്തെപ്പറ്റി പ്രതിപാദിക്കാൻ ഈ ലേഖനത്തിൽ ഉദ്ദേശിച്ചിട്ടില്ല. നാലഞ്ചുതവണയേ തമ്മിൽ കണ്ടു സംസാരിക്കാനുള്ള സന്ദർഭം ലഭിച്ചിട്ടുള്ളു. എങ്കിലും എൻെറ ഹൃദയതലത്തിൽ സ്നേഹബഹുമാന സഹിതം സ്ഥലം പിടിച്ചിട്ടുള്ള ആ നല്ല മനുഷ്യനെ ഒന്നനുസ്മരിക്കാൻ മാത്രമേ ഞാനിവിടെ മുതിർന്നിട്ടുള്ളു. തരകൻസാറിനു ഷഷ്ടിപൂർത്തിയായി എന്നു വിശ്വസിക്കാൻ കഴിയുന്നില്ല. ഒരു യുവാവിൻെറ പ്രസരിപ്പും ഓജസ്സും ഉത്സാഹവും അദ്ദേഹത്തിലിന്നുണ്ട്. ആ മനശ്ശക്തിയല്ലേ, സർവ്വോപരി, അദ്ദേഹത്തിൻെറ വിജയ രഹസ്യം.

കർമ്മബഹുലവും വിജയോന്മുഖവും പ്രയോജനപ്രദവുമായ ഒരു ദീർഘജീവിതം നയിക്കാൻ അദ്ദേഹത്തിനിടവരട്ടെ. കലാപരവും, സാംസ്കാരികവും, സാഹിത്യപരവുമായ തൻെറ സേവനങ്ങൾകൊണ്ട് കേരളത്തെ ധന്യമാക്കാൻ ആ വന്ദ്യ ഗുരുവരനെ ദൈവം അനുഗ്രഹിക്കട്ടെ

# കവിതയുടെ കാഠിന്യവും സാർവ്വജനീനതയും

— പി. കെ. പരമേശ്വരൻ നായർ.

"കവിതയുടെ ദുർഗ്രാഹ്യത അതിനെ കവിതയല്ലാതാക്കുമെന്നും സുഗ്രാഹ്യമായ കവിതഎപ്പോഴും കവിതയായിരിക്കുമെന്നും കരുതുന്നതു ബാലിശമാണ്. അത്രതന്നെ ബാലിശമാണ് ലളിതവും ഋജുവുമായ കൃതികളിൽ ഒരിക്കലും കവിത കാണുകയില്ലെന്നു കരുതുന്നതും"

കവിതയുടെ കാഠിന്യവും തജ്ജന്യമായ ദുർഗ്രാഹ്യതയും എല്ലാ സാഹിത്യത്തിലും വളരെ പഴക്കമേറിയ ഒരു പ്രശ്നമാണ്. കലകൾ അവയുടെ പ്രാരംഭകാലത്ത് അത്രവളരെ സങ്കീർണ്ണസ്വഭാവമുള്ളവയായിരുന്നിരിക്കാൻ ഇടയില്ല. പിന്നീട്, ജീവിതം തന്നെ കൂടുതൽ സങ്കീർണ്ണമായപ്പോൾ, ജീവിതത്തിൻെറ പ്രതിബിംബമായ കലയും അപ്രകാരമായി പരിണമിച്ചതു് സ്വാഭാവികമാണ്. വിഷയത്തിൻെറ സങ്കീർണ്ണതകൊണ്ടു മാത്രം ഒരു കല കഠിനമോ ദുർഗ്രഹമോ ആയിരിക്കണമെന്നില്ല. ആവിഷ്ക്കരണോപാധിയുടെ സ്വഭാവവും അതിലേക്ക് ഹേതുഭൂതമായിരിക്കും. കവിത

യുടെ കാൎയ്യത്തിൽ ഈ രണ്ടംശങ്ങളും ഒരുപോലെ ഗണനീയമാണ്. പ്രാചീന കവിതയിലായാലും ആധുനിക കവിതയിലായാലും അതിൽ വലിയ അന്തരത്തിനവകാശമില്ല.

ആധുനിക കവിത കൂടുതൽ സാൎവ്വജനീനവും ലളിതവും ആയി വരുന്നതായിട്ടാണ് ധാരണ. എന്നാൽ കവികളിൽ ഒരു വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം, ദുർഗ്രാഹ്യത അനിവാൎയ്യമായ ഒരു സ്വഭാവമായിട്ടാണിരിക്കുന്നതു്. പാശ്ചാത്യരിലും പൌരസ്ത്യരിലും അങ്ങിനെയുള്ള കവികൾ ഒട്ടും കുറവല്ല. പത്തൊൻപതാം ശതകത്തിലെ ഇംഗ്ലീഷ് കവികളിൽ ബ്രൌണിംഗിൻെറ കവിതയാണ് ദുർഗ്രാഹ്യമായ കവിതയ്ക്കു് സുവിദിതമായ ഒരു ദൃഷ്ടാന്തം. എന്നാൽ ഇന്നത്തെ ഇംഗ്ലീഷ് കവികളിൽ അഗ്രേസരനായ ററി. എസ്സ്. എലിയട്ട്, ബ്രൌണിംഗിനേയും കവച്ചുവയ്ക്കുന്നതായി കാണുന്നു.

*പ്രാചീന കവിത :*

പൌരസ്ത്യകവിതയിലും ഈ ദുർഗ്രാഹ്യതാപ്രശ്നം പഴയകാലം മുതൽക്കുതന്നെയുണ്ടു്. മാഘനും, ശ്രീഹർഷനും മററും തന്നെ പ്രമുഖ ദൃഷ്ടാന്തങ്ങളാണ്. ശ്രീഹർഷൻ, തൻെറ കവിതയിൽ അഴിക്കാൻ പാടില്ലാത്ത ചില കെട്ടുകൾ ഇട്ടിട്ടുണ്ടെന്നും, ഉപരിപ്ലവബുദ്ധികൾ അതിലേക്കു നോക്കേണ്ട ആവശ്യമില്ലെന്നും ബുദ്ധിമാന്മാരെ മാത്രമേ തൻെറ അനുവാചകരായി പ്രതീക്ഷിക്കുന്നുള്ളുവെന്നും അൎത്ഥം വരുന്ന, ഒരു ശ്ലോകം 'നൈഷധീയചരിത'ത്തിൽ എഴുതിയിട്ടുണ്ടു്. 'മാഘം' ദുർവ്യാഖ്യേയമായ ഒരു മഹാകാവ്യമാണെന്നു പ്രസിദ്ധവുമാണു്. ഇത്തരം കൃതികളെപ്പററി 'നാളികേരപാകം' എന്ന ചൊല്ലു് സംസ്കൃതത്തിൽ വളരെ പ്രസിദ്ധമായിട്ടുണ്ടു്. നേരെമറിച്ചു് കാളിദാസാദികളുടെ കവിത ദ്രാക്ഷാപാകത്തിലുള്ളതാണത്രേ—മുന്തിരിങ്ങപോലെ പ്രഥമ ചൎവ്വണത്തിൽ തന്നെ മാധുൎയ്യം സ്വാദിക്കുവാൻ കഴിയത്തക്കതു്. ദ്രാക്ഷാപാകക്കാരാണു് കൂടുതൽ സുസമ്മതരായ കവികളെങ്കിലും മാഘ-ഹർഷാ

ദികളെ ആസ്വദിക്കുന്നതിലും ആരാധിക്കുന്നതിലും ഗൈർവ്വാണീ പണ്ഡിതന്മാർ ഒരിക്കലും അലംഭാവം വിചാരിച്ചിട്ടില്ല.

*രാമചരിതവും മണിപ്രവാള കൃതികളും :*

മലയാള കവിതയിലും ഈ പ്രശ്നം പണ്ടേക്കു പണ്ടേ ഉണ്ട്. രാമചരിതത്തിന് ഇന്നു തോന്നുന്ന ദുർഗ്രാഹ്യത ഒരു പക്ഷെ അതിലെ ഭാഷയുടെ പ്രാചീനതകൊണ്ടുള്ളതായിരിക്കാം. എങ്കിലും പഴയ പല മണിപ്രവാള ശ്ലോകങ്ങളിലും ഭാഷാപരമായ ദുർഘടത്തെക്കാൾ ആശയസങ്കീർണ്ണതയും പ്രതിപാദന വക്രതയും കൊണ്ടുള്ള ദുർഗ്രാഹ്യത ചൂണ്ടിക്കാണിക്കുവാൻ കഴിയും. ഗിരിജാകല്യാണവും, നളചരിതം ആട്ടക്കഥയും മദ്ധ്യകാല മലയാളത്തിലെ രണ്ടു കഠിനകാവ്യങ്ങളാണ്. നളചരിതത്തിൽ സംസ്കൃത പദബാഹുല്യവും ദുർല്ലഭപദങ്ങളുടെ പ്രയോഗവും കൊണ്ടുണ്ടായിട്ടുള്ള ദുർഘടതയാണ് കാഠിന്യത്തിനു ഹേതുവെന്നു പറയുന്നതിൽ കുറച്ചു പരമാർത്ഥം ഇല്ലാതില്ല എന്നാൽ, അതു മാത്രമല്ല കാരണം. നളചരിതത്തിലെ ആശയങ്ങളുടെ അസാധാരണതയും ചിന്താഗതികളുടെ പ്രൌഢിയും പ്രയോഗങ്ങളുടെ കൃത്രിമതയും ആണു അതിന്റെ ദുർഗ്രാഹ്യതയ്ക്കു മുഖ്യനിദാനമെന്നു കാണാൻ പ്രയാസമില്ല.

*ദുർഗ്രാഹ്യത ഇന്ന് :*

ചങ്ങമ്പുഴയുടേതുമുതൽ ഇങ്ങോട്ടുള്ള കവിത തീർച്ചയായും കൂടുതൽ ജനകീയമായിട്ടുണ്ട്. എങ്കിലും ദുർഗ്രാഹ്യതയുടെ ബാധയിൽനിന്ന് ആധുനിക മലയാളകവിത സുരക്ഷിതമായിട്ടാണ് നില്ക്കുന്നതെന്നു പറയാറായിട്ടില്ല. മനസ്സിലാകുന്ന മട്ടിൽ കവിത എഴുതിയതുകൊണ്ടുമാത്രം അതു നല്ല കവിതയാണെന്നു പറയുക സാദ്ധ്യമല്ല. ചങ്ങമ്പുഴയ്ക്കുശേഷം കവിതാരംഗത്തു വിഹരിക്കുന്ന പല യുവ കവികളും ശോഭനമായ ഭാവിയുള്ളവരാണെന്നുള്ളതിനു തർക്കമില്ല. ആവേശംകൊള്ളിക്കാൻ പറ്റിയ പറ്റമായ അനവധി കവിതകൾ സുലളിതശൈലിയിൽതന്നെ അവർ

എഴുതിവിടുന്നുണ്ട്. ജനങ്ങളിൽ ഒരു വലിയ വിഭാഗം അവ പാടുന്നുമുണ്ട്. എങ്കിലും ഇന്നത്തെ സഹൃദയലോകം പൊതുവേ അത്തരം കവിതകൊണ്ട് പൂർണ്ണതൃപ്തി അടയുന്നുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നേ പറയാൻ നിർവാഹമുള്ളൂ. ആ ദ്രാക്ഷാരസം ഉള്ളിലേക്കു ഇറങ്ങിക്കഴിയുന്നതോടുകൂടിത്തന്നെ അതിൻെറ മാധുര്യം നാക്കിൽനിന്നും വററിപ്പോകുന്നു. അത് എന്തായിരുന്നു എങ്ങനെയുള്ളതായിരുന്നു എന്ന് പുനരാലോചിക്കത്തക്ക സ്ഥായിയായ രസമൊന്നും അത് അവശേഷിപ്പിക്കുന്നില്ല. ഇതാണ് ഇന്നത്തെ കവിതയെപ്പററിയുള്ള പരാതി. ലളിതമായ കവിതകളെല്ലാം ഈ വിധം ക്ഷണികരസങ്ങളാണെന്ന് ഇവിടെ വിവക്ഷയില്ല. നേരേമറിച്ച് ചിരസ്ഥായിയായി തിങ്ങിനിൽക്കുന്ന ഉൽക്കൃഷ്ടങ്ങളായ ആശയങ്ങളും ആന്തരചോദനകളും ലളിതമായ രീതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ള കവികൾ ധാരാളമുണ്ടുതാനും. എങ്കിലും പൊതുവെ പറയുന്നപക്ഷം ഉന്നതാശയന്മാരായ കവികൾ മിക്കവാറും കേവലം ജനസാമാന്യശൈലിയിൽ എഴുതിയവരല്ല. പ്രൌഢശൈലിയും ഗംഭീരമായ ആശയപ്രകാശനരീതിയുമാണ് അങ്ങനെയുള്ള കവികളുടെ സഹജസ്വഭാവമായി കാണാറുള്ളതു്. ആശയവും രീതിയും തമ്മിൽ ഒരു സാജാത്യം ഉണ്ടായിരിക്കാതെ തരമില്ല. ഷേക്സ്പീയറുടെ നാടകങ്ങൾ കുറെക്കൂടി സാമാന്യ ശൈലിയിലായിരുന്നെങ്കിൽ ഒരു പക്ഷേ അതോടുകൂടി അവയുടെ ഷേക്സ്പീയറീയൻ മഹത്വവും പമ്പകടക്കുമായിരുന്നു. അതുപോലെതന്നെ കീററ്സിൻേറയും ഷെല്ലിയുടേയും (ഷെല്ലിയുടെ വിശേഷിച്ചും) ശൈലികൾ എത്ര ലളിതവും മധുരവും ആണെങ്കിലും സാമാന്യക്കാരുടെ കവിതകളാണ് അവ എന്ന് എങ്ങനെ പറയാൻ കഴിയും?

*വിഷയസ്വഭാവവും കാഠിന്യവും:*

മേല്പറഞ്ഞ വസ്തുതകളിൽനിന്ന് ഒരു കാര്യം വിശദമാകുന്നതാണ്. അതായതു് കവിതയുടെ ശൈലിയും പ്രകാശനോപാധിയും ഉള്ളടക്കത്തിൻെറ സ്വഭാവമനുസരിച്ച് സുഗ്രാഹ്യതയെ

 204476

സംബന്ധിച്ചിടത്തോളം വിഭിന്നസരണിയിൽ വന്നെത്താതെ തരമില്ല. സാമാന്യക്കാർക്കുവേണ്ടി ലളിതമായി എഴുതുന്നവരുടെ ശൈലിപോലും കവിതാസങ്കേതങ്ങളും വിഷയത്തിന്റെ സ്വഭാവമനുസരിച്ച് മാറിപ്പോകുന്നില്ലേ? ചങ്ങമ്പുഴയുടെ കവിത തന്നെ ഇതിനു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കാൻ കഴിയും. 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിലെ ചില കൃതികൾതന്നെ നോക്കുക. വളരെ ലളിതമായി പറയാമായിരുന്ന [illegible] കഥയിലെ ഒരേടാണ് 'ഒരു കഥ' എന്ന പേരിൽ "കരുണരസം കരകവിയും കഥപറയാം" എന്നിങ്ങനെ ആരംഭിക്കുന്നത്. എന്നാൽ അതിലെ ചെമ്പനിനീർ ചെമ്പകവും, പാരിജാതവും, കരിങ്കുയിലിന്റെ വേഷംധരിച്ച കഴുകനും അവരെക്കൊണ്ടെല്ലാം കവി നിർവഹിക്കുന്ന പ്രതിരൂപാത്മകമായ പ്രഛന്നകൃത്യങ്ങളുംകൂടിച്ചേരുമ്പോൾ ആ കവിത വായിക്കുന്ന സാമാന്യക്കാരൻ മിഴിച്ചുനില്ക്കുകയേ ഉള്ള. അതുപോലെതന്നെ "ജീവിതം", "പച്ച" മുതലായി അതേ കൃതിയിൽ തന്നെയുള്ള പല കവിതകളുടെ എന്നുവേണ്ട ചങ്ങമ്പുഴയുടെ നല്ല കവിതകളിൽ പലതിന്റേയും സംഗീതരസമല്ലാതെ ആന്തരികമായ സാരാംശവും കാവ്യസൗന്ദര്യവും സാമാന്യക്കാരിൽ എത്രപേർക്ക് സുഗ്രഹമാണെന്നുള്ളത് ആലോചനാർഹമായ ഒരു വിഷയമാണ്. അനന്തര കവികളുടെ കൂട്ടത്തിൽ ജനങ്ങൾക്കുവേണ്ടി കവിത എഴുതുന്നെന്നു പറയപ്പെടുന്നവരുടെ കൃതികളിൽ ഒട്ടുമിക്കവയും, കവിതയേക്കാൾ കേവലം പാട്ടുകളാണെന്നുള്ള വസ്തുതയും വിസ്മരിക്കത്തക്കതല്ല.

*ഒരു പൊരുത്തക്കേട് :*

ഈ ഘട്ടത്തിൽ വരുമ്പോൾ ആധുനിക കവിതയുടെ ഒരു മുഖ്യ പ്രവണതയെന്നു പറയാവുന്ന അതിന്റെ ജനകീയ സ്വഭാവവും യഥാർത്ഥ കവിതയുമായുള്ള സ്പഷ്ടമായ പൊരുത്തക്കേടിനെപ്പററി സൂചിപ്പിക്കാതെ തരമില്ല. കലയും ജീവിതവും അവയുടെ യഥാർത്ഥ സ്വഭാവത്തിൽ നിന്ന് വ്യതിചലിച്ച് ഏറെക്കുറെ വഴി മാറിപ്പോകാതെ ജനകീയമാവുക സാദ്ധ്യമാണോ? സാമാന്യതയി

KOTTAYAM PUBLIC LIBRARY KOTTAYAM

ലേയ്ക്കു് ഇറങ്ങിവരുംതോറും, അഥവാ ജനസാമാന്യ ശൈലിയിലേക്കു് അവ കൂടുതൽ വഴുതി മാറുംതോറും, കലകളുടെ തനിസ്വഭാവം കൂടുതൽ സങ്കലിതമായി തീരുകയല്ലേ ചെയ്യുന്നതു്? ആണെന്നുതന്നെ പറയണം. ലോകത്തിൽ തുല്യതയും സമത്വവും എത്ര മാത്രം സംസ്ഥാപിതമായാലും, ബുദ്ധിശക്തിയും ഭാവനയും ഗ്രഹണശക്തിയും എല്ലാ മനുഷ്യരിലും ഒരുപോലെ ആവുക എന്ന നില വരുമോ? സംശയമാണു്. ഒരു നല്ല ചിത്രമോ സംഗീതമോ കവിതയോ എല്ലാവരും ഒരുപോലെ ആസ്വദിച്ചെന്നു വരികയില്ല. ആസ്വാദകരുടെ സംസ്കാരഭിന്നതയും ആസ്വാദന ശക്തിയുടെ കൂടുതൽ കുറവും അനുസരിച്ചു് കലയുടെ പ്രതികരണങ്ങൾ വ്യക്തികളിലും സമൂഹങ്ങളിലും വ്യത്യസ്തരീതിയിലാണു് പ്രത്യക്ഷപ്പെടുന്നതു്. ശാസ്ത്രീയമായ രീതിയിൽ പ്രയോഗിക്കപ്പെടുന്ന ഒരു ഗാനമോ, രാഗാലാപമോ എത്രപേർ അതിന്റെ യഥാർത്ഥരസത്തിൽ ആസ്വദിക്കുന്നുണ്ടു്? മൈക്കൽ ആഞ്ജലോവിന്റേയും ലിയനാർഡോഡാവിഞ്ചിയുടേയും കലാമാതൃകൾ എല്ലാ സാമൂഹ്യവിഭാഗങ്ങളേയും ഒരുപോലെ ആകർഷിക്കുന്നുണ്ടോ? ടാഗോറിന്റെ ഗീതാഞ്ജലി എത്രശതമാനം ആളുകൾക്കു് അതിന്റെ ആന്തരാർത്ഥത്തിൽ ഗ്രഹിക്കാൻ കഴിയും? എന്നുവേണ്ട, സംഗീതമായാലും ചിത്രമായാലും കവിതയായാലും അവയുടെ ഏററവും മാതൃകാപരമായ രൂപത്തിൽ അത്ര വിപുലമായ ഒരു പരിധിയിലുള്ളവൎക്കു് ആസ്വാദ്യമാവുക സാദ്ധ്യമല്ല. അതു് കലയെ സംബന്ധിച്ചിടത്തോളം ഒരു ദൌർബ്ബല്യംതന്നെയാണു്. പിന്നെ ഘനപദാർത്ഥങ്ങളെ വെള്ളം ചേൎത്തു് ദ്രവമാക്കുന്നതുപോലെ കലയിലും കലർപ്പുകൾചേർത്തു് ലഘൂകരിക്കാൻ കഴിഞ്ഞേക്കും. കലയും കവിതയും കൂടുതൽ ജനകീയമാക്കുക എന്നുവച്ചാൽ ഈ കലർപ്പു് കൂടുതൽ ചേർക്കുകയെന്നേ അർത്ഥമുള്ളു. പക്ഷെ ആ സങ്കലിത രൂപത്തിൽ കലയുടെ അംശങ്ങൾ വളരെ ലോപിച്ചുപോകുമെന്നുള്ളതിനു സംശയമില്ല. കല കൊണ്ടുള്ള പ്രയോജനത്തെ സംബന്ധിച്ചിടത്തോളം ഇതു് അഭിലഷണീയമായ ഒരു പരീക്ഷണം ആയിരിക്കാമെങ്കിലും, അതിൽനിന്നു ലഭിക്കുന്ന കലാസൃഷ്ടി ഉത്തമ കലയെ പ്രതിനിധീകരിക്കുമെന്നു പറയുന്നതു പരമാർത്ഥമായിരിക്കുകയില്ല.

കുഞ്ചൻനമ്പ്യാരുടെ കവിതയെ ഉദാഹരിച്ച് മേല്പറഞ്ഞ വസ്തുതയെ കൂടുതൽവ്യക്തമാക്കാം. മലയാളത്തിൽനമ്പ്യാരേപ്പോലെ ജനകീയസ്വഭാവമുള്ള ഒരു കവി വേറെയുണ്ടെന്നു തോന്നുന്നില്ല. പ്രതിപാദ്യവസ്തുവിലും, പ്രതിപാദനരീതിയിലും ജനകീയ മനഃശാസ്ത്രം ഇത്ര കുശലമായി ഗ്രഹിച്ച് പ്രയോഗിച്ചിട്ടുള്ള കവികൾ ഏതു ഭാഷയിലും കുറവായിരിക്കും. എങ്കിലും യഥാർത്ഥ കവിതയുടെയും, കലയുടേയും മാനദണ്ഡംവച്ചു നോക്കുമ്പോൾ നമ്പ്യാരുടെ കവിത അത്ര ഉന്നതകോടിയിലാണെന്ന് എങ്ങനെ പറയാൻ കഴിയും? എഴുത്തച്ഛൻെറ ഭാവനയുടെ ഔന്നത്യമോ ആശയപ്രൌഢിയോ ഭാവാത്മകതയുടെ പരകോടിയോ നമ്പ്യാൎക്കുണ്ടായിരുന്നെന്ന് ആരും പറയുകയില്ല. എങ്കിലും നമ്പ്യാരാണ് എഴുത്തച്ഛനെക്കാൾ ജനകീയകവി. ജനകീയകവിത ഉന്നതകോടിയിലുള്ള കവിതയിൽനിന്ന് കുറെയൊക്കെ വ്യത്യസ്തമാണെന്നല്ലെ ഇതിൽനിന്നു തെളിയുന്നതു്?

*ആശാനും ജനകീയ കവിതയും:*

വീണ്ടും ആധുനികകാലത്തേക്കുതന്നെ കടന്നാൽ, ഒരേ കവിതയിൽതന്നെ വിവിധഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള വ്യതിയാനങ്ങൾ ആ കവിയുടെ കവിതാഗുണത്തിന് ന്യൂനാതിരേകങ്ങളുണ്ടായിട്ടുള്ളതിൻെറ ദൃഷ്ടാന്തങ്ങൾ ഉനായിക്കാവുന്നതാണ്. കുമാരനാശാൻെറ കവിതന്നെയാണെങ്കിൽ, അനന്തരകാലകവിതകൾ, വിശേഷിച്ചും ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയുമാണ് അദ്ദേഹത്തിൻെറ സർവോത്തമമായ കവിതകൾ എന്ന് ഒരു വിഭാഗക്കാർ പറയാറുണ്ട്. സമകാലികപ്രശ്നങ്ങൾ അന്തർഭവിച്ച വിഷയങ്ങളെ അധികരിച്ച് ഗാനരൂപത്തിൽ രചിച്ച കവിതകളെന്ന നിലയിൽ അവ കൂടുതൽ അനുവാചകന്മാരെ ആകർഷിച്ചിട്ടുണ്ടെന്നുള്ളതു് പരമാർത്ഥംതന്നെ. എങ്കിലും ആശാനെ ഇന്നും എന്നും സഹൃദയമണ്ഡലം ആരാധിക്കുമാറുള്ള ഒരു മഹാകവിയാക്കിത്തീർത്തതു് പ്രസ്തുത കൃതികളാണെന്ന് ആരെങ്കിലും പറഞ്ഞാൽ അതു് എങ്ങനെ അംഗീകരിക്കാൻ കഴിയും? വീണ പൂവും,

നളിനിയോ, ലീലയോ, ചിന്താവിഷ്ടയായ സീതയോ, അവസാനത്തിലെഴുതിയ കരുണയോ അദ്ദേഹത്തിന്റെ കവിതാസൗധത്തിന്റെ അഴകും കെട്ടുറപ്പും ഘടിപ്പിച്ചതിൽ കവിഞ്ഞു് ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും വിശേഷവിധിയായി അത്ര വളരെയൊന്നും ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും എഴുതിയിരുന്നില്ലെങ്കിൽതന്നെയും ആശാൻ മഹാകവിയാകുമായിരുന്നു. എന്നാൽ അവമാത്രംകൊണ്ടു് അദ്ദേഹത്തിന്റെ മഹാകവിത്വം സുപ്രതിഷ്ഠിതമാകുമായിരുന്നെന്നു തോന്നുന്നില്ല ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും പ്രശ്നനിഷ്ഠങ്ങളായ കവിതകൾ എന്ന നിലയിൽ, പ്രസിദ്ധീകൃതമായ കാലത്തു് വളരെ പുതുമയേറിയ കാര്യങ്ങളായിരുന്നിരിക്കാമെങ്കിലും, ഇന്നും ഇനിമേലിലും അവയിലെ കവിതയുടെ മേന്മ മാത്രമേ അനുവാചകർക്കു് പരിഗണനാർഹമായിരിക്കുന്നുള്ളു. അങ്ങിനെ നോക്കുമ്പോൾ ആശാന്റെ ഇതരകവിതകളെ അപേക്ഷിച്ചു് അവയ്ക്കു് അത്രവളരെ പ്രാധാന്യം കല്പിക്കേണ്ടതുമില്ല. വാസ്തവത്തിൽ ആശാന്റെ കവിതായശസ്സ് നിലനിൽക്കാൻപോകുന്നതു. സാമൂഹ്യപ്രശ്നങ്ങളുടെ പരിഹാരത്തിനു് കവിതയെ ഉപാധിയാക്കുന്നതിനുമുമ്പു് അദ്ദേഹം എഴുതിയ വീണപൂവു്, നളിനി മുതലായ കൃതികളും അവസാനത്തിൽ വീണ്ടും പഴയ സരണിയിലേക്കു മടങ്ങിയിട്ടു് എഴുതിയ കരുണയും ആയിരിക്കും. ലോകത്തെ അതിന്റെ വിശാലമായ പരിധിയിലും, മനുഷ്യസ്നേഹത്തെ അതിന്റെ പരിശുദ്ധമായ ആന്തരാർത്ഥത്തിലും വ്യാഖ്യാനിക്കുവാൻ യത്നിച്ച കാലത്താണു് ആശാൻ മേൽപ്പറഞ്ഞ തന്റെ പ്രധാന കൃതികൾ എഴുതിയതു്. അത്രയ്ക്കുള്ള പരപ്പും അഗാധതയും അവയ്ക്കുണ്ടുതാനും.

പക്ഷെ ഒരു ദൂർഘടം വീണ്ടും ആവിർഭവിക്കുന്നു. ആശാന്റെ കവിത ദുർഗ്രാഹ്യമാണു്. ആധുനിക കവികളിൽ എളുപ്പം ഗ്രഹിക്കുവാൻ സാദ്ധ്യമല്ലാത്ത കവിതളിലൊന്നു് ആശാന്റേതാണു്. അദ്ദേഹത്തിന്റെ ഭാഷതന്നെ പലയിടത്തും വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാൻ സാദ്ധ്യമല്ല. ആശാന്റെ ആശയഗാംഭീര്യവും തത്വചിന്തയും സുവിദിതമാണല്ലോ. അദ്ദേഹത്തിന്റെ ജന

കീയ കവിതകളിൽ ഒന്നായ ചണ്ഡാലഭിക്ഷുകിയിൽ തന്നെ "അ രിയതീർത്താർമൊട്ടേ, നിൻതലയിൽസ്ഫുരിതമാം തുമഞ്ഞിൻ തുള്ളി തന്നിൽ" എന്നു തുടങ്ങുന്ന ഭാഗത്തിൽ കാണുന്നതുപോലെയുള്ള പ്രതിരൂപാത്മകരീതി ആശാൻെറ കവിതയുടെ സഹജസ്വഭാവങ്ങളിലൊന്നാണ്. അത്തരം കവിതകൾ തികച്ചും ജനകീയമവുക സാദ്ധ്യമല്ല. കവിത ജനകീയമാക്കുവാനുള്ള സാരംഭം ആശാൻ അത്ര കാര്യമായി എടുത്തിരുന്നതായും തോന്നുന്നില്ല. അവസാനത്തിൽ കരുണയിലേക്കുള്ള മടക്കം അതിനെയാണ് സൂചിപ്പിക്കുന്നതെന്നും തോന്നുന്നു.

ശങ്കരക്കുറുപ്പിൻെറ കവിതയും സാമാന്യക്കാർക്ക് അത്ര സുഗമമായ രീതിയിലുള്ളതല്ല. ഭാവാർദ്രതയും, ശൈലിയുടെ തെളിവും വേണ്ടത്രയുണ്ടെങ്കിലും കുറുപ്പ് പ്രധാനമായി ആശയനിഷ്ഠനും ചിന്താധനനുമായ ഒരു കവിയാകയാൽ സാമാന്യജനങ്ങൾക്ക് ബഹുദൂരം അദ്ദേഹത്തെ അനുഗമിക്കാൻ കഴിഞ്ഞെന്നു വരികയില്ല. വിശേഷിച്ചും ഒരു കവിതയുടെ പ്രതിരൂപാത്മകതയും, ആധുനികവിജ്ഞാനമണ്ഡലത്തിലൂടെയുള്ള പ്രയാണങ്ങളും അവരെ നിരുത്സാഹപ്പെടുത്തിയേക്കും.

മേല്പറഞ്ഞ വൈഷമ്യങ്ങൾ, ഇന്നത്തെ ചിന്താപ്രധാനരായ മിക്ക കവികളുടെ കൃതികളെ സംബന്ധിച്ചും അനുഭവപ്പെടുന്നുണ്ട്.

ആകപ്പാടെ നോക്കുമ്പോൾ ഇന്നത്തെ സ്ഥിതിക്ക്, നമ്പ്യാരെയും ചങ്ങമ്പുഴയേയും പോലെ ചുരുക്കം പേർക്കേ സാർവജനീനമായ താല്പര്യം ആവർജ്ജിക്കാൻ കഴിയൂ എന്നു തോന്നുന്നു. എന്നാൽ അവരെക്കൊണ്ടും അഭിജ്ഞമണ്ഡലത്തിൻെറ ഉയർന്ന തലങ്ങൾക്ക് പരിപൂർണ്ണ തൃപ്തിയുണ്ടാകുമെന്നു തോന്നുന്നില്ല.

*ഒരു കീറാമുട്ടി:*

ഏതായാലും ആധുനികകവിതയുടെ ദുർഗ്രാഹ്യത സാർവജനീന സാഹിത്യവാദികൾക്ക് ഒരു കീറാമുട്ടിയായിട്ടുതന്നെയാണ്

പരിണമിച്ചിരിക്കുന്നതു്. ബുദ്ധിസമ്പന്നരായ അനുവാചകരെ പോലും അമ്പരപ്പിക്കുന്ന ടി. എസ് എലിയട്ടിൻെറ തരിശുഭൂമി (waste land) എന്ന കടിച്ചാൽ പൊട്ടാത്ത കവിതയ്ക്കു നോബൽ സമ്മാനംകൂടി കൊടുത്തുകഴിഞ്ഞപ്പോൾ മഹത്തായ കവിതയ്ക്കു് ദുർഗ്രാഹ്യത ഒരു അപകർഷമല്ലെന്നും മറിച്ചു് ഒരു ഭൂഷണമാവാമെന്നുമുള്ള അഭിപ്രായവും ഏറെക്കുറെ അംഗീകൃതമായിക്കഴിഞ്ഞിരിക്കുന്നു. എലിയട്ടിൻെറ സ്കൂളുകാർ യൂറോപ്യൻസാഹിത്യത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവരികയുമാണു്. ഒഴുക്കൻഭാഷയിൽ ജീവിതത്തിൻെറ സൂക്ഷ്മങ്ങളും അഗാധങ്ങളുമായ പ്രതിഭാസങ്ങൾ പ്രതിഫലിപ്പിക്കുവാൻ സാധിക്കാത്തിടത്തോളം കാലം, ജീവിതത്തിൻെറ യാഥാർത്ഥ്യ പ്രകാശത്തിനു് നൂതനോപാധികൾ തേടുന്ന കവികൾക്കു് എപ്പോഴും ലളിതഭാഷയിലും സ്നിഗ്ദ്ധശൈലിയിലും തന്നെ വ്യാപരിക്കാൻ സാദ്ധ്യമല്ല. അഥവാ, കവിത എപ്പോഴും അങ്ങിനെ ആയിരിക്കണമെന്നു ശഠിക്കുന്നതുതന്നെ അബദ്ധമല്ലേ? വിചിത്രങ്ങളായ രുചിഭേദങ്ങളും, വിഭിന്ന വീക്ഷണകോടികളും ആശയ നിലവാരങ്ങളുംകൊണ്ടു് സാമ്യങ്ങളോടൊപ്പം തന്നെ വ്യത്യാസങ്ങളും നടമാടുന്ന ഈ ലോകത്തിൽ കലകൾ മൊത്തമായി ഏതെങ്കിലും സരണിക്കും ഘടനയ്ക്കും വഴങ്ങിയിരുന്നുകൊള്ളണമെന്നു പറയുന്നതും കുറച്ചു കടന്ന കയ്യാണു്. കുറെ കവിതകൾ, ഒരു പ്രത്യേക നിലവാരം പരിപാലിക്കാൻവേണ്ടി ദുർഗ്രാഹ്യമായിത്തന്നെയായിരിക്കട്ടെ. മററു കുറെ കവിതകൾ കൂടുതൽ ആളുകളുടെ പ്രയോജനത്തെഉദ്ദേശിച്ചു് സാമാന്യതയിലേക്കു് ഇറങ്ങിക്കൊള്ളട്ടെ. ഓരോ നിലപാടിൽനിന്നു് നോക്കുമ്പോൾ രണ്ടിനങ്ങളിലും ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ന്യൂനാംശങ്ങൾ കാണാതിരിക്കയില്ല. പക്ഷെ ഏതെങ്കിലും ഒന്നിൽ മാത്രമേ ന്യൂനാംശം തിങ്ങിനില്ക്കുന്നുള്ളുവെന്നു ശഠിക്കുന്നതു് അയുക്തികമായിരിക്കും. കവിതയുടെ ദുർഗ്രാഹ്യത, അതിനെ കവിതയല്ലാതാക്കുമെന്നും, സുഗ്രാഹ്യമായിട്ടുള്ള കവിത എപ്പോഴും കവിതയായിരിക്കുമെന്നും മുറുകിപ്പിടിക്കുന്നതുപോലെതന്നെ, ലളിതവും ഋജുവുമായിട്ടുള്ള കൃതികളിൽ ഒരിക്കലും കവിതയുണ്ടാകുക സാദ്ധ്യമല്ലെന്നും, കവിത അവശ്യം ദുർഗ്രാഹ്യമായിരിക്കുമെന്നും ശഠിക്കുന്നതു്

ഒരുപോലെ ബാലിശമാണു്. രണ്ടുംകൂടിയുള്ള ഒരു അനുരഞ്ജനമല്ലെ ഇന്നത്തെ നിലയ്ക്കു് ശോഭനമായിട്ടുള്ളതു്? ഒന്നിന്റെയും പൂർണ്ണമോ പ്രത്യേകമോ ആയ നില ഒരിക്കലും പൊതുവേ സ്വീകാര്യമാകുക സാദ്ധ്യമല്ല. ലോകത്തിന്റെ ഭിന്നരുചികളും അസാമാന്യമായ മാനസിക നിലപാടുകളും വീക്ഷണ വ്യത്യാസങ്ങളുമാണു് ഇതിനുള്ള കാരണം. ആ നിലയ്ക്കു് ഈ കാലഘട്ടത്തിന്റെ പ്രവണതയ്ക്കു് അനുയോജ്യമായിരിക്കുന്നുവെന്നുള്ള അടിസ്ഥാനത്തെ മാത്രം അവലംബിച്ചു് ആധുനിക കവിതയ്ക്കു് വിലയിരുത്താൻ യത്നിക്കുന്നവരുടെ നില അയുക്തികമാണെന്നേ പറവാനുള്ളൂ.

---

# സൗന്ദര്യാന്വേഷിയുടെ രാജപാത.

— ജി. സുകുമാരൻ നായർ എം. എ.

"ഒരൊററവസ്തുവിലോവസ്തുതയിലോ ആരംഭിച്ച് വിജ്ഞാനത്തിന്റെ വിവിധ മേഖലകൾ ചവുട്ടിക്കടന്ന് പ്രപഞ്ചത്തിന്റെ വലിയൊരു ചിത്രം വരച്ചുകാണിക്കുന്ന പ്രഗത്ഭനായ ഒരു പ്രസംഗകൻ, നിരന്തരമായ അദ്ധ്യാപനവൃത്തിയിലും സർഗ്ഗശക്തിക്കു കോട്ടംതട്ടാത്ത ഒരു എഴുത്തുകാരൻ, ഒരു സത്യാന്വേഷി" പ്രൊഫ: മാത്തൻതരകന്റെ ബഹുമുഖമായ കഴിവുകളെ അപഗ്രഥിക്കുകയാണു ലേഖകൻ.

പ്രൊഫസ്സർ പുത്തൻകാവു മാത്തൻതരകൻ സർവ്വകലാവല്ലഭനായി സമാദരണീയനായിട്ടു് കൊല്ലങ്ങൾ കഴിഞ്ഞു. ഈ വർഷം അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി ആഘോഷമാണു്. തദവസരത്തിൽ അദ്ദേഹത്തിന്റെ ആത്മ വൈശിഷ്ട്യത്തെക്കുറിച്ചു് അപഗ്രഥിക്കാനൊരുങ്ങുക സഹപ്രവർത്തകന്റെ ധർമ്മമാണു്.

*പ്രസംഗകൻ :*

യോഗങ്ങളിൽ പ്രൊഫസർ തരകൻ അജയ്യനാണ്. പ്രസംഗിക്കാനൊരു വിഷയം തയാറാക്കി വിശദാംശങ്ങൾ പഠിച്ചുവച്ച് അദ്ദേഹം പ്രസംഗിക്കേണ്ടതില്ല. കാരണം ആത്മാവിഷ്കാരമാണ് പ്രസംഗമെന്ന് തെളിയിക്കുന്ന ശൈലിയാണ് അദ്ദേഹം വിജയകരമായി സ്വീകരിച്ചിട്ടുള്ളത്. ഒരു സംഭവത്തിലോ കാര്യത്തിലോ തുടങ്ങി മനസ്സ് സ്വയം വിശാലവിസ്തൃതമായി വിവിധ മേഖലകൾ ചവുട്ടിക്കടന്ന് ഒരു വിശ്വചിത്രം അവതരിപ്പിക്കുന്നതെങ്ങനെയെന്ന് ശ്രോതാക്കൾ അത്ഭുതപ്പെട്ടേക്കും. പക്ഷേ ദീർഘകാലം വൈജ്ഞാനികമണ്ഡലത്തിൽ സ്ഥിര തപസ്യയനുഷ്ഠിക്കുന്ന ഒരാൾക്ക് ആത്മാവിന്റെ അനാവരണമാണ് പ്രസംഗം. കഥയും വിനോദവും കാര്യവും തത്വവും കെട്ടിപ്പിണഞ്ഞൊരു പുസ്തകം സമർപ്പിക്കയാണാ പ്രസംഗം. പ്രൊഫസർ തരകനിൽ നിഗൂഢമായിരിക്കുന്ന അന്തഃസത്ത ഏററവുമധികം പ്രകാശമാനമാവുന്നതു പ്രസംഗകലയിലദ്ദേഹം വ്യാപരിക്കുമ്പോഴാണ്. പ്രതിയോഗിയെ പരാജയപ്പെടുത്തുന്ന വാദപ്രതിവാദത്തിലേർപ്പെടുമ്പോഴും സ്വയം ആ നിലപാട് സ്വീകരിച്ചിട്ട് ന്യായയുക്തമേതാണെന്നു പരിശോധിക്കുന്ന കഴിവ് അന്യാദൃശമാണ്. സ്വാഭിപ്രായത്തിന് വിപരീതമൊരാൾ പ്രകടിപ്പിക്കുന്നതിൽ പ്രൊഫസർ തരകന് അമർഷമോ അവജ്ഞയോയില്ല. കാരണം അപൂർണ്ണനായ മനുഷ്യന് എപ്പോഴാണ് ഏതിനെക്കുറിച്ചാണ് സത്യനിഷ്ഠമായ അഭിപ്രായം പുലർത്താനൊക്കുന്നത്? സത്യം ആപേക്ഷികം കൂടിയാവുമ്പോൾ കേവല സത്യത്തിലേക്ക് താനും പ്രതിയോഗിയും കൈകോർത്തുപിടിച്ച് ജൈത്രയാത്ര ചെയ്യാനുള്ള മനോഭാവം അധികമാരും പ്രദർശിപ്പിക്കാറില്ല. പ്രൊഫസർ തരകന് പ്രസംഗകല ഒരു ശാസ്ത്രമെന്ന തരത്തിൽ സ്വന്തമായിട്ടുണ്ട്.

*എഴുത്തുകാരൻ:*

അദ്ധ്യാപകനാവുന്ന സാഹിത്യവിദ്യാർത്ഥി പലപ്പോഴും എഴുത്തുകാരന്റെ ചൈതന്യാവിഷ്ക്കരണത്തിന് കഴിവില്ലാതെ

പരിണമിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് വിവിധ സാഹിത്യസിദ്ധാന്തങ്ങൾ വിശദീകരിച്ച് ജീവിക്കുന്നതിനിടയിൽ സ്വന്തം സർഗ്ഗശക്തി അറിയാതെ മുരടിച്ചുപോകും. അതൊരധ:പതനമല്ല; മന:പൂർവ്വമായ അദ്ധ്വാനംകൊണ്ട് ഉള്ള പ്രതിഭാങ്കുരം മുളപ്പിക്കാൻ ശ്രമിക്കാത്ത ദുരവസ്ഥയാണത്. പ്രൊഫസർ തരകൻ ഒരു പ്രഗത്ഭനായ അദ്ധ്യാപകനായി പ്രശസ്തിയാർജ്ജിക്കുന്നതോടൊപ്പം കവിതയിലും കഥയിലും നിരൂപണത്തിലും സ്വന്തമായ സമ്പാദ്യങ്ങൾ നേടിയെടുത്തതു് അസുലഭസിദ്ധികൊണ്ടാണ്. വേണ്ടത്ര വിശ്രമസമയവും വസ്തുനിഷ്ഠവീക്ഷണസൗകര്യവും കിട്ടാതെ വന്നിരുന്നാലും സമയം സാഹസികബുദ്ധിയോടെ കണ്ടുപിടിച്ച് പ്രതിഭാവിലാസത്തിനു തുനിയുന്നതു് അമാനുഷവൈഭവത്തിൻെറ ലക്ഷണമാണ്. പ്രൊഫസർ തരകൻെറ സാഹിത്യനേട്ടങ്ങളെക്കുറിച്ച് അന്തിമാഭിപ്രായം പറയാറായിട്ടില്ല എന്ന വസ്തുത ഒന്നു്; രണ്ടാമതു് കോളേജിലെത്തുന്ന അസംഖ്യം വിദ്യാർത്ഥികളെ മഹത്വത്തിലേക്ക് നയിക്കുന്ന ക്ലേശകരമായ വൃത്തിയിൽനിന്ന് വിമോചനം നേടിയതിനുശേഷം പക്വതയുടെ ഫലങ്ങൾ ഇനിയും അദ്ദേഹം സംഭാവനചെയ്യാൻ പോകുന്നുണ്ടെന്നുള്ള വസ്തുത വേറൊന്നു്; അതിനാൽ നാളതുവരെ സൃഷ്ടിക്കപ്പെട്ട കൃതികളുടെ അവലോകനം നിർവഹിച്ച് പ്രൊഫസർ തരകൻെറ സേവനങ്ങൾ നിർണ്ണയിക്കാൻ ധൃതിയായില്ല.

*സൗന്ദര്യാവിഷ്കരണയജ്ഞം:*

സാധാരണയായി രണ്ടുതരം അന്വേഷികൾ നമ്മുടെ മുമ്പിൽ കാണപ്പെടാറുണ്ട്. ഒന്നു്, സത്യം സൗന്ദര്യമാകുന്നെന്ന കീററ്സിൻെറ ദർശനം അറിയാത്ത അന്വേഷികൾ. രണ്ട്, സൗന്ദര്യം സൗന്ദര്യത്തിനുവേണ്ടി അന്വേഷിക്കുന്നവർ. പ്രൊഫസർ തരകന് സൗന്ദര്യമാവിഷ്കരിക്കുന്ന യജ്ഞത്തിൽ പങ്കുകൊള്ളണമെന്ന അഭിലാഷം എല്ലാ അന്വേഷികളെപ്പോലെയുണ്ട്. എന്നാൽ സൗന്ദര്യം മാത്രം ലക്ഷ്യമാക്കുന്നവർ പൊതുവിൽ സ്വന്തമായ ആന്തരികവളർച്ച ശ്രദ്ധിക്കാത്തവരാണ്. സ്വഭാവരൂപീകരണത്തിൽ

ശ്രദ്ധിക്കുന്നവർ സമൃദ്ധവും പ്രതിഫലനാത്മകവുമായ ആന്തരികമ ണ്ഡലം വിരചിച്ചെടുക്കാനദ്ധ്വാനിക്കുന്നു. സത്യവും സൗന്ദര്യവും സ്വരൂപിക്കുന്നവർ ദാർശനികസാഹിത്യകാരന്മാരാവുന്നു. ടാഗോർ ഈ പാത പിടിച്ച് വളർന്ന സൗന്ദര്യാന്വേഷിയാണ്. അദ്ദേഹം ദർശിച്ച സത്യം ഒരു പക്ഷേ ശുദ്ധസത്യാന്വേഷിയുടേതുപോലെ വ്യവസ്ഥാപിതവും വസ്തുനിഷ്ഠമൂല്യമുൾക്കൊള്ളുന്നതുമാവില്ല. എന്നാലദ്ദേഹം ദർശിച്ച സത്യം സുന്ദരമായും അനുവാചകന് ആസ്വാദ്യമാവുന്ന തരത്തിലും എഴുതിപ്പിടിപ്പിക്കുവാനദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ടോൾസ്റ്റോയിയും ആ പാതയിലെ പഥികനാണ്. നിസ്സഹകരണപ്രസ്ഥാനവും അഹിംസാത്മക ജീവിതചര്യയും സ്വയം പരീക്ഷിച്ചുനോക്കി സത്യമെന്നു ബോദ്ധ്യപ്പെട്ടിട്ടാണ് ആ കാര്യം സുന്ദരമായി പ്രതിപാദിക്കാൻ ആ സാഹിത്യകാരൻ തുനിഞ്ഞിട്ടുള്ളത്. ബർനാഡ്ഷായും ആ പാതവക്കത്തായിരുന്നു. അതിമാനുഷനാവാൻ മനുഷ്യനു കഴിയുമെന്ന വിശ്വാസവും പരിവർത്തനത്തിലൂടെ പ്രവൃദ്ധമാവുന്ന വിശ്വവ്യവസ്ഥിതിയും സത്യമായി ബോദ്ധ്യപ്പെട്ടതു് നാടകങ്ങളിലൂടെ സുന്ദരമായാവിഷ്കരിക്കാനാണ് ഷായും ശ്രമിച്ചിട്ടുള്ളതു്. എലാൻ വൈററൽ (ജീവശക്തി) നമ്മിൽ ഉണർന്നു പ്രവർത്തിക്കാതിരുന്നാൽ പ്രവർത്തനോന്മുഖമായ പ്രപഞ്ചത്തോടൊപ്പം നീങ്ങാൻ നമുക്കസാദ്ധ്യമാവുമെന്നാദ്ദേഹം അനുസ്മരിപ്പിച്ചു.

ഈ രാജപാതയിൽ പ്രൊഫസർ പുത്തൻകാവ് മാത്തൻ തരകനെ ഞാൻ കാണുന്നു. ജീവിതത്തെ സമഗ്രമായും അടിപതറാതെയും ദർശിക്കാനുള്ള കരുത്ത് മാത്യൂ ആർനോൾഡ് സമ്പാദിച്ചതുപോലെ പ്രൊഫസർ തരകനും ശാശ്വതികത്വത്തിന്റെ കാഴ്ചപ്പാടിൽ സദാ പുഞ്ചിരിയോടെ ജീവിതത്തെ അഭിമുഖീകരിക്കാൻ അഭ്യസിച്ചിരിക്കുന്നു. ആരോഗ്യവാനായി ഉത്സാഹിയുടെനിഷ്കാമകർമ്മമനുഷ്ഠിക്കുന്ന ദാർശനിക സാഹിത്യകാരാ! അങ്ങയുടെ ഭാവിജീവിതത്തിൽ നേട്ടങ്ങളുടെ മായാപ്രപഞ്ചമവതരിക്കട്ടെയെന്നു ഞാനാശംസിക്കുന്നു.

# നളിനി.

— പി. കൃഷ്ണകുമാർ എം. എ.

എന്തിനാണലങ്കാര
 കാമനായ് നോക്കുന്നെന്നെ!
പിന്തിരിപ്പനായിപ്പോം!
 മറന്നോ, മഹാകവേ!
പാടേണ്ടയെന്നെപ്പററി,
 പ്പാടാരുംപെടേണ്ട,ാക്കും
പാടവമില്ലാതെല്ല
 മെൻപൊരുൾക്കതിർകാട്ടാൻ!
വാഴ്ത്തേണ്ടയിനിയാരു–
 മെത്രയോ നൂററാണ്ടിന്റെ
പാഴ്പ്പൊലിപ്പാട്ടിൻ താളം
 തളയ്ട്ടുപോയെന്നെ!
മതിയും കൊതിയും തീ–
 ർന്നെന്നിൽ ഞാനെന്നെക്കണ്ടു!
മദിരോത്സവമാടേ–
 ണ്ടെനിക്കായൊരു വണ്ടും!
ആ വിശാലശില്പീന്ദ്ര ശ്രീ–
 ലോന്നതാശയങ്ങളിൽ
ജീവിച്ചു. ജലാശയ–
 ജന്മാവാണെന്നാലും ഞാൻ!

വാല്മീകോദ്ഭവൻപോലും
സൗന്ദര്യബോധംപൂണ്ടു
വില്ലാളിക്കെൻപേരിലാ-
പ്പൂവമ്പൻ കലയേററി!
വാരിയിൽനിന്നും വാരി
പ്പുണ്ണന്റ കാട്ടീയെന്നെ
വേഷങ്ങൾ പകുത്തോരു
വിശ്രുദ്ധ ഹസ്തങ്ങളും!
കൈകമ്പാസകുമാരിതൻ
കൈനേട്ടമായിട്ടെന്നെ
കാണിക്കാൻ കൊതിതോന്നി
കാളിദാസനുപോലും!
ചൂടേണ്ടതെല്ലാം ചൂടി
ത്തേടേണ്ടതെല്ലാം തേടി
നേടേണ്ടതെല്ലാം നേടി
ഞാൻ തപസ്യയിൽക്കൂടി!

X X X X X

കാലത്തിൻ കണ്ണാടിയിൽ
മോഹിക്കും "സ്മൃഹത്തിൻ"
കാലടിപ്പാടിൻ പ്രതി-
ബിംബത്തെപ്പൂജിപ്പോനേ,
"ഇന്നലെ"യുടെ വിശാ-
വിഗ്രഹം തകൎത്തുപോ-
"ലിന്നെ"ന്നു തോന്നിപ്പിക്കും
"നാളെ"യെ സ്തുതിപ്പോനേ,
ഞാനായ പൗരാണിക-
സങ്കേതമെന്തിന്നു നീൻ
മാനവാനുഭവൈക-
"വിജ്ഞാനഭവൻ" തീൎക്കാൻ!

X X X X X

ശ്രീവിദ്യാവിശാരദർ
യോഗാത്മക്കൂടസ്ഥന്മാർ
ഗോവിന്ദ ഗീതാനന്ദ
ഗാതാക്കൾ ഗിരീശന്മാർ
വേരോളമെന്നെക്കണ്ടോർ
നേരോളമെന്നെക്കൊണ്ടോർ

ചാരിനേകിയതെല്ലാം
പതിരെന്നോതും ഭവാൻ
ചതുതായെന്തോന്നെന്നി-
ലുണ്ടെന്നു ചിന്തിച്ചാവോ
ചതരം പുറംകണ്ണാൽ
കേവലം വലംവച്ചു!

X X X X X

ഞാനറിയുന്നു: ഭവാൻ
നാടോടിച്ചോടൊപ്പിച്ചു
ഗാനങ്ങൾ രചിക്കുവോൻ!
ജനതാമനോഗതൻ!
ഞാനായ മഹത്തത്വ-
മറിഞ്ഞുകൊള്ളാനൊത്ത-
മാനസം ഭവാനില്ല;
ഭാവിച്ചു നില്ക്കുണ്ടൊന്നും.

X X X X X

വിശ്വസിക്കുമോ, മർത്ത്യ-
കഥാൻഗാതാവങ്ങു
വിശ്വത്തിൻ സ്രഷ്ടാവുമീ-
യെന്മകനെന്നോതിയാൽ!
സർഗ്ഗശ്രീകലാദേവീ-
ക്ഷേത്രവും ഞാനാണെന്നു
സർഗ്ഗസംഗീതം പാടു-
മങ്ങെങ്ങാനറിഞ്ഞുവോ?
അഷ്ടമംഗലാത്മികാ-
ദേവതാമാതൃത്വവും
മട്ടേറെക്കാട്ടന്നെന്നിൽ-
ത്താനാണെന്നറിഞ്ഞുവോ?
കഷ്ടമെന്തിനുപിന്നെ
യെന്നെയിങ്ങനെനോക്കി
പ്പൊട്ടപ്പുഞ്ചിരിപ്പൊള്ള
പ്പാട്ടുപാടുവാൻ നിൽപ്പൂ!

X X X X X

ശ്രീഗുരു ദിവാകര-
ശക്തിപൂജയാൽ സ്വയ-
മാഗത മനോഹര
നൃത്താഗ്ര്യലഹരിയിൽ

KOTTAYAM PUBLIC LIBRARY
KOTTAYAM

നാലതിരില്ലാ മഹാ_
നീലിമ നിറഞ്ഞെഴും
നാദത്തിൽ നേരിൻമഞ്ഞ
നീരാട്ടമാടുന്നെന്നെ
നയനഭ്രംഗത്തിന്റെ
മധുപാത്രമെന്നോർത്തു
"നളിനീ!" "നളിനീ!"യെ_
ന്നങ്ങുന്നു വിളിച്ചല്ലോ!

X X X X X

സത്യമോതിയാലങ്ങി_
ലേറൊല്ലെ പരിഭവം
നിത്യസാധനയൊന്നേ
നൽകുന്നിതനുഭവം!
ജ്ഞാനവും വിജ്ഞാനവും
രണ്ടാണെന്നറിയാതെ
ഗാനഗന്ധർവ്വൻ താനെ_
ന്നഭിമാനിക്കും ഭവാൻ
കണ്ടതില്ലറിഞ്ഞതി_
ല്ലാസ്വദിച്ചതില്ലെന്നിൽ
കൊണ്ടുനിന്നീടും സാക്ഷാത്
സത്തയെ!—സ്ഫുരത്തയെ!_

X X X X X

"ചോററിലെക്കിടാവേ, ഞാൻ
സ്നേഹിപ്പുനിന്നെ"–യെന്ന
ചോററപ്പാട്ടുമായ്‌വന്ന
ഹേ, ലോകമഹാകവേ,
മനനംചെയ്തോരെന്നെ
ക്കണ്ടു സർവ്വാധാരമായ്!—
മധുരപ്പതിനാറു_
കലതൻ കേദാരമായ്!
എത്താവുന്നിടത്തോള-
മെത്തിയാൽ മനസ്സിനു
മുത്തമേകിടുമെന്നെ
ക്കണ്ടോരെക്കണ്ടിട്ടുണ്ടോ?

---

# മൂന്നു രംഗങ്ങൾ!
# മൂന്നു മുഖങ്ങൾ!!

— സി. ജെ. റോഷി എം. എ.

പട്ടണത്തിൽ ഒരുത്സവം നടക്കുകയാണു്. വലിയൊരുസാഹിത്യോത്സവം. ചർച്ചകളുണ്ടു്, പ്രഭാഷണങ്ങളുണ്ടു്; സമ്മേളനങ്ങളും കലാപരിപാടികളുമുണ്ടു്. അവയിൽ പങ്കുകൊള്ളുവാൻ കലാകാരന്മാരും കലാസ്വാദകരുമായ ഒരു വമ്പിച്ച ജനക്കൂട്ടവും. തികച്ചും ഉത്സാഹത്തിന്റേതായ ഒരന്തരീക്ഷം.

കമനീയമായലങ്കരിക്കപ്പെട്ട സമ്മേളനപന്തലിന്റെ പിൻഭാഗത്തൊരു ബെഞ്ചിൽ സ്ഥലം പിടിച്ചിരിക്കയാണൊരു പതിനഞ്ചുകാരൻ. സാഹിത്യത്തെപ്പററിയോ സാഹിത്യകാരന്മാരെപ്പററിയോ ഒന്നുമറിഞ്ഞുകൂടാ ആ സ്കൂൾ കുട്ടിക്കു്. എങ്കിലും ആ അന്തരീക്ഷം അവനിഷ്ടപ്പെട്ടു. ഒരു പുതിയ ലോകത്തിന്റെ കവാടങ്ങൾ അവനുമുന്നിൽ മലക്കെത്തുറക്കപ്പെട്ടിരിക്കയാണു്. അത്ഭുതംകൊണ്ടു വിടർന്ന കണ്ണുകളോടെ അവൻ തന്റെ ചുററിലുമുള്ള ലോകത്തെ ശ്രദ്ധിച്ചു.

ആഹ്ലാദം നിറഞ്ഞ ഒരു പൊട്ടിച്ചിരി. പളുങ്കുപാത്രങ്ങൾ താഴെ വീണുടയുന്ന പ്രതീതി! എവിടെ നിന്നാണതു്? തന്നിൽ നിന്നു തന്നെയോ!

പന്തലിന്റെ ഒരരികിലൂടെ ഒററ നോട്ടത്തിൽ തന്നെ ആരെയും ആകർഷിക്കുന്ന സവിശേഷതകളോടു കൂടിയ ഒരു ശുഭ്രവസ്ത്രധാരി മെല്ലെ നീങ്ങുന്നതു കണ്ടു. അന്തസ്സും ആഭിജാത്യവും തുളുമ്പി നില്ക്കുന്ന ഒരു രൂപം. ആരാധകരുടെ ഒരു പാരാവാരം തന്നെയുണ്ടദ്ദേഹത്തിനു പിന്നിൽ.

ആദരവു നിറഞ്ഞ ശബ്ദത്തിൽ ആരോ മന്ത്രിച്ചു:

"അതാണു പുത്തൻകാവു മാത്തൻ തരകൻ"

ആ പേരു് എന്തിലോ കണ്ടതായും എവിടെയോ കേട്ടതായും ഒരോർമ്മ. ഒരിക്കൽക്കൂടി ആ രൂപം കാണുവാനും ആ പൊട്ടിച്ചിരി കേൾക്കുവാനും കഴിഞ്ഞെങ്കിൽ! പക്ഷേ, വയ്യ, അദ്ദേഹം വളരെ അകലെയായിരിക്കുന്നു. ആ ശബ്ദം മാത്രം ആത്മാവിലെവിടെയോ ഒട്ടിനിൽക്കുന്നു.

പ്രസാദാത്മകനായ ഒരു പ്രതിഭാശാലി!

x x x x x x x x

ഋതുകന്യകകൾ കനകച്ചിലങ്കകൾ കിലുക്കി ഈ ഭൂമിയിലൂടെ പലവട്ടം കടന്നുപോയി. പൂക്കൾ വിടരുകയും മഞ്ഞുപെയ്യുകയും വെയിൽ പൊഴിയുകയും മഴ ചൊരികയും ചെയ്തു. അപ്പോൾ ഒരു കൊച്ചു മനസ്സ് വിശാലത്തോളം വിടരുകയായിരുന്നു. പുതിയ പുതിയ രസഗന്ധനാദസ്പർശങ്ങളിലൂടെ അതു വളൻകൊണ്ടേയിരുന്നു. ആ വളർച്ചയിൽ ഒരു പത്രപ്രവർത്തകൻ രൂപം കൊണ്ടു.

വാർത്തകൾ– അവസാനമില്ലാത്ത വാർത്തകൾ. അവയ്ക്കു രൂപം നൽകുകയായിരുന്നു അയാൾ. സാഹിത്യത്തേയും സാഹിത്യകാരന്മാരേയും പററി ഇന്നയാൾ തീരെ അജ്ഞനല്ല. പുസ്തകങ്ങളാണയാളുടെ പ്രിയപ്പെട്ട കൂട്ടുകാർ. പുസ്തകമെഴുത്തുകാരാണയാളുടെ പരിചയക്കാരിലധികവും.

അവിരാമമായ അദ്ധ്വാനത്തിൽ മനസ്സും മസ്തിഷ്കവും മരവിക്കുന്നതായനുഭവപ്പെട്ട ആ പത്രപ്രവർത്തകൻ നഷ്ടപ്പെട്ട ഉണർവും ഉന്മേഷവും വീണ്ടെടുക്കുന്നതിനുള്ള ശ്രമത്തിൽ ശബ്ദരഹിതമായ ഒരു തീർത്ഥയാത്രയ്ക്കു തയ്യാറായി. അന്നുവരെ അപരിചിത

മായിരുന്ന പലലോകങ്ങളും ദിനരാത്രങ്ങളേറെക്കഴിയുന്നതിനു മുൻപയാൾ കണ്ടു. താൻ അന്വേഷിച്ചതുമാത്രം അയാൾക്കു ലഭിച്ചില്ല. ഒടുവിൽ ശാന്തിയും ശാലീനതയും നിറഞ്ഞ ഒരു കൊച്ചുഗ്രാമത്തിലയാൾ എത്തി. (ഒരുകാലത്തു വലിയൊരു പട്ടണമായിരുന്നത്രെ! ഒരു സുഹൃത്തുപറഞ്ഞു:

"വരു: ഒരു സാഹിത്യകാരനെ പരിചയപ്പെടുത്താം"

വെളിച്ചം കുറഞ്ഞതും അരികുകൾ ഇടിഞ്ഞു പൊളിഞ്ഞതുമായ ഇടവഴികളിലൂടെയുള്ള യാത്ര അവസാനിച്ചതു് പ്രകൃതി മുടിചീകിപ്പൂ ചൂടിച്ച ഒരുപററം ചെടികൾക്കു മുന്നിലാണു്. പത്രപ്രവർത്തകനിൽ ഉറങ്ങിക്കിടന്ന കലാകാരൻ ഉണർന്നു. കൂട്ടുകാരന്റെ ചുണ്ടുകളിൽ ഒരു പുഞ്ചിരി വിടർന്നു. അതിന്റെ അർത്ഥം ഇതായിരുന്നു:

"ഇപ്പോൾ സമയമില്ല, പിന്നീടാകാം."

അല്പവും ആകർഷകമല്ലാത്ത ഒരു കൊച്ചുവീടു്. ഉയരം കുറഞ്ഞ വാതിലിനരികിൽ അല്പം ശങ്കിച്ചുനിന്നു. പകുതി തുറന്ന ജാലകത്തിലൂടെ ഉള്ളിലേക്കു നോക്കി. പുസ്തകങ്ങളുടെ ഒരു ലോകം. എവിടെയും കുന്നുകൂടി കിടക്കുകയാണവ, അവ സൃഷ്ടിച്ച വല്മീകത്തിൽ തപസ്സു ചെയ്യുകയാണു് ആധുനികയുഗത്തിന്റെ വല്ക്കലമായ ഖദർമുണ്ടണിഞ്ഞ ആ മഹർഷി. അധികം താമസിക്കേണ്ടിവന്നില്ല. അദ്ദേഹം സമാധിയിൽനിന്നുണർന്നു. ഒരു നിമിഷം മധുരിക്കുന്ന ഒരു മന്ദഹാസവുമായി ആതിഥേയൻ അരികിലെത്തിക്കഴിഞ്ഞു.

ആ പഴയ പതിനഞ്ചുകാരന്റെ അത്ഭുതം നിറഞ്ഞ കണ്ണുകളോടെതന്നെ ആ മുഖത്തേക്കു നോക്കി. കളഞ്ഞുപോയ പ്രിയപ്പെട്ട സമ്മാനം കണ്ടുകിട്ടിയ ഉന്മേഷമനുഭവപ്പെട്ടു അപ്പോൾ. മണിക്കൂറുകൾ കടന്നുപോയതറിഞ്ഞില്ല. ഒരു ചിരകാലസുഹൃത്തിനോടെന്നവണ്ണം അദ്ദേഹം സംസാരിക്കുകയാണു്. കഥകളുണ്ടു്, അതിലേറെ കാര്യങ്ങളും. ഭൂമിയിലുള്ള എല്ലാററിനെ

യുംപററി അദ്ദേഹത്തിനഭിപ്രായമുണ്ട്. വായിച്ചും പഠിച്ചും ചിന്തിച്ചും സർവ്വോപരി ജീവിതത്തെ അനുഭവിച്ചറിഞ്ഞും വാർത്തെടുത്ത അഭിപ്രായങ്ങൾ.

യാത്രപറഞ്ഞിറങ്ങിയപ്പോൾ ഈ പുതിയ പരിചയത്തെപ്പററി അഭിപ്രായമാരാഞ്ഞ സുഹൃത്തിനോടു പറഞ്ഞു:

"ഉറക്കെച്ചിന്തിക്കുന്ന പ്രൊഫസ്സർ!"

x x x x x x x

അനുക്ഷണവികസ്വരമായ കാലത്തിൻെറ കൈകൾ പത്രപ്രവർത്തകനെ അദ്ധ്യാപകനാക്കി മാററി. പ്രസാദാത്മകതയെ ആ പ്രതിഭാശാലിയുടെയും ഉറക്കെച്ചിന്തിക്കുന്ന ആ പ്രൊഫസറുടെയും സഹപ്രവർത്തകൻ! താൻ കടന്നുവന്ന പുതിയ ലോകത്തിൽ കാലുകളിടറുന്നതായി തോന്നി പലപ്പോഴും. അപ്പോഴെല്ലാം കരുത്തുള്ള ആ കൈകൾക്കു താഴെ അഭയം തേടി. അപ്പോൾ......

പ്രസാദത്തിൻെറ പ്രകാശം പൊലിയുകയും വിഷാദത്തിൻെറ ഇരുൾ നിറയുകയുംചെയ്യുന്ന ഒരു രംഗം. അവിടെ ഒരു മരണം സംഭവിച്ചിരിക്കുന്നു. മരണം— ജീവിതത്തിലെ ഈ ഏററവുംവലിയ സത്യം മറേറതൊരു സത്യത്തെയുംകാൾ കയ്പുനിറഞ്ഞതാണ്, കണ്ണീരിലൂടെയും വിലാപത്തിലൂടെയും ആ കയ്പിനയവു വരുത്തുകയാണ് വിരഹത്തിൻെറ വേദനയിൽ വെന്തുരുകുന്ന ഹൃദയങ്ങൾ. പൊട്ടിച്ചിരിക്കുകയും ഉറക്കെച്ചിന്തിക്കുകയും ചെയ്ത ആ മനുഷ്യനുമുണ്ടവിടെ. സ്വസഹോദരൻെറ മൃതദേഹത്തിനരികെ വെറും തറയിൽ അദ്ദേഹത്തെക്കാണാം. അനന്തതയുടെ അജ്ഞാത മേഖലകളിൽ കണ്ണുകൾ നട്ട് നിശ്ചേഷ്ടനായിരിക്കുന്ന ആ രൂപത്തെ ഒന്നേ നോക്കിയുള്ളു. ഒരിക്കലും വററാത്തതെന്നു കരുതിയിരുന്ന പുഞ്ചിരി ആ ചുണ്ടുകളിൽനിന്നെങ്ങോ ഓടിയൊളിച്ചിരിക്കുന്നു. സജലങ്ങളായ ആ കണ്ണുകളിൽ ഇന്നോളം ആരും എഴുതാൻ കഴിഞ്ഞിട്ടില്ലാത്ത ആയിരം വിലാപകാവ്യങ്ങൾ.

ദുഃഖത്തിൻേറതായ ആ രംഗം മൂകമാക്കിയഹൃദയത്തോടെ തിരിഞ്ഞു കാറിനുനേരെ നീങ്ങുന്നതിനിടയിൽ മനസ്സിൽ പറഞ്ഞു:

"മനുഷ്യൻ".

x x x x x x x

മൂന്നു രംഗങ്ങൾ!

മൂന്നു മുഖങ്ങൾ!!

# ഭാഷയിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ചരിത്രാംശങ്ങൾ.

— ശൂരനാട്ടു കുഞ്ഞൻപിള്ള

ഓരോ ഭാഷയിലും അലിഞ്ഞുചേർന്നിട്ടുണ്ടു് ആ ഭാഷ സംസാരിക്കുന്ന ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ ചരിത്രാംശങ്ങൾ. ഭൂതകാലത്തിന്റെ ഇരുളടഞ്ഞ കോണുകളിലേക്കു കടന്നുചെല്ലാൻ വഴി കാണാതെ ഗതിമുട്ടി നില്ക്കുന്ന ചരിത്രവിദ്യാർത്ഥിക്കു് അവ അത്യന്തം പ്രയോജനകരമാണു്.

മലയാളശബ്ദങ്ങളുടെ ആഗമത്തിലും പരിണാമത്തിലും നിന്നു് എന്തു തെളിവുകളാണു് നമ്മുടെ ചരിത്രത്തെപ്പററി കിട്ടുന്നതു്? ഒന്നാമതു് ആഗമകാര്യംതന്നെ. ഓരോരോ ശബ്ദത്തിന്റെ ആഗമത്തെപ്പററിയല്ല ഇവിടെ ആലോചിക്കുന്നതു്. അതും അത്യന്തം രസകരമായ കാര്യംതന്നെ, എങ്കിലും ഇവിടെ മലയാളശബ്ദങ്ങളെ പൊതുവേ എടുത്തു് അവ ഏതേതു് ഇനത്തിൽപ്പെടുന്നുവെന്നു പരിഗണിക്കാനാണു് യത്നിക്കുന്നതു്. മലയാളത്തിലെ ഇന്നത്തെ ശബ്ദസമ്പത്തു നോക്കിയാൽ അതിൽ ബഹുഭൂരിഭാഗവും — എഴുപത്തിയഞ്ചു ശതമാനത്തിൽ കൂടുതൽ പദങ്ങളും — സംസ്കൃതപദങ്ങളാണെന്നു് സാധാരണക്കാർക്കു്

അറിയാം. വർഗ്ഗാക്ഷരങ്ങളിൽ അതിഖരമൃദുഘോഷങ്ങളും, ശ, ഷ, സ, ഹ എന്നിവയും, ഋ, ഌ എന്ന സ്വരങ്ങളും ഉൾക്കൊള്ളുന്ന വാക്കുകൾ എല്ലാംതന്നെ, പൊതുവേ പറഞ്ഞാൽ, സംസ്കൃതത്തിൽനിന്നും വന്നിട്ടുള്ളവയാണെന്ന് ആദ്യമേ വേർതിരിക്കാം. ഈ അക്ഷരങ്ങൾ മലയാളം സംസ്കൃതത്തിൽനിന്നും കടംകൊണ്ടിട്ടുള്ളവയാണ്. മററ് അക്ഷരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വാക്കുകളിലും ഒട്ടേറെ സംസ്കൃതത്തിൽനിന്നും എടുത്തിട്ടുള്ളതായി കാണാം. ഇങ്ങനെ മലയാള ശബ്ദസമ്പത്തിൽ അധികവും സംസ്കൃതത്തിൽനിന്നു വന്നിട്ടുള്ളതാണെങ്കിലും, അവയല്ല മലയാളത്തിൻെറ സാക്ഷാൽ മൂലധനമെന്നു പരിശോധനയിൽ വെളിവാകും. ഓരോതരത്തിലുള്ള ആവശ്യങ്ങൾ നിറവേററാൻ സർവ്വസമ്പന്നമായ സംസ്കൃതത്തിൽനിന്നും ഓരോ കാലത്തു വായ്പ കൊണ്ട ഈ പദങ്ങൾ, മലയാളത്തിൻെറ കുടുംബസ്വത്തിൽനിന്ന് ഇന്നും വേർതിരിഞ്ഞുതന്നെ നില്ക്കുന്നു. ഭാഷയുടെ അത്യാവശ്യസാമഗ്രികളായ സർവ്വനാമങ്ങളും, സാധാരണ വ്യവഹാരത്തിന് അത്യന്താപേക്ഷിതങ്ങളായ നാമക്രിയാദിശബ്ദങ്ങളും, വാക്യനിർമ്മിതിക്ക് ആവശ്യമായ ദ്യോതക ശബ്ദങ്ങളും എല്ലാം ദ്രാവിഡകുടുംബത്തിൽനിന്നു കിട്ടിയിട്ടുള്ളതാണ്. അവ എണ്ണത്തിൽ താരതമ്യേന കുറവാണെങ്കിലും പ്രാധാന്യം കൂടിയതാണ്. അതിനാൽ മലയാളത്തിലെ ശബ്ദസമ്പത്തിനെപ്പററി പറയുമ്പോൾ ഒന്നാമതു് ദ്രാവിഡകുടുംബത്തിൽനിന്നു കിട്ടിയ മൂലധനവും രണ്ടാമതു് സംസ്കൃതത്തിൽനിന്നു വായ്പകൊണ്ട ശബ്ദങ്ങളും ആണ് പരിഗണനെ അർഹിക്കുന്നതു്. പിന്നെ ഭാരതീയങ്ങളും, വൈദേശികങ്ങളും ആയ ഇതരഭാഷകളിൽ നിന്നും കിട്ടിയിട്ടുള്ള ശബ്ദങ്ങൾ. ഭാരതീയ ഭാഷകളിൽ പാലി, ഹിന്ദി, ഉറുദു തുടങ്ങിയ ഭാഷകൾ ഓരോകാലത്തു് മലയാളത്തോടു ബന്ധപ്പെട്ടു് പദസംഭാവന നടത്തിയിട്ടുണ്ടു്. വൈദേശികഭാഷകളിൽ ഗ്രീക്കു്, ഹിബ്രു, ലത്തീൻ, സിറിയാക്കു്, പോർട്ടുഗീസ്, ഡച്ചു് ഫ്രഞ്ചു, ഇംഗ്ലീഷ് എന്നു് അനേകം ഭാഷകൾ മലയാളത്തിന് ശബ്ദങ്ങൾ നൽകിയിട്ടുണ്ടു്. ഭാഷയുടെ വികാസചരിത്രത്തെ സംബന്ധിക്കുന്ന ഈ അംശങ്ങൾ

ഇവിടെ എന്തിനാണു് വിസ്തരിച്ചു് പറയുന്നതെന്നു സംശയം ഉണ്ടായേക്കാം. ആരംഭത്തിൽതന്നെ സൂചിപ്പിച്ചതുപോലെ, ഭാഷാപരമായ ഈ വസ്തുതകൾ ഇവിടത്തെ ജനസമൂഹങ്ങളുടെ ചരിത്രത്തെ പ്രതിബിംബിപ്പിക്കുന്നു. ദ്രാവിഡ കുടുംബത്തിൽനിന്നും കിട്ടിയ മൂലധനമാണു് മലയാളഭാഷയുടെ ആദിസമ്പത്തെന്നു് സൂചിപ്പിച്ചുവല്ലോ. ദ്രാവിഡഗോത്രക്കാരാണു് ഇവിടത്തെ സംസ്കാരത്തിനു വിത്തുവിതച്ചതെന്നു് ഇതിൽനിന്നു വെളിവാകും. ദ്രാവിഡമല്ലാത്ത ശബ്ദങ്ങളോ രൂപങ്ങളോ മലയാളത്തിൻെറ ആദിശബ്ദസമ്പത്തിൽപെടുന്നുണ്ടോ എന്നു പറയാൻ തെളിവില്ല. വല്ലതും കണ്ടേക്കാമെന്നു സമ്മതിച്ചാലും, അവ ഏറതാണെന്നോ, എത്രകണ്ടു് ഉണ്ടെന്നോ ഒന്നും പറയാൻ വഴിയില്ല. ഇങ്ങനെ വരുമ്പോൾ മുഖ്യമായും ദ്രാവിഡജനതയുടെ ഒരു വിഭാഗം സമാരംഭിച്ച ഒരു സംസ്കാരമാണു് കേരളത്തിൽ പരിപുഷ്ടിപ്രാപിച്ചതെന്നു സിദ്ധാന്തിക്കാം.

*ദ്രാവിഡ ബന്ധം:*

സമുദായശ്രേണിയിൽ പലപല പടികളിലായി ഇവിടെ കാണുന്ന ജാതികളെല്ലാം ഭാഷയുടെ തെളിവുവച്ചുനോക്കുമ്പോൾ ദ്രാവിഡവർഗ്ഗത്തോടു മൗലികബന്ധം ഉള്ളവരാണെന്നു മനസ്സിലാക്കാം. ഇവിടത്തെ ഗിരിവർഗ്ഗക്കാരാകട്ടെ, കുറവർ, പുലയർ, പറയർ തുടങ്ങിയ ജാതിക്കാരാകട്ടെ, നായന്മാരാകട്ടെ, ഭാഷയെ ആധാരമാക്കിനോക്കിയാൽ എല്ലാവരും ദ്രാവിഡവർഗ്ഗത്തിൽപെട്ടവരാണു്. 'ഈഴവർ' ഈഴത്തുനിന്നു വന്നവരാണെന്നു പറയുന്നു. സിംഹളമാണു് ഈഴമായിത്തീർന്നതു്. ഇതേ കഥതന്നെ ആവർത്തിക്കുകയോ ഉറപ്പിക്കുകയോ ചെയ്യുന്നതാണു് 'തീയർ'എന്ന പദവും. ദ്വീപിൽനിന്നുവന്നവരാണു് ദ്വീപർ—തീയർ. എന്നാൽഇവർ എന്നു വന്നെന്നോ, ഏതു സാഹചര്യത്തിൽ വന്നുചേർന്നെന്നോ അറിയാൻ പാടില്ല. ഇവരും ദ്രാവിഡഗോത്രത്തിൽ നിന്നു ഭിന്നമായ ഗോത്രത്തിൽപ്പെട്ടവരാണു് എന്നുള്ളതിനും യാതൊരു തെളിവും ഇല്ല. പിന്നെ നമ്പൂതിരിമാരും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളുമാണു് ഭാഷയെ കൂടി ആസ്പദമാക്കിയുള്ള ജനവിഭാഗ പരിശ

ണനയിൽ പ്രാധാന്യം അർഹിക്കുന്നതു്. നമ്പൂരിമാരുടെ ആഗമത്തെപ്പററി ഖണ്ഡിതമായി ഒന്നും പറയാൻ തെളിവില്ല. എങ്കിലും അവർ ആര്യവർഗ്ഗക്കാരാണെന്നും, ആര്യസംസ്കാരപ്രചാരകന്മാരാണെന്നും ഉള്ള സംഗതിയിൽ സംശയത്തിനു കാരണമില്ല. ഇവിടത്തെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും വൈദേശിക മതങ്ങളെ സ്വീകരിച്ചവരാണെങ്കിലും, ഭാഷകൊണ്ടും, വർഗ്ഗം കൊണ്ടും അവർ ഇവിടത്തുകാർ തന്നെ. ചുരുക്കം ചിലർ വെളിയിൽനിന്നു വന്നിട്ടുള്ളവരാകാം. എങ്കിലും പൊതുവെ പറയുമ്പോൾ അവരെ പ്രത്യേകം ഗണിക്കണമെന്നില്ല. ഇങ്ങനെ വർഗ്ഗബന്ധം കൊണ്ടു് അവരും ദ്രാവിഡന്മാർതന്നെ, അവർ ആംഗീകരിച്ച വൈദേശിക മതങ്ങളെ സംബന്ധിച്ച കുറെ പദങ്ങളും മററും ഓരോ കാലത്തു മലയാളത്തിലേക്കു കടത്തിയിട്ടുണ്ടെന്നു മാത്രമേ പ്രത്യേകം സ്മരിക്കാനുള്ളു.

*മലയാളവും തമിഴും സംസ്കൃതവും:*

പില്ക്കാലത്തു് ആര്യസംസ്കാരസമ്പർക്കം ഉണ്ടെങ്കിലും മുഖ്യമായി ഒരു ദ്രാവിഡ ജനത സമാരംഭിച്ച സംസ്കാരമാണു് കേരളത്തിൽ വളർന്നിട്ടുള്ളതു് എന്നു് ഇത്രയുംകൊണ്ടു മനസ്സിലാക്കാം. ദ്രാവിഡഭാഷകളുടെ ഇടയിൽത്തന്നെ തമിഴിനോടു് ഏററവും അടുത്തുനിൽക്കുന്ന ഭാഷയാണു് മലയാളമെന്നും തെളിവുണ്ടു്. ദ്രാവിഡകുടുംബത്തിൽനിന്നും മലയാളത്തിനു കിട്ടിയിട്ടുള്ള ശബ്ദങ്ങളിൽ മുക്കാലേ അരയ്ക്കാലും തമിഴിലുമുള്ളവയാണു്. പ്രത്യയങ്ങളുടെ കാര്യത്തിലും തമിഴിനോടു് അത്രകണ്ടു് അടുത്ത നിലയാണു് മലയാളത്തിനു് ഉള്ളതു്. ക്രി: വ: ആദ്യശതകങ്ങളിൽ–ഏതാണ്ടു് ഒമ്പതാം നൂററാണ്ടുവരെ – അതായതു് കൊല്ലവർഷം തുടങ്ങുന്നതുവരെ– തമിഴിനോടു് അത്യന്ത സദൃശമായിരുന്നു മലയാളഭാഷ എന്നു വിചാരിക്കാനാണു് കിട്ടുന്ന തെളിവുകൾ ഉപകരിക്കുന്നതു്. രണ്ടിനും തമ്മിൽ അല്പസ്വല്പഭേദങ്ങൾ ഉണ്ടായിരുന്നിരിക്കണം; നിശ്ചയം. എന്നാൽ അവ പ്രാദേശികസ്വഭാവം എന്ന നിലയ്ക്കുമാത്രമേ വളർന്നിരുന്നുള്ളു. പിന്നീടു പലകാരണങ്ങളാം

കൊണ്ടു വളർന്നുവന്ന ഭാവഭേദങ്ങളാണ് മലയാളത്തെ തമിഴിൽ നിന്നും, മലയാളികളെ ഇതര ദ്രാവിഡരിൽനിന്നും വേർതിരിച്ചതു്. ആ കാരണത്തെപ്പററി ചുരുക്കത്തിൽ സ്മരിക്കാം.

സഹ്യപർവ്വതപങ്ക്തികൾകൊണ്ടു് തെക്കേ ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽനിന്നു് വേർതിരിഞ്ഞാണല്ലോ കേരളത്തിൻെറ കിടപ്പു്. ഇതു് ഇവിടത്തെ ഭാഷയ്ക്കും ജീവിത രീതിക്കും എല്ലാം പ്രത്യേകത ഉണ്ടാക്കാൻ കാരണമായി. ഭാഷാരൂപ പരിണാമം ഇതിൻെറ ഫലമാണു്. സംസ്കൃതഭാഷയുമായുണ്ടായ ഗാഢസമ്പർക്കമാണു് ഈ അംശത്തിൽ മറെറാരു മുഖ്യകാരണം. കൊല്ലവർഷാരംഭത്തിനു മുമ്പുതന്നെ ഇവിടെ സംസ്കൃതത്തിനു ഗണ്യമായ അഭിവൃദ്ധി സിദ്ധിച്ചു. എങ്കിലും മലയാളഭാഷയിലേക്കു് സംസ്കൃതത്തിൻെറ തള്ളിക്കയററം അക്കാലത്തു വലുതായിത്തുടങ്ങിയില്ല. കൊല്ലവർഷാരംഭത്തോടെ ഒട്ടേറെ സംസ്കൃതപദങ്ങൾ മലയാളയാളത്തിൽ കടന്നുകൂടി. ആദ്യം ദ്രാവിഡീകരിച്ച രൂപത്തിൽ ആയിരുന്നു അവ മലയാളത്തിൽ കടന്നതു്. ആയതു് രവി ഇരവിയായും, ആദിത്യൻ ആതിച്ചൻ ആയും, രാമൻ ഇരാമനായും, ശ്രീ തിരുവായും, ശങ്കരൻ ചങ്കരനായും, ശക്തി ചക്കിയായും ഒക്കെ. അല്പംകൂടി കഴിഞ്ഞു് ഇതിൽനിന്നും വ്യത്യസ്തമായ ഒരു രീതിയിൽ മലയാളം വളരുന്നതായി കാണാം. മലയാളികൾ മററു ദ്രാവിഡ ജനതകളിൽനിന്നു് അങ്ങനെ പ്രത്യേകത കൈക്കൊണ്ടു. പന്ത്രണ്ടാം നൂററാണ്ടിൻെറ അവസാനത്തിലൊ പതിമൂന്നാം നൂററാണ്ടിലോ ഉണ്ടായതെന്നു കരുതേണ്ട കൗടലീയഅർത്ഥശാസ്ത്രത്തിൻെറ പഴയ മലയാളവ്യാഖ്യാനത്തിൽ സംസ്കൃതവും മലയാളവും തമ്മിൽ സമ്പൂർണ്ണ വേഴ്ച സ്ഥാപിച്ചുകഴിഞ്ഞമട്ടു പ്രത്യക്ഷപ്പെടുന്നു. അനേകായിരം സംസ്കൃതപദങ്ങൾ തൽസമരൂപത്തിൽതന്നെ അതിൽ പ്രയോഗിച്ചിട്ടുണ്ടു്. എന്നാൽ വിഭക്തി കാര്യത്തിലും മററും തനി മലയാളമാണു്. ഭാഷാപരമായും സാംസ്കാരികമായും കേരളീയർക്കു സിദ്ധിച്ചവലിയൊരു പരിവർത്തനം ഈ പരിണാമത്തിൽ പ്രകടമാകുന്നു. സംസ്കൃതപദങ്ങളെ തൽസമരൂപത്തിൽതന്നെ കൈക്കൊണ്ടാണു് അന്നത്തെ ഭാഷാവികാ

സത്തിൻെറ ഒരു ഭാവം. സംസ്കൃതത്തിൻെറ ഈ അധിപ്രസരം ആര്യബ്രാഹ്മണരായ നമ്പൂതിരിമാക്ക് കേരളത്തിലുണ്ടായ പ്രാമാണ്യത്തെ വ്യക്തമാക്കുന്നു. അവർ എന്നാണു് ആദ്യമായി ഇവിടെ കുടിയേറി പ്പാർത്തു തുടങ്ങിയതെന്നോ, ഏതെല്ലാം ഘട്ടങ്ങളിൽ കൂടിയാണു് അവർ മലയാളികളുമായി സമ്പൂർണ്ണ ബന്ധം സ്ഥാപിച്ചതെന്നോ മനസിലാക്കാൻ തെളിവില്ല. എങ്കിലും, മുകളിൽ സൂചിപ്പിച്ചതുപോലെ ക്രി: വ: 13-ാം നൂററാണ്ടു് ആയപ്പോഴേക്കും അവരും മററു മലയാളികളും ഒരേ ജനതയായിത്തീർന്നു. രണ്ടു കൂട്ടരുടേയും ഭാഷകൾ പൂർണ്ണമായി സമ്മേളിച്ചു. ആര്യബ്രാഹ്മണരും കേരളഭാഷയെ അംഗീകരിച്ചു. സംസ്കൃതത്തിൻെറ ശബ്ദ സമ്പത്തുകൾ അവർ മലയാളത്തിലേക്കു കടത്തിവിട്ടു. കേരളചരിത്രത്തിൻെറ ഉദാരമായ ഒരു അദ്ധ്യായമാണു് ഈ ഭാഷാസമ്മേളനത്തിൻെറ കഥ. ഭാഷാസംസ്കൃത യോഗരൂപത്തിലുള്ള മണിപ്രവാളമാണു് അതിൻെറ പരിണതമായ ഫലം. സംസ്കൃതബന്ധം കൊണ്ടു സംപുഷ്ടിവന്ന ആ ഘട്ടത്തിൽതന്നെ മലയാളത്തിനു തമിഴിൽനിന്നു വ്യതിരിക്തമായി പല ഭാവ വ്യത്യാസങ്ങളും ഏർപ്പെട്ടു. മുമ്പുതന്നെ തലൈ, മലൈ എന്നപോലുള്ള രൂപങ്ങൾ മാറി തല മല എന്നു പരിണമിച്ചിരുന്നു. തേങ്കാ, മാങ്കാ, കഞ്ചി, പഞ്ചി എന്നപോലെയുള്ള രൂപങ്ങൾ മാറി തേങ്ങാ, മാങ്ങ, കഞ്ഞി, പഞ്ഞി എന്നപോലെയുമായി. ഞാൻ കണ്ടേൻ, അവൻ കേട്ടാൻ, അവൾ പോയാൾ എന്നപോലെ ക്രിയകളോടു പുരുഷപ്രത്യയം ചേർക്കുന്ന രീതി മാററി ഞാൻ കണ്ടു, അവൻ കേട്ടു, അവൾ പോയി എന്നപോലെ പ്രയോഗിച്ചാൽ മതിയെന്നുമായി. ഇത്തരം വ്യത്യാസങ്ങളുടെ വിശദാംശങ്ങളിലേക്ക് ഇവിടെ പ്രവേശിക്കണമെന്നില്ല.

*പ്രാകൃതങ്ങളിൽനിന്നു :*

ഇനി നമ്മുടെ ചിന്ത പാലി മുതലായ പ്രാകൃത ഭാഷകളിൽ നിന്നു മലയാളത്തിൽ കടന്നുകൂടിയിട്ടുള്ള പദങ്ങളിലേക്ക് തിരിയാം.

ബുദ്ധമതപ്രചാരത്തോടെ പാലിഭാഷയിൽനിന്നു പല പദങ്ങളും മലയാളത്തിലേക്കു കടന്നു. പള്ളി, പള്ളിക്കൂടം, പൂത്തരച്ചൻ തുടങ്ങി എത്രയോ ശബ്ദങ്ങൾ ഉണ്ട് ആ വഴിക്കു കിട്ടിയവ. ബുദ്ധജൈനമതങ്ങൾക്ക് അതിപ്രാചീനകാലത്തുതന്നെ കേരളത്തിൽ കിട്ടിയ പ്രചാരമാണ് ഇതു സൂചിപ്പിക്കുന്നതു്. മലയാളത്തിലേക്കു തദ്ഭവരൂപത്തിൽ വന്നു ചേർന്നിട്ടുള്ള പല സംസ്കൃത പദങ്ങളും പ്രാകൃതഭാഷകൾ വഴിക്കാണ് വന്നതെന്നും ഇവിടെ ഓർമ്മിക്കാം. മൃഗശീർഷം—മകയിരം ആയതും, തിഥി—തീയതി ആയതും, ദധി—തയിരായതും എല്ലാം അങ്ങനെ ഒരു അന്തരാള ഘട്ടം കഴിഞ്ഞാണ്. പ്രാകൃതഭാഷകളുടെ സമ്പർക്കത്തെ തുടർന്ന് ഹിന്ദുസ്ഥാനി മുതലായ ഭാഷകളുടെ കാര്യവും പരിഗണിക്കാം. ഹിന്ദുസ്ഥാനി, ഉറുദു, പേർഷ്യൻ മുതലായി പല ഭാഷകളിൽനിന്നും വളരെയേറെ പദങ്ങൾ മലയാളത്തിൽ കടന്നുവന്നിട്ടുണ്ട്. ആ വാക്കുകൾ അധികമായും പ്രചാരത്തിൽ വന്നതു് ഡൽഹിയിലെ മുഹമ്മദീയഭരണകാലത്തായിരുന്നു. ഹുസൂർ, ദിവാൻജി, ദഫേദാർ, തഹസീൽദാർ, താലൂക്ക്, ഡഫേദാർ, ഹുക്കുംനാമ, പേഷ്കുഷ്, നസർ, ഹാജർ, അദാലത്, മരാമത്ത്, അബ്കാരി തുടങ്ങിയുള്ള പദങ്ങളെല്ലാം അങ്ങനെ മലയാളത്തിൽ വന്നു ചേർന്നവയാണ്. ചൊംകു (ചീനക്കപ്പൽ), ചീന വല മുതലായ പദങ്ങൾ ചീനന്മാരുമായി നമുക്ക് ഉണ്ടായിരുന്ന ബന്ധത്തിനു സൂചകമായി കാണാമെന്നും ഇവിടെ പറയാം.

*പതിനഞ്ചാം നൂറ്റാണ്ടും പടിഞ്ഞാറൻ ശക്തികളും :*

പതിനഞ്ചാം നൂറ്റാണ്ടുതൊട്ടു് കേരളദേശവും, അതിനെ തുടർന്ന് ഭാരതത്തിന്റെ ഇതരഭാഗങ്ങളും പാശ്ചാത്യപ്രേരണയ്ക്കു വിധേയമായി. 1498-ൽ വാസ്കോഡിഗാമ കോഴിക്കോട്ടു വന്നു ചേർന്നു. പിന്നെ ഒന്നരനൂറ്റാണ്ടു കാലത്തോളം പോർട്ടുഗീസുകാരും, അവർക്കുശേഷം ഡച്ചുകാരും, ഇംഗ്ലീഷുകാരും ഇവിടെ പലതരത്തിലുള്ള സ്വാധീനം ചെലുത്തുകയും, അധികാരം സ്ഥാപിക്കുകയും ചെയ്തുവല്ലോ. അവരുടെ ഭാഷകളിൽനിന്ന് ഇരുഞ്ഞാട്ടു കട

ന്നിട്ടുള്ള പദങ്ങൾ ചരിത്രസംബന്ധമായ ഒരു പഠനത്തിന് വില യേറിയ സാമഗ്രികളാണ്. പോർട്ടുഗീസുകാർ മററു ഭൂഖണ്ഡങ്ങളിൽനിന്ന പല ചെടികളും മരങ്ങളും ഇവിടെ കൊണ്ടുവന്നു. അതുപോലെതന്നെ പല സാധനങ്ങളും പല ഏർപ്പാടുകളും. രോഗങ്ങൾ പോലും കടലിനക്കരെനിന്ന് അവർ ഇവിടെ പ്രചരിപ്പിച്ചു. കടൽ, കപ്പൽ, ശീമ, പറങ്കി തുടങ്ങിയ പദങ്ങൾകൊണ്ടു വിശേഷിപ്പിക്കുന്ന ഒട്ടേറെ നാമങ്ങൾ മലയാളത്തിൽ ഉണ്ടല്ലോ. അവ അധികവും പോർട്ടുഗീസുകാരുടെ കാലത്തു് ഇവിടെ പ്രചരിച്ചതാണ്. കപ്പ (മരച്ചീനി), കടച്ചക്ക, കടപ്ലാവു്, ശീമപ്ലാവു്, പിറുത്തിച്ചക്ക, പപ്പക്ക, പറങ്കിമാവു്, കപ്പലണ്ടി, കപ്പൽമുളക്, പറങ്കിപ്പുണ്ണ് തുടങ്ങിയുള്ള പദങ്ങൾ പരിശോധിക്കുക. പോത്തുഗീസ് ചക്കയാണ് പിറുത്തിച്ചക്കയായതു്. മത്തങ്ങാപോലും പോർട്ടുഗീസുകാർ കൊണ്ടുവന്നതാണ്. അതു് ഒരു മലയാളപദമല്ല എന്നു സാധാരണക്കാർ ധരിച്ചിരിക്കാൻ ഇടയില്ല. പറങ്കിക്കാ എന്നു തമിഴിലും കർണ്ണാടകത്തിലും അതിനു പേരുണ്ടെന്ന് ഓർമ്മിക്കാം. പോർട്ടുഗീസുകാർ എന്നപോലെ പിന്നെ ലന്തക്കാരും ഇംഗ്ലീഷുകാരും ധാരാളം പദങ്ങൾ മലയാളത്തിൽ പ്രചരിപ്പിച്ചു. 'ലന്ത' തന്നെ ഹോളൻഡ് എന്ന പദത്തിൻെറ തദ്ഭവമാണ്. ഹോളൻഡുകാർ, ഒലന്തക്കാർ, ലന്തക്കാർ എന്ന തരത്തിലാണ് ആ ശബ്ദപരിണാമം. കുമ്പഞ്ഞി (കമ്പനി), കുമ്മദോർ (കമാണ്ടർ) തുടങ്ങിയ പദങ്ങളെല്ലാം ലന്തകളുമായിട്ടുള്ള ബന്ധത്തെ സൂചിപ്പിച്ചുകൊണ്ടു പ്രചരിക്കുന്നു. ഇംഗ്ലീഷിൽനിന്നും വന്നിട്ടുള്ള പദങ്ങളെപ്പററി എടുത്തു പറയാതെതന്നെ ആർക്കും അറിവുള്ളതാണല്ലോ. കഴിഞ്ഞ ഒന്നരനൂററാണ്ടുകാലമായിനമ്മുടെ നാട്ടിൽ പ്രചാരത്തിൽ വന്ന അനേകായിരം ഇംഗ്ലീഷ്പദങ്ങൾ ആങ്ഗലഭാഷ അറിവില്ലാത്ത സാധാരണജനങ്ങളുടെ ഇടയിൽ തന്നെ വേരുറച്ചു കഴിഞ്ഞു—ശുദ്ധരൂപത്തിലും മലയാളീകൃതരൂപത്തിലും. ഇണ്ടാസും, ഇൗറങ്കിയും, സൂപ്രണ്ടും, കോടതിയും ഒക്കെ തദ്ഭവരൂപങ്ങളാണ്. ബെഞ്ചു്, ഡെസ്ക്കു്, റോഡ്, പെൻസിൽ തുടങ്ങി തൽസമരൂപത്തിലുള്ള പദങ്ങളുംവളരെയേറെയുണ്ട്.

ആദ്യന്തം മലയാള ശബ്ദങ്ങളുടെ വികാസത്തെപ്പററി ആലോചിച്ചാൽ, കേരളചരിത്രത്തിലെ ഓരോ ഘട്ടങ്ങളിലെയും

പ്രത്യേകതകൾ വെളിവാകും തനി ദ്രാവിഡ ശബ്ദങ്ങളെക്കൊണ്ടു വ്യവഹരിച്ചിരുന്ന ആദിഘട്ടത്തിൽ പരിമിതമായ സാമൂഹിക ജീവിതമണ്ഡലമാണു് പ്രത്യക്ഷപ്പെടുന്നതു്. തറയും, തറവാടും, പടിയും, പടിപ്പുരയും, വീടും, തൊഴുത്തും, നാടും, നാട്ടുക്കൂട്ടവും, കരയും, ചേരിയും, കാവും, കുളവും, ചാവും, പേയും, കോവിലകവും, ചെങ്കോലും, വില്ലും, അമ്പും, കിണ്ണവും, കുഴിയലും, താലിയും, മൂക്കുത്തിയും, മേലാളരും, കീഴാളരും അന്നു് അങ്ങനെയുള്ള ഒരു ജീവിതമണ്ഡലമായിരുന്നു. പിന്നീടു് സംസ്കൃത സമ്പക്കംകൊണ്ടു് ഭാഷ വളന്നപ്പോൾ, മതവും, ശാസ്ത്രങ്ങളും, പുരാണങ്ങളും, സാഹിത്യാദി കലകളും എല്ലാം ഇവിടെ ആവിർഭവിച്ചു. വിഷ്ണുവും, ബ്രഹ്മാവും, ശിവനും, ശക്തിയും, ദേവതകളും അങ്ങനെ മതബോധം വികസിപ്പിച്ച പദസമ്പത്തു കാണാം. രാജാവും, രാജ്യവും, മന്ത്രിയും, പുരോഹിതനും എന്ന രീതിയിൽ വളർന്നു അന്നത്തെ രാഷ്ട്രീയബോധം. ജ്യോതിഷകാരനും, വൈദ്യനും, മാന്ത്രികനും, അവരവരുടെ വിദ്യകളെ പ്രചരിപ്പിച്ചതിനു് ലക്ഷ്യമായ പദങ്ങളും കാണാം. മദ്ധ്യകാലങ്ങൾ ആത്മപരിഷ്ക്കാര പ്രചരണത്തെ വിളംബരംചെയ്തുകൊണ്ടു് നിൽക്കുന്നു. വളരെക്കാലം മുമ്പുതന്നെ ക്രിസ്തുമതസംബന്ധമായ പദങ്ങളും— കത്തനാരും, വികാരിയും, കുദാശയും, ഒപ്രുശ്മയും— അതുപോലെതന്നെ മുസ്ലീംമതം സംബന്ധിച്ച ശബ്ദങ്ങളും — ലബ്ബയും. മദ്രസയും ഒക്കെ അതതു മതങ്ങളുടെ സമ്പക്കത്തിനു സാക്ഷ്യമായി ഭാഷയിൽ നടപ്പിലായി. മദ്ധ്യകാലഘട്ടത്തോടെ ഹിന്ദുസ്ഥാനി, ഉറുദുപദങ്ങളും, പിന്നെ പാശ്ചാത്യസമ്പക്കംകൊണ്ടു കിട്ടിയ പദങ്ങളും സാമൂഹികജീവിതത്തിലും, ഗൃഹജീവിതത്തിലും, രാഷ്ട്രീയകാര്യങ്ങളിലും, നമ്മുടെ ചരിത്രത്തിലുണ്ടായ ഭാവഭേദങ്ങൾ പ്രകാശിപ്പിക്കുന്നു. കട്ടിലും, മെത്തയും, തലയണയും, പണ്ടേക്കുപണ്ടേ ഉണ്ടായിരുന്നുവെങ്കിലും മേശയും, കസേരയും, അലമാരിയും, സോഫയും മററും നൂതന സാമഗ്രികളാണു്. കിണ്ണനും, കുഴിയലും മുമ്പേ ഉണ്ടെങ്കിലും, പിഞ്ഞാണവും, പ്ലേററും ഒക്കെ പില്ക്കാലത്തുള്ളവയാണു്. ഇതുപോലെ ഓരോ മണ്ഡലങ്ങളിലെയും ഉദാഹരണങ്ങൾ ഓമ്മിക്കാവുന്നതാണല്ലോ.

ഭാഷയിൽക്കൂടി പ്രകാശിക്കുന്ന ഇത്തരം വസ്തുതകൾ ചരിത്രകാരനു് അത്യന്തം പ്രയോജനകരമാണെന്നു പറഞ്ഞു വിരമിക്കാം.

# ഉദ്യാനപാലകൻ.

— കെ. തങ്കപ്പൻനായർ എം. എ.

"ടാഗോർ കൃതികളുമായി സായൂജ്യം നേടിയ ചുരുക്കം ചില പ്രതിഭാശാലികളിൽ ഒരാളാണ് സരസഗായകകവിപുത്തൻകാവുമാത്തൻതരകൻ "ഉദ്യാനപാലകൻ" അതു തെളിയിക്കുന്നുണ്ടു്."

ഭാരതത്തിൻെറ അനാദിയായ സാംസ്കാരിക പാരമ്പര്യം പൂർണ്ണമായി ഉൾക്കൊണ്ട കവികളിൽ അഗ്രഗണ്യനാണ് രവീന്ദ്രനാഥ ടാഗോർ. കവിയെന്ന നിലയിൽ ബംഗാളിനു വെളിയിൽ ടാഗോറിൻെറ ശബ്ദം ഇന്നും എന്നും ഉയർന്നുകേൾക്കുന്നതു് ഗീതാഞ്ജലിയിലൂടെയാണ്. കവിയുടെ വാക്കുകളിൽത്തന്നെ പറഞ്ഞാൽ ഗീതാഞ്ജലിയിലെ ഗാനങ്ങളിലെ അനുഭൂതി പൂർണ്ണമായും ആദ്ധ്യാത്മികമാണ്. ഗീതാഞ്ജലിയിൽക്കൂടി നാം കാണുന്നതു് ഒരു മിസ്റ്റിക് കവിയെയാണ്. ഒരു അനന്തസത്തയിൽ വിലയം പ്രാപിക്കുവാൻ വെമ്പൽകൊള്ളുന്ന ഒരു യോഗി: പക്ഷെ ഭാഗികമാണ് ഈ വീക്ഷണം. അനന്തമായ ആ സത്തയോടൊപ്പം ഭൂമിയേയും ഭൂമിയിലെ മനുഷ്യരേയും അവരുടെ സുഖദുഃഖങ്ങളേയും മാനിക്കുന്നുണ്ടു് ഈ മനുഷ്യകഥാനുഗായി. ഇതിനൊരുത്തമോദാഹരണമാണ് ഗീതാഞ്ജലിക്കു മുൻപുതന്നെ ടാഗോർ രചിച്ച "ദി ഗാർഡനർ"

പ്രേമത്തോളം അമൂല്യമായ മറെറാന്നും മനുഷ്യജീവിതത്തിലില്ല. സ്ത്രീപുരുഷന്മാർ പരസ്പരമുണ്ടാകുന്ന ഈ വികാരത്തിനുള്ള തീവ്രതയും മാദകത്വവും മറെറാന്നിനുമില്ല. യുവത്വത്തിന്റെ ഈ അത്ഭുത പ്രതിഭാസത്തെ തികഞ്ഞ സൂക്ഷ്മതയോടെ 'The Gardner' ൽ ടാഗോർ അപഗ്രഥിക്കുന്നു. എൺപത്തിയഞ്ച് ഖണ്ഡകവിതകളിലൂടെയാണ് ടാഗോർ ഈ അപഗ്രഥനം സാധിച്ചിട്ടുള്ളത്. യുവാന്വാദകരുടെ മുക്തകണ്ഠമായ പ്രശംസ ആർജ്ജിച്ചിട്ടുള്ള ഈ കൃതിയിലെ തെരഞ്ഞെടുക്കപ്പെട്ട ഏഴ് ഖണ്ഡങ്ങളുടെ വിവർത്തനമാണ് രവീന്ദ്രനാഥടാഗോറിന്റെ ജന്മശതവാർഷിക സ്മാരകമായി പ്രസിദ്ധപ്പെടുത്തിയ ഈ കാവ്യോപഹാരം—ഉദ്യാനപാലകൻ. കവി പുത്തൻകാവു മാത്തൻതരകൻ കൊല്ലം ജില്ലയിലെ ടാഗോർ ജന്മശതവാഷികാഘോഷങ്ങളുടെ സംഘാടകനും ടാഗോർ ജന്മശതവാഷികാഘോഷങ്ങളുടെ കേരള സംസ്ഥാനക്കമ്മിററിയിലെ അംഗവുമായിരുന്നു എന്നകാര്യം പ്രസ്താവയോഗ്യമാണ്.

കവിത വിവർത്തനക്ഷമമാണോ? ആണെന്നും അല്ലെന്നും അഭിപ്രായമുണ്ട്. ഒന്നു തീർച്ച ടാഗോറിൻെറ കൃതികളോളം വിവർത്തന വിധേയമായിട്ടുള്ള കൃതികൾ വിശ്വസാഹിത്യത്തിൽ തന്നെ വിരളമാണ്. ടാഗോറിൻെറ മൂലകൃതികളിൽ അധികവും ബംഗാളി ഭാഷയിലാണ്. അദ്ദേഹംതന്നെ തൻെറ കാവ്യങ്ങൾ അവയുടെ രാമണീയകം അധികം നഷ്ടപ്പെടാതെ ലളിതകോമളമായ പദാവലിയിൽ ഇംഗ്ലീഷുഭാഷയിൽ അവതരിപ്പിച്ചു. ബംഗാളി ഭാഷ ആ കവിതകൾക്കു നൽകിയിരുന്ന പദസൗകുമാര്യവും വൃത്തഭംഗിയും ഗാനാത്മകതയും ഉൾക്കൊള്ളാനു ഇംഗ്ലീഷുപരിഭാഷയ്ക്കു കഴിഞ്ഞിട്ടില്ലെന്ന് ബംഗാളികൾക്കു പരാതിയുണ്ട്. ടാഗോർതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ തൻെറ കൃതികളുടെ പദാനുപദ തർജമയല്ല ഇംഗ്ലീഷ് പരിഭാഷകൾ. ഈ ഇംഗ്ലീഷ്പരിഭാഷകളിൽനിന്നാണ് മലയാളമുൾപ്പെടെയുള്ള വിവിധ ഭാരതീയ ഭാഷകളിലേക്കു ടാഗോർ അടുത്തകാലംവരെ കടന്നുവന്നിട്ടുള്ളതു. മലയാളത്തിൽ ടാഗോർ കൃതികളുടെ ഒട്ടേറെ വിവർത്തനങ്ങളുണ്ടായിട്ടുണ്ട് "ദി ഗാർഡനർ" ഉൾപ്പെടെ. ടാഗോർകൃതികളുമായി

സായൂജ്യംനേടിയ ചുരുക്കം ചില പ്രതിഭാശാലികളിൽ എടുത്തുപറയത്തക്ക ഒരു പേരാണ് സരസഗായകകവി പുത്തൻകാവു മാത്തൻതരകൻ. "ഉദ്യാനപാലകൻ" അതു തെളിയിക്കുന്നുണ്ടു്.

ഒരുദാഹരണം ശ്രദ്ധിക്കുക:

It is an April night. The lamp is burning in my room.

The breeze of the south comes gently. The noisy parrot sleeps in its cage.

My bodice is of the colour of the peacock's throat, and my mantle is green as young grass.

ടാഗോറിന്റെ ഈ വരികൾ ശ്രീ: തരകന്റെ ഭാഷയിൽ ഇങ്ങനെയാണ്.

മാസമോ ചൈത്രമപ്പോൾ,
കാലമോനിശ, ദീപം
മങ്ങാതെൻ മുറിക്കുള്ളി-
ലെരിഞ്ഞുകൊണ്ടിരുന്നു
വരുന്നു തെക്കൻകാററു
പതുക്കെ,പ്പഞ്ജരത്തി-
ലുറക്കംപൂണ്ടുവാഴ്വൂ
വായാടിയാത്തത്തമ്മ
മാമകപയോധരാ-
ച്ഛാദനം മനോജ്ഞമാം
മായൂരകണ്ഠത്തിന്റെ-
വർണ്ണത്തെവഹിക്കുന്നു.
പട്ടിളംതൃണത്തെപ്പോ-
ലെന്നുടെ പുറംവസ്ത്രം
പച്ചവർണ്ണത്താൽ പരി-
ശോഭിതമായിരുന്നു.

മറെറാരുദാഹരണം:

Some shone like a smile, some glistend like tears, and some were blushed like the cheeks of a bride.

വിളങ്ങീ ചിലതെല്ലാം
തൂമന്ദഹാസംപോലെ
തിളങ്ങീ ചിലതെല്ലാം
കണ്ണുനീർക്കണംപോലെ
തുടുത്തു ചിലതഭി-
രാമരൂപിണിയാകും
തരുണീരത്നത്തിന്റെ
ചെങ്കവിൾത്തടംപോലെ.

മലയാളഭാഷയുടെ പരിധികൾ അൻവദിക്കുന്നിടത്തോളം പൂർണ്ണത നേടിയിട്ടുണ്ട് ഭാവത്തിലും രൂപത്തിലും ഈ പരിഭാഷ. കൃത്യാന്തരബാഹുല്യത്തിനിടയിലും ഇത്ര സ്തുത്യർഹമായ ഒരു സാഹിതീസേവനം നിർവഹിച്ച പുത്തൻകാവു ശ്രീ: മാത്തൻതരകനിൽ നിന്നും ഇനിയും കൈരളിക്കു കനകാഭരണങ്ങൾ വേണ്ടത്ര കിട്ടുമെന്നു പ്രത്യാശിക്കാം.

* *
*

# പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും ശബ്ദം.

— ജെ. പത്മകുമാരി എം. എ.

പുരാണങ്ങളിലും ഇതിഹാസങ്ങളിലും പ്രസിദ്ധി നേടിയ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ആധുനിക മലയാള കവിതയുടെ ചില്ലിട്ട് സഹൃദയരുടെ മുന്നിൽ പ്രദർശിപ്പിക്കുന്ന ഒരു കവിവയ്യൻകൂടി ഇതാ അർദ്ധായുസ്സ കടന്നു നില്ക്കുന്നു.

തുഞ്ചൻെറ കിളിപ്പാട്ടും കുഞ്ചൻെറ തുള്ളൽകഥയും ചെറുശ്ശേരിയുടെ ഗാഥയും ഒരേ പാരമ്പര്യത്തിൽത്തന്നെ പിറന്നു—പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും നാട്ടിൽ. അന്നൊക്കെ സാഹിത്യത്തിൻെറ ചക്രവാളം അവിടെ ഒതുങ്ങിക്കൊള്ളുമായിരുന്നു. അതത്ര സങ്കുചിതമാണെന്നല്ല ഇവിടുദ്ദേശിക്കുന്നതു്, പ്രത്യുത അനന്തവിശാലമാണെന്ന് ഒററനോട്ടത്തിൽത്തന്നെ ബോദ്ധ്യപ്പെടുകയും ചെയ്യും. താൽകാലികജീവിതം അന്നു പ്രതിപാദ്യവിഷയമായില്ലെന്നു മാത്രം. എന്നാലതിൻെറ പ്രതിഫലം ഒരിടത്തും പതിയാതെയുമില്ല. ശ്രീരാമനെന്ന രാജാവിനെ വൈഷ്ണവാവതാരമായി ചിത്രീകരിച്ചു് ഭക്തിലഹരിയിൽ പാടി സ്തുതിക്കുന്ന എഴു

ത്താഛനും, പൂർണ്ണാവതാരമെന്നു പ്രസിദ്ധിനേടിയ ശ്രീകൃഷ്ണനെ തെല്ലു പരിഹാസത്തോടെ അവതരിപ്പിക്കാൻ കഴിയുന്ന നമ്പ്യാരും അതതു കാലഘട്ടത്തിന്റെ സൃഷ്ടികളാണല്ലോ.

ഈ പ്രവണത പരമാവധി വളർന്നു. അർഹമായ വികാസം നേടുകയും ചെയ്തു. ആധുനിക മണിപ്രവാളത്തിന്റെ പ്രഭയിൽ മാത്രമാണതു മങ്ങിയതു്. അക്കാലത്തു് കുറെ പൂരപ്പാട്ടുകളല്ലാതെ കാര്യമായെന്തെങ്കിലും കിട്ടിയെന്നു പറയാനില്ല. അടുത്തതു് തർജ്ജമകളുടെ "കൊള്ളവെള്ള"ത്തിൽ പൊറുതിമുട്ടിയ ഒരു കാലഘട്ടമാണു്. ആ പെരുവെള്ളം ഒന്നിറങ്ങിയപ്പോൾ മലയാളസാഹിത്യത്തിന്റെ എല്ലാ രംഗങ്ങളിലും "നിരന്തരം പൂത്തിട്ടുമാററുദർഭ"യുടെ പൂഞ്ചേലയണിഞ്ഞ സൗകുമാര്യം പ്രത്യക്ഷപ്പെട്ടു.

പെയ്തുതെളിഞ്ഞ ആ ആകാശത്തിൽ വള്ളത്തോൾ പ്രഭൃതികൾ പ്രകാശം ചൊരിഞ്ഞു. കവിതയിൽ ആധുനിക യുഗത്തിന്റെ വിധാതാക്കളെന്നു പേരുകേട്ട ആശാനും ഉള്ളൂരും വള്ളത്തോളും വീണ്ടും എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും കാലടിപ്പാടുകളെപ്പിൻതുടർന്നു: ഒരു പുതിയ കണ്ണാടിയിലൂടെയാണു് അവർ ആ ചിത്രങ്ങൾ കണ്ടതു്. ഭാരതത്തെ പുളകച്ചാർത്തണിയിച്ച ഒരു ദിവ്യനാദം അങ്ങകലെ ബംഗ്ലാവിൽനിന്നും ഉയർന്നതു് ആ നാളുകളിലായിരുന്നു. പുരാണകഥകൾ അഭിനവമായ കാഴ്ചപ്പാടിലൂടെ രവീന്ദ്രനാഥടാഗോർ അവതരിപ്പിച്ചപ്പോൾ ഭാരതത്തിലെ എല്ലാ ഭാഷകളിലും കവിത രചിച്ചിരുന്നവർ ആ മാർഗ്ഗം പിന്തുടർന്നു. ഭാരതത്തിലെയും രാമായണത്തിലെയും കഥാപാത്രങ്ങളെല്ലാം പരിഷ്കൃതമായ വേഷഭൂഷകളണിഞ്ഞു് അരങ്ങത്തെത്തുകയായി. അനിരുദ്ധനും സീതയും കർണ്ണഭൂഷണവും ഈ പ്രവണതയുടെ പ്രതിനിധികളാണു്. കേശവീയവും രുഗ്മാംഗദചരിതവും ശ്രീയേശു വിജയവും ഈ രീതിയിൽ വിജയിച്ച മഹാകാവ്യങ്ങളും. ഭാരതീയ മത ജീവിതത്തിന്റെ ഭാവവൈവിധ്യങ്ങളെല്ലാം തന്നെ ഇപ്രകാരം ചിത്രിതമായെങ്കിലും ഇതരമതങ്ങളുമായി അപ്രകാരമുള്ള സുപരിചിതത്വം മലയാളത്തിനു ലഭിച്ചില്ല. ക്രൈസ്തവ

സാഹിത്യം കേരളത്തിൽ പ്രചരിക്കാൻ തുടങ്ങിയിട്ട് കാലം കുറെയായി. എന്നിട്ടും ക്രൈസ്തവേതരർക്കും ക്രിസ്തുമതത്തിൽ താല്പര്യവും പ്രസ്തുത മതാനുബന്ധികളായ കഥകളിൽ അവഗാഹവും ലഭിക്കാൻ പ്രയോജനപ്പെടുന്ന കൃതികൾ ഉണ്ടായില്ലെന്നുതന്നെ പറയാം. ഡോ: ഗുണ്ടർട്ട്, അർണ്ണോസുപാതിരി, ജോർജ്ജ് മാത്തൻ തുടങ്ങിയ പ്രാതഃസ്മരണീയരായ എഴുത്തുകാർ ക്രിസ്തുമതത്തെ ഇവിടുള്ളവരുമായി പരിചയപ്പെടുത്താനല്ല, ക്രിസ്ത്യാനികളെ ഇവിടുത്തെ നാട്ടും ഭാഷയുമായി പൊരുത്തപ്പെടുത്താനാണ് കൂടുതൽ ശ്രദ്ധിച്ചത് ഇവിടെ ക്രിസ്ത്യാനികളെ സൃഷ്ടിക്കാൻ അന്നത്തെ പാതിരിമാരുടെ പരിശ്രമങ്ങൾ പ്രയോജനപ്രദമായെങ്കിലും ക്രിസ്തുമത പണ്ഡിതന്മാരെ സൃഷ്ടിക്കാൻ ആ പ്രവർത്തനങ്ങൾ മതിയാകുമായിരുന്നില്ല. നിഘണ്ടുക്കളും വ്യാകരണങ്ങളും അനവധി രചിക്കപ്പെട്ടപ്പോൾ, ഇതര ഗ്രന്ഥങ്ങളുടെ എണ്ണം തുലോം പരിമിതമായിരുന്നു. സത്യവേദഖേടം, സംക്ഷേപവേദാർത്ഥം തുടങ്ങിയ കൃതികൾ ക്രിസ്ത്യാനികൾക്ക് മതതത്വങ്ങൾ ഗ്രഹിക്കാൻ ഉപയോഗപ്പെട്ടിരിക്കാം. മതഗ്രന്ഥങ്ങളെന്ന നിലയ്ക്കല്ലാതെ സാഹിത്യകൃതികളെന്ന നിലയ്ക്ക് അവയൊന്നും അത്രമേൽ വിലമതിക്കപ്പെടാത്തത് പ്രചാരം കുറയാൻ കാരണമായിത്തീർന്നു.

ഈ പോക്കിനു മാററം സംഭവിച്ചത് കട്ടക്കയത്തിന്റെയും മററും വരവോടുകൂടിയായിരുന്നു. ബൈബിൾകഥകൾ അതോടെ മലയാളത്തിൽ പ്രചാരംനേടി. സാഹിത്യസല്ലാപത്തിനു കളമൊരുക്കിയ ഏതാനും ആനുകാലിക പ്രസിദ്ധീകരണങ്ങളും കൂടി പുറത്തുവന്നപ്പോൾ ഒരു പുതിയ ഉണർവ്വ് പ്രത്യക്ഷപ്പെട്ടു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനംചെലുത്താൻ കഴിവുള്ള മഹജ്ജീവിതങ്ങൾ കുറച്ചുപേരുടെ സ്വത്താകാതെ പൊതുസമ്പത്തായിത്തീരേണ്ട കാലമാണിന്നത്തേതെന്ന് ലോകം മനസ്സിലാക്കിത്തുടങ്ങി. ക്രിസ്തുമതത്തിനും ബുദ്ധമതത്തിനും ഭാഗവതത്തിനും സമാനതത്വങ്ങളാണു ഭൂരിഭാഗമെന്നു നിഷ്പക്ഷ ചിന്തകന്മാർ കണ്ടെത്തി. ഒന്നിൽനിന്നു മറെറാന്ന് കടംകൊണ്ടതാണെന്ന് ഘോരഘോരം വാദിച്ചവരും ഇല്ലാതില്ല. പക്ഷേ ഭാര

തത്തിലും ഇസ്രായേലിലും അറേബ്യയിലും ചൈനയിലും മാനുഷികമൂല്യങ്ങൾ വലിയ വ്യത്യാസമില്ലാത്തതാണെന്ന് ഓർക്കാൻ കഴിഞ്ഞാൽ ഈ അനാവശ്യമായ വാദകോലാഹലം ഒഴിവാക്കാവുന്നതേയുള്ളൂ. സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമാണ് എല്ലാ മതങ്ങളും. വിദ്വേഷത്തിനും നശീകരണവാസനയ്ക്കും ഒരു മതപ്രവാചകനും കൂട്ടുനിന്നിട്ടില്ല, നിൽക്കുകയുമില്ല. വ്യാഖ്യാതാക്കൾ കവിയെ നിർമ്മിക്കുമ്പോഴാണ് ആ മാതിരി കുഴപ്പങ്ങൾക്ക് ഇടയുണ്ടാകുന്നത്. മൗലികമായ വ്യത്യാസങ്ങൾ ഏറെക്കാണില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ ലക്ഷ്യത്തിലായിരിക്കില്ല, വീക്ഷണഗതിയിലാകാനേ തരമുള്ളൂ. അതിനപ്പുറം വാസവദത്തയെ നിർവ്വാണപദത്തിലേയ്ക്കു നയിച്ച ബുദ്ധശിഷ്യനും മഗ്ദലനമറിയത്തെ ഉദ്ധരിച്ച യേശുക്രിസ്തുവും ഒരേ ആശയത്തിൻെറ പ്രണേതാക്കൾ തന്നെയാണല്ലോ. ഭാഗവതമതവും ക്രിസ്തുമതവും തമ്മിൽ ഇതിലേറെ സാധർമ്മ്യങ്ങൾ കണ്ടെത്താൻ കഴിയും. പ്രളയം വന്നപ്പോൾ ഒരു കൊച്ചുപേടകത്തിൽ തുഴഞ്ഞുപോയ നോഹയും ആലിലയിൽ ജീവസ്ഫൂർണം സൃക്ഷിച്ച ശ്രീകൃഷ്ണനും സമശീർഷരത്രേ. ഇതുപോലുള്ള ജീവിതഭാവങ്ങൾ താരതമ്യപ്പെടുത്താൻ നമുക്കവസരം കിട്ടുന്നത് ആധുനിക സാഹിത്യകാരന്മാർ പുരാണങ്ങളുടെ നാട്ടിലേക്കു നമ്മെ കൂട്ടിക്കൊണ്ടു പോകുമ്പോഴേയുള്ളൂ. ബൈബിളും രാമായണവും ഗീതയും ഖുറാനും എടുത്തുവച്ച് താരതമ്യപഠനമാകാം. അത് സാധാരണക്കാരനെക്കൊണ്ടു സാധിക്കുന്ന സംഗതിയല്ലല്ലോ. പണ്ഡിതനായ തത്ത്വചിന്തകൻ മാത്രമേ ആ രംഗത്തു ശോഭിക്കുകയുള്ളൂ. മതപണ്ഡിതന്മാർ മിയ്ക്കവാറും മതഭ്രാന്തന്മാരായിപ്പോകുന്നത് ഒരു വലിയ ദോഷവുമാണ്. നിരൂപകന് അവശ്യം ഉണ്ടാകേണ്ട നിഷ്പക്ഷതയും സഹിഷ്ണുതയും മതപണ്ഡിതന്മാരിൽ ഒരു ചെറിയ വിഭാഗത്തിനേ കാണാറുള്ളൂ.

കവിതാസ്വാദനത്തിൽ ഇത്ര കല്ലുകടിക്കുക സാധാരണയല്ല. "മഗ്ദലമോഹിനി"യും, "പ്രഥമപ്രളയ"വും, "കരുണ"യുടേയും കർണ്ണഭൂഷണത്തിൻെറയും ഒപ്പംവച്ചു വായിക്കാൻ സഹൃദയർക്കു കഴിയും. "ക്രൈസ്തവഗാനമഞ്ജരി"യും "വിശ്വദീപ"വും

ആസ്വാദ്യമായ സൗകുമാര്യത്തിന്റെ പ്രതീകങ്ങളാവും. അഥവാ, ആശാന്റെയും ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും കവിതകൾ ക്കൊപ്പം പ്രൊ: പുത്തൻകാവു മാത്തൻ തരകന്റെ കവിതകളും എടുത്തുവയ്ക്കുമ്പോഴേ മലയാളസാഹിത്യത്തിന്റെ ഈ പുറം പൂർത്തിയാകൂ. പുരുഷായുസ്സിന്റെ അർദ്ധഭാഗംകൊണ്ട് ഇത്രയും ബൈബിൾകഥകൾ മലയാളത്തിലേക്കു പകർന്ന പ്രൊഫസർ തരകൻ ഇനിയും ഇതിൽകൂടുതൽ സംഭാവന ചെയ്യുമെന്നു പ്രതീക്ഷിക്കാം.

*   *
*

# ഈ ഞാൻ
# അവനോ നീയോ അല്ല.

— *പ്രൊഫ: കെ. സി. പീററർ*

"പരമ്പരാഗതമായി കൈവന്ന അസ്വാതന്ത്ര്യങ്ങളും ചുററുപാടുകൾ സൃഷ്ടിക്കുന്ന മതിൽക്കെട്ടുകളും അപ്പഴപ്പോൾ വന്നണയുന്ന വിഷമതകളും തികഞ്ഞ നെഞ്ഞൂക്കോടെ മറികടക്കുന്ന സാഹിത്യകാരൻ എന്ന വ്യക്തി അവൻെറ പ്രതിഭയുടെ ശക്തിയും ശേഷിയും പകരുകയാണു ചെയ്യുന്നതു്"

ആധുനിക യുഗത്തിൽ ജീവിക്കുന്ന സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം സാഹിത്യകാരനെവിടെ നില്ക്കുന്നു?

വിശ്വാസത്തിലാണോ?

എന്തിൽ വിശ്വസിക്കുവാൻ?

വിശ്വാസം എവിടെയും ചവുട്ടിമെതിക്കപ്പെടുന്നു. സാംസ്കാരികനവോത്ഥാനം തന്നെ വിശ്വാസങ്ങളെ യുക്തിയുടെ കൂർത്തു നീണ്ട നഖങ്ങൾകൊണ്ടു് പിച്ചിച്ചീന്തിയതിൻെറ ഫലമാണു്. ശാസ്ത്രത്തിൻെറ പുരോഗതിയും നേട്ടങ്ങളും അവിശ്വാസത്തെ പ്രോത്സാഹിപ്പിച്ചതേയുള്ളു. സംശയത്തിൽനിന്നാണു് ബുദ്ധി

യുടെ വളർച്ച. വികാരങ്ങൾ ലക്കം ലഗാനമില്ലാതെ കാട്ടുകുതിര കളെപ്പോലെ കുതിച്ചു പായുന്നു. പഴയമൂല്യങ്ങൾ ശാസ്ത്രത്തിന്റെ അപഗ്രഥനത്തിൽ അർത്ഥശൂന്യങ്ങളായിത്തീരുന്നു. സങ്കീർണ്ണവും വളർന്നു് വികസിക്കുന്നതുമായ സമൂഹം കൂടുതൽ കൂടുതൽ നിയന്ത്ര ണങ്ങൾക്കു വിധേയമായിത്തീരുന്നു. പ്രായോഗികതയുടെ പ്രഹര മേററു് വ്യക്തിത്വവും ഭാവനയും തളർന്നു വീഴുന്നു. പരസ്യവും പ്രചരണവും മനുഷ്യമനസ്സിനെ ചില പ്രത്യേക ചിന്താഗതികളി ലേക്കു് തിരിച്ചു വിടുന്നു. എന്നിട്ടും സുപ്രസിദ്ധ സാഹിത്യകാര നായ ഇ. എം. ഫോർസ്റ്റർ പ്രാർത്ഥിച്ചു "ദൈവമേ! ഞാൻ അവിശ്വാസിയാണു്. എന്റെ അവിശ്വാസത്തെ കാത്തു രക്ഷി ക്കേണമേ!"

എന്തിനു്?

തന്റെ അനുഭവങ്ങൾക്കും അനുഭൂതികൾക്കും ഏകാന്തത യിലിരുന്നു് വിലയിരുത്തുവാൻ. സ്വന്തമായ ഒരു വിശ്വാസ സംഹിതയ്ക്കു രൂപം കൊടുക്കുവാൻ. സ്വീകരിച്ച പുതിയ മൂല്യ ങ്ങൾക്കു് ദാർഢ്യം നൽകുവാൻ, പുതിയ മാനുഷിക ബന്ധങ്ങളും സാമൂഹ്യബന്ധങ്ങളും സാമ്പത്തിക ബന്ധങ്ങളും മുന്നിൽ വച്ചു കൊണ്ടു് ആത്മപരിശോധന നടത്തുവാൻ. തന്റെ ആത്മാവി നെ തൃപ്തിപ്പെടുത്തുവാൻ. തന്റെ കടമകൾ നിറവേററുവാൻ.

*സാഹിത്യകാരൻ ഒരു വ്യക്തി:*

സാഹിത്യകാരൻ ഒരു വ്യക്തിയാണു്. അവനിൽ സർഗ്ഗ ശക്തി മുററി നിൽക്കുന്നു. യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽനിന്നു് ഒളിച്ചോടുവാനല്ല അവൻ യത്നിക്കുന്നതു്. മറെറാരു ബെതൽ ലോകത്തെ സൃഷ്ടിക്കുവാനുമല്ല, അവൻ അവന്റെ ആത്മാവി ലേക്കു വലിയുന്നതു് നൂതനവും മാറിമാറിയുള്ളതുമായ അനുഭവ ങ്ങളെ അനുഭൂതികളാക്കി മാററി, അവയ്ക്കു വിലയിരുത്തി ഒരു പുതിയ വിശ്വാസപ്രമാണം വാർത്തെടുക്കുവാനാണു്.

സത്യത്തിൽ മാനുഷിക ബന്ധങ്ങളാണു് മനുഷ്യ ഹൃദയ ത്തിലെ ഇരുട്ടിൽ മെഴുകുതിരി കത്തിക്കുന്നതു്. ഹൃദയത്തിലെ

ആ ചെറിയ ദീപം പ്രകാശം പരത്തുകയായി. അതു് ഇരുട്ടിനെ അകററുന്നു. ചൂടു നൽകുന്നു. ആ ദീപം അണയുന്നില്ല, അണയുവാൻ പാടില്ല; അണഞ്ഞുപോയാൽ പിന്നെ സാഹിത്യകാരനു് നിലനിൽപ്പില്ല. ആ ദീപനാളത്തെ രക്ഷിക്കുവാൻ സാഹിത്യകാരൻ വേദന അനുഭവിക്കുന്നു — തീവ്രമായ വേദന. തികച്ചും സർഗ്ഗാത്മകമാണു് ആ വേദന—സ്വാത്ഥം കത്തിയെരിഞ്ഞു നശിക്കുന്നു; അഹന്ത ഉരുകിയില്ലാതാകുന്നു. അതുകൊണ്ടാണു് ഇ. എം. ഫോർസ്റ്റർ പറഞ്ഞതു് "എൻെറ നാടിനെ വഞ്ചിക്കുക, എൻെറ സ്നേഹിതനെ വഞ്ചിക്കുക—ഇവ രണ്ടിൽ ഏതാണു ഞാൻ തിരഞ്ഞെടുക്കുക? തീർച്ചയായും ആദ്യത്തേതിനാണു് എനിക്കു് ആത്മധൈര്യം ഉണ്ടാകേണ്ടതു്."

*നിർമ്മാണാത്മക സമീപനം:*

ആരോഗ്യകരമായ ശീലങ്ങൾ ശാരീരികാരോഗ്യത്തെ പരിപോഷിപ്പിക്കുന്നതുപോലെ, നാം സ്വീകരിക്കുന്ന പുതിയ വിശ്വാസപ്രമാണം മാനസികാരോഗ്യത്തെ വളർത്തുന്നു. ഈ വിശ്വാസപ്രമാണത്തിൻെറ കരുത്തു് ജീവിതത്തോടു് വ്യക്തികളുള്ള സമീപനരീതിയെ ആശ്രയിച്ചിരിക്കും. ഈ സമീപനരീതി നിഷേധാത്മകമോ രചനാത്മകമോ ആകാം.

ജീവിതത്തെ നിരുത്സാഹപ്പെടുത്തുന്ന സമീപനരീതിയുണ്ടു്. അതു് മാനസികമായ അനാരോഗ്യത്തെ വളർത്തുന്നു. ജീവിതം അർത്ഥശൂന്യമാണു്; വേദനകളനുഭവിക്കുവാൻവേണ്ടി ജനിച്ചവനാണു ഞാൻ; എവിടെയും ആപത്തും അക്രമവും ക്രൂരതയും വഞ്ചനയും മാത്രമാണു് ഞാൻ കാണുന്നതു്; എനിയ്ക്കാരും തുണയില്ല. ഏകാകിയാണുഞാൻ; ഭാഗ്യനിർഭാഗ്യങ്ങളുടെ വെറും കളിപ്പാവയാണു് ഞാൻ; എൻെറ യത്നങ്ങൾ വിഫലമാണു്— ഈ തോന്നൽ അലസതയിലേക്കും നിഷ്ക്രിയാത്മകത്വത്തിലേക്കും നമ്മെ നയിക്കുന്നു. വെറുപ്പും അമർഷവും നമ്മുടെ ഹൃദയത്തിൽ നിറയുന്നു. നാം ജീവിക്കാതെ ജീവിക്കുന്നു. ഒന്നും നമുക്കു സംതൃപ്തി തരുന്നില്ല. നമ്മുടെ സ്വപ്നങ്ങൾ ദിവാസ്വപ്നങ്ങളായിമാറുന്നു.

ജീവിതത്തോട് നിഷേധാത്മകമായ സമീപന രീതി പുലത്തുന്ന സാഹിത്യകാരൻ സാഹിത്യകാരനേയല്ല. അവനിൽ സർഗ്ഗശക്തിയില്ല. ഒരു പുതിയ ജീവിത ദർശനം നമുക്കു കാഴ്ചവയ്ക്കുന്ന സാഹിത്യകാരൻ നിഷേധാത്മകമായ സമീപനരീതിയുടെ കടയ്ക്കു കോടാലി വയ്ക്കുകയാണ്. പ്രതികൂല പരിതസ്ഥിതികളെ മറികടക്കുക, വൈകാരികമായ തളർച്ചയെ തുടച്ചു നീക്കുക, വിഷാദചിന്തകളെ വേരോടെ പിഴുതെറിയുക—ഇത്രയും സാധിക്കുന്നതിന് നല്ല ആത്മധൈര്യം വേണം.

രചനാത്മകമായ ജീവിതവീക്ഷണത്തിനു മാത്രമേ ശുദ്ധീകരിക്കപ്പെട്ട ജീവിതമൂല്യങ്ങൾ സ്വന്തമാക്കുവാൻ സാധിക്കുകയുള്ളൂ. ജീവിതത്തിൽ നിന്നൊഴിഞ്ഞുമാറുവാനല്ലല്ലോ നാം ജീവിക്കുന്നത്. ജീവിതത്തിൽനിന്ന് ഒളിച്ചോട്ടവാൻ നാം ശ്രമിക്കുമ്പോൾ, തീർച്ചയായും ഒരിഞ്ചുപോലും നാം മുന്നോട്ടു നീങ്ങുന്നില്ല നിഷേധാത്മകമായ സമീപനരീതി, രചനാത്മകമായ സമീപനരീതി–രണ്ടിനും മദ്ധ്യേനിന്ന് നമ്മളിൽ എത്രയെത്ര പേർ വിഷമിക്കുന്നു, നട്ടം തിരിയുന്നു.

*ജീവിക്കുകയെന്ന പ്രക്രിയ:*

ജീവിക്കുന്നു എന്നതാണു പരമാർത്ഥം. ജീവിക്കുക എന്ന പ്രക്രിയയാണ് ജീവതത്തിന്റെ സത്ത. ജീവൻ പുണ്യപ്പെട്ടതാണ് അത് ഒഴിച്ചു വച്ചിരിക്കുന്ന പാത്രം സ്വർണ്ണത്തിന്റേതാകാം;കളിമണ്ണിന്റേതാകാം. പാത്രത്തിനല്ലല്ലോ അതിന്റെ ഉള്ളടക്കത്തിനല്ലേ പ്രാധാന്യം? അങ്ങനെ നോക്കുമ്പോൾ ജീവിതത്തിന്റെ മാഹാത്മ്യത്തെ ഇടിച്ചു കാണിക്കുന്നവരും തങ്ങളുടെ കഴിവുകളെ പൂർണ്ണവളർച്ചയിലേക്കെത്തിക്കുവാൻ വിസമ്മതിക്കുന്നവരും ജീവിതത്തോടു നീതി പുലർത്തുവാൻ മറന്നു പോകുന്നു എന്നതാണു പരമാർത്ഥം.

വ്യക്തിയുടെ ഹിതമാണ് അവനെ ജീവിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നത്. അനുഭവങ്ങളിൽക്കൂടി ആ ഹിതം സമ്പന്ന

മായിത്തീരുന്ന ആ ഹിത(will) ത്തിന്റെ ദാർഢ്യവും ശക്തിയും കഴിവുമത്രെ വ്യക്തിയുടെ പ്രതിഭയെ വളർത്തുന്നത്. പക്ഷേ സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിലേ ആ പ്രതിഭ വളരുകയുള്ളൂ. ജീവിക്കുവാനുള്ള അത്യാസക്തി—അതാണാവശ്യം.

വ്യക്തിയുടെ 'ഹിതം'—അതിനെ വളർത്തണം, ലാളിക്കണം, ശക്തിപ്പെടുത്തണം. അതോടെ വ്യക്തി—സർഗ്ഗശക്തിയുള്ള വ്യക്തി—ഒരു പുതിയ പ്രതിഭ (personality) സ്വീകരിക്കുകയായി. അവനവന്റെ കഴിവുകളെ അങ്ങേയററം വികസിപ്പിക്കുകയും അതിൽനിന്നു സിദ്ധമാകുന്ന പ്രസരിപ്പും ഉന്മേഷവും ഊർജ്ജസ്വലതയും ആഹ്ലാദവും അനുഭവിക്കുകയുമത്രേ വ്യക്തിയുടെ ധർമ്മം.

സ്വന്തം ഹിതത്തെ ഉദ്ദീപിപ്പിക്കുകയും സ്വന്തം പ്രതിഭയെ സമ്പന്നമാക്കുകയും ചെയ്യുന്ന ആ വെളിച്ചം എവിടെനിന്നു ലഭിക്കും? —ദൈവം വിശ്വാസത്തിൽനിന്ന്, ആത്മനിഷ്ഠയിൽനിന്ന്, സഹാനുഭൂതിയിൽനിന്ന്, നിസ്സ്വാർത്ഥമായ സ്നേഹത്തിൽനിന്ന്, സഹിഷ്ണുതയിൽനിന്ന്, എവിടെനിന്നായാലും അതിന്റെ സത്ത സൗന്ദര്യ ബോധത്തിന്റെയും സാഹോദര്യത്തിന്റെയും സത്യത്തിന്റെയും സത്തയായിരിക്കും. പക്ഷേ ആ വെളിച്ചത്തിൽ യാഥാർത്ഥ്യങ്ങളെ നോക്കിക്കാണുവാൻ കഴിയാത്തവർ, എത്രയെത്രപേരുണ്ട് ലോകത്തിൽ!

*സ്വതന്ത്രനായ മനുഷ്യൻ.*

മനുഷ്യൻ സ്വതന്ത്രനായി പിറന്നു: സ്വതന്ത്രനായി ജീവിക്കേണ്ടവനാണ് അവൻ. പരമ്പരാഗതമായി കൈവന്ന അസ്വാതന്ത്ര്യങ്ങളും, ചുററുപാടുകൾ സൃഷ്ടിക്കുന്ന മതിൽക്കെട്ടുകളും, അപ്പോഴപ്പോൾ വന്നണയുന്ന വിഷമതകളും തികഞ്ഞ നെഞ്ഞൂക്കോടെ മറികടക്കുന്ന സാഹിത്യകാരൻ എന്ന വ്യക്തി അവന്റെ പ്രതിഭയിലേക്കു ശക്തിയും ശേഷിയും പകരുകയാണ്

ചെയ്യുന്നതു്. "ഈ ഞാൻ അവനോ നീയോ അല്ല. ഞാൻ ഞാനാണു് — സ്വതന്ത്രനായ ഞാൻ!"

ഇത്രയും ചിന്തകളാണു് അറുപതിലേക്കു നീങ്ങിക്കഴിഞ്ഞ, നാല്പതോളം നല്ല സാഹിത്യകൃതികളുടെ കർത്താവായ പ്രഫസ്സർ പുത്തൻകാവു് മാത്തൻതരകനെ എന്നിൽ ഉളവാക്കുന്നതു്. തികച്ചും വ്യക്തിത്വത്തെ വളർത്തിയ പ്രതിഭാശാലിയായ ഈ കവി തൻെറ തീവ്രതയുള്ള സൗന്ദര്യബോധത്തിൽനിന്നു് കാഴ്ചയിലും കാര്യത്തിലും മനോഹരമായ ഓടക്കുഴൽ വാർത്തെടുത്തു. വേദനയുടെയും ചിരിയുടെയും സൗന്ദര്യലഹരിയുടെയും മാറെറാലികൾ ആ ഓടക്കുഴലിൽനിന്നു പ്രവഹിക്കുകയായി. സർഗ്ഗശക്തി അദ്ദേഹത്തിലിന്നു മുററിനില്ക്കുന്നു. കാലത്തിൻെറ പ്രഹരമേററു് അദ്ദേഹത്തിൻെറ പ്രതിഭ തളർന്നില്ല. കാരണം, രചനാത്മകമായ ജീവിതവീക്ഷണമാണദ്ദേഹത്തിൻേറതു് എന്നതത്രേ. സ്വന്തം ഹിതത്തെ ഉദ്ദീപിപ്പിക്കുകയും സ്വന്തം ആത്മാവിനെ സമ്പന്നമാക്കുകയും ചെയ്യുന്ന ആ വെളിച്ചം അദ്ദേഹത്തിൻെറ കൃതികളിൽ ഉടനീളം കാണാം. കാലത്തിൻെറ കണക്കുകൂട്ടലുകളെ അതിലംഘിച്ചു്, ഹൃദയത്തിൻെറ വസന്തമനുഭവിക്കുന്ന ഈ യോഗ്യനായ കവിയിൽനിന്നു് കനത്ത സംഭാവനകൾ മലയാളസാഹിത്യത്തിനു് ഇനിയും ലഭിക്കുമെന്ന പ്രതീക്ഷ തീർച്ചയായും അസ്ഥാനത്തല്ല.

— ❀ —

# പുതിയൊരു മുത്തശ്ശൻ

— ഓമല്ലൂർ, ഗോപാലകൃഷ്ണൻ എം. എ.

വർഷങ്ങളറുപതായ്
ധന്യജീവിതത്തിൻെറ
വല്ക്കലംപേറിത്തീല-
ന്നുജന്മമുനിവാടം
എത്തിയ നരർഷഭ,
ഭാവുകം ഭവൽകാവ്യ-
മുത്തുകൾ വിളങ്ങട്ടെ
കേരളത്തിരുമാറിൽ.
വിതതശ്രേയസ്സിൻെറ-
യത്യഗാധതയിങ്കൽ
വിളയും വെള്ളാമ്പലിൻ
പ്രഫുല്ലസൂനംപോലെ
കലയും കമലയും
കനിവാണ്ടൊഴുക്കുന്ന
കരുണാഗംഗാമൃത-
സരതൻ കിരീടം പോൽ
മുടിയിൽ കാണും വെണ്മ,
വത്സരങ്ങൾതൻവെള്ളി-
ത്തകിടിൽ വിരചിച്ച
വൈജയന്തികളല്ലി.

പേലവപ്രകൃതിതൻ
    പാൎന്നകന്നനവദ്യ-
ലോലഭാവനയുടെ
    കളിത്തൊട്ടിലിലാടി
നിത്യനൂതന സങ്ക-
    ല്പങ്ങൾതൻ മുത്തംചൂടി
പ്രത്യഗ്രനൃത്യംവയ്‌പൂ
    താവക കാവ്യാംഗന.
അയുതംപ്രശിഷ്യാഗ്ര്യ-
    രറിവിന്നഹൎമ്മുഖ-
ദ്യുതിയിലിന്നീൻ മുമ്പി-
    ലങ്ങയെപ്രകീൎത്തിപ്പൂ.
പ്രയുതം പ്രബോധിത-
    രരുളാം നാളേയ്ക്കങ്ങിൽ
പ്രമദ പ്രകൎഷത്തിൻ
    പ്രസ്രവ പ്രസാദങ്ങൾ.
ജീവിതോജ്ജ്വലഗ്രന്ഥ
    വിസ്തരഭാഷ്യംപോലാം
പൂവിതൾ ചെറുചിരി
    തോരാത്തമുഖവുമായ്
ആതിഥ്യമൎയ്യാദതൻ
    പൂമുഖത്തലംഭാവ-
മോരാതെ വാഴും വിശ്വ-
    വശ്യമതേജോരൂപം
കാണുംതൊറനുഭൂത-
    സൗഹൃദോഷ്മളമാമെ-
ന്നോൎമ്മതൻ ചില്ലിൽ കൂടി
    ദ്ദൂരെയാകിലും ഗുരോ.
കൈരളീസുകൃതിയാ-
    ണിന്നതൊ,ട്ടവൾക്കിതാ
കൈവന്ന പുതിയൊരു
    മുത്തശ്ശൻ സ്നേഹാത്മകൻ
കൈകൊട്ടിക്കളിപ്പിക്കാൻ,
    പാടിയാടിക്കാൻ കഥാ-

കല്ലോലപര്യങ്കത്തി-
ലാട്ടുവാൻ, താലോലിക്കാൻ
പാലടനൽകാൻ നെയ്‌ചോ-
റൂട്ടുവാൻ പൊന്നോണപ്പ-
ട്ടാടകളണിയിക്കാൻ,
തുമ്പിതുള്ളിക്കാനെന്നും
കേളികേൾപ്പിക്കാൻ, കഥ-
കളികാണിക്കാൻ തോളി-
ലേററിനാളതൻ കോവിൽ
നടയിലണയിക്കാൻ,
ഇത വന്നൊരു പുത്തു
മുത്തശ്ശൻ മലയാള-
ക്കവിതേ ഭവതിത-
ന്നാശപൂത്തതുപോലെ
കൈരളീസുകൃതിയാ-
ണിന്നതൊ, ട്ടവൾക്കിതാ
കൈവന്നു പുതിയൊരു
മുത്തശ്ശൻ പ്രേമോൽകൃഷ്ടൻ
വർഷങ്ങളറുപതായ്
ധന്യജീവിതത്തിന്റെ
വല്ക്കലംപേറി ശ്രീലം
സ്വജന്മമുനിവാടം
എത്തിയ നരർഷഭ,
ഭാവുകംഭവൽക്കാവ്യ-
മുത്തുകൾ വിളങ്ങട്ടെ!
ഭാരതത്തിരുമാറിൽ!

# ശ്രൂലേം കുമാരി

*— സാമുവൽ, ചന്ദനപ്പള്ളി*

മധു മുററി നിൽക്കുന്ന മലർപൊയ്കകളും മുരളീ ഗാനം മുഴക്കി കുതിച്ചു പായുന്ന കാട്ടരുവികളും മൃദുലസമീരണനനിൽ തരളനൃത്തം ചെയ്യുന്ന നാരങ്ങാത്തോപ്പുകളും ഉള്ള ശ്രൂലേം നാട്ടിലെ പ്രഭുവംശ ജാതയും സുന്ദരിയും സുശീലയുമായ ഒരു പ്രണയിനിയുടെ വികാരോജ്ജ്വലമായ കഥയാണ് "ശ്രൂലേംകുമാരി"

സമയം സായംകാലം. അന്തിക്കതിരോൻ അസ്തഗിരിക്കൊരു തിലകമണിയിച്ചു പരിമളം പരത്തിയിരുന്ന പനിനീർപ്പൂക്കൾ കൊഴിഞ്ഞുവീണു. പക്ഷികൾ ചേക്കേറി. സർവ ശാസ്ത്രപാരംഗതനും, വിശ്വവിഖ്യാതനുമായ സോളമചക്രവത്തിയുടെ അന്ത:പുരം അന്തിയുടെ പൊൻവെളിച്ചത്തിൽ മിന്നിത്തിളങ്ങി. അന്തരീക്ഷം ഇരുളിലമന്നു. ചക്രവത്തിയുടെ മനോജ്ഞമായ മണിയറയിൽ സ്ഫടികവിളക്കുകൾ കത്തിക്കഴിഞ്ഞു. ആ ദീപപ്പൊലിമയിൽ മണിയറയിലെ ചന്ദനക്കട്ടിലിലിരിക്കുന്ന ഒരു മനോഹരാംഗിയെ കാണാം. അവളുടെ അവസ്ഥയോ?

"താമരപ്പൂക്കൾ വിരിഞ്ഞു വിളങ്ങുന്ന-
ത്തൂമയെഴുന്ന സരോജനിയിൽ
പായലിൽ ഹന്ത കുരുങ്ങിക്കിടക്കുന്ന
പുണ്യമരാളികയെന്നപോലെ,
നാനാസുരഭിലസൂനപടലികൾ
മിന്നിക്കളിയാടുമാരാമത്തിൽ
ലൂതവലയാൽ സമാവൃതമായൊരു
പൂതമാം ചെമ്പകപ്പൂവുപോലെ,
വമ്പിച്ച കാനനഭൂവിലെക്കണ്ടക-
വല്ലിപ്പടർപ്പിന്മേൽ മെയ്യുടക്കി
വല്ലാതെനിന്നു നിതാന്തംപിടയ്ക്കുന്ന
പുള്ളിപ്പെൺമാനിന്റെ കുട്ടിപോലെ,
സഞ്ചിതനീരദപാളിയിൽപെട്ടൊരു
പഞ്ചമിച്ചന്ദ്രന്റെ രേഖപോലെ,
കാളധൂമത്തിനാലാവൃതമായുള്ള -
കാന്തിതൻകന്ദളമെന്നപോലെ
മൂടുപടത്തിനാൽ തന്നിളം പൂവൽമെയ് -
മൂടിയൊരോമലാൾ വാണിടുന്നു."

ഈ ഓമലാൾ ഏതാണ്? താമരപ്പൂക്കൾ വിടർന്നു വിലസുന്ന പൊയ്കയിലെ പായലിൽ കുരുങ്ങിക്കിടക്കുന്ന പുണ്യമരാളികയുടെ അവസ്ഥയിലേക്ക് അടിപതറിവീണ ഇവൾ ആരാണ്? പുള്ളിപ്പെൺമാൻകിടാവിന്റെയും, പൂതമാം ചെമ്പകപ്പൂവിന്റെയും ശാലീനതയും, സൗകുമാര്യവും, ഓജസ്സും, തേജസ്സും ഉള്ള ഇവൾ എങ്ങനെ ഇവിടെ വന്നുപെട്ടു? അനുവാചകഹൃദയത്തിൽനിന്നും അടിക്കടി ഉയർന്നുവരുന്ന ചില ചോദ്യങ്ങളാണിവ. അതാണ് കവി അഭിലഷിക്കുന്നതും; അതാണു കാവ്യത്തിന്റെ മേന്മയും. കാവ്യത്തിന്റെ അവസാനഭാഗം വരെ അനുവാചകനെ കൂട്ടിക്കൊണ്ടു പോകുവാനുതകുന്ന ഔചിത്യപൂർവ്വകമായുള്ള ഇത്തരം അലങ്കാര കല്പനകൾ വശ്യവാക്കായ ഒരു കവിയുടെ മധുരഭാവനകളുടെ സന്താനങ്ങളാണെന്നു പറയുന്നതിൽ തെററില്ല.

പ്രഥമഖണ്ഡത്തിൽതന്നെ നായികയായശൂലേംകുമാരിയെ നാടകീയതയോടുകൂടി കവി അവതരിപ്പിച്ചിരിക്കുകയാണ്. അതോടൊപ്പം അവളുടെ ശോകരസപൂരിതമായ ജീവിതകഥയുടെ ജീവത്തായ അംശങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുമുണ്ട്. രണ്ടാം ഖണ്ഡം മുതൽ അവളുടെ വികാരോജ്ജ്വലമായ പ്രണയകഥയുടെ ഏടുകൾ ഓരോന്നായി കവി മറിച്ചു കാണിക്കുന്നു.

പ്രകൃതിഭംഗിനിറഞ്ഞു തുളുമ്പുന്ന ശൂലേംനാട്ടിലെ പ്രഭുഗൃഹങ്ങളിലൊന്നിലാണ് ആ കുമാരി ജനിച്ചതു്. ബാല്യകാലത്ത് അവൾക്കൊരു കളിത്തോഴനുണ്ടായിരുന്നു. നിസ്വനായ ഒരാട്ടിടയച്ചെറുക്കൻ. മുന്തിരിത്തോപ്പിന്റെ ശീതളച്ഛായയിലിരുന്ന് അവർ ബാല്യകാല ലീലകളിലേർപ്പെട്ടിരുന്നു. കയ്യെത്താത്ത മാമരക്കൊമ്പത്തെ മനോഹരമായ പൂക്കൾ അവളാവശ്യപ്പെട്ടാൽ അനായാസേന അവനതു് ഇറുത്തു കൊടുക്കും. മധുരമനോഹരങ്ങളായ ഗാനങ്ങളാലപിച്ചു് ക്ഷീണിക്കുന്ന അവൾക്ക് മധുരനാരങ്ങാ പറിച്ചു് സമ്മാനമായി അവൻ കൊടുക്കും. അങ്ങനെ മധുരാനുഭൂതിയുടെ മലർക്കാവിലൂടെ ആ ബാല്യതോഴർ മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു.

എന്നാൽ അതു് അധികം തുടർന്നില്ല. നൈർമ്മല്യം കളിയാടിക്കൊണ്ടിരുന്ന ബാല്യകാലദിനങ്ങളോരോന്നും, യൗവനവൽസരങ്ങൾക്ക് വഴിമാറികൊടുത്തു. "മദനൻ പതുക്കെ ഒളിച്ചുവന്നാ-മതിമോഹനാംഗിയെ പാട്ടിലാക്കി" ഇടയയുവാവു് ആടുകളെ മേയിക്കുവാനായി ശൂലേംനാടിനപ്പുറമുള്ള മലമുകളിലേക്കു പോയി. അവനെ കാണാതായപ്പോൾ അവളുടെ മനസ്സിന് അസ്വാസ്ഥതയനുഭവപ്പെട്ടു. എന്തിനധികം. അവളുടെ സ്നേഹം അനുരാഗമായി. മുന്തിരിത്തോപ്പിലും നാരകത്തോട്ടത്തിലും മററും എത്തി നായകനുമായി കഴിച്ചുകൂട്ടിയ സുന്ദരസുദിനങ്ങളയവിറക്കിക്കൊണ്ടിരുന്നു, അവൾ.

വസന്തം വന്നെത്തി. നവ്യവും, ദിവ്യവും ആയ പ്രകൃതി. തരുലതാദികൾ തളിരണിഞ്ഞു. പ്രകൃതിയിൽ ജീവജാലങ്ങൾ

ചുററിനടന്നു് പ്രണയചേഷ്ടകൾ കാട്ടിത്തുടങ്ങി. ഓരോ പുല്ലിലും പൂവിലും പ്രേമരംഗങ്ങൾ പ്രകടമാകുന്നു. ഓരോ പ്രാണിയും അവയുടെ പ്രാണപ്രിയസമാഗമത്തിൽ സന്തോഷിക്കുകയാണു്. പക്ഷെ ശൂലേംകുമാരിയുടെ പ്രിയതമൻ വന്നെത്തിയില്ല. ആതുക്കുടി ആയപ്പോൾ അവളുടെ ഹൃദയം അനുരാഗത്തിൻെറ തീച്ചൂളയിൽ കിടന്നു വെന്തെരിയാൻ തുടങ്ങി. ഹൃദയാശ്വാസത്തിനായി അവൾ തൻെറ പ്രാണപ്രിയനെ ഓർത്തു് മധുരോദാരങ്ങളായ പ്രേമഗാനങ്ങളാലപിച്ചു.

പക്ഷെ, വിരഹത്തിൽനിന്നുമുയിർകൊണ്ട ആ പ്രേമഗീതം അവളെ പ്രിയതമൻെറ സവിധത്തിലെത്തിച്ചില്ല; പകരം, സുഖവാസത്തിനായി ശൂലേം നാട്ടിലെത്തി, പ്രകൃതിദൃശ്യങ്ങളെയവിറക്കി ചുററിസഞ്ചരിച്ചുകൊണ്ടിരുന്ന സോളമൻ ചക്രവത്തിയുടെ കർണ്ണപുടത്തിലതു ചെന്നെത്തി. ആ പ്രേമസംഗിത ലഹരിയിൽ ചക്രവത്തി മതിമയങ്ങിപ്പോയി. ആ ഗാനമധു തൂകിയ പൊയ്ക ചക്രവത്തി കണ്ടുപിടിച്ചു.

"നിജരാജ്യസീമയാം ശൂലേമിലംഗജ-
വിജയവിശിഷ്ടമാം ഗീതിപാടും
പരിപൂതമാകുമാപ്പൊന്മണിവീണയിൽ
പരിചിൽതൻ പ്രേമസങ്കീത്തനങ്ങൾ
പകലിരവോരാതെ വായിച്ചു ഭൂപതി
പുരുസുഖം നേടുവാൻ നിശ്ചയിച്ചു
വളരെപ്പറയേണ്ട പിറേറന്നുഷസ്സിലാ-
ക്കളെവാണിതന്നുടെ മന്ദിരത്തിൽ
മദനസുഭഗനാമാസ്സാർവ്വഭൗമൻെറ
മദനാത്മസന്ദേശക്കാററുവീശി."

സൗമ്യനും, സകലകലാവല്ലഭനുമായ സോളമൻ ചക്രവത്തിയെ മരുമകനായി ലഭിച്ചതിൽ ആ മതാപിതാക്കൾ അതിരററു് ആഹ്ലാദിച്ചു. പക്ഷെ അവരുടെ ഓമനമകളുടെ ഹൃദയം വിഷാദം

കൊണ്ടു്, വിങ്ങിവിങ്ങിപ്പൊട്ടിത്തകരുന്നുണ്ടെന്നുള്ള കാര്യം അവർ വിസ്മരിച്ചുകളഞ്ഞു. കർണ്ണാരുന്തുദമായ ആ വാർത്ത കേട്ടപ്പോൾ ശകുന്തളകുമാരി നിശ്ചലയായി. അവളുടെ മനസ്സിന്റെ സംയമനശക്തി എല്ലാം തകൎന്നുപോയി. കണ്ണീർ അണപൊട്ടിയൊഴുകി. അതല്ലാതെ, അവൾ എന്തുചെയ്യും.

"തുടലിട്ടുബന്ധിച്ചാലേതുപെൺസിംഹവും
തുണയില്ലാതാക്ഷമെടിമയാകും
ചിറകെട്ടിനിർത്തിയാലേതു നദിയിലേ
സലിലവും മേലോട്ടുപാഞ്ഞുപോകും"

ലബ്ധാനോൻ വനത്തിൽനിന്നും വെട്ടിയെടുത്ത തടികൾകൊണ്ടു നിർമ്മിച്ച മനോഹരമായ പല്ലക്കിൽ കയററി, കുമാരിയെ കൊട്ടാരത്തിലേക്കു് യാത്രയാക്കി. അപ്പോൾ അവളുടെ സന്തത സുഹൃത്തുക്കളായിരുന്ന കലമാൻ കിശോരകത്തിനും, ഗോസ്തനീ വല്ലികൾക്കും എന്നുവേണ്ടാ പ്രകൃതിയിലെ സകല ജീവജാലങ്ങൾക്കും ഉണ്ടായ പ്രതിഷേധ പ്രകടനം—വികാരവായ്പ് —എത്ര ഹൃദയസ്പർശകമായിട്ടാണു് കവി അവതരിപ്പിച്ചിരിക്കുന്നതു്.

"നലമേറും ഗോസ്തനീവല്ലികളൊക്കെയും
തലചായ്ച്ചു വെള്ളിലക്കണ്ണീർതൂകി.
പ്രമദമന്ദിരത്തിലെക്കേകികൾ നൎത്തന-
പ്രകടനം നിർത്തിനിലവിളിച്ചു.
കളരവം പാടാതായ്, വണ്ടുകൾ മൂളാതായ്
കളിരണിത്തെന്നൽചലിക്കാതായി.
സുകുമാരിയാകുമാ ശകുലംകുമാരിതൻ
സദനാങ്കണത്തിൽ കൃത്താടിനിന്ന
കലമാൻകിശോരകം കണ്ണുമറിക്കാതാ-
കുവലയനേത്രയെ നോക്കിനിന്നു.
നികടസ്ഥവാഹിനികല്ലോലക്കൈകളാൽ
നിജമാർവിൽ തല്ലിയലച്ചു കേണു.

വ്യഥപൂണ്ടു മൂർഛരിച്ചു, വൃക്ഷഭുജങ്ങളിൽ
ലതികകളൊക്കെയും വീണടിഞ്ഞു.
മലർവാടിയെല്ലാമിരുണ്ടു ശ്രീകോവിലിലെ
മണിദീപമെങ്ങോ മറഞ്ഞുപോയി"

ആശയംകൊണ്ടും, ആവിഷ്ക്കരണ രീതികൊണ്ടും കാളിദാസ മഹാകവിയുടെ ശാകുന്തളം നാടകത്തിൽ, ശകുന്തള രാജധാനിയിലേക്കു പോകുമ്പോൾ, അവളുടെ സന്തതസുഹൃത്തുക്കളായിരുന്ന മാൻകിടാവിനും, വനജ്യോൽസ്നയ്ക്കും ഉണ്ടായ വികാരവായ്പിന്റെ ഒരു പ്രതിധ്വനി, ഈ വരികളിൽ ചിലർ കണ്ടെത്തിയെന്നിരിക്കും. എന്നാൽ ഒരു കാര്യം നാം ഓർക്കണം. കാളിദാസകൃതികൾ പഠിച്ചും പഠിപ്പിച്ചും പരിപക്വമായ ഒരു ഹൃദയത്തിന്റെ ഉടമസ്ഥനാണ് ഈ കവിയെന്ന്. അപ്പോൾ ആ സംസ്കാരത്തിന്റെ സത്ത ഇമ്മാതിരി ഒരു രംഗത്തിൽ സ്വാധീനം ചെലുത്തുക സ്വാഭാവികമാണ്. എന്തൊക്കെയായാലും ശരി, നാടകീയവും, ഔചിത്യഭാസുരവും ആയ ഈ രംഗം, അസാധാരണവും അനിർവചനീയവുമായ ഒരനുഭൂതിരസം അനുവാചകർക്ക് പകർന്നുകൊടുക്കുന്നുണ്ടെന്നുള്ളത് തർക്കമററ സംഗതിയാണ്.

മുല്ലപ്പൂക്കളും,അന്നത്തൂവലും വാരിവിതറി മനോഹരമാക്കിയിരിക്കുന്ന മണിയറയിലെ ചന്ദനക്കട്ടിലിലിരിക്കുന്ന കോമളഗാത്രിയായ കുമാരിയുടെ പാദത്തിൽ തന്റെ സർവ്വസമ്പത്തും ചക്രവർത്തി കാഴ്ചവച്ചു. മാദകത്വം തുളുമ്പുന്ന അവളുടെ അവയവങ്ങളെക്കുറിച്ചു മതിവരാതെ പ്രേമഗീതങ്ങളാലപിച്ചു. ആർക്കും നൽകാത്ത രത്നകിരീടം അവളുടെ മുമ്പിൽ സമർപ്പിച്ചു. അവളുടെ ചിത്തം എന്നിട്ടും ഇളകിയില്ല. അവളുടെ മനമിളകണമെങ്കിൽ അവളുടെ പ്രിയതമൻ വന്നേ മതിയാകൂ.

"തെന്നലണഞ്ഞുതലോടട്ടേ ഭാസ്കര-
പ്പൊന്നിളം പാണികളേശിടട്ടെ,
ചിത്രശലഭങ്ങൾ ചുഴട്ടെ, പങ്കജ-
ചിത്തം കുളിർക്കുവാൻ വണ്ടുവേണം

ആയിരമായിരമക്കന്നലിച്ചാല്യ-
മാമ്പലിന്നാനന്ദമമ്പിളിതാൻ"

മാസങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. തൻെറ പ്രാണപ്രിയൻെറ പാവന നാമധേയം ഓർത്തോർത്തു വിലപിച്ചു കൊണ്ടു് ആ മണിയറയിൽ അവൾ കഴിച്ചുകൂട്ടി. അവളുടെ കോമളഗാത്രം ഒന്നിനൊന്നു ക്ഷീണിച്ചുതുടങ്ങി. നിലാവണിഞ്ഞ നിശകളുടെ നിശ്ശബ്ദതയിൽ അവൾ എണീററു് ഏകാകിനിയായി വാതിൽപ്പടിയിൽ ചെന്നുനിൽക്കും, പ്രിയതമൻെറ വരവും കാത്തു്. പക്ഷെ തികഞ്ഞ നിരാശയായിരിക്കും ഫലം. അങ്ങനെ നൈരാശ്യത്തിൻെറ നീർച്ചുഴിയിലകപ്പെട്ടു, അവളുടെ ജീവിതനൗക തകരാൻ തുടങ്ങിയ സന്ദർഭത്തിലാണു്—മഴയെല്ലാം മാറി, മാനം തെളിഞ്ഞ ഒരു വസന്തകാലരജനിയുടെ ഏകാന്തതയിലാണു്-ഹൃദയാവർജ്ജകമായ ആ മുരളീഗാനം മുഴങ്ങിയതു്.

"മഞ്ജുളാംഗി, മൽപ്രിയേ നീ—
വേഗമെഴുന്നേൽക്കുക
മഞ്ഞുകാലം മാഞ്ഞുപോയി,—
മാമഴയുംനീങ്ങി.

മതിമയക്കുമാറിളയിലെങ്ങുമേ
മട്ടമലർ വിരിയുന്നു
മുന്തിരിലതകൾ പൂത്തിതാ
പരിമളം വിതറുന്നു.

... ... ... ...

ശ്രീലയാം കപോതിയുടെ നിർമ്മലതയാളും
നീലജലജാതദലലോലമിഴിയാളേ
നികടവാടിയിൽ വിഗതനിദ്രനായ്
നിരുപമേ നിനക്കായി
നിശനയിപ്പൂ ഞാനിഹ നൃപാധിപ
നിലയം നീവെടിഞ്ഞാലും"

അതുകേട്ട് അവൾ ഞെട്ടിയുണൎന്നു. ആ ഗാനഗന്ധൎവ്വനെ അവൾക്കു മനസ്സിലായി. അവളുടെ പ്രിയതമന്റെ ഓമൽച്ചുണ്ടിൽനിന്നും ഉതിൎന്നുവീണ ഗാനലഹരിയിൽ അവൾ മതിമറന്നു. മനസ്സിനൊരു കുളിൎമ്മ, ആകപ്പാടെ ഒരു നവോന്മേഷം; സിരകൾക്ക്. മണിയറയിൽനിന്നും വെളിയിലിറങ്ങി. അതാ സോളമൻചക്രവൎത്തി മുൻപിൽ. അവളധൈര്യപ്പെട്ടില്ല. സൎവാംഗസുന്ദരനായ തന്റെ പ്രിയതമനുമായി ഒത്തുചേരാൻ അനുവാദം ചോദിച്ചു. എന്തിനധികം, ശൂലേംകുമാരിയുടെ ചാരിത്രശുദ്ധിയിൽ അവളുടെ നിശ്ചയദാൎഢ്യത്തിന്റെ മുമ്പിൽ, നിശ്ചലനായി, നിശ്ശബ്ദനായി നിലകൊള്ളേണ്ടിവന്നു, സോളമചക്രവൎത്തിക്കും. അദ്ദേഹം:

"അടവികൾ കടന്നു മൈതാനത്തിലെത്തിടും
തടിനികൾകണക്കലം താന്തനായ്—ശാന്തനായ്"

പരിണമിച്ചു. ശൂലേംകുമാരിയാകട്ടെ ആ മണിയറയെ ഉപേക്ഷിച്ചിട്ട്, അവളുടെ പ്രാണപ്രിയന്റെ സവിധത്തിലേക്ക് പാഞ്ഞെത്തി. യാതൊരു കവാടങ്ങളും അവളുടെ മുൻപാകെ അടഞ്ഞില്ല. വൈരാഗ്യത്തിന്റെ നീൎച്ചുഴിയിലകപ്പെട്ട ആ പ്രേമനൗക അവസാനം സൗഭാഗ്യത്തിന്റെ ശാദ്വലഭൂമിയിൽ എത്തിച്ചേൎന്നു. അതുകണ്ടു് പുളകിതയായ പ്രകൃതിയിൽ

"സൎവ്വത്രമംഗല്യനാദം മുഴങ്ങി
സകലതിലുമൊരുപുതിയ കതിരൊളിവിളങ്ങി"

ഇതാണു് "ശൂലേംകുമാരി"യുടെ കഥ. ഇതിവൃത്താദാനത്തിലും ആവിഷ്ക്കരണത്തിലും ഗ്രന്ഥകൎത്താവു പ്രൊഫ: മാത്തൻതരകൻ കൈക്കൊണ്ട ഔചിത്യപൂൎവ്വമായ നിലപാടു് ആദരണീയമാണു്. അനുമോദനാൎഹമാണു്. ബൈബിളിൽ എട്ടദ്ധ്യായങ്ങൾക്കുള്ളിൽ ചിന്നിച്ചിതറിക്കിടക്കുന്നു. ശൂലേംകുമാരിയുടെ കഥ. അതിൽനിന്നും, കലാഭംഗി നിറഞ്ഞു തുളുമ്പുന്ന ഒരു ഖണ്ഡകാവ്യം മെനഞ്ഞെടുക്കുക അത്രയെളുപ്പമല്ല. കവി പറയുമ്പോലെ "ഉത്തമഗീതത്തെസംബന്ധിച്ചിടത്തോളം മലയാളബൈ

ബിളിലെ അതിന്റെ സമാഹൃതി വാസ്തവത്തിൽ അയുക്തികവും, അസുഖകരവുമാണു്.” അപ്പോൾ അയുക്തികവും അസുഖകരവും ആയ ഈ ഇതിവൃത്തം യുക്തവും ആസ്വാദ്യവും ആക്കിത്തീർത്തതിലാണു് കവിയെ നാം അഭിനന്ദിക്കേണ്ടതു്. ഉത്തമഗീതത്തിലെ ഇതിവൃത്തത്തെക്കുറിച്ചു്, പണ്ഡിതന്മാർ ഇന്നും ഏകാഭിപ്രായക്കാരല്ല ഹെർഡർ, ഡീവെററി, മാഗ്നസ്, ബ്ളീക്ക് മുതലായ യവന ഭാഷാപണ്ഡിതന്മാർ ഉത്തമഗീതം പ്രേമത്തെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള സ്വതന്ത്രങ്ങളായ അനേകം പാട്ടുകളുടെ ഒരു സമാഹാരമാണെന്നു് ഊഹിക്കുന്നു. ഒരു നാടകീയ കാവ്യമെന്നു് തെളിയിക്കപ്പെട്ടിട്ടുള്ള ഈ കാവ്യത്തിലെ സംഭാഷണങ്ങൾ കേന്ദ്രീകരിക്കുന്നതു് ശലോമോൻ, ശൂലേംകുമാരി എന്നിങ്ങനെ രണ്ടു കഥാപാത്രങ്ങളിലാണെന്നു് ഒരഭിപ്രായമുണ്ടു്. ഈ മതം സ്വീകരിക്കുന്നപക്ഷം, ആട്ടിടയവേഷത്തിൽ നടന്ന ശലോമോൻ രാജാവു ശൂലേംകുമാരിയുടെ സൗന്ദര്യത്തിലാകൃഷ്ടനായി, അവളെ അവളുടെ ഗ്രാമീണസദനത്തിൽനിന്നും കൊണ്ടുപോയി സ്വപത്നീസ്ഥാനത്തു് പ്രതിഷ്ഠിക്കുവാൻ ശ്രമിക്കുന്നതാണു് കാവ്യത്തിലെ ഇതിവൃത്തം എന്നു പറയേണ്ടിവരും. ഇക്കഥയ്ക്കു് ഒരു വിശ്വാസ്യതപോരാ. തന്നെയുമല്ല, അനുവാചകഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിക്കുവാൻ ഈ ഇതിവൃത്തത്തിനു കെൽപ്പുമില്ല.

എന്നാൽ ഇവാൾഡ് (Ewald) എന്ന നിരൂപകൻ, ഒരു നായകനേയും പ്രതിനായകനേയുമാണു് കാവ്യത്തിൽ ദർശിക്കുന്നതു്. കേവലം ഒരു ഗ്രാമീണപ്രഭുവിന്റെ മകളായ ശൂലേംകുമാരിക്കു് ഗ്രാമീണനായ ഒരജപാലകനിൽ നിഷ്കപടമായ അനുരാഗമുണ്ടായെന്നും അനുരാഗത്തിന്റെ ശുദ്ധികൊണ്ടു്, പ്രതിഭാശാലിയായ പ്രതിനായകനെ ഉപേക്ഷിച്ചു് അജപാലനെത്തന്നെ ഭർത്താവായി സ്വീകരിച്ചെന്നും മററുമുള്ള കഥയ്ക്കു് തന്മയത്വവും യാഥാർത്ഥ്യവും ഉണ്ടെന്നു് പ്രഥമ ദൃഷ്ടിയിൽത്തന്നെ തോന്നും. ഈ രംഗസംവിധാനത്തെയാണു് ആധുനികരായ നിരൂപകന്മാരും, വ്യാഖ്യാതാക്കളും കവികളും സ്വീകരിച്ചിരിക്കുന്നതു്. നമ്മുടെ കവിയും അതുതന്നെ സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ടാണു് ഈ കാവ്യം

ഇത്ര ഹൃദയഹാരിയായത്. വായനക്കാരുടെ ഹൃദയത്തിൽ വൈകാരികാനുഭൂതിയുടെ ഓളങ്ങൾ സൃഷ്ടിക്കുവാൻ അവരുടെ ഹൃദയത്തെ പിടിച്ചടക്കാൻ—കരുത്തുള്ള ഈ രംഗസംവിധാനം സ്വീകരിച്ച പ്രൊഫ: തരകൻ വായനക്കാരുടെ പൂച്ചെണ്ടിന് തികച്ചും അർഹനാണ്.

ബൈബിളിൽനിന്നും ഒരു കഥാതന്തു സ്വീകരിച്ച്, കാവ്യാത്മകമായി അവതരിപ്പിക്കുക ക്ഷിപ്രസാദ്ധ്യമല്ല. ഒരു മതവിഭാഗത്തിൻെറ മൗലികവിശ്വാസപ്രമാണങ്ങളുമായിട്ടാണ് കവിക്ക് ഇടപെഴകേണ്ടത്. മതവികാരങ്ങളെ വ്രണപ്പെടുത്താതെ, എന്നാൽ കാതലായ തത്ത്വങ്ങൾക്ക് കോട്ടംതട്ടാതെ—ആ ഇതിവൃത്തം കൈകാര്യം ചെയ്യണമെങ്കിൽ കവിക്ക് ചില സിദ്ധികളാവശ്യമാണ്. അഗാധമായ വേദജ്ഞാനവും അനന്യസാധാരണമായ പ്രതിഭാവിലാസവുമാണ് അവയിൽ പ്രധാനം. ത്യാജ്യഗ്രാഹ്യവിവേചനവും മനോധർമ്മവിലാസവും ഇതിൻെറ കൂടപ്പിറപ്പുകളാണ്. ഏതു കാലഘട്ടത്തെ ചിത്രീകരിക്കുന്നുവോ ആ കാലഘട്ടത്തിൻെറ ചാരിത്രികപശ്ചാത്തലത്തെ ഉൾക്കൊള്ളുവാനുള്ള കഴിവാണ് മറെറാന്ന്. ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ട് ശൂലേംകുമാരിയെ വിലയിരുത്തുമ്പോഴാണ്, ഈ ഖണ്ഡകൃതിയുടെ വൈശിഷ്ട്യം പതിന്മടങ്ങു വെളിപ്പെടുന്നത് പ്രൊഫസർ തരകൻെറ വേദബന്ധം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. സുദീർഘമായ ഒരു പാരമ്പര്യമതിനുണ്ട്. "വേദ വീഥി"യിലൂടെയുള്ള യാത്രയിൽ താൻ കണ്ടെത്തിയിട്ടുള്ള വ്യക്തിത്വമുള്ള കഥാപാത്രങ്ങളെ ഇതിനുമുമ്പും വായനക്കാരനു കാണിച്ചുകൊടുത്തിട്ടുണ്ട്. നിരവധി ഖണ്ഡകൃതികളിലൂടെ. ആ സുദീർഘയാത്രയുടെ വിജയപതാകയാണ് "വിശ്വദീപം" മഹാകാവ്യം. അക്കാര്യം അവിടെ നിൽക്കട്ടെ.

ഉത്തമഗീതത്തിലെ കഥ നടക്കുന്നത് പലസ്തീൻനാട്ടിൻെറ വടക്കേ അതിർത്തിയിൽവച്ചാണ്. അപ്പോൾ അന്നാട്ടിലെ ഭാഷയിൽ അന്നാട്ടിലെ കവിസങ്കേതങ്ങൾ ഉപയോഗിച്ചായിരിക്കാം കാവ്യം രചിക്കപ്പെട്ടിരിക്കുന്നത്. ആ കവിസങ്കേതങ്ങളെ പാടേ

അവഗണിക്കുന്നപക്ഷം ഉത്തമഗീതത്തിൽ ആദ്യന്തം വ്യാപിച്ചിരിക്കുന്ന ദേശസ്വഭാവം നഷ്ടപ്പെട്ടുപോകുന്നതാണ്. (ഉത്തമഗീതത്തിലെ കവിസങ്കേതങ്ങൾക്കും, ഭാരതീയ കവിസങ്കേതങ്ങൾക്കും തമ്മിലുള്ള പൊരുത്തക്കുറവ് ഇവിടെ ഓർക്കുക.) ഈ വസ്തുതകൾ വിസ്മരിക്കാതെ, ആ കാവ്യസങ്കേതങ്ങൾക്ക് കാലോചിതമായ യാതൊരു മാററവും വരുത്താതെയാണ് കവി, സംഭവപരമ്പരകൾ അവതരിപ്പിച്ചിരിക്കുന്നതു്. രണ്ടുകാര്യങ്ങളാണ് നാമിവിടെ പരിശോധിച്ചതു് ഒന്ന് ഇതിവൃത്തം കൈകാര്യം ചെയ്ത വിധം, രണ്ടു കാലഘട്ടത്തിൻെറ ചൈതന്യം ഉൾക്കൊണ്ടിട്ടുണ്ടോയെന്നും.

ഇനിയും ഈ പ്രകരണത്തിനു് വിരാമമിടട്ടെ!! "തെളിഞ്ഞൊഴുകുന്ന ഈ കവിതാവാഹിനിയിൽ ചില വിദേശനാമങ്ങൾ ഘർഘരശബ്ദം പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ആദ്യന്തം സംഗീതസാന്ദ്രമായ ഒരു കളമർമ്മരഗീതിയിൽ നമുക്കു് അകംകുളിക്കാൻ സാധിക്കുന്നു." രചനയുടെ മധുരിമ; പ്രതിപാദനത്തിൻെറ പ്രസന്നത, നാടകീയമായ രംഗാവതരണം, സംഗീതാത്മകമായ പദസംവിധാനം, ഹൃദയാവർജ്ജകങ്ങളായ പ്രകൃതിവർണ്ണനകൾ, എന്നിവകൊണ്ട് സർവ്വത്ര സമാകർഷകമാണ് ഈ കാവ്യം.

— ❀ —

KOTTAYAM PUBLIC LIBRARY • KOTTAYAM

# ജീവിതം സാഹിത്യത്തിനുവേണ്ടി.

— എം. കെ. സാനു എം. എ.

"മഹത്തായ എല്ലാ സൃഷ്ടികളും ഏകാഗ്രമായ ചിന്തയുടെയും ആത്മാർപ്പണസന്നദ്ധമായ നിരന്തര യത്നത്തിന്റെയും ഫലമായേ രൂപപ്പെട്ടിട്ടുള്ളു. സാഹിത്യം ഇതിനൊരപവാദമല്ല. അപ്പോൾ സാഹിത്യം ജീവിതത്തിനുവേണ്ടി എന്നല്ല സാഹിത്യകാരൻ പറയേണ്ടതു്, ജീവിതം സാഹിത്യത്തിനുവേണ്ടി എന്നാണു്."

ഒരുപതിനഞ്ചു വഷ്ത്തിനുമുമ്പുള്ള നമ്മുടെ വാരികകളും മാസികകളും ഒന്നെടുത്തു മറിച്ചുനോക്കിയാൽ അവിടെ സുലഭമായി ആവർത്തിച്ചു പ്രയോഗിക്കപ്പെടുന്ന ചില "സ്ഥിരം ശൈലികൾ" നമുക്കു കാണാൻ കഴിയും. 'പരുപരുത്ത പരമാർത്ഥം' 'നീറുന്ന യാഥാർത്ഥ്യങ്ങൾ' 'നീറുന്ന പ്രശ്നങ്ങൾ' 'ജനങ്ങളുടെ മുന്നേററം' ഇങ്ങനെ പലതും. ഇവയെ ആക്ഷേപസ്വരത്തിലല്ലിവിടെ ചൂണ്ടിക്കാണിക്കുന്നതു്. നമ്മുടെ സാഹിത്യബോധം കടന്നുപോന്ന ഒരു ഘട്ടത്തെ വിശദീകരിക്കുന്നതിനുവേണ്ടി, ഈ പ്രയോഗങ്ങൾ ഒന്നനുസ്മരിച്ചുവെന്ന

യുള്ളു. സമകാലിക സാമൂഹ്യജീവിതത്തിലും, പ്രശ്നങ്ങളിലും അധിഷ്ഠിതമായിരിക്കണം യാഥാർത്ഥ സാഹിത്യം—ഇതായിരുന്നു അക്കാലത്തെ മനോഭാവം. കുമാരനാശാനേയും, വള്ളത്തോളിനേയും മററും അക്കാലത്തു് നാം ബഹുമാനിച്ചതു് സാമൂഹ്യപ്രശ്നങ്ങളെ അവർ കൈകാര്യം ചെയ്യതിൻെറ പേരിലാണു്. അയിത്തത്തേയും, ജാതിയേയും കുമാരനാശാൻ കവിതകളിലൂടെ എതിർത്തു. "മാററുവിൻ ചട്ടങ്ങളെ" എന്നു ഗർജ്ജിക്കുകയും ചെയ്തു. വള്ളത്തോൾ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി കവിതകളെഴുതി. ദാരിദ്ര്യത്തെക്കുറിച്ചും, സാമ്പത്തിക സമത്വത്തെ ക്കുറിച്ചും—അവയുടെ നിവാരണമാർഗ്ഗങ്ങളെക്കുറിച്ചുപോലും അവസാനകാലത്തു് അദ്ദേഹം എഴുതി. ഇങ്ങനെ സമകാലിക പ്രശ്നങ്ങളെ സുധീരമായി നേരിടാൻ കഴിഞ്ഞതുകൊണ്ടാണു് അവർ വലിയ കവികളായതു്. അന്നത്തെ വാദം അങ്ങനെയായിരുന്നു. ശബ്ദക്രമത്തിലും, രൂപശില്പത്തിലും കുടുങ്ങിക്കിടന്ന സാഹിത്യത്തെ ഭാവപ്രധാനമായ ഒന്നാക്കിത്തീർക്കാൻ അവർക്കു കഴിഞ്ഞു. മാത്രമല്ല, പുരാണങ്ങളെയും, ഇതിഹാസങ്ങളേയും ഉപജീവിച്ചു്; രാജാക്കന്മാരേയും, ദേവന്മാരേയും പാത്രങ്ങളാക്കി കാവ്യം രചിക്കുന്നതിനു പകരം അന്നത്തെ ജീവിതത്തിലെ സാധാരണക്കാരെ പാത്രങ്ങളാക്കി അവർ കാവ്യം രചിച്ചു. ഇതു് പുരോഗമനമാണു്. ഈ സാഹിത്യബോധത്തിന്റെ സന്തതികളായിട്ടാണു് അക്കാലത്തെ കൃതികളിലധികവും പുറത്തുവന്നതു്. സമകാലികസാമൂഹ്യജീവിതത്തിൽനിന്നു്, ചീന്തിയെടുത്തവയായിരുന്ന അവയിലെ പ്രമേയങ്ങളൊക്കെയും: സമുദായശരീരത്തിലെ വ്രണങ്ങൾ അന്നത്തെ എഴുത്തുകാർ പൊളിച്ചുകാട്ടി. അതു് പരിഹരിക്കുന്നതിനുവേണ്ടി അവർ വായനക്കാരെ ആഹ്വാനം ചെയ്തു. ഒരു പടികൂടി മുന്നോട്ടുകടന്നു് ചിലർ പുരോഗതിക്കുവേണ്ടി സമരം ചെയ്യുന്ന രാഷ്ട്രീയപാർട്ടികളുടെ കിങ്കരന്മാരുമായിത്തീർന്നു. പ്രസംഗപീഠങ്ങളിലും, പത്രപംക്തികളിലുംകൂടി അവർ സാഹിത്യകാരന്മാരുടെ നേർക്കു് ഒരു ചോദ്യം എടുത്തെറിയുകയും ചെയ്തു. "സാഹിത്യകാരന്മാരേ നിങ്ങൾ ഏതു ചേരിയിൽ?" ചൂഷകൻെറ ചേരിയിലോ, ചൂഷിതൻെറ ചേരിയിലോ? ഈ ചോദ്യത്തിൻെറ മുമ്പിൽ പാവപ്പെട്ട പല സാഹിത്യകാര

ന്മാരും അന്ന് കുഴങ്ങി നിന്നുപോയി. ചിലർ തങ്ങൾ ചൂഷിതൻെറ ചേരിയിലാണെന്നുതറപ്പിച്ചുതന്നെ പറഞ്ഞു. മററു ചിലർ തങ്ങൾക്കു ചേരിയില്ലെങ്കിലും, ചൂഷിതർക്ക് എതിരല്ലാ എന്നു ബോദ്ധ്യപ്പെടുത്താൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തു. വലിയ ഒച്ചപ്പാടിൻെറ ഒരു കാലമായിരുന്നു അതു്.

*ഇന്ന്:*

ഇന്നു്, ആ ഒച്ചപ്പാടുകളെല്ലാം കെട്ടടങ്ങിയിരിക്കുന്നു. (വല്ലതുമുണ്ടെങ്കിൽത്തന്നെയും അതു മററു കാര്യങ്ങളെ ചൊല്ലിയാണ്) അതുകൊണ്ടു് നമുക്ക് നിർവികാരമായി ചില ചോദ്യങ്ങൾ ചോദിക്കാം. അന്ന് പ്രബലമായിരുന്ന ആ സാഹിത്യബോധം നമുക്ക് എന്തു സംഭാവന ചെയ്തു? ഇതിനുത്തരം കാണാൻ അന്നു പ്രകാശം കണ്ട ധാരാളം കൃതികളിലൂടെ ഒന്നു കണ്ണോടിക്കേണ്ടിയിരിക്കുന്നു. അതു് പ്രയാസമുള്ളൊരു കൃത്യമാണ്. ആ കൃതികളൊക്കെയും വായിക്കുകയെന്നതല്ല പ്രയാസം. അവയിൽ പലതും കിട്ടാനില്ലെന്നതാണ്കാര്യം. അവയൊക്കെയും ക്ഷുദ്രസന്തതികളായിരുന്നു. അക്കാലത്തു് സാഘോഷം കൊണ്ടാടപ്പെട്ട കൃതികൾപോലും ഇന്ന് —ഇത്രപെട്ടെന്ന്— അവഗണിക്കപ്പെട്ടിരിക്കുന്നു. ആ കൃതികളുടെ കർത്താക്കൾ പ്രതിഭാശാലികളല്ലായിരുന്നുവെന്നതു് ഇതിനൊരു കാരണമായി ചൂണ്ടിക്കാണിച്ചേക്കാം. അതിലാക്ഷേം തർക്കമില്ല. തർക്കമുള്ളതു് മറെറാരു കാര്യത്തിലാണ്. അന്ന് അവയിൽ പലതും വിശ്വസാഹിത്യത്തിൽപോലും സ്ഥാനം ലഭിക്കുന്ന കൃതികൾ എന്നു് വാഴ്ത്തപ്പെട്ടിരുന്നുവെന്ന കാര്യത്തിൽ. അങ്ങനെ അവയ്ക്കു് സ്തുതിലഭിച്ചതു് ജീവിതയാഥാർത്ഥ്യങ്ങൾ അവയിലുണ്ടായിരുന്നതുകൊണ്ടാണ്. ആ സ്തുതി അസ്ഥാനത്താണെന്ന് ഇന്നു തെളിഞ്ഞിരിക്കുന്നു. ജീവിതയാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടുമാത്രം ഒരു കൃതിയും മികച്ച കൃതിയാകുകയില്ല. കുമാരനാശാനെക്കാൾ ആവേശത്തോടുകൂടി അയിത്തോച്ചാടനത്തെക്കുറിച്ചും ക്ഷേത്രപ്രവേശനത്തെക്കുറിച്ചും എഴുതിയ കവികൾ അദ്ദേഹത്തിൻെറ കാലത്തുണ്ടായിരുന്നു. പ്രതിപാദ്യത്തിൻെറ ബലം ഉണ്ടാ

യിട്ടും ആ കൃതികൾക്കൊന്നിനും ജീവിക്കാൻ സാധിച്ചില്ല. അപ്പോൾ കുമാരനാശാൻ കുമാരനാശാനായത്, സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്തതുകൊണ്ടു മാത്രമല്ല; വള്ളത്തോൾ വള്ളത്തോളായത് ദേശീയകവിതളെഴുതിയതുകൊണ്ടുമല്ല: ആശാന്റെ സാമൂഹ്യ പ്രശ്ന പ്രതിപാദകങ്ങളായ കൃതികൾ ഇതര കൃതികളേക്കാൾ മോശപ്പെട്ടവയാണെന്നതാണ് സത്യം. വള്ളത്തോളിന്റെ ദേശീയഗാനങ്ങൾ അദ്ദേഹത്തിന്റെതന്നെ ലളിതവികാരോദ്ദീപകങ്ങളായ ശുദ്ധ കവിതകളേക്കാൾ തരം താഴ്ന്നവയാണെന്നതും നിഷേധിക്കുക വയ്യ. മനുഷ്യമനസ്സിന്റെ സൂക്ഷ്മമേഖലകളെ തരളമാക്കുന്ന ജീവിത രംഗങ്ങളാണ് അവർ കൈകാര്യം ചെയ്തിട്ടുള്ളത്.

*കവിതയിലെ ജീവിതം:*

അപ്പോൾ, 'ജീവിതയാഥാർത്ഥ്യ'ങ്ങളെ കവി കണ്ടോ കണ്ടില്ലയോ എന്നതല്ല പ്രശ്നം. അയാൾ കണ്ടെന്നു വരാം, കണ്ടില്ലെന്നും വരാം. പക്ഷെ, താൻ എഴുതിത്തീർന്ന കൃതിയിൽ ജീവിതത്തിന്റെ—മനുഷ്യാത്മാവിന്റെ—ഗ്ഹനഭാവം സ്പന്ദിച്ചു നില്ക്കുന്നുണ്ടോ എന്നതാണ് കാര്യം. ആ സ്പന്ദനം ഹൃദയാവർജ്ജകമാംവിധം ആവിഷ്ക്കരിക്കാൻ അവർക്കു കഴിഞ്ഞിട്ടുണ്ടോ എന്നതും പ്രധാനപ്പെട്ട ചോദ്യമാണ്. സാഹിത്യത്തിലെ മർമ്മസ്പർശിയായ രണ്ടു പ്രമേയങ്ങളിലാണ് ഇവിടെ നാം എത്തിയിരിക്കുന്നത്. ഒന്ന് സാഹിത്യത്തിലെ പ്രതിപാദ്യം മാനസികമോ ആത്മീയമോ ആയ പ്രതികരണമുളവാക്കാൻ കെല്പുള്ള വിഷയമായിരിക്കണം. ബാഹ്യചേഷ്ടകൾക്കല്ല ആന്തരിക ഭാവങ്ങൾക്കാണ് അവിടെ പ്രാധാന്യമെന്നർത്ഥം. രണ്ട്, അത്തരം ഒരു പ്രതിപാദ്യം ഉണ്ടായതുകൊണ്ടായില്ല, ശില്പ ചാതുരിയോടുകൂടി ആ പ്രതിപാദ്യത്തെ ആവിഷ്ക്കരിച്ച് ഫലിപ്പിക്കാനും കഴിയണം. ഛായാഗ്രഹണ പ്രക്രിയയ്ക്കു സമാനമായി യാഥാർത്ഥ്യങ്ങളെ പകർത്താൻ കഴിഞ്ഞതുകൊണ്ട്, ഈ ആവിഷ്ക്കരണം സാദ്ധ്യമാകുകയില്ല. പ്രകൃതിയെ അതേ പടി പകർത്തുന്നതല്ലല്ലോ കല. ശില്പ ചാതുരിയുടെ വിജയം നാം നിർണ്ണയിക്കുന്നത് പ്രതിപാദ്യത്തിന് കൈവന്നിട്ടുള്ള ഭാവസ്ഫൂർത്തിയെ കണക്കിലെടുത്തു

കൊണ്ടാണ്. ഈ ശില്പചാതുര്യം എന്നതു് കരവിരുതാണെന്നു പറഞ്ഞു് തള്ളിക്കളയാവുന്ന ഒന്നല്ല. കരവിരുതിൽനിന്നു് ഭിന്നമായതും അനുഗൃഹീതമായ പ്രതിഭയോടു് അഭേദ്യമാംവിധം ബന്ധപ്പെട്ടതുമാണതു്. ഏഴ് ആഴികൾക്കും അപ്പുറത്തുള്ള ഒരു ഗുഹയിലിരുന്നു്, ഒരു കരിങ്കൽ കഷണത്തെ സർപ്പം ഊതി ഊതി മാണിക്യക്കല്ലാക്കി മാററും എന്നു നാം കേട്ടിട്ടുണ്ടു്. സാഹിത്യസൃഷ്ടിയുടെ രംഗത്തേക്കു് ഈ കല്പനയെ പ്രയോഗിക്കാവുന്നതാണു്. ആ കരിങ്കൽക്കഷണം പ്രതിപാദ്യവിഷയമാണു്. ഏകാന്തമായ ചിന്തയുടെ ഗുഹയിലിരുന്നു് എഴുത്തുകാരൻ തൻെറ പ്രാണശ്വാസം ഊതിയൂതിയാണു് മനോഹരമായ കലാസൃഷ്ടിയായി—മാണിക്യക്കല്ലായി—അതിനെ രൂപാന്തരപ്പെടുത്തുന്നതു്. കുമാരനാശാൻെറയും, വള്ളത്തോളിൻെറയും, ഏററവും മികച്ച കൃതികളെടുത്തുനോക്കിയാൽ അവയുടെ മനോഹാരിതയ്ക്കു കാരണം മുഖ്യമായും ഈ ശില്പഭംഗിയാണെന്നു കാണാം. പ്രതിപാദ്യത്തെ പ്രത്യേക രീതിയിൽ സംവിധാനം ചെയ്യുക; ആഖ്യാനം സന്ദർഭോചിതമാംവിധം ഭാവ വ്യത്യാസമുള്ളതാക്കിത്തീർക്കുക, ഇങ്ങനെ പല കാര്യങ്ങളിലും അവർ അങ്ങേയററം ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നു കാണാം. ഈ ശ്രദ്ധക്കാണു് പഴയ ആളുകൾ ധ്യാനം എന്നു പറഞ്ഞു പോന്നതു്. നമുക്കു് ആ പദം ഇഷ്ടമല്ലായിരിക്കാം. പക്ഷെ, നമുക്കിഷ്ടമല്ലെങ്കിലും, അതംഗീകരിക്കണമെന്നാണു് പ്രതിഭാശാലികളുടെ ചരിത്രം ആവശ്യപ്പെടുന്നതു്.

മനുഷ്യവർഗ്ഗത്തിൻെറ മഹത്തായ എല്ലാ സൃഷ്ടികളും, ഏകാഗ്രമായ ചിന്തയുടെയും, ആത്മാർപ്പണസന്നദ്ധമായ നിരന്തര യത്നത്തിൻെറയും, ഫലമായേ രൂപാന്തരപ്പെട്ടിട്ടുള്ളു. സാഹിത്യം അതിനൊരപവാദമല്ല. സാഹിത്യത്തിനു വേണ്ടി ജീവിതം അർപ്പിക്കുന്നവർക്കേ മഹത്തായ സാഹിത്യം സൃഷ്ടിക്കാൻ കഴിയൂ എന്നു സാരം. അപ്പോൾ സാഹിത്യം ജീവിതത്തിനു് വേണ്ടി എന്നല്ല സാഹിത്യകാരൻ പറയേണ്ടതു്. ജീവിതം സാഹിത്യത്തിനുവേണ്ടി എന്നായിരിക്കണം.

# വെളിച്ചം
# ചൊരിഞ്ഞാലും.

— കളത്തൂർ കൃഷ്ണൻനായർ എം. എ.

ജീവിതമനന്തമാം
    ദ്യോവതിലഴകുകൾ
തൂവിവന്നുദിച്ചൊരു
    ഭാനുമാൻ വളർന്നപ്പോൾ
താമരപ്പൂക്കൾപോലെ
    വിടർന്നു ഹൃദന്തങ്ങ,—
ളാമയൂഖങ്ങൾ വീണു
    തുടുത്തു ദിഗന്തങ്ങൾ....!
തെളിയും വിജ്ഞാനത്തിൻ
    രശ്മികൾ ജ്വലിക്കും മ—
ട്ടൊളിചിന്നിയ മുഗ്ധ
    മദ്ധ്യാഹ്നം കഴിഞ്ഞുപോയ്
കാലത്തിൻ നിയോഗത്താൽ
    പശ്ചിമാംബരത്തിന്റെ
മേലെയുദ്രസംചെന്നു
    നിൽക്കുമീ സമയത്തിൽ
ഹേ, ദിവാകര! നീയി-
    ന്നോളവും പകർന്നൊരു

ചൂടു,മാവെളിച്ചവു-
മെങ്ങളിൽ വളരുന്നു....!
ഇരുൾവീണറയുന്ന
മർത്ത്യമാനസങ്ങളിൽ
ചൊരിയാൻ നവംവെട്ട-
മങ്ങൊരുക്കുമ്പോഴെല്ലാം
ആ വെളിച്ചമുൾക്കൊള്ളാൻ,
പകരം സ്നേഹം നൽകാ-
നാവതും ദത്തശ്രദ്ധ-
രായിരിക്കുന്നു ഞങ്ങൾ....!
മങ്ങിടാതിനിയുമാ
രാവുവന്നെത്തുംവരെ-
ബ്ഭംഗികൾ വളർത്തണ്ടും
ഭാസുര പ്രകാശമേ!
അറിവും, സംസ്കാരവും,
സൗഹൃദങ്ങളുമെല്ലാം
വിരിയും കിരണങ്ങ-
ളിനിയും ചൊരിയാവൂ....!!

# ബാഷ്പധാര—ഒരശ്രുഗംഗ.

— കെ. വി. തമ്പി എം. എ.

ലക്ഷണയുക്തമായ വിലാപകാവ്യങ്ങൾ വിരളമാണു മലയാളത്തിൽ. അവയിൽ അന്യാദൃശമഹത്വമുള്ള ഒരു കൃതിയാണ്, പ്രൊഫ: മാത്തൻതരകൻെറ "ബാഷ്പധാര". വിഷാദത്തിലാരംഭിച്ച് പ്രസാദത്തിലവസാനിക്കുന്ന ഈ കാവ്യം, ഒരശ്രുഗംഗതന്നെയാണ്.

ദുഃഖം, നിഷ്ക്രിയവും നിഷേധാത്മകവുമായ ഒരു മാനുഷികവികാരമാണ്, സാധാരണക്കാരൻെറ ദൃഷ്ടിയിൽ. എന്നാൽ കവിപ്രതിഭയെ സംബന്ധിച്ചിടത്തോളം, സർഗ്ഗശക്തിയുടെ ഉറവകളെ ഏററവുമധികം തുറന്നുവിട്ടിട്ടുള്ളതു് തീക്ഷ്ണങ്ങളായ ശോകാനുഭൂതികളാണ്. ഹൃദയത്തിൻെറ വ്യാസം അത്ഭുതപൂർവ്വമായ രീതിയിൽ വർദ്ധിപ്പിക്കുന്ന മാന്ത്രികശക്തിയുമാണ്, വ്യഥ. ആദികവിയുടെ ആത്മാവിൽ ആകസ്മികമായി ഉണർന്ന ഉദാത്തമായ ശോകമല്ലേ, രാമായണത്തിൻെറ ബീജബിന്ദു! മനുഷ്യജീവിതത്തെ അതിൻെറ ആഴത്തിലും പരപ്പിലും ആത്മസാൽക്കരിക്കുന്ന കവിക്ക്, എല്ലാററിൻേറയും അകപ്പൊരുൾ ദുഃഖമാണ് എന്നൊരുൾ

ക്കാഴ്ച ലഭിക്കുന്നു. ആത്യന്തികമായ മൃത്യുവിനെക്കുറിച്ചുള്ള അനുസന്ധാനം കവിയെ അന്തർമുഖനാക്കുകയാണ്, ചെയ്യുക. ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിൽ നിന്നും വെളിച്ചം വിടവാങ്ങിപ്പോകുന്ന ചില പരമമുഹൂർത്തങ്ങളുണ്ട്. അപ്പോഠം ഉൽബ്ബണമായ വികാരവിചാരങ്ങഠംക്ക് വിധേയമാകുന്നു, മനുഷ്യമനസ്സ്. സൂക്ഷ്മസംവേദനക്ഷമമായ കവിഹൃദയത്തിലാകുമ്പോഠം, എല്ലാ പ്രതികരണങ്ങഠംക്കും ബൃഹത്കരണം സംഭവിക്കുന്നു. മരണത്തിൻെറ മുഖത്തുനിന്നും നിഗൂഢതകളുടെ മൂടുപടമുയർത്തുവാനാണ്, പിന്നീട് കാവ്യജിജ്ഞാസയുടെ യത്നം. മനുഷ്യൻെറ അവബോധത്തിനതീതമായ മൃത്യുവിനോടുള്ള കവിഹൃദയത്തിന്റെ പ്രതികരണം, ആത്മാവിഷ്കാരകമായ വിലാപകാവ്യങ്ങഠംക്ക് ജന്മംനൽകുന്നു. കവിയുടെ മനസ്സിനെ ആവർജ്ജിച്ച വസ്തുവിൻേറയോ വ്യക്തിയുടേയോ വിയോഗത്തിൽനിന്നും ഉദ്ഭിന്നമാകുന്ന വിഷാദം, രചനാത്മകമായ കാവ്യസാദ്ധ്യതകളോടുകൂടിയതാകാനേ തരമുള്ളു.

*തമസ്സോമാ ജ്യോതിർഗമയഃ*

എല്ലാ വിലാപകാവ്യങ്ങളും, ഒരത്ഥത്തിൽ, 'മരണത്തെ നേരിടുന്ന കവിയുടെ ബോധാബോധമനസ്സുകളുടെ അനൈച്ഛികവ്യാപാരഫലമാണ്(result of reflex action). വ്യക്തിഗതമായ ദുഃഖത്തെ അതിജീവിക്കാനുള്ള ആന്തരികയത്നത്തിനിടയിൽ, പ്രസ്തുത ദുഃഖത്തിന് രാസപരിണാമം സംഭവിക്കുന്നു. ഒടുവിൽ അമൂത്തമായ ദുഃഖാനുഭവങ്ങഠം നിയതാത്ഥമായ വാങ്മയത്തിൽ വാൻവീഴുന്നതോടെ, കവിയുടെ അതുവരെ അസ്വസ്ഥമായിരുന്ന അന്തരംഗം പ്രശാന്തവും പ്രഭാപൂർണ്ണവുമാകുന്നു. കവിയുടെ കൺപീലികളിൽ അപ്പോഠം വിശുദ്ധദുഃഖമായിരിക്കും,തിളങ്ങിനിൽക്കുക. ഭാവഗാനത്തിൻെറ നിർവ്വചനപരിധിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നുണ്ട് വിലാപകാവ്യമെങ്കിലും, അതിന് സ്വകീയമായ ഒരു വ്യക്തിത്വമുണ്ട്. ആത്മനിഷ്ഠമായ ദുഃഖം, വാസ്തവത്തിൽ, സാമാന്യവത്കൃതാവസ്ഥയിലേക്ക് ഉയത്തപ്പെടുകയാണ് ഇഷ്ടജനവിയോഗത്തിന്, ഒരുത്തേജകത്തിൻെറ (stimulas) നൈമിത്തിക

മൂല്യമേയുള്ളു. കാവ്യത്തിൽ സാകല്യേന പ്രസരിക്കുന്ന കരുണരസത്തിന് വികാരവിമലീകരണശക്തിയുണ്ട്; അരിസ്റ്റോട്ടിൽ തൻെറ "പോയററിക്സി"ൽ പറഞ്ഞുവെച്ച "കത്താർസിസ്" തന്നെ. കവിയുടെ ഉള്ളിൽ കാവ്യരചനാവേളയിൽ നടക്കുന്ന ഈ പ്രക്രിയ, കാവ്യാസ്വാദനാവസരത്തിൽ അനുവാചകനിലേക്ക് അഭിസംക്രമിക്കുന്നു. തമസ്സിൽനിന്നും ജ്യോതിസ്സിലേക്കുള്ള ഈ ഉത്പതനത്തിന് ഉപസ്കാരകമാകണം, വിലാപകാവ്യം.

*ആത്മാർത്ഥതയുടെ സ്പന്ദനങ്ങൾ;*

ആത്മാവിഷ്ക്കാരപ്രധാനമാണ് വിലാപകാവ്യമെന്നു പറയുമ്പോൾ, കവിയുടെ സ്വത്വത്തിന് (self) അനല്പമായ മൂല്യം കല്പിക്കേണ്ടിവരും. കാല്പനിക കവിതയുടെ വ്യാവർത്തക ധർമ്മങ്ങളെല്ലാം ഇതിൽ സമ്യക്കായി സമ്മേളിച്ചിരിക്കണം. സ്വാനുഭൂതികളുമായി സത്യസന്ധത പുലർത്തിയില്ലെങ്കിൽ, വിലാപകാവ്യം ഹൃദയദ്രവീകരണക്ഷമമാകയില്ല. പാശ്ചാത്യ സാഹിത്യത്തിലെ പ്രഖ്യാത വിലാപകാവ്യങ്ങൾക്ക് മഹത്വത്തിൻെറ പരിവേഷം സമ്മാനിക്കുന്നത്, കാവ്യാത്മകമായ ഈ ആത്മാർത്ഥതതന്നെ. മിൽട്ടൻെറ "ലിസിഡാസും"; ഷെല്ലിയുടെ "അഡൊണൈയും", ടെന്നിസൻെറ "ഇൻ മെമ്മോറിയവും" കാലദേശാതിവർത്തിയായി നിൽക്കാനുള്ള ഹേതുവും മറെറാന്നല്ല. കുറെ കഴിഞ്ഞപ്പോൾ, വിലാപകാവ്യം നിയതമായ ഒരാവിഷ്ക്കാരമാധ്യമമാകയും, അതിനെക്കുറിച്ചുണ്ടായിരുന്ന കുഴഞ്ഞുമറിഞ്ഞ ധാരണകൾ നിലവാരപ്പെട്ട കാവ്യസങ്കല്പങ്ങളായി ഘനീഭവിക്കുകയും ചെയ്തു.

*ബാഷ്പ ധാര:*

ഭാഷയിലെ വിലാപകാവ്യങ്ങൾക്ക് ആംഗലവിലാപകാവ്യങ്ങളോട് അല്പേതരമായ ആധമർണ്ണ്യമുണ്ട്. കാല്പനികനവോത്ഥാനത്തിൻെറ കൈപിടിച്ച് കടന്നുവന്ന ഈ നവാതിഥിയെ നമ്മുടെ കവികൾ സന്തോഷത്തോടെ സ്വാഗതം ചെയ്തു. എന്നാൽ ലക്ഷണയുക്തമായ വിലാപകാവ്യങ്ങളുടെ സംഖ്യ വിരലിലെണ്ണിത്തീർക്കാവുന്നതേയുള്ളു, നമ്മുടെ ഭാഷയിൽ. അക്കൂട്ട

ത്തിൽ അന്യാദൃശമഹത്വമുള്ള ഒരു കൃതിയാണ് പ്രൊഫസ്സർ പുത്തൻകാവു മാത്തൻ തരകൻെറ "ബാഷ്പധാര". അസംഖ്യേയരായ യശഃപ്രാർത്ഥികൾ എഴുതിത്തള്ളിയ ക്ഷുദ്രകൃതികൾ സാഹിത്യചരിത്രഗ്രന്ഥങ്ങളുടെ താളുകളിൽ കിടന്നുറങ്ങുന്നുണ്ടാകണം

ദുഃഖാനുഭവത്തിൻെറ ഊഷ്മാവിൽ ഉരുകി ഉറന്നൊഴുകിയ കവിഹൃദയം തന്നെയാണ്, "ബാഷ്പധാര". കനിഷ്ഠസഹോദരൻെറ അകാല വിയോഗമാണ്, ശോകനിദാനം. കുറേക്കാലം കവി, ആ ദുഃഖത്തിന്റെ തീക്കനലിനെ ഉള്ളിൻെറ ഉള്ളിൽ ഒളിപ്പിച്ചുകൊണ്ടു നടന്നു. കാലം, മറവിയുടെ ചാരംകൊണ്ടു പൊയുമെന്നായിരുന്നിരിക്കണം, ആശ. മറിച്ചാണ് അനുഭവമെന്നു വന്നപ്പോൾ, അന്തർഹിതവും ദാഹകവുമായ ആ അഗ്നിസ്ഫുലിംഗത്തെ സാരസ്വതമന്ത്രത്താൽ ആവാഹിക്കാതെ വയ്യെന്നായി. അങ്ങനെ അദമ്യമായ ഒരന്തശ്ചോദനയുടെ ആവിഷ്ക്കാരമാണ് "ബാഷ്പധാര."

*ശോകവും ചിന്തയും:*

എല്ലാ വിലാപകാവ്യങ്ങളിലും രണ്ടു് അന്തർധാരകളുണ്ടു്—അനിരോധ്യമായ ശോകവും, നിർവ്വേദത്തിലേക്ക് നയിക്കുന്ന തത്വജിജ്ഞാസയും— "ബാഷ്പധാര"യും ഈ ഉത്സർഗ്ഗത്തിന് ഒരപവാദമല്ല. സഹോദരവിയോഗം, ആദ്യം കവിയുടെ ആത്മാവിലെ എല്ലാ വിളക്കുകളും ഊതിക്കെടുത്തുന്നു. ആത്മവിസ്മൃതിയോടെ പണ്ടു് ആസ്വദിച്ചിരുന്ന പ്രപഞ്ചസൗന്ദര്യം, പെട്ടെന്ന് അന്തസ്സാരവിഹീനമായി അനുഭവപ്പെടുന്നു. അടരാതെ കനത്തു നിൽക്കുന്ന കണ്ണുനീർത്തുള്ളിപോലെയുണ്ടു് പ്രഥമ ശ്ലോകം:

"ഹാ! മിന്നൽപോലിന്നൊരു നാകലോകം
മാറിക്കഴിഞ്ഞൂ, നരകാഭമായി;
തരംഗിതം പൂർണ്ണ പയഃപയോധി
മരീചികോഗ്രം മരുഭൂമിയായി."

മനുഷ്യന്റെ സുഖതൃഷ്ണയെ കാനൽജലമായി ദർശിക്കുന്ന കവിയുടെ മനസ്സു മുഴുവൻ ദുഃഖമാണ്. ഒളിഞ്ഞും തെളിഞ്ഞും മുഖം കാണിക്കുന്ന ചിന്ത, ശോകത്തിന്റെ തൈക്ഷ്ണ്യം കൂട്ടാനേ ഉപകരിക്കുന്നുള്ളൂ. വെള്ളിലകൾ തമ്മിൽ തൊട്ടുമ്പോഴുണ്ടാകുന്ന ലോലമർമ്മരം പോലും കവിക്കു് ഭയജനകമാണ്. മനസ്സിലെ വൈചാരികശക്തികൾ പ്രക്ഷീണങ്ങളും വൈകാരികവിക്ഷോഭങ്ങൾ തീവ്രങ്ങളുമാകുമ്പോൾ, അങ്ങനെയേ സംഭവിച്ചുകൂടൂ.

ശോകഹതമായ ലോകത്തിന്റെ അസ്ഥിരമായ അവസ്ഥയെക്കുറിച്ച് മനനംചെയ്തുനേടിയ പ്രത്യാശ, എത്രയും നൈമിഷികമാണ്. വിരിയും മുമ്പേ പൂമൊട്ടുകൾ ഇറുക്കുന്ന വിധിയുടെ ക്രൂരമായ ലീലാവിനോദത്തെ, കവി നിഷ്പന്ദനായി നോക്കിനില്ക്കുന്നു. എത്ര സൂക്ഷിച്ചിട്ടും, ഹൃദയത്തിൽ തുളുമ്പുന്ന അമർഷസ്പർശത്തോടുകൂടിയ വേദന, വാഗ്രൂപം ധരിച്ചുപോകുകയാണ്. കരുണാഹീനമായ നിയതിയുടെ നേർക്ക് വിരൽചൂണ്ടി, മനുഷ്യമനസ്സാക്ഷിയുടെ മൂർത്തിമദ്ഭാവംപോലെ നിൽക്കുന്ന കവിയുടെ ഉദാരമായ ചിത്രം, വായനക്കാരൻ ചിരകാലം അനുധ്യാനം ചെയ്യും.

"വിരിഞ്ഞിടും മുമ്പിലിറുത്തിടേണ-
മെന്നാണു ഭാവൽക്കവിചാരമെങ്കിൽ
ദാഹിച്ചു വണ്ടിന്റെ മിഴിക്കുമുമ്പി-
ലെന്തിന്നു പൂമൊട്ടുളവാക്കിടുന്നു."

വ്യക്തിഗതമായ വിയോഗവ്യഥയുടെ ഓടിനുള്ളിലേക്ക് ഒതുങ്ങിക്കൂടാനുള്ള വാസന കാണിക്കുന്നുണ്ട്, കവി, കാവ്യത്തിന്റെ ആദ്യഭാഗങ്ങളിൽ. ദൃശ്യപ്രപഞ്ചം, അയഥാർത്ഥവും ആത്മഗ്ലാനിദായകവുമാകുമ്പോൾ, സ്വന്തം ആത്മാവിന്റെ വല്മീകമല്ലേ കവിക്ക് അഭയകുടീരമായുള്ളൂ. എത്ര നിരോധിച്ചിട്ടും അനുസരിക്കാത്ത സ്മൃതികൾ, ഗതകാലത്തിന്റെ സൌഭാഗ്യസൗഭഗങ്ങളെ വഹിച്ചുകൊണ്ടുവരുന്നു. സ്വന്തം ആത്മാവിന്റെ ആത്മാവും മജ്ജയുടെ മജ്ജയുമായിരുന്ന സഹോദരനെക്കുറിച്ച് ഓർക്കുംതോറും, കവി, വിഷാദത്തിന്റെ അഗാധഹൃദങ്ങളിലേക്ക് ആണ്ടുപോകുന്നു:

"ഞാനെത്രനാളിങ്ങനെ നീന്തു?മെൻെറ
വിനഷ്ടസമ്പത്തു തിരിച്ചുകിട്ടാൻ;
ഒഴിഞ്ഞകയ്യോടെ കരക്കുകേറി
ഞാനേതുമട്ടിൽ തലപൊക്കിനിൽക്കും"

അവധിയില്ലാത്ത ദുഃഖം, അകർമ്മണ്യതയുടെ മാതാവാണ്. കവിയുടെ ജീവിതദർശനത്തിൻെറ മിഴികൾ പൊത്താനും, അതിന് മടിയുണ്ടായെന്ന് വരില്ല. വ്യക്തിനിഷ്ഠമായ ദുഃഖത്തെ കൂട്ടതൽ സമഗ്രമായ ഒരു കാഴ്ചപ്പാടിലൂടെ സമുദ്ഭാവനം ചെയ്ത്, സമസ്തലോകാശ്ലേഷകമായ സത്യമായി ആവിഷ്കരിച്ചാലേ, ആസ്വാദ്യമാകൂ. എങ്കിലേ. ശോകം എന്ന സ്ഥായിഭാവത്തിന് അലൌകികമായ കരുണരസമായി പുനർജന്മംനേടാൻ കഴിയൂ. "ബാഷ്പധാര"യുടെ ഉത്തരാർദ്ധത്തിലെങ്ങും നാം ദർശിക്കുന്നത്, സാർവ്വജനീനവും സാർവകാലികവുമായ ദുഃഖത്തെയാണ്. മരണത്തിൻെറ പാദമുദ്ര പതിയാത്ത ഒററ ഗൃഹാങ്കണംപോലും, കവിക്ക് കണ്ടെത്താൻ കഴിയുന്നില്ല. സമാധിജന്യമായ ഈ അമോഘാനുഭൂതിയെ, അപൂർവകാന്തി തിരളുന്ന ഭാവനാചിത്രങ്ങളിലൂടെ വ്യഞ്ജിപ്പിക്കുകയും ചെയ്തിരിക്കുന്നു:

"സമീപഗേഹത്തിലൊക്കെയുംപോയ്
തിരഞ്ഞുഞാൻ കൊച്ചുവിളക്കിനായി;
വിളക്കണഞ്ഞുള്ള ഗൃഹങ്ങളല്ലാ-
തില്ലായിരുന്നു മിഴിവീഥിയിങ്കൽ"

വിഷാദത്തിൽ ആരംഭിച്ച് പ്രസാദത്തിൽ അവസാനിക്കുന്നു, "ബാഷ്പധാര" പ്രൊഫ: തരകൻെറ ഈ വിലാപകാവ്യം, ഒരശ്രുഗംഗതന്നെയാണ്. ഇതിൻെറ പിന്നിൽ സുദീർഘമായ സന്ദ്ഗതപസ്യയുടേയും ഏകാന്തമായ ആത്മസാധനയുടേയും പുളകോദ്ഗമകാരിയായ കഥയുണ്ട്. കാവ്യം വായിച്ച് അടച്ചുവെക്കുന്ന ഭാവുകന് അഭൌമമായ ഒരു ശാന്തിയായിരിക്കും, അനുഭവപ്പെടുക. അവൻ, അറിയാതെ, ക്രാന്തദർശിയായ മഹാകവിയുടെ വാക്കുകൾ ഓർത്തുപോകും:

'As flies to wanton boys, are we to the Gods,
They kill us for their sport.'

---

# സംസ്കാരസമ്പന്നനായ ഒരു സാഹിത്യകാരൻ.

— ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ

"കവിയും സാഹിത്യകാരനുമായ മാത്തൻതരകനെക്കാൾ എന്നെക്കൂടുതൽ ആകർഷിച്ചത് അദ്ദേഹത്തിലടങ്ങിയ മാനുഷികമൂല്യങ്ങളാണ്. ആ വിനയം, സൗഹാർദ്ദം, ആദർശശുദ്ധി, സൗമനസ്യം തുടങ്ങിയ മാനുഷികമൂല്യങ്ങൾ അദ്ദേഹത്തിന്റെ കവിത്വത്തിനും സാഹിത്യവ്യവസായത്തിനും മാററു വർദ്ധിപ്പിക്കുന്നു."

പുത്തൻകാവു മാത്തൻ തരകൻ — ആ പേർ എനിക്കു സുപരിചിതമായിരുന്നു. അദ്ദേഹത്തിന്റെ ഒന്നുരണ്ടു കൃതികൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ റവ്യൂ ചെയ്‌വാൻ എനിക്കിടയായിട്ടുണ്ട്. ഒരു കവി എന്ന നിലയിൽ അദ്ദേഹത്തിന്റെ കൈമിടുക്കും ആദർശശുദ്ധിയും എന്നിൽ മായാത്ത മതിപ്പുളവാക്കിയിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ സാധാരണ പ്രത്യക്ഷപ്പെടാറുള്ള അദ്ദേഹത്തിന്റെ കവിതകൾ തുടർന്നു വായിപ്പാൻ ഈ മതിപ്പു പ്രചോദനം നൽകി. അങ്ങനെയിരിക്കെയാണ് ഇ

രിൽ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച ഒരു കമ്മററി യിലെ അംഗമെന്ന നിലയിൽ ശ്രീ: തരകനുമായിപരിചയപ്പെടാൻ എനിക്കവസരം ലഭിച്ചതു്. കവിയും സാഹിത്യകാരനുമായ മാത്തൻ തരകനെക്കാറം എന്നെ കൂടുതൽ ആകർഷിച്ചതു് അദ്ദേ ഹത്തിലടങ്ങിയ മാനുഷികമൂല്യങ്ങളാണെന്നു പറഞ്ഞാൽ ആ കവി ത്വത്തെയും, സാഹിത്യ നൈപുണിയെയും ഞാൻ തരം താഴ്ത്തി കാണിക്കുന്നുവെന്നു് അർത്ഥമാക്കരുതു്. വിനയം, സൗഹാർദ്ദം, ആദർശശുദ്ധി, സൗമനസ്യം തുടങ്ങിയ മാനുഷികമൂല്യങ്ങറം അദ്ദേഹത്തിൻെറ കവിത്വത്തിനും സാഹിത്യവ്യവസായത്തിനും മാററു വർദ്ധിപ്പിക്കുന്നതായാണു് അനുഭവപ്പെട്ടതു്. അല്ലെ ങ്കിൽ കവികളെ ഋഷികളായും ഋഷികളെ കവികളായും സംബോ ധനചെയ്തുപോന്ന ഒരു പൈതൃകത്തിൻെറ അവകാശികളാണല്ലോ ഭാരതീയരായ നാം.

ഈ നല്ലമനുഷ്യനുമായി ജീവിതസായാഹ്നത്തിൽ മാത്രമാ ണല്ലോ പരിചയപ്പെടാൻ സാധിച്ചതു എന്ന വസ്തുത എന്നെ വല്ലാതെ വ്യാകുലപ്പെടുത്തുകയുണ്ടായി. വെറും മൂന്നു ദിവസം മാ ത്രം നീണ്ടുനിന്ന ആ പരിചയത്തിനു ചുരുങ്ങിയതു മൂന്നു ജന്മത്തെ യെങ്കിലും പഴക്കമുള്ളതുപോലെയാണു് വേർപിരിയുന്ന അവസര ത്തിൽ അനുഭവപ്പെട്ടതു്./ ഔദ്യോഗിക കൃത്യങ്ങറം അവസാനി ച്ചാൽ ഞങ്ങറം രണ്ടാളും തൃശ്ശൂർ റൗണ്ടിൽ ഒന്നു ചുററിനടക്കും. കലയും സാഹിത്യവും സമുദായ കാര്യങ്ങളും മതതത്വങ്ങളുമെല്ലാ മാണു് സംഭാഷണവിഷയങ്ങറം. ഇവയിൽ ഓരോന്നിനെപ്പററിയു മുള്ള മി: തരകൻെറ അഭിപ്രായങ്ങറം ആധികാരികങ്ങളായിരിക്കും. അമ്പത്തെട്ടുകഴിഞ്ഞ—1962-ൽ ആണു് ഞങ്ങറം ആദ്യമായി പ രിചയപ്പെട്ടതു്—അദ്ദേഹത്തിൽ വിജ്ഞാനതൃഷ്ണിതനായ ഒരു യുവാ വിനെയാണു് ഞാൻ ദർശിച്ചതു്. ഈയിടെ പത്രങ്ങളിൽ എൻെറ സുഹൃത്തിൻെറ ഷഷ്ടിപൂർത്തിയെപ്പററിവായിച്ചപ്പോറം ഞാൻ ആ ശ്ചര്യമൊന്നമ്പരന്നു. എന്തു്! ഈ യുവസുഹൃത്തിനു അറുപതു വയ സ്സായെന്നോ?

തൃശ്ശൂരിൽ ഞങ്ങറം ഒരേ മുറിയിലാണു് താമസിച്ചിരു ന്നതു്. പലപ്പോഴും രാത്രി രണ്ടുമണിയ്ക്കുശേഷമേ ഞങ്ങറം ഉറ

ങ്ങാറുള്ളൂ. അതുവരെ സാഹിത്യത്തെയും സാഹിത്യകാരന്മാരെയും കുറിച്ചുള്ള സംഭാഷണംതന്നെ—സാഹിത്യകാര്യങ്ങളിൽ ഞങ്ങളുടെ അഭിപ്രായങ്ങൾക്ക് അത്ഭുതാവഹമായ സാദൃശ്യമുണ്ടായിരുന്നു. അതുപോലെ മതം, രാഷ്ട്രമീമാംസ, സാമുദായികകാര്യങ്ങൾ തുടങ്ങിയവയിലും—ഈ അടുപ്പം ഞങ്ങളുടെ മാനസികബന്ധത്തെ കൂടുതൽ ദൃഢപ്പെടുത്തി.

ചരിത്രം ആവർത്തിച്ചു. 1963-ൽ ഞങ്ങൾ സാഹിത്യ അക്കാദമിയുടെ അതേ കമ്മിററിയിലെ അംഗങ്ങളെന്ന നിലയിൽ വീണ്ടും തൃശ്ശൂരിൽ ഒത്തുകൂടി—പ്രവൃത്തിയും പരിസരവുമെല്ലാം പഴയതുതന്നെ കഴിഞ്ഞ കൊല്ലത്തെപ്പോലെ അതു് രണ്ടു വ്യക്തികളുടെ സമ്മേളനമായിരുന്നില്ല. പിന്നെയോ, രണ്ടു ഹൃദയങ്ങളുടെ രണ്ടു് ആത്മാക്കളുടെ സമ്മേളനമായിരുന്നു—ശ്രീ തരകന്റെ ഹൃദയത്തെ തികച്ചും സാക്ഷാത്ക്കരിപ്പാൻ കഴിഞ്ഞതു് എനിക്ക് ഈ അവസരത്തിലാണു്.

ഉൾച്ചേർന്ന രത്നങ്ങളെടുത്തുനോക്കി-
ലളുക്കിലെബ് ഭംഗിയിൽമോഹിതൻഞാൻ.

എന്നു് നമ്മുടെ ഒരു കവി പാടിയതുപോലെ തരലക്കൊല്ലും അദ്ദേഹത്തിന്റെ ഹൃദയമാകുന്ന അളുക്കിന്റെ ഭംഗിയിലാണു് ഞാൻ ശ്രദ്ധ കൂടുതൽ കേന്ദ്രീകരിച്ചതു്. ആ അളുക്കിലെ അമൂല്യ രത്നങ്ങൾ ഓരോന്നായി എടുത്തു നോക്കാൻ പുതിയ സമ്മേളനത്തിലേ സാധിച്ചുള്ളൂ. രണ്ടര ഡസനിലധികം കൃതികൾ മലയാളത്തിനു സമ്മാനിച്ച ഒരു മാന്യനാണു് അദ്ദേഹം. വിനയാധിക്യം കൊണ്ടു് ആ വസ്തുത എന്നിൽനിന്നു് അദ്ദേഹം മറച്ചുവച്ചു. വല്ലതും ഒന്നോ രണ്ടോ പുസ്തകം പ്രസിദ്ധപ്പെടുത്തുമ്പോഴേക്കും അരവിന്ദനോ ടാഗോറോ ആയി അഭിനയിക്കുന്നവർ എത്രയുണ്ടു നമ്മുടെ സാഹിത്യകാരന്മാർക്കിടയിൽ! സാഹിത്യത്തിലെന്നപോലെ സംഗീതാദികലകളിലും നിപുണനാണു് ശ്രീ തരകനെന്ന വസ്തുത പിന്നീടാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. ഗാനമഞ്ജരി, സംഗീതകൗതുകം, ഭക്തിമാഹാത്മ്യഗീതങ്ങൾ എന്നീ കൃതികൾ അദ്ദേഹത്തിന്റെ സംഗീതകലാഭിരുചിക്കു മകുടോദാഹരണങ്ങളാണു്.

ശ്രീ തരകന്റെ ആദർശശുദ്ധിയെപ്പററി ഇതിനുമുമ്പു സൂചിപ്പിക്കുകയുണ്ടായല്ലൊ. ഒരു അടിയുറച്ച ആസ്തികനും ഗാന്ധിഭക്തനുമാണ് അദ്ദേഹം. ജന്മംകൊണ്ടു് ഒരു ക്രൈസ്തവനായാണെങ്കിലും ഹിന്ദുമതത്തിന്റെയും ആർഷചിന്തയുടെയും വിവിധ തുറകളിൽ അദ്ദേഹത്തിനുള്ള അറിവും പ്രസ്തുത മതത്തോടുള്ള ആദരവും അന്യാദൃശമാണ്. ഒരു സാഹിത്യാരാധകന്റെ നിലയിൽ അദ്ദേഹം ഭാഷയ്ക്കും സാഹിത്യത്തിനും നൽകീട്ടുള്ള സംഭാവനകൾ ഏററവും വിലപ്പിടിച്ചവയാണ്. ഇവയിൽ വിശ്വദീപമെന്ന മഹാകാവ്യം എല്ലാററിന്റെയും മുൻപന്തിയിൽ നിൽക്കുന്നു. അപൂർണ്ണമായ ഈ മഹാകാവ്യത്തിന്റെ പല ഭാഗങ്ങളും മി. തരകനിൽ നിന്നു നേരിട്ടു വായിച്ചുകേൾപ്പാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. അതിന്റെ മധുരസ്മരണകൾ ഇന്നും ഹൃദയത്തിൽ ഓളംവെട്ടി നിൽക്കുന്നു ഭാഷാഭംഗികൊണ്ടും ഭാവസൗകമാര്യംകൊണ്ടും എഴുത്തച്ഛന്റെ ഭാരതത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഉൽകൃഷ്ട നിബന്ധമാണ് വിശ്വദീപം. ഈ കൃതി പൂർണ്ണമായി പ്രസിദ്ധപ്പെടുത്തുമ്പോൾ അതു ഭാഷയ്ക്കു് അമൂല്യമായ ഒരു നേട്ടമായിരിക്കും. മി. തരകൻ ആ ഒററ കൃതിയിലൂടെ എത്രയോ നൂററാണ്ടുകൾ, അല്ല ആയിരത്താണ്ടുകൾതന്നെ, നിത്യയുവാവായി ജീവിക്കുകയും ചെയ്യും

ഭാഷയേയും സാഹിത്യത്തെയും സംബന്ധിച്ചേടത്തോളം ശ്രീ തരകനു മഹത്തായ ഒരു പൈതൃകമുണ്ടു് അദ്ദേഹത്തിന്റെ പിതാമഹനായിരുന്നു മലയാളഭാഷയ്ക്കു് അന്നത്തെ നിലയിൽ സാമാന്യം കൊള്ളാവുന്ന ഒരു വ്യാകരണഗ്രന്ഥം സമ്മാനിച്ച ജോർജ്ജ് മാത്തൻ—കേരളപാണിനീയത്തിനുമുമ്പ് ഒരു സ്വദേശിപണ്ഡിതൻ മലയാളഭാഷയ്ക്കു സമ്മാനിച്ച ആദ്യത്തെ വ്യാകരണഗ്രന്ഥം ശ്രീ ജോർജ്ജ് മാത്തന്റേതാണ്—കുടുംബസ്വത്തായ ആ സാഹിത്യപാരമ്പര്യം ശ്രീ തരകന്റെ മകനിലും സംക്രമിച്ചിട്ടുണ്ട്.

പുരുഷായുസ്സിന്റെ പൂർവാർദ്ധം പിന്നിടുന്ന ഈ സുദിനത്തിൽ ഞാൻ എന്റെ സുഹൃത്തിനു് സർവ്വാത്മനാ ഭാവുകമാശംസിച്ചുകൊള്ളുന്നു. മേലിലും മേത്തരം കൃതികളെക്കൊണ്ടു ഭാഷയെ പോഷിപ്പിക്കുവാൻ അദ്ദേഹത്തെ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

—❀—

# "വിശ്വദീപ"ത്തിന്റെ പിന്നിൽ.

— പി. കെ. ബി. നായർ എം. ഏ.

"നമ്മുടെ സാഹിത്യത്തിൽ ഭാവഗാനങ്ങളും ഹ്ര സ്വകവിതകളും ധാരാളമുണ്ടാകുന്നുണ്ട്. എങ്കിലും മഹത്തായ ജീവിതകഥകൾ ഏതുയുഗത്തിലും മനുഷ്യമനസ്സിനെ ആകർഷിക്കാതിരിക്കുകയില്ല. "വിശ്വദീപ"ത്തെപ്പോലെയുള്ള മഹാകാവ്യങ്ങൾ എന്നും ഭാഷയ്ക്കു ഭൂഷണമായിരിക്കും.

മനുഷ്യരാശിയെ ഇരുട്ടിൽനിന്നും പ്രകാശത്തിലേക്കു നയിക്കുന്ന മാർഗ്ഗദീപങ്ങളാണ് മഹാപുരുഷന്മാർ. ആയിരമാണ്ടുകൾക്കിടയിൽ അപൂർവ്വമായി വന്നുദിക്കുന്ന ആ ദിവ്യജ്യോതിസ്സുകൾ മനുഷ്യന്നു് എന്നും അഭയവും ആശ്വാസവുമരുളുന്നു. അവയ്ക്കു മാത്രമേ നമ്മുടെ ജീവിതത്തെ ചൈതന്യധന്യമാക്കാൻ കഴിയൂ. മനുഷ്യമനസ്സിൽ ക്രിസ്തുവും കൃഷ്ണനും ബുദ്ധനും നിത്യജീവിതം നേടിയവരാണ്. ക്രിസ്തുദേവന്റെ വിശ്വോത്തരജീവിതം ലോകചരിത്രത്തിൽ വരുത്തിയ പരിവർത്തനം അത്ഭുതകരമാണല്ലോ. ആ സുവിശേഷം ലോകത്തിന്റെ ഇരുണ്ട കോണിലും ചെന്നെത്തി.

അദ്ദേഹത്തിന്റെ ജീവിതകഥ ഏതെല്ലാം രൂപത്തിൽ ഇന്നും പ്രചരിക്കുന്നു. സജീവമായ ശക്തികേന്ദ്രമാണതു്. ക്രിസ്തുദേവന്റെ ജീവിതസന്ദേശം A·D. ആദ്യശതകങ്ങളിൽതന്നെ കേരളക്കരയിൽ വന്നലച്ചു. മലയാളത്തിൽ ആദ്യം അച്ചടിച്ച പുസ്തകം സംക്ഷേപവേദാൎത്ഥമാണു്. നമ്മുടെ നാട്ടിൽ ബൈബിൾ ധാരാളം പ്രചരിച്ചെങ്കിലും അതിനെ ഉപജീവിച്ചുള്ള കലാസൃഷ്ടികൾ എത്രയോ വൈകിയാണു ജനിച്ചതു്. 1925-ൽ ശ്രീ കട്ടക്കയം ചെറിയാൻമാപ്പിളയുടെ ശ്രീയേശുവിജയ മഹാകാവ്യം പ്രസിദ്ധപ്പെടുത്തി. ആ വിഭാഗത്തിൽ പ്രഥമസ്ഥാനം ശ്രീയേശുവിജയം സമ്പാദിച്ചു. സാമാന്യം നല്ല പാണ്ഡിത്യവും അല്പമെങ്കിലും അലങ്കാരബോധവും സംസ്കൃതവൃത്തങ്ങളോടു കൂടുതൽ താല്പൎയ്യവും ഉണ്ടെങ്കിൽമാത്രമേ ആ മഹാകാവ്യം വായിച്ചു രസിക്കാനാവൂ. അത്രയും പ്രയാസംകൂടാതെതന്നെ സാധാരണ ജനങ്ങൾക്കു് പാടി രസിക്കാവുന്ന ഒരു മഹാകാവ്യമാണു വിശുദ്ധദീപം.

വിശുദ്ധദീപം മനോഹരമായ ഒരു ഗാനകാവ്യമാണു്. രാമായണം പാടിയ ഗാനഗന്ധർവ്വനായ തുഞ്ചത്താചാര്യനെ മാതൃകയാക്കി ശ്രീ മാത്തൻതരകൻ രചിച്ച ഈ മഹാകാവ്യം ബൈബിളിന്റെ ഭാരതീയമായ പുനരാഖ്യാനമാണെന്നു പറയാം. സന്ധ്യാദീപത്തോടൊപ്പം കേരളീയ ഗൃഹങ്ങളിൽ ഈ വിശുദ്ധദീപവും പ്രകാശിച്ചിരുന്നെങ്കിൽ ഏതു മലയാളിയും ഈ കഥാമൃതം ആസ്വദിക്കാതിരിക്കുകയില്ല. ഷഷ്ടിപൂൎത്തിയിലെത്തിയ ഈ കവിയുടെ നെടുനാളത്തെ ഏകാഗ്രമായ തപസ്യയുടെ ഫലമാണു് വിശുദ്ധദീപം.

മഹാകാവ്യരചന ക്ഷിപ്രസാദ്ധ്യമല്ല. അസാധാരണമായ കവിതാശക്തിയും അക്ഷീണമായ പ്രയത്നവും അതിനു കൂടിയേ കഴിയൂ. ഭാരതീയപുരാണങ്ങൾ ശ്രദ്ധിച്ചുപഠിച്ച പരിണതപ്രജ്ഞനായ ഒരു കവിയുടെ ആത്മചൈതന്യമാണു് വിശുദ്ധദീപത്തിനു പുറകിലുള്ളതു്. ഹൈന്ദവപുരാണകഥകളുടെ ഒരു പരിവേഷം ഈ ദീപത്തിനു ചുററും കാണാം.

രാമായണത്തിലെപ്പോലെ പല കാണ്ഡങ്ങളായി ഇതു് വിഭജിക്കപ്പെട്ടിരിക്കുന്നു. ഉദയകാണ്ഡം ആരംഭിക്കുന്നതു്

"അർക്കാദിഗ്രഹങ്ങളും താരകങ്ങളും മിന്നു-
മാനന്ദപ്രദമായ ലോകത്തിനപ്പുറം
സ്ഥലകാലവും ദ്രവ്യസഞ്ചയങ്ങളുംചേർന്നു-
വിലസും വിശാലമാം വിശ്വത്തിനപ്പുറം
ലോകലോചനങ്ങൾക്കു കാണുവാൻ കഴിയാതെ
ലോകത്തിൻതൂലികയ്ക്കുകുറിപ്പാൻ കെല്പില്ലാതെ
വിജയിക്കുന്നു സർവ്വമോഹനദിവ്യരാജ്യം
വിലയംപ്രാപിക്കാത്ത സ്വർഗ്ഗീയമഹാരാജ്യം.
സമസ്തലോകങ്ങളുമേതിൽനിന്നുളവായി
സമസ്തലോകങ്ങളുമേതിൽചെന്നണയുന്നു."

അതിൽ വിരാജിക്കുന്ന ആദ്യന്തവിഹീനവും അവ്യയവുമായ നാദബ്രഹ്മത്തെ പരാമർശിച്ചുകൊണ്ടാണു്.

വിശ്വസൗന്ദര്യസാരമൊക്കെയുമിണങ്ങിയ ഹവ്വ ആദാമിനോടൊന്നിച്ചു നിത്യസുന്ദരമായ ഏദൻതോട്ടത്തിൽ വസിച്ചുകൊണ്ടിരുന്നപ്പോൾ ദൈവത്തിൻെറ കല്പന ലംഘിച്ചു. അങ്ങനെ ആദ്യത്തെ പാപം ആരംഭിച്ചു. പിന്നീടുള്ള പ്രധാന കഥകളെല്ലാം സംഗ്രഹിച്ചിരിക്കുകയാണു്. ക്രിസ്തുവിൻെറ വംശാവലിചരിത്രവും അന്നത്തെ രാഷ്ട്രീയസ്ഥിതിയും പരാമർശിക്കപ്പെട്ടിട്ടുണ്ടു്. കവിയുടെ വർണ്ണനാവൈഭവം നിറഞ്ഞുനിൽക്കുന്ന രംഗമാണു് ദൈവപുത്രദർശനം.

അപ്പൊഴതങ്ങൊരു ഭൂധരപീഠത്തിൽ
ചിൽപ്രഭാനിർത്ധരി ദൃശ്യമായി
ഓരോരോദിക്കിലെക്കോലയും വാരിയും
മാറിപ്പുഴകിയ കാലിക്കൂട്ടിൽ
പൂർണ്ണസുധാകരബിംബോദയത്തിനാൽ
മിന്നും പൂർവ്വാമലശൈലംപോലെ

ശാന്തമായ് വാണൊരു ശ്രീമേരിദേവിതൻ
കാന്തമാമങ്കപ്പൂമെത്തതന്നിൽ
തൂമണംമായാത്തകല്പകവല്ലിയോ
താരിതംചിന്നിയ പൂവനമോ
ജീവിതയാത്രയിൽ നേർവഴി കാട്ടുന്ന
ഭാവുകദീപനികേതനമോ.
ത്യാഗമാംകോമളകൗശേയകേതനം
തൂക്കിയ ഗാംഗേയത്തൂമരമോ.

എന്നുതുടങ്ങിയ ദീർഘമായ വർണ്ണനയിൽ കവിയുടെ അനർഗ്ഗളമായ ഭാവനാപ്രവാഹം കാണാം.

വിശ്വദീപത്തിലെ ഭക്തിനിർഭരമായ സ്തോത്രങ്ങൾ:

നാദരൂപത്തിലാദിയിലംബര-
വീഥിയിങ്കൽ ലസിച്ച മഹാവിഭോ
സൃഷ്ടികൾക്കധിനാഥനാംമർത്ത്യനെ
വിഷ്ടപത്തിൽ പ്രതിഷ്ഠിച്ച സൽപ്രഭോ
വീഥിഹോത്രസ്വരൂപനായ്ക്കണ്ടക-
പാദപത്തിൽ പ്രകാശിച്ച നിർമ്മല
നിർമ്മലാംബുവും ദിവ്യമാമന്നവും
നൽകി രക്ഷിച്ച ചിന്മയപാഹിമാം.

ഇതു് ഹൈന്ദവേതരക്ക് പുതുമയായി തോന്നാനിടയുണ്ടു്. ഹൃദയത്തിൽ പൂർണ്ണമായി ലയിക്കുന്നതിന് ഗാനത്തിനുള്ള ശക്തി ഇവിടെ സ്പഷ്ടമാണു്. ക്രിസ്തുദേവൻെറ ദിവ്യാവതാരംമുതൽ സ്വർഗ്ഗാരോഹണംവരെയുള്ള ജീവിതാപദാനങ്ങൾ ഈ മഹാകാവ്യത്തിൽ പൂർണ്ണമായി ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു.

അഭിസാരികയായിരുന്ന മഗ്ദലനമറിയത്തിൻെറ ക്രിസ്തുസന്ദർശനവും പശ്ചാത്താപവും രണ്ടുമൂന്നു മഹാകവികൾ വർണ്ണനാവിഷയമാക്കിയിട്ടുള്ളതാണല്ലോ. ശ്രീ മാത്തൻതരകൻ നതോന്നതയിലാണു് ആ കഥ വർണ്ണിക്കുന്നതു്.

കീർത്തിയാളും നയിനെന്ന പത്തനത്തിനലങ്കാര
പൂർത്തിയെല്ലാമൊത്തുയർന്ന പത്തനമേകം
താരകനാഥനെത്തൻെറ താഴികപ്പൊൻകുടമാക്കി
താരകശ്രീമകുടമായ് സരസംചാർത്തി
തന്നണിഛാദനമെല്ലാമുന്നത നക്ഷത്ര നവ്യ
രത്നരാജിപതിച്ചേറെ മോടിയിലാക്കി

വിലസുന്ന ശീമോൻെറ മണിമന്ദിരം, ചന്ദ്രികാചർച്ചിതമായ അന്നാത്തെ രാത്രി, വാരനാരിയായ മറിയത്തിൻെറ ആഗമനം ഇവയെല്ലാം കവിയുടെ നിപുണമായ വർണ്ണനയ്ക്കു് വിഷയമായിട്ടുണ്ടു്.

കാലടികൾവരെ നീളും കാറണിക്കുന്തൽവിരിച്ചു
കാമുകബർഹിണങ്ങളെ നൃത്തമാടിച്ചും
പുഞ്ചിരിച്ചന്ദ്രിക വീശിത്തഞ്ചമോടെ മാമുനീന്ദ്ര
സഞ്ചയസാഗരംപോലും ചഞ്ചലിപ്പിച്ചും
പട്ടുടുത്തു തലമുടികെട്ടിലോമന്മലർ ചൂടി-
പ്പട്ടെതിർമേനിയിൽ തങ്കക്കട്ടികൾ ചാർത്തി"
മയ്യണിക്കൺകോണെറിഞ്ഞു.

പാരിലുള്ള പണക്കാർക്കു് പാതിവ്രത്യം വിററുവാണ അവൾ ക്രിസ്തുദേവൻെറ ദിവ്യവാണിയിൽ ആകൃഷ്ടയായി പശ്ചാത്താപാർദ്രമായ ഹൃദയത്തോടെ ശീമോൻെറ വീട്ടിൽ വന്നുചേരുന്നു. അവൾ ക്രിസ്തുദേവൻെറ അനുഗ്രഹം നേടി. ആ ദിവ്യോപദേശം കേട്ടു് വിശുദ്ധയായിത്തീർന്നു.

ബൈബിളിൽ വിവരിക്കപ്പെട്ടിട്ടുള്ള സംഭവങ്ങളെല്ലാംതന്നെ വിശപാദീപത്തിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. തത്ത്വോപദേശത്തിന്റെ ശുഷ്കത അനുഭവപ്പെടാതിരിക്കാൻ അതു് കാവ്യഭംഗിയിൽ കലർത്തി ഗാനാത്മകമായ രൂപത്തിൽ പകർന്നുതരികയാണു് ഈ കാവ്യത്തിൽ ശ്രീ: തരകൻ ചെയ്തിരിക്കുന്നതു്.

പ്രസിദ്ധമായ ഗിരിപ്രഭാഷണം ഗിരിഗീത എന്ന പേരിലാണ് വിശ്വദീപത്തിൽ പ്രത്യക്ഷപ്പെടുന്നതു്.

"ദക്ഷിണനേത്രം നിനക്കിടർച്ച വരുത്തുകിൽ
തൽക്ഷണം ചൂഴന്നെടുത്തെറിയുതദംഗത്തെ
പൂർണ്ണദേഹനായ് ചെന്നു ഭീകര രസാതലം
പൂകിടുവതേക്കാളുമേകാംഗനാശം ശ്രേഷ്ഠം"
ആത്മാവിൽ ദരിദ്രരെന്നറിവോർ ഭാഗ്യവാന്മാ-
രക്ഷയം സ്വർഗ്ഗരാജ്യമവർക്കുള്ളതാണെന്നും
ആർത്തരായ്ക്കഴിയുന്ന മാനവർ ഭാഗ്യവാന്മാ-
രാശ്വാസമവിതർക്കമവർക്കു ലഭിച്ചീടും.

ഈ ഭാഗങ്ങളിലെല്ലാം പ്രതിപാദ്യവസ്തുവിനുചിതമായ പ്രൗഢിയും ഓജസ്സും കവിതയിൽ തെളിഞ്ഞുകാണാം.

നമ്മുടെ സാഹിത്യത്തിൽ ഭാവഗാനങ്ങളും ഹ്രസ്വകവിതകളും ധാരാളമുണ്ടാകുന്നുണ്ടു്. കവിതാരംഗത്തു് നൂതനചൈതന്യധാരകൾ അപൂർവ്വമായിട്ടെങ്കിലും ഉണ്ടാകുന്നതിൽ നമുക്ക് അഭിമാനിക്കാം. പക്ഷേ മഹത്തായ ജീവിതഗാഥകൾ ഏതു യുഗത്തിലും മനുഷ്യമനസ്സിനെ ആകർഷിക്കാതിരിക്കുകയില്ല. വിശ്വദീപത്തെപ്പോലെയുള്ള മഹാകാവ്യങ്ങൾ എന്നും ഭാഷയ്ക്കു് ഭൂഷണമായിരിക്കും. ഈ വിശിഷ്ട കൃതിക്കും സുകൃതിയായ ഇതിന്റെ കർത്താവിനും സൽഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

# ഭാഷാവൃത്തങ്ങൾ.

— പി. കുഞ്ഞികൃഷ്ണമേനോൻ.

"ആർഭാടരഹിതമായജീവിതമാണ് കേരളീയക്ക പരിചിതം. കേരളഭാഷയിലും ആ സ്വഭാവം കാണുന്നുണ്ട്. ഭാഷാവൃത്തങ്ങളെ സംബന്ധിച്ചും ഇതാണ വാസ്തവം

"പ്രായേണ ഭാഷാവൃത്തങ്ങൾ
തമിഴിൻെറ വഴിക്കുതാൻ
അതിനാൽ ഗാനരീതിക്കു
ചേരുമീരടിയാണിഹ"

എന്ന ആമുഖത്തോടുകൂടിയാണ് രാജരാജവമ്മ വൃത്തമഞ്ജരിയിൽ ഭാഷാവൃത്തചർച്ചയാരംഭിക്കുന്നതു്. എന്താണ് ഈ തമിഴിൻെറ വഴി? ചുഴിഞ്ഞുനോക്കിയാൽ ഒന്നും കാണുകയില്ല. സംസ്കൃതത്തെപ്പോലെ ചതുഷ്പാദിയല്ലാ തമിഴ്പദ്യം. അതു് ഈരടിയാണ്. പൂർവ്വോത്തരാർത്ഥങ്ങൾ മുറിഞ്ഞു നില്ക്കണമെന്നില്ല. അന്വയം എവിടെവച്ചും പൂർത്തിയാക്കാം—ഈ പറഞ്ഞ മൂന്നു വ്യത്യാസങ്ങൾ സംസ്കൃതത്തെ അപേക്ഷിച്ചു തമിഴിലും, ഏറെക്കുറെ മലയാളത്തിലും കാണാം. ഏറെക്കുറെ എന്ന വാക്കു കീഴ്വരയിട്ടു പ്രയോഗിച്ചതിനും കാരണമുണ്ടു്. ഭാഷാവൃത്ത

ങ്ങളെല്ലാം ഈരടികളാണെന്നു തീർത്തു പറയാൻ ഇതുവരെ എനിക്കു ധൈര്യം മതിയായിട്ടില്ല. ഇന്നു് ഈരടികളായി തിരിച്ചിട്ടുള്ള വയിൽ പലതും ചതുഷ്പദിയാകുമ്പോഴാണു് ഗായകനാഗ്രഹി ക്കുന്ന ആരോഹണാവരോഹണക്രമം പൂർത്തിയാക്കാൻ സാധിക്കു ന്നതു് കാകളി, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊന കാകളി തരംഗിണി, നതോന്നത, മഞ്ജരി ആദിയായ പലവൃത്ത ങ്ങളും ഇങ്ങനെ നാലുകാലിൽ നിർത്താനാണു് ഗായകർ ഇഷ്ടപ്പെ ടുക. ഇരുപത്തിനാലുവൃത്തത്തിലെ എല്ലാ വൃത്തങ്ങളും ചതുഷ് പദികളാണെന്നു രാജരാജവർമ്മ സമ്മതിക്കുന്നുമുണ്ടു്. ഏതായാലും എവിടെവച്ചും നിർത്താവുന്ന തരത്തിലുള്ള ഈ ഗാനങ്ങൾക്കു് അടി കളുടെ കണക്കു തിട്ടപ്പെടുത്താൻ തെല്ലു പ്രയാസമുണ്ടു്. ആ വാദ ത്തിലേക്കു ഞാനിപ്പോൾ പ്രവേശിക്കുന്നില്ല.

*താളപ്രധാനമായ വ്യക്തിത്വം:*

ഇനി ഗുരുലഘുവ്യവസ്ഥകളുടെ കാര്യം നോക്കാം. സം സ്കൃതത്തിലെ ത്ര്യക്ഷരഗണസമ്പ്രദായമോ ചതുർമ്മാത്രഗണ സമ്പ്ര ദായമോ അല്ലാ മലയാളത്തിൽ. എന്നാൽ, തമിഴ്കവിഇലക്ക ണത്തിലെ നേരശ, നിരയശ എന്നിവയും നമുക്കു പററുന്നില്ല. നാം വർണ്ണസംഖ്യയിലോ മാത്രയിലോ നിയമം പാലിക്കുന്നുണ്ടെന്നാണു് രാജരാജവർമ്മയുടെ മതം. മാത്രകളെ മാത്രം പ്രമാണമാക്കി ഒട്ടേറെ വൈചിത്ര്യങ്ങളോടെ നൃത്തം ചെയ്യുന്നവയാണു് ഭാഷാഗാ നങ്ങളെന്ന ഉറച്ച വിശ്വാസക്കാരനാണു് ഞാൻ. ചുരുക്കിപ്പറ ഞ്ഞാൽ, “നില്ക്കയും വേണ്ടാരേടവും” എന്ന ഒരൊററക്കാര്യത്തി ലേ ഭാഷാഗാനങ്ങൾക്കു തമിഴിൻെറ വഴി കാണുന്നുള്ളു. അതെ ന്തിനു തമിഴിൻെറ വഴിയാക്കുന്നു? നമ്മുടെ വഴിയാക്കിയാൽ പോരേ?

ഇത്രയും പറഞ്ഞുവെച്ചതു മലയാളപദ്യങ്ങൾക്കു തമിഴി ൻേറതിൽ നിന്നു് തുലോം ഭിന്നമായ ഒരു വഴിയുണ്ടെന്നു വ്യക്തമാ ക്കുവാനാണു്. പദ്യത്തിൻെറ ഘടനാസ്വഭാവത്തിൽ സംസ്കൃത

ത്തിനോ തമിഴിനോ ഇല്ലാത്തതായ ചില പ്രത്യേകതകൾ നമുക്കുണ്ട്. അതിലാണ് ദ്രാവിഡ വൃത്തങ്ങളുടെ വ്യക്തിത്വം നിലനിൽക്കുന്നതു്. ഈ വ്യക്തിത്വമാകട്ടെ, അന്യാദൃശമായ താളവ്യവസ്ഥ കൊണ്ടു സിദ്ധിച്ചിട്ടുള്ള താൺതാനം.

*വ്യക്തിത്വത്തിൻെറ ഉറവിടം:*

താളപ്രധാനമായ ഈ വ്യക്തിത്വം എങ്ങനെയുണ്ടായി ഭാഷാവൃത്തങ്ങൾക്ക്? ഈ നാട്ടിലെ ജനങ്ങളുടെ അഭിരുചിയും ഭാഷയുടെ സ്വഭാവവും അതിൽ സാരമായ പങ്കു വഹിച്ചുകാണും. അതു തേടിപ്പിടിച്ചു് ഭാഷാവൃത്തങ്ങളുമായി തട്ടിച്ചുനോക്കാൻ എങ്ങോട്ടാണ് നാം ചെല്ലുക? അമ്മ കുട്ടിയെ കിടത്തീട്ടുള്ള തൊട്ടിലിനു സമീപം ചെല്ലാം. കരയുന്ന കുട്ടിയെ സാന്ത്വനപ്പെടുത്താനുപയോഗിക്കുന്ന വായ്ത്താരികളിലേക്കു കടന്നുചെല്ലാം. കുട്ടികൾ സംഘംചേർന്നു കളിക്കുമ്പോൾ ഉപയോഗിക്കുന്ന വായ്ത്താരികളിലേക്കു കടന്നുനോക്കാം. ഈ പറഞ്ഞവയിലെല്ലാം സമവിഭക്തങ്ങളായ മാത്രകളോടുകൂടിയതും അക്ലിഷ്ടവുമായ ഒരു താളക്രമമുണ്ടു് കേരളീയർ എത്രയൊക്കെ വൈദേശിക സ്വാധീനശക്തിക്കു വിധേയരായാലും തരക്കേടില്ല, അവരുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ അലയടിക്കുന്ന സംഗീതത്തിൻെറ സ്വഭാവം മേൽപ്പറഞ്ഞവയെ അനുകരിക്കുന്നവയായിരിക്കും.

1) ചാഞ്ചാടുണ്ണി ചാഞ്ചാടു്
ചാഞ്ചാടുണ്ണീ ചരിഞ്ഞാടു്

2) ഒന്നും ചുള്ളി, രണ്ടും ചുള്ളി,
മൂന്നും ചുള്ളി, നാലുംചുള്ളി
x x x x
എട്ടിൽക്കെട്ടോ, താമരമൊട്ടോ
വയ്ക്കത്തപ്പാ, നില്ലുട്ടെ.

3) കീരീ കീരീ കിണ്ണം താ
കിണ്ണത്തിലിട്ടു കിലുക്കിത്താ
കല്ലുംമുള്ളും നീക്കിത്താ
താ – താ – താ – താ.

4) കുറുക്കൻെറകുഞ്ഞേ
നിനക്കെന്തുദീനം
എനിക്കെൻെറചേട്ടാ
തലക്കുത്തും പനിയും
വെളുക്കുമ്പോഠം കുളിക്കണം
വെളുത്തമുണ്ടുടുക്കണം
വേലിക്കൽപതുങ്ങണം
കോഴിയെപ്പിടിക്കണം...

5) കാശി, കവിടി, ഇന്ദു, ശത്രു, പാൽ
6) അക്ക, ത്തുക്ക, ത്താണവ, തും കുത്തു്.

ഇങ്ങനെ പലവായ്ത്താരികളുംനമ്മുടെ അമ്മമാരും കുട്ടികളും ഉപയോഗിക്കുന്നുണ്ടു്. ഭാഷാവൃത്തങ്ങളുടെ ബീജം ഇവയിലൊക്കെ മങ്ങി മങ്ങി പ്രകാശിച്ചു കാണുന്നുണ്ടെന്നാണു് എൻെറ വിശ്വാസം.

*പഴഞ്ചൊല്ലിലും കടങ്കഥയിലും:*

വൃത്തഗവേഷകന്മാക്കു് മേൽപറഞ്ഞ വായ്ത്താരികളേക്കാഠം കൂടുതൽ പ്രയോജനപ്പെട്ടും കേരളത്തിലെ പഴഞ്ചൊല്ലുകളും കടങ്കഥകളും. ഭാഷാവൃത്തങ്ങഠംക്കു് പഴഞ്ചൊല്ലുകളോടും കടങ്കഥകളോടും കാണുന്ന സാദൃശ്യത്തിനുമൂന്നുതരം വ്യാഖ്യാനം കൊടുക്കാം.

1) അവ ഭാഷാവൃത്തങ്ങളുടെ മുന്നോടികളായി നിന്നു മാതൃക നല്കീട്ടുണ്ടാവാം.

2) ഭാഷാവൃത്തങ്ങളെ അനുകരിച്ചാവാം പഴഞ്ചൊല്ലുകളും കടങ്കഥകളും വാർത്തെടുത്തതു്.

3) മലയാളത്തിലെ നാടോടിപ്പാട്ടുകളുടെ വ്യക്തിത്വം പുലർത്തുന്ന പ്രത്യേകതകഠം സമാന്തരങ്ങളായും തമ്മിൽ അറിയാതെയും എല്ലാററിലും ഒരുപോലെ പ്രത്യക്ഷപ്പെട്ടതാണു്.

ഇതിൽ ഒന്നും രണ്ടും വാദങ്ങഠംക്കു തുല്യബലം നല്കാതെ നിവൃത്തിയില്ല. ഏതു ശരി ഏതു തെററു് എന്നു തീർപ്പു കല്പി

ക്കാൻ സാദ്ധ്യമല്ല. ഇവിടെ ഒരു വിധികല്പിക്കാൻ മുന്നോട്ടുവരേണ്ടതു ഭാഷാ ശാസ്ത്രജ്ഞന്മാരാണ്. പക്ഷെ, അവർക്കും അതു് എളുപ്പമാണെന്നു് തോന്നുന്നില്ല. "അണ്ടിയോ മാവോ മൂത്തതു്" എന്ന പ്രശ്നംപോലെ വട്ടം ചുററിക്കും അതു്. എളുപ്പത്തിൽ തലയൂരിപ്പോന്നു് മൂന്നാമത്തെ അഭിപ്രായത്തിനു സമ്മതം മൂളുന്നതാണ് ഏററവും സൗകര്യം.

എന്താണ് പഴഞ്ചൊല്ലുകളിലും കടങ്കഥകളിലും കാണുന്ന ഗാനബീജങ്ങൾ?

1) മിക്കവാറും സമവിഭക്തങ്ങളായ മാത്രകളോടുകൂടിയ അക്ലിഷ്ട താളക്രമം.

2) ഹൃദ്യമായ ശബ്ദാലങ്കാരം—ലീലാതിലകരീത്യാ പറഞ്ഞാൽ എതുകയും മോനയും.

ഇന്നു നടപ്പുള്ള പല ദ്രാവിഡഗാനങ്ങളുടേയും മാതൃകയിലുള്ള പഴഞ്ചൊല്ലുകളും കടങ്കഥകളും മലയാളത്തിലുണ്ട്. എല്ലാം ഉദ്ധരിക്കുന്നതു് ഈ ലേഖനത്തിൻെറ പരിധിയിൽ കവിഞ്ഞ പ്രയത്നമായിരിക്കും. പ്രസിദ്ധങ്ങളായ ഏതാനും വൃത്തങ്ങളോടു സാദൃശ്യം വഹിക്കുന്നവ മാത്രം ഇവിടെ ഉദ്ധരിക്കാം:

1) തരംഗിണി മാതൃകകൾ:

1) മെല്ലെത്തിന്നാൽ മുള്ളും തിന്നാം.

2) ആറുകവിഞ്ഞേ തോട്ടിൽപായൂ

3) അരണകടിച്ചാലുടനേ മരണം.

4) അരചൻവീണാൽ പടയുംതീരും.

5) ആട്ടംമുട്ട്യാൽ കൊട്ടതടത്തിൽ

6) അന്നവിചാരം മുന്നവിചാരം
പിന്നെവിചാരം കാര്യവിചാരം.

കടങ്കഥകൾ:

7) ഓടുംകുതിര ചാടുംകുതിര
വെള്ളംകണ്ടാൽ നിൽക്കും കുതിര.

8) അക്കരെനിൽക്കും കുട്ടിത്തമ്പി
ഇക്കരെനിൽക്കും കുട്ടിത്തമ്പി.

9) കുററിക്കാട്ടിൽ കുഞ്ഞിപ്പന്നി.

10) കൊട്ടാട്ടുണ്ടൊരു കുംബ്ലങ്ങാ
കൂട്ടിപ്പിടിക്കാൻ ഞെട്ടില്ല.

11) കണ്ണുംപൊട്ടിക്കയ്യുമൊടിഞ്ഞു.

12) ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ
വെള്ളിക്കിണ്ണംതുള്ളിത്തുള്ളി.

ഇങ്ങനെ ഉദ്ധരിക്കാൻ തുടങ്ങിയാൽ വളരെക്കാണും. പക്ഷേ, ഈ ലേഖനത്തിൽ ഇതുതന്നെ അധികമാണ്. "തരംഗിണി" വലിയൊരു വൃത്തകുടുംബത്തിന്റെ കാരണവനായതുകൊണ്ടാണ് ഇത്രയും ഉദാഹരണങ്ങൾ ഉദ്ധരിച്ചത്.

*കാകളി:*

തരംഗിണിയെക്കാൾ കുടുംബത്തിൽ മൂപ്പുസ്ഥാനം വഹിക്കുന്ന മുത്തശ്ശിയാണ് കാകളി. അക്ഷരക്കൂട്ടിൽനിന്നു പുറത്തുവിട്ടാൽ കാകളി, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, സ്രഗ്വിണി, അതിസമ്മത, ഭുജംഗപ്രയാതം, കല്യാണി, പര്യസ്തകാഞ്ചി, സ്തിമിതം, അതിസ്തിമിതം, സംപുടിതം എന്നീ പന്ത്രണ്ടു വൃത്തങ്ങൾക്കു പൊതുവെ ഒരൊററ ചട്ടക്കൂട്ടു മതിയാകാവുന്നതാണ്. ഒരേ താളക്രമത്തിൽ പഞ്ചമാത്രകങ്ങളായ നാലുഗണങ്ങളോടുകൂടിയ ഒരു പാദമാണ് ഇവയിലെല്ലാം കാണുന്നതു്. ഈ പഞ്ചമാത്രഗണങ്ങളെ അഞ്ചക്ഷരം കൊണ്ടോ, നാലക്ഷരം കൊണ്ടോ, മൂന്നക്ഷരം കൊണ്ടോ, രണ്ടക്ഷരം കൊണ്ടോ സാധിച്ചെന്നുവരും. അതിരുകടന്ന സ്വാതന്ത്ര്യത്തിനു മുതിരുമ്പോൾ ഒരക്ഷരം കൊണ്ടുപോലും പഞ്ചമാത്രഗണമുണ്ടാകും. ലഘു, ഗുരു എന്നിവയ്ക്കു പുറമെ പ്ലുതം, കാകപാദം എന്നീസ്വഭാവങ്ങൾകൂടി ദ്രാവിഡവർണ്ണങ്ങൾക്കനുവദിക്കണമെന്നു കുട്ടികൃഷ്ണമാരാർ പറയുന്നതിന്റെ കാരണം ഇതാണ്.

ഇനിമാതൃകയ്ക്കായി ഏതാനും പഴഞ്ചൊല്ലുകളും കടങ്കഥകളും ഉദ്ധരിക്കാം:

പഴഞ്ചൊല്ലുകൾ:

1) ഇമ്പം പെരുപ്പതു തുമ്പത്തിനായ് വരും.
2) ആയിരം/മാങ്ങയ്ക്കു/രപ്പൂള്ള/തേങ്ങാ
3) ഇല്ലത്തി/ല്ലെങ്കിൽ/കൊല്ലത്തു/മില്ലാ
4) അച്ചികു/ടിച്ചതേ/കുട്ടിക/ടിക്കൂ
5) ചാരത്തിൽ/പൂണ്ടോൻ/ചന്തയ്ക്കു/പോയി.
6) എണ്ണ/ക്കുപ്പിയിൽ/ഞാറപ്പ/ഴം—
7) ഇത്തിരി | ക്കുഞ്ഞൻ | കണ്ണേഴ | തീ—

രണ്ടാം ഉദാഹരണത്തിൽ കീഴ്‌വരയിട്ട "തേങ്ങാ" എന്ന പദം രണ്ടക്ഷരംകൊണ്ടു അഞ്ചുമാത്ര സാധിച്ചതിന് ഉദാഹരണമാണ്. മൂന്നാം ഉദാഹരണത്തിൽ ആദ്യഗണവും അന്ത്യഗണവും അത്തരത്തിൽപ്പെട്ടും. നാലാം ഉദാഹരണത്തിൽ അന്ത്യഗണത്തിൽമാത്രമേ രണ്ടക്ഷരമുള്ളു. അഞ്ചാം ഉദാഹരണത്തിൽ രണ്ടും നാലും ഗണങ്ങളിലാണ് ഈ വൈചിത്ര്യം. ആറും ഏഴും ഉദാഹരണത്തിൽ അന്ത്യഗണം ഏകാക്ഷരം കൊണ്ടും അഞ്ചുമാത്രവീതം സാധിച്ചിരിക്കുന്നു.

ചുരുക്കിപ്പിടിച്ച്, ആഭാടരഹിതമായ മിതജീവിതമാണ് കേരളീയർക്കു പരിചിതം. കേരളഭാഷയിലും ആ സ്വഭാവം കാണുന്നുണ്ടെന്നു ഭാഷാവിദഗ്ദ്ധന്മാർ പറയാറുണ്ട്. ഭാഷാവൃത്തങ്ങളെ സംബന്ധിച്ചും ഇതാണു വാസ്തവം. ഏകാക്ഷരംകൊണ്ടും ദ്വ്യക്ഷരംകൊണ്ടും മററും പഞ്ചമാത്ര ഗണങ്ങളുണ്ടാക്കുന്നതു് ഈ മിതമായ ശീലത്തിനുദാഹരണമാണ്. എന്നാൽ ആർഭാടത്തിന്റെ ഉച്ചകോടിയിലെത്തിയ സംസ്കൃതത്തിന്റെ കൂട്ടുപിടിച്ചു പാണ്ഡിത്യപ്രകടനത്തിനു മുതിർന്നതു മുതൽക്കാണ് പഞ്ചമാത്രഗണത്തിന് അഞ്ചക്ഷരംവരെ തന്നെയാകട്ടെ എന്നു തീരുമാനിച്ചതും ഒക്കെ ചിത്ര്യത്തിനുവേണ്ടി അക്ഷരങ്ങൾ കൂടുതലായിട്ടു പ്രയോഗിച്ചുതുടങ്ങിയതും.

*മററു ചില വൃത്തങ്ങൾ:*

പ്രധാനപ്പെട്ട രണ്ടു വൃത്തങ്ങൾ മുകളിൽ പറഞ്ഞു. മററു വൃത്തങ്ങൾക്കും ഇതുപോലെ മാതൃകകൾ കാണിക്കാൻ പ്രയാസമില്ല

"അച്ചിക്കു കൊഞ്ചു പക്ഷം
നായർക്കു ഇഞ്ചി പക്ഷം"

എന്നതു് അർദ്ധകേകയ്ക്കും,

"അടികഴിഞ്ഞിട്ടു വടിവെട്ടാൻ പോക"

എന്നതു് അന്നനടയ്ക്കും,

"അടിയോളം നന്നല്ലാ അണ്ണൻതമ്പി"

എന്നതു മാത്രാപ്രധാനമായ മഞ്ജരിയുടെ രണ്ടാം പാദത്തിനും"

"അമ്പലത്തിലെപ്പൂച്ച തേവരെപ്പേടിക്കുമോ"

എന്നതു കേകയ്ക്കും,

"ആടറിയുമോ, അങ്ങാടി വാണിഭം"

എന്നതു ദ്രുതകാകളിക്കും,

"കൊക്കിരിക്കും കുളം വററി വററി"

എന്നതു ശുദ്ധമായ മഞ്ജരിയുടെ രണ്ടാം പാദത്തിനും,

"അന്നു തീരാപ്പണികൊണ്ടു് അന്തിയാക്കരുതു്"

എന്നതു കുറത്തിപ്പാട്ടിനും,

"ഉടലുണ്ടു് | കുടലില്ലാ |, കയ്യുണ്ടു് | തലയില്ല | "

എന്നതു മാത്രാപ്രധാനമായ മഞ്ജരിയുടെ ഒന്നാം പാദത്തിനും മാതൃകയല്ലേ? ഇങ്ങനെ നോക്കാൻ തുടങ്ങിയാൽ മാതൃകകൾ എത്രവേണമെങ്കിലും കിട്ടും.

ഭാഷാവൃത്തഗവേഷകന്മാർ ഇത്തരം രംഗങ്ങളിലേക്കിറങ്ങിവരുന്നതു് അന്തസ്സിനു കുറവായിക്കരുതിയാൽ പററില്ല. നമ്മുടെ നാടോടിപ്പാട്ടുകളും, അവയിൽനിന്നു സംസ്കരിച്ചുണ്ടായ ദ്രാവിഡ വൃത്തങ്ങളും പുലർത്തുന്ന പ്രത്യേകതകൾക്കു് മാതൃക കാണിക്കാനുള്ള അമൂല്യനിധികളാണിവ.

—❀—

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഒരു ശിഷ്യൻെറ ഓമ്മകൾ.

— *മാമ്മൻഫിലിപ്പ് ബി. എസ്‌സി., ജെ. ഡി.*

"വിജ്ഞാനി വിനീതനാണു". അല്പജ്ഞാനി എല്ലാം അറിഞ്ഞുവെന്നഹങ്കരിക്കുമ്പോൾ യഥാർത്ഥ വിജ്ഞാനി പ്രപഞ്ചവിജ്ഞാനത്തിൻെറ ഒരു ഭാഗംപോലും താൻ അറിഞ്ഞിട്ടില്ലെന്നോർത്തു വിനീതനാകുന്നു. പ്രൊഫസ്സർ മാത്തൻതരകനിൽ ഈ വിജ്ഞാനിയെയാണു നാം കണ്ടുമുട്ടുക"

ഒത്ത ശരീരം. വെൺമയേറിയ നിറം. മന്ദസ്മിതം തുവുന്നതെങ്കിലും അല്പം ഗൗരവം കലർന്ന വീക്ഷണം ലളിതഭാഷണം. സ്വർണ്ണനിറമുള്ള തലമുടി. മാറിൽക്കൂടി ചുററിയിട്ടിരിക്കുന്ന ഷോൾ. ഒരു ഖദർവസ്ത്രധാരി. അതാണ് പ്രൊഫസ്സർ മാത്തൻതരകൻ.

ഭാരതീയാദർശങ്ങളിൽനിന്ന് ഉത്തേജനംനേടി, ജീവിതത്തെ തികച്ചും ഭാരതീയമാക്കിത്തീർക്കുവാനുള്ള ഒരു പ്രവണതയാണ് അദ്ദേഹത്തിനുള്ളതു്. ശാകുന്തളവും നളചരിതവും ഒക്കെ പഠിപ്പിക്കുമ്പോൾ, പൗരാണിക ഭാരതീയജീവിതത്തിൻെറ മഹ

ത്വത്തെപ്പററി പ്രതിപാദിക്കുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനാകും. അദ്ദേഹത്തിൻെറ ശാകുന്തളം ക്ലാസ്സുകൾ ഈ ലേഖകൻ പ്രത്യേകം ഓർക്കുന്നു. അനേകമാസങ്ങൾ തുടർച്ചയായുള്ള പ്രഭാഷണങ്ങൾക്കുശേഷമാണ് അദ്ദേഹം പുസ്തകത്തിലേക്കു കടക്കുക. പ്രസ്തുത പ്രഭാഷണങ്ങളിലൂടെ കാളിദാസപ്രതിഭയെ മാപനംചെയ്യുകയാണ് ആ പണ്ഡിതൻ. കാളിദാസൻെറ വ്യക്തിത്വം വിദ്യാർത്ഥിഹൃദയങ്ങളിലേക്കു പൂർണ്ണമായി പകർത്തിയശേഷമേ അദ്ദേഹം പുസ്തകത്തിലേക്കു കടക്കൂ. കഥാപാത്രങ്ങളുടെ സ്വഭാവങ്ങൾ അദ്ദേഹത്തിൻെറ മുഖഭാവംതന്നെ വിളിച്ചുപറയും. ഇടയ്ക്കിടയ്ക്ക് ഉതിരുന്ന അദ്ദേഹത്തിൻെറ ഫലിതങ്ങൾ വിദ്യാർത്ഥികൾക്ക് കാലമെത്ര കഴിഞ്ഞാലും മറക്കാനാവില്ല. ഒരു നല്ല നാടകം കാണുന്ന പ്രതീതിയാണ് പ്രൊഫസ്സർ മാത്തൻതരകൻെറ ക്ലാസ്സുകളിൽ ഇരുന്നാൽ. ക്ലാസ്സുകൾ തീരേണ്ട സമയമാകുമ്പോൾ മണി അടിക്കാതെയിരുന്നെങ്കിൽ എന്ന് ഈ ലേഖകൻ പലപ്പോഴും ആഗ്രഹിച്ചുപോയിട്ടുണ്ട്.

ക്ലാസ്സുമുറിയിൽ പ്രൗഢമായി സംസാരിക്കുന്ന പ്രൊഫസ്സറാണ് ശ്രീമാൻ മാത്തൻതരകനെങ്കിൽ വെളിയിൽ തൻെറ ഫലിതങ്ങളിലൂടെ പൊട്ടിച്ചിരിപ്പിക്കുന്ന ഒരു സംഭാഷണചതുരനാണ് അദ്ദേഹം. ഓരോ വിദ്യാർത്ഥിയുടേയും വ്യക്തിത്വത്തെ മനസ്സിലാക്കുവാനുള്ള അദ്ദേഹത്തിൻെറ കഴിവ് അസാധാരണമാണ്. “മററുള്ളവരെ ആദരിക്കുന്നവരാണ് യഥാർത്ഥത്തിൽ ആദരിക്കപ്പെടേണ്ടവർ” എന്ന് ഒരു ഇംഗ്ലീഷ് ചൊല്ലുണ്ട്. ശ്രീമാൻ മാത്തൻതരകനെ സംബന്ധിച്ചിടത്തോളം അതു് സാർത്ഥകമാണ്.

ഒരു സംഭവം ഓർമ്മയിൽവരുന്നു. ഞാൻ കാതോലിക്കേററു് കോളജ് വിദ്യാർത്ഥിയായിരുന്ന കാലത്താണ് കാതോലിക്കേററുകോളജിൽ മലയാള സമാജം ആരംഭിക്കുന്നത്. വെളിയിൽ നിന്നും സുപ്രസിദ്ധരായ ആരെയെങ്കിലും വരുത്തി മലയാളസമാജം ഉദ്ഘാടനം ചെയ്യിക്കണമെന്ന് അദ്ധ്യാപകർ അഭിപ്രായപ്പെട്ടു.

എന്നാൽ പ്രൊഫസ്സർ മാത്തൻതരകൻെറ അഭിപ്രായം അറിയണ്ടേ? കാതോലിക്കേററു കോളജിലെ പൗരസ്ത്യഭാഷാവകപ്പുകളുടെ അദ്ധ്യക്ഷനായിരുന്ന അദ്ദേഹം. ഏററം നവീനമായ ഒരഭിപ്രായം അദ്ദേഹം ആവിഷ്ക്കരിച്ചു. എല്ലാ പ്രസ്ഥാനങ്ങളും ഉദ്ഘാടനംചെയ്യാൻ പ്രസിദ്ധരായ മഹാന്മാരെ കൊണ്ടുവരാറുണ്ടു് ഉദ്ഘാടന സമ്മേളനവും സമാപനസമ്മേളനവും ഒന്നുതന്നെ ആകുകയാണു പതിവു്. മലയാളസമാജം അതിൽനിന്നു വ്യത്യസ്തമായിരിക്കണം. ഈ സമാജം ആർഭാടപൂർവ്വംതന്നെ ഉദ്ഘാടനം ചെയ്യണം. ഉദ്ഘാടനസമ്മേളനത്തോടുകൂടി കലാപരിപാടികളും ഉണ്ടായിരിക്കണം. എന്നാൽ നവീനരീതിയിൽ ആയിരിക്കണം ഉദ്ഘാടനം. ഉദ്ഘാടകൻ ഈ കലാശാലയിലെ ഒരു വിദ്യാത്ഥിയായിരിക്കണം. ആദ്ധ്യക്ഷം വഹിക്കുന്നതും ഒരു വിദ്യാർത്ഥിതന്നെ. സ്വാഗതവും കൃതജ്ഞതയും അദ്ധ്യാപകർ പറയണം. ഈ അഭിപ്രായം കാതോലിക്കേററു കോളജിൽ ഒരു കൊടുങ്കാററു സൃഷ്ടിച്ചു വിദ്യാർത്ഥികളിലെ വളരുവാനുള്ള കഴിവുകൾക്കു് വേണ്ട വികാസം നൽകുവാൻ ഇത്ര ഹൃദയപരമാത്ഥതയോടെ ചിന്തിക്കുന്ന മറെറാരു പ്രൊഫസ്സറെ ചൂണ്ടിക്കാണിക്കുവാൻ പ്രയാസമാണു്. മലയാളസമാജത്തിൻെറ ഉദ്ഘാടനം നടന്നു. ഗംഭീരമായിരുന്നു ആ സമ്മേളനം. ഈ ലേഖകൻ ആയിരുന്നു ഉദ്ഘാടകൻ. ശ്രീമാൻ ഉണ്ണിത്താൻ അദ്ധ്യക്ഷനും. ആൺകുട്ടികളും പെൺകുട്ടികളും പ്രസംഗിച്ചു. പ്രൊ: മാത്തൻതരകൻതന്നെ സ്വാഗതപ്രസംഗം നടത്തി.

മറെറാരു ഉദാഹരണംകൂടി. മലയാളസമാജത്തിൻെറ ചുമതലയിൽ ഒരു കാവ്യമേള നടത്തുവാൻ തീരുമാനിച്ചു. തുഞ്ചത്തെഴുത്തച്ഛൻമുതലുള്ള കേരളത്തിലെ പ്രഗത്ഭമതികളായ മഹാകവികളുടെ ഓരോ കവിത തെരഞ്ഞെടുത്തു. അവതാരകൻ കവിയെ പൊതുജനങ്ങൾക്കു പരിചയപ്പെടുത്തും. അതിനുശേഷം സംഗീതസാന്ദ്രമായി ആ കവിത അവതരിപ്പിക്കുകയായി, മനോഹരമായ സംഗീതോപകരണങ്ങളുടെ പശ്ചാത്തലത്തിൽ ആ മഹാകവികളുടെ കവിതാശകലങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളി

ലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കുള്ള വിശദീകരണങ്ങൾ കവിത പൂർണ്ണമായി മനസ്സിലാക്കുവാനും, കവിതയിലെ ആശയങ്ങളുടെ ഗാംഭീര്യം ശ്രോതാക്കളിലേക്കു പകരുന്നതിനും സഹായകമായിരുന്നു. ഈ കാവ്യമേളയിൽ ഏററം അവസാനമായി അവതരിപ്പിക്കുവാൻ പ്രൊ: മാത്തൻ തരകൻ ഈ ലേഖകന്റെ "ഉണരുന്ന കേരളം" എന്ന ഒരു കവിതയാണു് തെരഞ്ഞെടുത്തതു്, സാഹിത്യമണ്ഡലത്തിൽ ഒരു ബാലനായ എന്റെ കവിത എന്തിനു യുഗപ്രകാശകന്മാരായ മഹാകവികളുടെ ഈടുററ കവിതകൾ ആവിഷ്കരിക്കുന്ന കാവ്യമേളയിലേക്ക് തെരഞ്ഞെടുത്തു എന്ന് എനിക്ക് അതിശയം തോന്നി. ഞാൻ അതിനെപ്പററി അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹത്തിന്റെ ഉത്തരമോ? "നിങ്ങളിൽ ഒരു ചെറുശ്ശേരി വളരുന്നില്ലെന്നാരറിഞ്ഞു" എന്നായിരുന്നു.

പ്രൊ:മാത്തൻ തരകൻ ഒന്നാംകിടയിലുള്ള ഒരു സാഹിത്യകാരനാണു്. പ്രഗത്ഭമതിയായ ഒരു പ്രഭാഷകനാണു്. അചുംബിതാശയനായ ഒരു അദ്ധ്യാപകനാണു്. ഒരു കലാ പ്രേമിയാണു്. ത്യാഗശീലനായ ഒരു സാമൂഹ്യപ്രവത്തകനാണു്. അതോടൊപ്പം ഒരു തികഞ്ഞ സാധാരണക്കാരൻ. ഇൻഡ്യൻ പ്രസിഡന്റ് ഡോ: രാധാകൃഷ്ണന്റെ ചില വാക്കുകൾ ഓമ്മവരുന്നു. "മനുഷ്യനു് അജ്ഞാനത്തിൽനിന്നും അഹന്തയുണ്ടാകുന്നു. വിജ്ഞാനി വിനീതനാണു്. അല്പ ജ്ഞാനി എല്ലാം അറിഞ്ഞുവെന്നഹങ്കരിക്കുമ്പോൾ യഥാത്ഥ വിജ്ഞാനി പ്രപഞ്ചവിജ്ഞാനത്തിന്റെ ഒരു ഭാഗം പോലും താൻ അറിഞ്ഞിട്ടില്ലെന്നോർത്തു വിനീതനാകുന്നു.

പ്രൊഫ: മാത്തൻ തരകനിൽ വിനയ സമ്പന്നനായ ഒരു വിജ്ഞാനിയെയാണു നാം കണ്ടുമുട്ടുക.

# പ്രൊഫസർ തരകന്റെ ഗദ്യപ്രബന്ധങ്ങൾ.

— കെ. വി. ചാക്കോ എം. എ

"ഉപന്യാസരചന പലപ്പോഴും വിഷയപാരുഷ്യം, പാണ്ഡിത്യപ്രകടനവ്യഗ്രത മുതലായ ദോഷങ്ങൾ കൊണ്ട് അസുന്ദരമാകുകയാണു പതിവ്. പ്രൊ: മാത്തൻ തരകന്റെ ഉപന്യാസങ്ങൾ ഇതിനൊരപവാദമാണ്. ഉള്ളിൽ തട്ടിയ കാര്യങ്ങൾ അവക്രമമായി അനുക്രമമായി അവതരിപ്പിക്കുവാൻ അദ്ദേഹത്തിനുള്ള പ്രാഗത്ഭ്യം പ്രത്യേകം പ്രസ്താവ്യമാണ്."

കൈരളീ ഭക്തന്മാർക്ക് ആനന്ദപ്രദവും നസ്രാണി സമൂഹത്തിനാകെ അഭിമാനകരവുമായ ഒരു നാമധേയമാണ് സരസഗായക കവിമണി പ്രൊഫസ്സർ പുത്തൻകാവു മാത്തൻ തരകൻ. സാഹിത്യപരവും വൈജ്ഞാനികവുമായ മണ്ഡലങ്ങളിൽ അദ്ധ്യാപികാര്യക്ഷമമായി പ്രവർത്തിച്ച സുദീർഘവും ശാലീനവുമായ ഒരു ജീവിതത്തിന്റെ ഉടമസ്ഥനായ അദ്ദേഹം ഈശ്വരദത്തമായ നിരവധി സിദ്ധിവിശേഷങ്ങളാൽ അനുഗ്രഹീതനായ ഒരു മഹൽവ്യക്തി

യാണ്: പുണ്യശ്ലോകനായ മാർ പീലക്സീനോസ് തിരുമേനിയുടെ ജന്മസ്ഥലവും അന്ത്യവിശ്രമസ്ഥലവുമെന്ന നിലയിൽ പരിപാവനവും പമ്പയാററിലെ കരം കളിർപ്പിക്കുന്ന ജലബിന്ദുക്കളുടെ പുണ്യസ്പർശത്താൽ പ്രതിഭാ പ്രഫുല്ലവുമായ പുത്തൻകാവെന്ന് സ്ഥലനാമം കഥാ നായകൻെറ പേരിനെ ശ്രവണസുന്ദരം മാത്രമല്ല അനപത്ഥവുമാക്കുന്നു.

"ഗദ്യം കവീനാം നികഷം വദന്തി" എന്നൊരു ചൊല്ലുണ്ട്. മലയാളത്തിലെ ഗദ്യപദ്യശാഖക്കാർക്കൊന്നുപോലെ ഇഷ്ടററ സംഭാവനകൾ നൽകിയ പ്രൊഫസ്സർ മാത്തൻ തരകനെ സംബന്ധിച്ചിടത്തോളം ഇതന്വർത്ഥമാണ്. മലയാളത്തിൽ ഇന്നും വികാസം പ്രാപിച്ചിട്ടില്ലാത്ത ഉപന്യാസശാഖയ്ക്ക് അദ്ദേഹത്തിൽനിന്നു ലഭിച്ച രണ്ടു മികച്ച സംഭാവനകളാണ് "സാഹിത്യവേദി"യും "സാഹിത്യസോപാന"വും

മനസ്സിൻെറ ക്രമസലില്ലാത്ത കുതിപ്പ് എന്നു് ഉപന്യാസത്തെ ഡോ: ജോൺസൺ നിർവ്വചിച്ചിട്ടുള്ളതു് പ്രൊഫസ്സർ മാത്തൻ തരകൻെറ ഉപന്യാസങ്ങൾക്കു ശരിക്കും യോജിക്കുന്നുണ്ട്. സംസ്കൃതമാതൃകയിലുള്ള രചനാ നിബന്ധനകളാൽ ബന്ധിതരായ മലയാളികൾ സാങ്കേതിക മുറകൾ സന്നിവേശിപ്പിച്ചു് സമാരംഭിക്കുന്ന ഉപന്യാസ രചന പലപ്പോഴും വിഷയത്തിൻെറ പാരുഷ്യം, പാണ്ഡിത്യപ്രകടന വ്യഗ്രത മുതലായ ദോഷങ്ങൾ കൊണ്ടു് അസുന്ദരമാകുകയാണ് പതിവു്. ഇതിനൊരപവാദമാണ് പ്രൊഫസ്സർ മാത്തൻതരകൻെറ ഉപന്യാസങ്ങൾ. ഉള്ളിൽ തട്ടിയ കാര്യങ്ങൾ ക്രമസലില്ലാതെ അവക്രമമായി അനുക്രമമായി അവതരിപ്പിക്കുവാൻ അദ്ദേഹത്തിനുള്ള പ്രാഗത്ഭ്യം പ്രത്യേകം പ്രസ്താവ്യമാണ്.

"സമുദ്രത്തെക്കാൾ പരപ്പുംആഴവുമേറുന്ന സാഹിത്യമണ്ഡലത്തിൽ സ്വച്ഛന്ദം വിഹരിക്കാവുന്ന മാർഗ്ഗങ്ങൾ വളരെയുണ്ട്. സദസ്യരാകുന്ന യാത്രികരെ ആശങ്കാകുലരാക്കാതെ വൈഷമ്യം കുറഞ്ഞ മാർഗ്ഗങ്ങളിൽക്കൂടി ലക്ഷ്യസ്ഥാനത്തു് എത്തിക്കുവാൻവേണ്ടി

പരിശ്രമിച്ചിട്ടുണ്ട്." പ്രൊഫസ്സർ മാത്തൻതരകൻെറ ഈ പ്രസ്താവന അയഥാൎത്ഥമല്ലെന്ന് സാഹിത്യവേദിയുടെ ഉള്ളടക്കം സമൎത്ഥിക്കുന്നു.

*പണ്ഡിതോചിതമായ പ്രതിപാദനം:*

പണ്ഡിതോചിതമായ വിഷയപ്രതിപാദനമാണ് ഈ പ്രബന്ധങ്ങളുടെ ഏററവും ശ്രദ്ധേയമായ സവിശേഷത. മധുരോദാരമായ ആശയങ്ങളുടെ അനുക്രമമായ ആവിഷ്ക്കരണം പാമരന്മാൎക്കുപോലും അവ ഹൃദ്യമാക്കുവാൻ ഉപകരിക്കുന്നു. "സാഹിത്യവേദി"യിലെ "കവിത" എന്ന പ്രഥമ പ്രബന്ധം ഇതു വ്യക്തമാക്കുന്നു. സുശക്തമായ മനോവികാരംനിമിത്തം വന്നുചേരുന്ന ചലനവ്യതിയാനം കാവ്യകലയ്ക്കു് അനുകൂലതരമായ പശ്ചാത്തലമാണ്. ആദികവിയായ വാത്മീകിയുടെ ഹൃദയത്തെ മഥിച്ച ശോകാവേഗം കവികൎമ്മത്തിനു നൽകിയ സംഭാവനയത്രേ. നിഷ്ക്കളങ്ക സൗന്ദൎയ്യം ചായം പൂശുന്ന ദൃശ്യം കവിതയുടെ അവിഭാജ്യഘടകമാകുന്നതെങ്ങനെയെന്ന് പ്രസ്തുത പ്രബന്ധത്തിൽ ഭംഗ്യന്തരേണ സമൎത്ഥിക്കുവാൻ കവി ചെയ്തിരിക്കുന്ന ശ്രമം അഭിനന്ദനീയംതന്നെ.

"അടുപ്പിൽ പാകം ചെയ്തെടുത്ത ഒരു മധുരപലഹാരം ഗൃഹനായിക ഭൎത്താവിനും കുഞ്ഞുങ്ങൾക്കും ശുദ്ധിയുള്ള പാത്രങ്ങളിൽവച്ചു് കൊടുക്കുന്നതുപോലെ കവി തൻെറ ഉള്ളിലുണ്ടാകുന്ന വികാരങ്ങളെ ഉചിതങ്ങളായ പശ്ചാത്തലങ്ങളിൽവച്ചു് സമൎപ്പിച്ചാണ് അനുവാചകൎക്കു് പ്രദാനം ചെയ്യുന്നതു്." മനോജ്ഞമായ ഈ ഉപമയിലൂടെ ഉൽകൃഷ്ടമായ ഒരു വിഷയത്തിൻെറ അയത്നമധുരമായ അവതരണം ഉത്തേജകമായ രീതിയിൽ നിൎവ്വഹിച്ചിരിക്കുന്നതു് സാഹിത്യപിപഠിഷുക്കൾ അനായാസേന ഗ്രഹിക്കുമെന്നുള്ളതു് ഒരു യാഥാൎത്ഥ്യമാണ്. സാഹിത്യപരിശീലനവും സ്വഭാവരൂപവൽക്കരണവും, കവിതയിലെ ദേശീയബോധം, സദ്ഗ്രന്ഥപരിഗ്രഹണം എന്നീ ഉപന്യാസങ്ങൾ അത്യന്തം രമണീയങ്ങളായിരിക്കുന്നു.

**അമൂല്യമായ ഉപദേശങ്ങൾ:**

സാഹിത്യപരിശീലനവും സ്വഭാവരൂപവൽക്കരണവും അമൂല്യമായ ഉപദേശങ്ങളുടെ കേദാരമാണ്. ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും. ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ ആദ്ധ്യാത്മിക പുരുഷന്മാരെ ലോകാരാദ്ധ്യരായി ഉയത്തിക്കാണിക്കുവാൻ സാഹിത്യം ചെയ്തിരിക്കുന്ന പരിശ്രമം എത്ര ഉദാത്തമാണ്. രാമായണവും ഭാരതവും എഴുതപ്പെട്ടില്ലായിരുന്നുവെങ്കിൽ ഈ അവതാരപുരുഷന്മാരെപ്പററിലോകം എങ്ങനെ അറിയുമായിരുന്നു! കവിയുടെ രാജതുല്യമായ സ്ഥാനത്തെപ്പററി ആനന്ദവർദ്ധനന്റെ അഭിപ്രായം പ്രത്യേകം ശ്രദ്ധേയമാണ്.

"അപാരേ കാവ്യ സംസാരേ-കവിരേവ പ്രജാപതി
യഥാസ്മൈ,രോചതേ വിശ്വം-തഥേദം പരിവത്തതേ.

കാവ്യലോകത്തിലെ സൃഷ്ടികത്താവായ കവി എങ്ങനെ അഭിപ്രായപ്പെടുന്നുവോ അങ്ങനെ ലോകം ആയിത്തീരുന്നു"

സ്വഭാവ പരിശീലനത്തിനു സഹായകമായ നിരവധി രംഗങ്ങൾ രാമായണാദിഗ്രന്ഥങ്ങളിൽനിന്നുദ്ധരിച്ചിരിക്കുന്നതു്. ഏതു വിഷയത്തിൽ കവിതയ്ക്കുള്ള അപ്രതിഹതമായ സ്ഥാനത്തെ വ്യക്തമാക്കുന്നു. "ദശരഥനെപ്പോലെ പുത്രവാത്സല്യവും രാമനെപ്പോലെ പിതൃഭക്തിയും സീതയെപ്പോലെ ഭർത്തൃഭക്തിയും ലക്ഷ്മണനെപ്പോലെ സഹോദരസ്നേഹവും ഹനുമാനെപ്പോലെ സ്വാമിഭക്തിയും തികഞ്ഞ വ്യക്തികൾ ലോകത്തിൽ ജനിച്ചിട്ടില്ല. രാമായണപാരായണം രാമനെപ്പോലെ മാതാപിതാക്കന്മാരെ അനുസരിക്കുന്നതിനും ലക്ഷ്മണനെപ്പോലെ സഹോദരന്മാരെ സ്നേഹിക്കുന്നതിനും ഹനുമാനെപ്പോലെ യജമാനന്മാരെ സേവിക്കുന്നതിനും സീതയെപ്പോലെ ഭത്താക്കന്മാരെ പൂജിക്കുന്നതിനും. മനുഷ്യവർഗ്ഗത്തെ പ്രേരിപ്പിക്കുന്നു സത്യവും അസത്യവും നീതിയും അനീതിയും ശിഷ്ടതയും ദുഷ്ടതയും തമ്മിലുള്ള പോരാട്ടമാണ് മഹാഭാരതത്തിൽ ആദ്യവസാനം കാണുന്നതു്. അവസാനംസത്യവും,നീതിയും,ധമ്മവും

വും പരിപൂർണ്ണ വിജയം കൈവരിക്കുകയും അസത്യവും അനീതി യും ദുഷ്ടതയും ഒന്നോടെ നശിക്കുകയും ചെയ്യുമെന്നുള്ള തത്വം അനുവാചകർ മനസ്സിലാക്കുവാൻ സാധിക്കുന്നു"

ലോകോത്തരമായ ശാകുന്തളം നാടകത്തിന്റെ സാഹിത്യ പരമായ മേന്മയെപ്പററി പ്രതിപാദിക്കുന്ന പ്രകൃതത്തിൽ "ബ്രഹ്മച ര്യം പ്രകാശം വീശിക്കൊണ്ടിരുന്ന ആ ആശ്രമത്തെ അവരം ഒരു പ്രണയനാടകത്തിന്റെ അഭിനയപീഠമായി മാററി. ആശ്രമ ത്തിൽനിന്നു പിരിഞ്ഞുപോയ ദുഷ്യന്തനെക്കുറിച്ചുള്ള ചിന്തകൊണ്ടു് ആശ്രമത്തിൽ പ്രവേശിച്ച ദിവ്യാതിഥിയെ അവരം കണ്ടില്ല. അ ഭ്യേഹത്തെ അവരം ബഹുമാനിച്ചില്ല, അതോടുകൂടി അവരം ശാപ ഗ്രസ്തയായി പരിപൂർണ്ണ ഗർഭിണിയായ അവളെ അച്ഛൻ ഭർത്തൃ ഗൃഹത്തിലേയ്ക്കയച്ചു. യാത്രാമദ്ധ്യേ അവളുടെ അടയാളമോതിരം വെള്ളത്തിൽപോയി. ദുഷ്യന്തൻ അവളെ വ്യഭിചാരിണി എന്നു മുദ്രയടിച്ചു പുറന്തള്ളി. ദുഃഖമായ വേദനയോടുകൂടി കാശ്യപാ ശ്രമത്തിൽ ഒരമ്മയായി ജീവിച്ചു ആരോടും ആലോചിക്കാതെ കാമോന്മത്തയായി പരിപാവനമായ ആശ്രമത്തിൽവച്ചു് അഭിന യിച്ച, പ്രണയനാടകത്തിനു തക്ക ശിക്ഷ അവരം അനുഭവിച്ചു ദുർവാസാവു മഹർഷിയുടെ ശാപം നിമിത്തം അവളുടെ ഭർത്താവു് അവളെ വിസ്മരിച്ചു, തിരസ്ക്കരിച്ചു. രണ്ടുപേർകൂടിച്ചെയ്ത പാപകർമ്മത്തിന്റെ ഫലം ഒരാരംതന്നെയല്ല അനുഭവിച്ചതു്."

സാഹിത്യം സ്വഭാവപരശീലനവിഷയത്തിൽ എത്രകണ്ടു് സഹായകമാണെന്നു് ഈ വിശദീകരണം തികച്ചും സുവ്യക്തമാ ക്കുന്നുണ്ടു്.

*സാഹിത്യവും സൗന്ദര്യവും:*

സാഹിത്യവും സൗന്ദര്യവും തമ്മിലുള്ള അഭേദ്യമായബന്ധം സോദാഹരണം വിവരിക്കുന്ന ലേഖകൻ ഉദ്ധരിച്ചിട്ടുള്ള സൽക്കാവ്യ ചിത്രീകരണങ്ങരം സാഹിത്യവിദ്യാർത്ഥികരം പ്രത്യേകം അഭ്യസി ച്ചിരിക്കേണ്ടവയാണു്. വികാരാംശത്തിനുള്ള അദ്വിതീയസ്ഥാനം

അഞ്ചാമത്തെ പ്രബന്ധത്തിൽ ആകർഷകമായവിധം വർണ്ണിച്ചിരിക്കുന്നു. കവിതയിലെ ദേശീയബോധം ദേശാഭിമാന പ്രചോദിതമായ ഒരു ജനസമൂഹത്തെ രൂപപ്പെടുത്തുന്നതിൽ പ്രതിജ്ഞാബദ്ധമായ ഹൃദയത്തിൻെറ പ്രതിഫലനംതന്നെയാണ്.

സാഹിത്യസോപാനമെന്ന ഗ്രന്ഥത്തിൽഭാഷയുംഅതിന്റെ ഉല്പത്തിയും, ഭാഷയും ലിപിയും, മനുഷ്യന്റെ പരിഷ്കാരവും സംസ്കാരവും, സുന്ദരകലകൾ, സാഹിത്യം, നാടകം, കാവ്യവിഭാഗം എന്നിങ്ങനെ അവശ്യജ്ഞേയങ്ങളായ സാഹിത്യത്തിൻെറ ഏഴ് പ്രാഥമിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള ലളിത ലേഖനങ്ങളാണ് ഉള്ളത്. ഗ്രന്ഥകാരൻെറ സഹജമായ ശൈലിവിശേഷവും ആശയാവിഷ്കരണരീതിയും മൗലികപ്രധാനങ്ങളായ സാഹിത്യസാങ്കേതിക നിയമങ്ങളിലുള്ള അന്യാദൃശ്യമായ വൈദഗ്ദ്ധ്യവും പ്രകടമാക്കുന്നവയാണ് പ്രസ്തുത പ്രബന്ധങ്ങൾ എന്നു പറയുന്നതിൽ പക്ഷാന്തരത്തിനിടയില്ല.

— ❀ —

# മൂന്നു ഡയറികൾ.

— എം. ഒ. ജോസഫ്, നെടുങ്കുന്നം.

ആത്മകഥയുടെ സാരള്യവും ചരിത്രത്തിൻെറ ഗൗരവവും ഒത്തിണങ്ങിയവയാണ് ഡയറിക്കുറിപ്പുകൾ. പത്തൊൻപതാം നൂററാണ്ടിലെ കേരളചരിത്രത്തിലേയ്ക്കുള്ള വളരെയേറെ വെളിച്ചം വീശുന്ന മൂന്നു ഡയറികളെപ്പററി ഇവിടെ ഉപന്യസിക്കുന്നു.

സ്വന്തം നേട്ടങ്ങളിൽ അതിരുവിട്ട് അഭിമാനിക്കുകയോ ആത്മപ്രശംസ നടത്തുകയൊ ചെയ്യുന്ന ഒരു ശീലം ഭാരതീയർക്കുണ്ടായിരുന്നില്ല. അതുകൊണ്ടായിരിക്കാം സംഭവങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്ന ഒരു പാരമ്പര്യം നമ്മുടെ പൂർവ്വികർക്കില്ലാതിരുന്നതു്. ആത്മകഥ എഴുതുന്നതു് ഒരു പോരായ്കയായി അവർ കരുതിയിരുന്നോയെന്നും സംശയിക്കണം. പാശ്ചാത്യ ചിന്താഗതിയുമായുള്ള സമ്പർക്കത്തിനുശേഷമേ ചരിത്രത്തിൻെറയും ആത്മകഥയുടെയും രംഗങ്ങളിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള ഒരു പ്രചോദനം നമുക്കുണ്ടായിട്ടുള്ളു. അതും കഴിഞ്ഞ ഒരു നൂറുകൊല്ലത്തിനിപ്പുറത്തു്.

ദേശചരിത്രം സംബന്ധിച്ച പല പ്രസിദ്ധീകരണങ്ങളും ഇക്കാലത്തുണ്ടായിട്ടുണ്ടെന്ന സമ്മതിക്കണം. പക്ഷെ ചരിത്രത്തെ ഒരു ശാസ്ത്രീയ മനഃസ്ഥിതിയോടുകൂടിവീക്ഷിക്കുകയും, അറിയപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിൽ സംഭവങ്ങൾ യഥാതഥം വിവരിക്കുകയും ചെയ്യുന്ന ചരിത്രകൃതികൾ വളരെയൊന്നും നമ്മുടെ ഇടയിൽ ഉണ്ടായിട്ടില്ല. കൊച്ചിരാജ്യചരിത്രമെഴുതിയ കെ. പി. പത്മനാഭമേനോൻ ആ രംഗത്ത് ഇന്നും അപ്രതിദ്വന്ദിയായി നിലകൊള്ളുകയാണ്. ഇളംകുളം കുഞ്ഞൻപിള്ള, കെ. എം. പണിക്കർ, കെ. ദാമോദരൻ തുടങ്ങിയുള്ള ചുരുക്കം ചിലരുടെ യത്നങ്ങളെ വിസ്മരിക്കുന്നില്ല. പാഠ്യപുസ്തകങ്ങളാക്കുന്നതിനുവേണ്ടിയൊ സ്വന്തസമുദായത്തിൻെറയൊ ദേശവിഭാഗത്തിൻെറയൊ മേന്മ പ്രകീർത്തിക്കുന്നതിനുവേണ്ടിയോ "നിർമ്മിക്ക"പ്പെട്ട ചരിത്രഗ്രന്ഥങ്ങളെ ഇവിടെ കണക്കിലെടുത്തിട്ടില്ല.

ആത്മകഥയുടെ കാര്യവും ഇതിൽനിന്നു ഭിന്നമല്ല. പാച്ചുമൂത്തത് ആണ് ആദ്യത്തെ ആത്മകഥാകൃത്തെന്നു പറയപ്പെടുന്നു. എന്നാൽ ആദ്യം പ്രസിദ്ധപ്പെടുത്തിയ ശ്രദ്ധേയമായ ആത്മകഥ— ശ്രീമതി ബി. കല്യാണിയമ്മയുടെ വ്യാഴവട്ട സ്മരണകളാണ്. പി. കെ. നാരായണപിള്ള, ഇ. വി. കൃഷ്ണപിള്ള, കെ. എം. പണിക്കർ, കെ. പി. കേശവമേനോൻ; ജോസഫ് മുണ്ടശ്ശേരി, പുത്തേഴത്തു രാമമേനോൻ മുതലായവർ ഈ രംഗത്തു സാമർത്ഥ്യപൂർവ്വം പ്രവർത്തിച്ചിട്ടുള്ളവരാണ്

ആത്മകഥയുടെ സാരള്യവും, ചരിത്രത്തിൻെറ ഗൗരവവും ഒത്തിണങ്ങിയ ഒന്നാണ് ഡയറിക്കുറിപ്പുകൾ. ഇക്കാലത്തു ഡയറി എഴുതുന്നവർ ധാരാളം കാണും. അവയിൽ പലതും വിരസങ്ങളായ ഓർമ്മക്കുറിപ്പുകളൊ കച്ചവടക്കണക്കുകളൊ ആയിരിക്കാമെന്നിരുന്നാൽ തന്നെ, സാഹിത്യത്തറവാട്ടിൽ കയററിയിരുത്താവുന്ന ചിലതെങ്കിലും അവയിൽ കാണുമെന്നു തീർച്ചയാണ്. സത്യസന്ധമായി രേഖപ്പെടുത്തിയിട്ടുള്ളതാണെങ്കി അത്തരം ഡയ

റികൾ സാഹിത്യത്തിനും ചരിത്രത്തിനും ഒന്നുപോലെ നേട്ടങ്ങളായിരിക്കുമെന്നതിനു തർക്കമില്ല.

മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള മൂന്നു ഡയറികളെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നതു്. ഇവ എഴുതപ്പെട്ട കാലത്തു് ഡയറി എഴുത്തു കേരളത്തിൽ സാധാരണമായിരുന്നില്ല. പില്ക്കാലത്തു് ഒരു ചരിത്ര രേഖയായി തീരണമെന്നു കരുതി എഴുതപ്പെട്ടതുമല്ലാ അവ. എന്തോ ഭാഗ്യംകൊണ്ടു നഷ്ടപ്പെടാതിരുന്നതിനാൽ അവ നമുക്കു ലഭിച്ചിരിക്കുന്നു വെന്നുമാത്രം. ഇവ അച്ചടിച്ചിട്ടില്ല; ഇന്നും കയ്യെഴുത്തുപ്രതികളായി കിടക്കുകയാണ്. സാഹിത്യപരമായും ചരിത്രസംബന്ധമായും വളരെയേറെ പ്രാധാന്യമർഹിക്കുന്ന കൃതികളാണിവയെന്നതിനു തർക്കമില്ല.

*ചാവറയച്ചന്റെ നാളാഗമം:*

മാന്നാനത്തെകർമ്മലീത്താ.സന്യാസ സഭയുടെ സ്ഥാപകനും ആദ്യത്തെ പ്രിയോരും മഹാപണ്ഡിതനുമായ ഒരു വൈദികനായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ. 1805 ഫെബ്രുവരി 8-ാംതീയതി ജനിച്ച അദ്ദേഹം 1871 ജനുവരി 3-ാം തീയതി നിര്യാതനായി. "തിരുവിതാംകൂർ സംസ്ഥാനത്തെ മന്ത്രിയായിട്ടു ദിവാൻ മാധവറാവുവും, ക്രിസ്ത്യാനികളുടെ മേല്പട്ടക്കാരനായിട്ടു വരാപ്പുഴ ബെർണ്ണാർദീനും, മലയാളത്തിന്റെമല്പാനും വികാരി ജനറാളും ഗൊവേന്തകളുടെ പ്രിയോരുമായിട്ടു ചാവറ കുര്യാക്കോസ് മല്പാനും, ഇങ്ങനെ ഈ മൂന്നുപേരുടെകാലം ഒന്നിച്ചു മലയാളത്തിനു ഉണ്ടായ നാളുകളിൽ എത്രയോ ഭാഗ്യം മലയാളം അനുഭവിച്ചു എന്നു് എന്റെ തൂവലിനു് എഴുതിക്കാണിപ്പാൻ വശമില്ല" എന്നാണ്സമകാലികനായ ഒരുപണ്ഡിതൻരേഖപ്പെടുത്തിയിരിക്കുന്നതു്.

ചാവറയച്ചന്റെ ഗദ്യകൃതികളിൽ സർവ്വപ്രധാനമായതാണ് "നാളാഗമം ഒന്നും രണ്ടും ഭാഗങ്ങൾ" ആത്മ കഥയെന്നതുപോലെതന്നെ മലങ്കരസഭയുടെ വിസ്തൃതമായ ഒരു സമകാലിക ചരിത്രവുമാണിതു്. 1829 മുതൽ 1855 വരെയുള്ള കാലത്തെ

സംഭവങ്ങൾ ഒന്നാംഭാഗത്തിലും, 1855 മുതൽ 1870 വരെയുള്ള കാലത്തെ സംഭവങ്ങൾ രണ്ടാം ഭാഗത്തിലും വിവരിച്ചിരിക്കുന്നു.

"സംഭവങ്ങളുടെ സൂക്ഷ്മാംശങ്ങളെ പാരുഷ്യം കലരാത്ത നിഷ്പക്ഷബുദ്ധിയോടുകൂടി ഈ നാളാഗമത്തിൽ ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന് ഇടപെടേണ്ടിവന്നിട്ടുള്ള വ്യക്തികളുടെ ആകൃതിയും പ്രകൃതിയും ഭാവങ്ങളും അനുകമ്പാനിർഭരമായ വിമർശനപാടവത്തോടും വേണ്ടയിടങ്ങളിൽ ആസ്വാദ്യകരമായ ഫലിതരസത്തോടുംകൂടി നാളാഗമത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ലഘുവായ പദങ്ങൾകൊണ്ടും കൊച്ചുകൊച്ചു വാചകങ്ങൾകൊണ്ടും യാഥാർത്ഥ്യബോധം ജനിപ്പിക്കത്തക്ക തൂലികാചിത്രങ്ങൾ രചിക്കുന്നതിലും അച്ചൻ പ്രവീണനായിരുന്നു" എന്നാണ് ഒരു ചരിത്രകാരൻ പ്രസ്താവിക്കുന്നത്.

രചനാരീതി കാണിക്കുവാൻ ഒരു ചെറിയ ഖണ്ഡിക ഉദ്ധരിക്കാം "കളപ്പുരയിൽവച്ചു പേത്രുക്കരയച്ചൻ കുരിശു വെഞ്ചരിച്ചു. കൊട്ടും ഘോഷത്തോടെ കൊണ്ടുചെന്നു (മേടമാസം 28-ാം തീയതി) രാത്രിയിൽ കുരിശും നാട്ടി. പുണ്യവാളന്മാരുടെ ലുത്തനിയാ ചൊല്ലിതീർന്നപ്പോൾ അവിടെ കൂടിയതിൽ പാലായിൽ ഉള്ളാട്ടുതറ എന്നു വിളിക്കപ്പെട്ട ഒരു ചെമ്മാച്ചനുമുണ്ടായിരുന്നു. ഈയാളുടെ അനുജൻ ഒരു പൈതലും ഈ ഘോഷത്തിനുകൂടി. ലുത്തനിയാ കഴിഞ്ഞയുടൻ എന്റെ കാലുമ്മെൽ ഏതാണ്ടു കടിച്ചു എന്നു പറഞ്ഞു. അപ്പോൾതന്നെ ഒരു ഉഷ്ണവും വന്നു. ഏതെങ്കിലും താഴെപ്പോകാമെന്നു പറഞ്ഞു ഇറങ്ങിയാറെ, നാലാറു ചുവടു നടന്നപ്പോൾ നടപ്പാൻ പാടില്ലാഞ്ഞു. ഒരു പ്രകാരമായി നടത്തി താഴത്തു ചെന്നാറെ പേത്രുക്കരയച്ചൻ ചെന്നു ഹന്നാൽവെള്ളം തളിച്ച് നമസ്കരിപ്പാൻ എല്ലാവരോടും പറഞ്ഞു. യാതൊരു വിഷവൈദ്യക്കാരെക്കൊണ്ടും ഒന്നും ചെയ്യിക്കണ്ടായെന്നു പറഞ്ഞതിൻവണ്ണംതന്നെ യാതൊന്നും ചെയ്തുമില്ല. വെളുത്തപ്പോൾ സൗഖ്യമാകുകയും ചെയ്തു."

ഈ നാളാഗമങ്ങളുടെ കൈയെഴുത്തുപ്രതി മാന്നാനം കൊവേന്ത വക ഗ്രന്ഥാഗാരത്തിൽ സൂക്ഷിച്ചുപോരുന്നു.

*പാലക്കുന്നേലച്ചന്റെ ഡയറി:*

കേരളത്തിലെ ക്രൈസ്തവ സമുദായത്തിന് അവിസ്മരണീയങ്ങളായ നേട്ടങ്ങൾക്കു കാരണഭൂതനും, നാനാജാതി മതസ്ഥരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനുമായ ഒരു മഹാനായിരുന്നു പാലക്കുന്നേൽ മത്തായി മറിയം കത്തനാർ. തിരുവിതാംകൂർ ദിവാൻ സർ ടി. മാധവറാവു, കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതലായവരുടെ പ്രേഷ്ഠസുഹൃത്തായിരുന്ന അദ്ദേഹം അക്കാലത്തെ ഒരു മഹാപണ്ഡിതനും പ്രസിദ്ധ വാഗ്മിയുമായിരുന്നു. ഒരു കത്തോലിക്കാവൈദികനായിരുന്ന അദ്ദേഹത്തെ കത്തോലിക്കേതരർതന്നെ ക്ഷണിച്ചുകൊണ്ടുപോയി അവരുടെ പള്ളികളിൽ പ്രസംഗിപ്പിച്ചിരുന്നു പാലക്കുന്നേലച്ചൻ നെടുംകുന്നത്തിനടുത്തു കുത്തപ്പിള്ളിൽ 1830-ൽ ജനിച്ചു. 1900-ാമാണ്ടു നിര്യാതനായി.

1857 മുതൽ 1900-ാമാണ്ടുവരെയുള്ള കാലങ്ങളിലെ വൃത്താന്തങ്ങൾ അദ്ദേഹം രേഖപ്പെടുത്തിവച്ചിരിക്കുന്നു. രാഷ്ട്രീയവും സാമൂഹ്യവും സഭാസംബന്ധവുമായ സമകാലികപ്രശ്നങ്ങൾ, വശ്യവചസ്സായ ഒരു സാഹിത്യകാരന്റെ വർണ്ണനാചാതുരിയോടുകൂടി വിവരിച്ചിരിക്കുന്നു. സംഭവങ്ങൾ വിവരിക്കുന്നതോടുകൂടിത്തന്നെ സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിന് അദ്ദേഹം മടിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും അത്യുഗ്രങ്ങളായിരുന്നതിനാൽ, അദ്ദേഹത്തെ വ്യക്തിപരമായി സ്പർശിക്കുന്ന ചില ഘട്ടങ്ങളിൽ, കർക്കശമായ ഭാഷ ഉപയോഗിച്ചുപോയിട്ടുണ്ട്. ചില വ്യക്തികളെപ്പററിയുള്ള പരാമർശം പ്രതിഷേധാർഹമായി തോന്നിയേക്കാം. എന്നാലും നമ്മുടെ ചരിത്രസാഹിത്യത്തിന് അമൂല്യമായ ഒരു മുതൽക്കൂട്ടാണ് ഈ കൃതി.

ഇതിന്റെ പ്രാധാന്യതയേയും വിശ്വാസ്യതയേയുംപററി ശ്രീ ഐ. സി. ചാക്കോ രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണ്: "ഈ ഡയറിയിൽ വല്യച്ചന്റെ അറിവിൽപെട്ട പലപല വൃത്താന്തങ്ങളും അവയെക്കുറിച്ചുള്ള അഭിപ്രായങ്ങളും രേഖ

പ്പെട്ടത്തിയിട്ടുണ്ട്. അദ്ദേഹം തീക്ഷ്ണപ്രകൃതിയും വാശിക്കാരനും ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മിക്കപ്പോഴും അതിശയോക്തങ്ങളാണെങ്കിലും, അദ്ദേഹം രേഖപ്പെടുത്തുന്ന വൃത്താന്തങ്ങളെല്ലാം മിക്കവാറും സത്യമാണ്......"

പാലക്കുന്നേലച്ചന്റെ ഭാഷാശൈലിയും പ്രതിപാദനരീതിയും നിരീക്ഷണപാടവവും മനസ്സിലാക്കുന്നതിന് ഡയറിയിൽനിന്ന് ഏതാനും ചെറുഖണ്ഡികകൾ പകർത്താം.

മാധവറാവു "ദിവാൻജിസ്വാമിയുടെ ഗുണങ്ങളെ എഴുതുന്നുവെങ്കിൽ പുസ്തകത്തിനും കടലാസിനും ഇട പോരാ. ഇതിനു മുമ്പിൽ ഇത്ര നല്ലവണ്ണം നീതി നടത്തുന്ന ഒരു ദിവാൻജി തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ല. കുടികളെ നന്നായിട്ടു പരിപാലിക്കുന്നവനും കൈക്കൂലി വാങ്ങിച്ചു എന്നു കേട്ടാൽ ഏററം ശിക്ഷകൾ നൽകുന്നവനുമാകുന്നു... ഈ സ്വാമി ഇതിന്മണ്ണം ഇനിയും ഒരു അഞ്ചു സംവത്സരംകൂടെ ഭരിക്കുമെങ്കിൽ കൈക്കൂലി തീരെ നിന്നുപോകുമെന്നു തോന്നുന്നു. 62 ചിങ്ങത്തിൽ പുകയിലയ്ക്കു സ്വാമി വില കുറച്ചു. 21 ചക്രംവച്ചു വിററിരുന്ന പുകയിലയ്ക്ക് ഇപ്പോൾ റാത്തലിനു 12 ചക്രം ആക്കിയിരിക്കുന്നു. പുകയിലവ്യാജം നിറുത്തേണ്ടതിനായിട്ടും ഇതിന്മണ്ണം സ്വാമി ചെയ്കയും ചെയ്തു."

"ചിങ്ങമാസം 4-ാംതീയതി (കേരളവർമ്മ വലിയ)കോയിത്തമ്പുരാനെ തടവിൽ പാർപ്പിച്ചു. കാരണം അദ്ദേഹം ഇപ്പോഴത്തെ മുടിവച്ചുവാഴുന്ന തിരുവിതാംകൂർ മഹാരാജാവു അവർകളെക്കൊണ്ടു ഏതാണ്ടോ എഴുതി ബോധിപ്പിച്ചതുനിമിത്തം ഇപ്രകാരം ചെയ്തു എന്നു ചിലരു പറയുന്നു. ഈ കോയിത്തമ്പുരാൻ ഇപ്പോൾ ദത്തുവച്ചിരിക്കുന്ന തമ്പുരാട്ടിമാരിൽ ഒരാളിന്റെ ഭർത്താവ് ആകുന്നു. ആ ആളിനോട്ട് തങ്ങളുടെ അനന്തിരത്തി എന്ന ഭാവം വിട്ട് തിരുവിതാംകൂർ മഹാരാജാവ് ചില പെരുമാററം തുടങ്ങിയതിൽവെച്ചു ചില ഭാവഭേദങ്ങൾ കോയിത്തമ്പുരാൻ കാണിക്കുകയും ഭർത്താവിന്റെ മുറയ്ക്ക് അവരെ ശിക്ഷിക്കുകയും ഈ കാര്യം

പരസ്യമാക്കുകയും ചെയ്കതിനാൽ തടവിൽ ആക്കിയെന്നു ചിലരും സംസാരിക്കുന്നു. ഏതെങ്കിലും മാധവരായരെ വിട്ടുകളഞ്ഞതും കേമനായ കോയിത്തമ്പുരാനെ എന്നെന്നേക്കും തടവിൽ ആക്കിയിരിക്കുന്നതും എല്ലാംകൂടെ നോക്കുമ്പോൾ രാജ്യത്തിനു ഇനീം നന്മയും സമാധാനവും ഉണ്ടാകുവാൻ പ്രയാസം.. ”

*ആറാം മർത്തോമ്മായുടെ ഗ്രന്ഥവരി:*

ക്രിസ്താബ്ദം 1765 മുതൽ 1808 വരെ കേരളത്തിലെ പുത്തൻകൂർ സമുദായത്തിന്റെ അദ്ധ്യക്ഷനായിരുന്നു ആറാം മാർത്തോമ്മാ അഥവാ വലിയ മാർ ദിവന്നാസ്യോസ് (പ്രഥമൻ) മെത്രാപ്പോലീത്ത. അക്കാലത്തെ പ്രഗത്ഭനായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. സഭാഭരണം സംബന്ധിച്ച പലവിധ കുഴപ്പങ്ങളെയും ക്ലേശങ്ങളെയും അനിശ്ചിത തത്വങ്ങളെയും അദ്ദേഹത്തിനു തരണം ചെയ്യേണ്ടിവന്നു. അദ്ദേഹം എഴുതിയതെന്നു പറയപ്പെടുന്ന ഒരു ഗ്രന്ഥവരി ഉണ്ട്. ഇതിൻെറ മൂലം ഞാൻ കണ്ടിട്ടില്ല. മൂലത്തിൻെറ അസൽ പകർപ്പെന്നു പറഞ്ഞു പരേതനായ ശ്രീ: ചിത്രമെഴുത്തു കെ. എം. വറുഗീസ് സൂക്ഷിച്ചിരുന്ന ഒരു കൈയെഴുത്തു പ്രതിയുടെ പകർപ്പാണു് എൻെറ പക്കലുള്ളതു്.

ഈ ഗ്രന്ഥവരിയെ മൂന്നു ഭാഗമായി തിരിക്കാം ആദ്യഭാഗം (ഒന്നാംകൂർ) ആരംഭംമുതൽ 1790 വരെയുള്ള സഭാചരിത്രത്തിൻെറ ഒരു സംഗ്രഹമാണ്. രണ്ടാംകൂർ 1765 മുതലുള്ള കാലത്തെ സംഭവങ്ങളെപ്പററിയുള്ള ചില വിശദവിവരങ്ങളാണ്. ആറാം മാർത്തോമ്മാ പറഞ്ഞുകൊടുത്തു് എഴുതിച്ചതാണെന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. മൂന്നാംഭാഗം ആറാം മർത്തോമ്മാ നിര്യാതനായ 1808 മുതൽ 1821 വരെയുള്ള കാലത്തെ സംഭവങ്ങളാണ്. അതു പിൽക്കാലത്തു് ആരെങ്കിലും എഴുതിച്ചേർത്തതായിരിക്കണം. ഇതു മുഴവനുംതന്നെ ആ ആൾ എഴുതിയതാണെന്നും വന്നു കൂടായ്കയില്ല. ഒരു ഖണ്ഡിക ഉദ്ധരിക്കാം.

“എല്ലാവരും കൂടിയപ്പോൾ പാത്രിയർക്കീസിനെ കൊച്ചിയിൽ കൊണ്ടുവന്നു എന്നു കേൾക്കകൊണ്ടു അവരെല്ലാവരുംകൂടെ

കൊച്ചിയിൽ ചെന്നുവിചാരിച്ചപ്പോൾ പരമാൎത്ഥം അറിഞ്ഞു. ഞങ്ങൾക്കുള്ള യജമാനനെ അയയ്ക്കണമെന്നു പെരുമ്പടപ്പിൽ തമ്പുരാനെ തിരുമനസ്സറിയിച്ചപ്പോൾ വരുത്തിത്തരാമെന്നു കല്പിച്ചതിൻെറശേഷം പറങ്കികൾ രാജാവിനെ സമ്മതിപ്പിച്ചു. പാത്രിയക്കീസിനെ കൊച്ചിയിൽ ബാറമുഖത്തു കെട്ടിത്താഴ്ത്തി, അപായം വരുത്തിയതിനാൽ ആ നാഴികയിൽത്തന്നെ മാളികയുടെ ഗോവണിമേൽ വീണു തലകീറി രാജാവു തീപ്പെട്ടുകയും ചെയ്തു.

പത്തൊൻപതാം നൂററാണ്ടിലെ കേരളചരിത്രത്തിൽ വളരെയേറെ വെളിച്ചംവീശുന്ന മൂന്നു കൃതികളാണിവ. അക്കാരണത്താൽത്തന്നെ ഇവ പ്രസിദ്ധീകരിക്കപ്പെടേണ്ടതാണെന്നുള്ളതിനു പക്ഷാന്തരമില്ല. സാഹിത്യത്തിലെ ഒരു ശാഖയ്ക്കു മാർഗ്ഗദർശനം നല്കുന്ന കൃതികളെന്ന നിലയിലും ഇവയ്ക്കു ഒരു പ്രാധാന്യമുണ്ട്

—❀—

# മംഗളചിത്രം.

— പാലാ നാരായണൻ നായർ

മടിച്ചിടാതെൻ മനമന്നുമിന്നും
തുടച്ചു സൂക്ഷിക്കുവതൊന്നു മാത്രം
വിടർന്ന ചെന്താമരപോൽ ചിരിച്ചു-
വരുന്ന "മാത്തൻ തരക"ന്റെ ചിത്രം!

ഉറച്ചകാൽവെയ്പുകളാത്ത വീര്യം
തുളച്ചു പായുന്ന വിലോകനങ്ങളും,
ഉരത്തഗാത്രം, വിരിമാറു, ഖാദി-
യുടുത്തതിന്മേലെഴുമങ്കവസ്ത്രം!

തുംഗാശയം ദേശിക രാജഹംസം
സംഗീതസാഹിത്യകലാവതംസം
അംഗീകൃതാശേഷനവീന വിദ്യാ-
ശൃംഗോല്ലസന്മാനസ മന്ദഹാസം!

സർവ്വത്തെയും സ്നേഹരസത്തിലാഴ്ത്താൻ
നിർവ്വിഘ്നമായേതൊരു വാഗ്വിനോദം,
ഗർവ്വിഷ്ഠമാകാതൊഴുകുന്നു, കാവ്യ-
സർവ്വസ്വമേ, നീ വിജയിപ്പൂതാക!

പുഷ്ടിപ്പെടും ശിഷ്യഗണങ്ങളും, നാട്ടി-
ലിഷ്ടപ്പെടും നല്ല ജനങ്ങളെല്ലാം
ശിഷ്ടാഗ്ര്യനാമങ്ങയെ വാഴ്ത്തിടുന്നു
ഷഷ്ട്യബ്ദപൂർത്ത്യുത്സവ മംഗളത്തിൽ!!

ഇവൻ
എൻെറ
പ്രിയപുത്രൻ.

— ചെമ്മനം ചാക്കോ എം. എ.

"മതപരമായ ആവശ്യത്തിനുള്ള കൃതികൾ ഭാഷാ സുന്ദരമാക്കിയെടുക്കുവാൻ സമുദായ പ്രവത്തകക്ക് വളരെയധികം ഉപയോഗപ്പെടുത്താവുന്ന ഒരു വ്യക്തിയാണ് ശ്രീ: മാത്തൻതരകൻ. പള്ളികളുടെ സുന്ദരമായ മുഖാവരണങ്ങളെക്കാൾ, പെരുനാളുകൾക്കു നടത്തുന്ന കെങ്കേമമായ വെടിക്കെട്ടുകളെക്കാൾ, എത്രയോ പ്രധാനപ്പെട്ടവയാണ് ഒരു സമുദായത്തിനു സുന്ദരമായ ഭാഷയിലുള്ള നിത്യപാരായണഗ്രന്ഥങ്ങൾ."

ഉറക്കത്തിനു മുൻപു ഭക്തിഭരിതമായ ഹൃദയത്തോടുകൂടി നിന്നു പ്രാത്ഥിക്കുകയാണ്.

"ഞങ്ങൾക്കുള്ള കത്താവേ,
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്

ഉണർവ്വോടേ നിൻ തിരുമുമ്പിൽ
നില്പാനെനിക്കു നീ നൽകണമേ!"

— എന്തു നൽകണം?

"എന്നുണർച്ചയിൽ ഞാൻ ചതിപെട്ടുകിൽ
നിൻനന്മയിൽ ഞാൻ പൊറുക്കപ്പെട്ടും"

— പ്രാർത്ഥന തുടരുന്നു. എത്ര അസ്വാഭാവികമായ ഒരു കർമ്മണിപ്രയോഗം!

"ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻമനച്ചിലിനുടെ സ്വതകർമ്മം
നിൻ കൃപയോടെ നൽകണമേ!"

— ആദ്യപാദം വൃത്തത്തിന്റെ ചട്ടക്കൂട്ടിലൊതുക്കി ഒന്നു ച്ചരിക്കുവാൻ ചില്ലറയൊന്നുമല്ലല്ലോ യത്നം വേണ്ടതു്. "നിൻ മനച്ചിലിനുടെ സ്വതകർമ്മം" ഇന്നാർക്കു പിടികിട്ടും?

*പ്രാർത്ഥനകളുടെ ഭാഷ:*

കേരളത്തിലെ ക്രിസ്ത്യൻ സമുദായത്തിൽ ഒരു വിഭാഗത്തിന്റെ നിത്യ പ്രാർത്ഥനയുടെ ഭാഷാസ്വഭാവത്തെ സൂചിപ്പിക്കുവാനാണ് ഇവ ഉദ്ധരിച്ചതു്. ഇതര വിഭാഗങ്ങൾ ഉപയോഗിക്കുന്ന പ്രാർത്ഥനകളും ഇതിൽ നിന്നു് അത്യന്തഭിന്നമായ സ്വഭാവത്തോടു കൂടിയതൊന്നുമല്ല. മഹനീയമായ ആശയങ്ങൾ വികലമായ ഭാഷയുടെ പിടിയിൽപ്പെട്ടു ഞെരുങ്ങുന്നതാണ് ഇവയിലെല്ലാം നാം കാണുന്നതു്.

ഭാഷ വികലമെന്നുവച്ചു് പ്രാർത്ഥനകളെ അവഗണിക്കണമെന്നിവിടെ സൂചനയില്ല. ഒരു സമുദായത്തിലെ അംഗങ്ങൾ ചെറുപ്പംമുതൻ നിത്യവും ചൊല്ലിപ്പരിചയിക്കുന്ന ഭാഗങ്ങൾ സുന്ദരമായ ഭാഷയിൽ ആയിരിക്കണമെന്ന വിവക്ഷയുള്ളു. കാരണം അവരുടെ ഭാഷാശുദ്ധിയും സാഹിത്യവാസനയും വളരെ ദൂരത്തോളം ഈ നിത്യപാരായണഗ്രന്ഥങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്.

*ഒരു താരതമ്യ പഠനം:*

കേരളത്തിലെ ഹൈന്ദവരുടെയും, ക്രിസ്ത്യാനികളുടെയും ഭാഷാസ്നേഹവും, സാഹിത്യതാല്പര്യങ്ങളും കണക്കിലെടുത്താൽ ഈ പരമാർത്ഥം വ്യക്തമാകും. വ്യവസായങ്ങൾ ഓടിക്കാനോ, ബാങ്കുകൾ നടത്താനോ, മററനേകം സാങ്കേതിക കാര്യങ്ങളിൽ ഉൾപ്പെടുവാനോ ക്രിസ്ത്യാനിക്കുള്ള കഴിവും താല്പര്യവും ഭാഷാരംഗത്തു കാണാനില്ല. അനാസ്ഥ മാത്രമല്ല ഒരതിർത്തിയോളം അവജ്ഞതന്നെ ഭാഷയോടും സാഹിത്യത്തോടും അവർ പുലത്തുന്നുണ്ടെന്നു പറയാം. ആ അനാസ്ഥയും അവഗണനയും ഒരന്തസ്സായിത്തന്നെ കണക്കാക്കുന്നവരുമുണ്ട്. വ്യവസായിയോ ഉദ്യോഗസ്ഥനോ ആരെങ്കിലുമായിക്കൊള്ളട്ടെ, ക്രിസ്ത്യാനിയെ അപേക്ഷിച്ച് ഹൈന്ദവന് ഭാഷയിലും സാഹിത്യത്തിലും അവഗാഹം ഏറിനില്ക്കുന്നതു കാണാം. ചെറുപ്പം മുതൽതന്നെ സാഹിത്യസുന്ദരമായ ഗ്രന്ഥങ്ങളുമായി അവർക്കു പരിചയിക്കുവാൻ സാധിക്കുന്നു എന്നതാണ് ഇതിൻെറ പ്രധാന കാരണം. അദ്ധ്യാത്മരാമായണവും, ഭാരതവും ഭാഗവതവും, ഹരിനാമ കീർത്തനവും, ചിന്താരത്നവും മററുമാണ് അവരുടെ നിത്യപാരായണഗ്രന്ഥങ്ങൾ എന്നോർക്കണം.

*ബൈബിൾ ഒരു രത്ന ഖനി:*

ഇംഗ്ലീഷിൽ നല്ല ഭാഷ പഠിക്കാൻ തിരിയുന്നതു ബൈബിളിൻെറ നേരേയാണ്. മലയാളത്തിൽ വരുമ്പോൾ കഥയെത്ര മാറിപ്പോകുന്നു. വികലഭാഷയുടെ പിടിയിൽനിന്നു രക്ഷപ്പെടുവാനാണു പണി! ചുരുക്കത്തിൽ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്കിടയിൽ സ്വയമേവ സാഹിത്യാഭിരുചി ഉണരുവാൻ പ്രാഥമിക നടപടി എന്ന നിലയിൽ വേദപുസ്തകവും, പ്രാർത്ഥനാ ഗ്രന്ഥങ്ങളും, പാട്ടുകളും മററും ശുദ്ധവും സുന്ദരവുമായ ഭാഷയിൽ ആവിഷ്ക്കരിക്കേണ്ട കാലം എത്രമാത്രം അതിക്രമിച്ചു കഴിഞ്ഞു.

അതുപോലെ സാഹിത്യകൃതികൾക്കു പ്രതിപാദ്യം കണ്ടെത്തുവാനുള്ള രത്നഖനിയാണു ബൈബിൾ. ഇന്നും ക്രിസ്തുചരിത

ത്തെ അവലംബിച്ച്, യൂറോപ്യൻ ഭാഷകളിൽ വിലപ്പെട്ട പല സംഭാവനകളും ഉണ്ടാകുന്നുണ്ട്. എന്നാൽ വേദപുസ്തകത്തിലെ കഥകളും ആശയങ്ങളും സാഹിത്യസൃഷ്ടികളിലൂടെ മലയാളം വളരെയൊന്നും പകർന്നെടുത്തിട്ടില്ല. വിവിധ സാഹിത്യശാഖകളിൽ അത്തരം കൃതികൾ ധാരാളം ഉണ്ടാകേണ്ടിയിരിക്കുന്നു. ഭാഷാസുന്ദരമായ നിത്യ പാരായണഗ്രന്ഥങ്ങളോടൊപ്പം, വായിച്ചു പഠിക്കുവാനും രസിക്കുവാനും ഉതകുന്ന ക്രിസ്തുധർമ്മാധിഷ്ഠിതമായ നിരവധി അടിസ്ഥാന ഗ്രന്ഥങ്ങൾ രചിക്കപ്പെടേണ്ടതുണ്ട്.

*ഇതാ ഒരു ധിഷണാ സമ്പന്നൻ:*

ഇതാ ഇതിനെല്ലാം പോന്ന ഒരു ധിഷണാ സമ്പന്നൻ എന്നു സരസഗായകകവി പുത്തൻകാവു മാത്തൻതരകനെ ചൂണ്ടി ഇന്നാർക്കും പറയുവാൻ മടിതോന്നുകയില്ല. വേദപുസ്തക കഥകളെ ഉപജീവിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ഖണ്ഡകാവ്യങ്ങളും മഹാകാവ്യങ്ങളും നാടകങ്ങളും മററും മുൻ സൂചിപ്പിച്ചതരം അടിസ്ഥാന ഗ്രന്ഥങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാൻ സഹായിച്ചിട്ടുണ്ട്. ഫലപ്രദമായി ഈ രംഗത്ത് അദ്ദേഹം തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണ്.

മതപരമായ ആവശ്യത്തിനുള്ള കൃതികൾ ഭാഷാസുന്ദരമാക്കിയെടുക്കുവാൻ സമുദായ പ്രവർത്തകർക്കു വളരെയധികം പ്രയോജനപ്പെടുത്താവുന്ന ഒരു വ്യക്തിയാണ് ശ്രീ: മാത്തൻ തരകൻ. പക്ഷെ ഇക്കാര്യം സേച്ഛയാ ഒരാൾ ചെയ്താൽ മതിയാകുന്നതല്ല. സമുദായത്തിൻെറയും മതാദ്ധ്യക്ഷന്മാരുടെയും അംഗീകാരവും ആശിസ്സുമുണ്ടായിരിക്കണം. നിർഭാഗ്യവശാൽ പ്രാർത്ഥനകളുടെയും വേദ ഭാഗങ്ങളുടെയും ഭാഷ പരിഷ്ക്കരിക്കുന്നതിൽ വൈമുഖ്യം തോന്നാൻ മാത്രം യാഥാസ്ഥിതികത്വം കൊണ്ടനുഗ്രഹീതരാണ് വേണ്ടപ്പെട്ട നേതാക്കൾ. സാമുദായിക താല്പര്യവും, പാണ്ഡിത്യവും കവിത്വവും ഒത്തിണങ്ങിയ ശ്രീ:തരകനെപ്പോലുള്ള ഒരാളിന്റെ നേതൃത്വത്തിൽ സാമുദായികാംഗീകാരത്തോടുകൂടി ഒരു ഭാഷാപണ്ഡിത സംഘം കുറെക്കാലം ജോലിചെയ്താൽ മാത്രം ശരിയാകുന്ന

കാര്യമാണിതു്. അതിനുവേണ്ട വ്യയം ചെയ്യുന്നതിനും പ്രോത്സാഹനം നൽകുന്നതിനും ഏതേതാളം മനസ്സുവച്ചാൽ , സാമ്പത്തികമായി പിന്നണിയിലല്ലാത്ത ക്രിസ്ത്യൻ സമുദായത്തിനു്, നിർവഹിക്കാവുന്ന ഒരു ലഘുകാര്യം മാത്രമാണിതു്. പക്ഷെ, പള്ളികളുടെ സുന്ദരമായ മുഖവാരങ്ങളെക്കാൾ, പെരുന്നാളുകൾക്കു നടത്തുന്ന കെങ്കേമപ്പെട്ട വെടിക്കെട്ടുകളെക്കാൾ എത്രയോ പ്രധാനമാണു് ഒരു സമുദായത്തിനു് സുന്ദരമായ ഭാഷയിലുള്ള നിത്യപാരായണഗ്രന്ഥങ്ങൾ എന്നുള്ള സത്യം സമുദായാധിപന്മാരുടെ മനസ്സിൽ കയറുവാൻ എന്തു വിദ്യയുണ്ടെന്നറിഞ്ഞില്ല!

പുത്തൻകാവു മാത്തൻതരകനെ ഒഴിച്ചുനിറുത്തി സമുദായത്തിൻെറ അതിപ്രധാനമായ ഈ ആവശ്യം സാധിച്ചിട്ടുക്കുന്ന കാര്യത്തെക്കുറിച്ചു് ഇന്നു ചിന്തിക്കുവാൻ സാദ്ധ്യമല്ല. മഹത്തായ ഈ കർത്തവ്യനിർവ്വഹണത്തെ സംബന്ധിച്ചിടത്തോളം "ഇവൻ എൻെറ പ്രിയപുത്രൻ" എന്നു സമുദായം നിന്നു പറയുന്നതുപോലെ തോന്നുന്നു.

അദ്ദേഹത്തിനു് ദീർഘായുസ്സും ആരോഗ്യവും നൽകുന്നതിനു്.

> "നമസ്ക്കാരം കേൾക്കുന്നവനെ,
> യാചനകൾ നൽകുന്നവനെ,
> ഞങ്ങളുടെ നമസ്ക്കാരംകേട്ടു്
> യാചനകൾ നൽകീടണമേ!"

എന്നു ജഗദീശ്വരനോടു പ്രാർത്ഥിക്കുകയാണു് ഈ മംഗളമുഹൂർത്തത്തിൽ എന്നേപ്പോലുള്ളവർക്കു ചെയ്വാൻ കഴിയുന്നതു്.

# പ്രൊഫസ്സർ തരകൻെറ ഖണ്ഡകാവ്യങ്ങൾ.

— ജെ. ടി. ആമ്പല്ലൂർ എം. എ.

അയത്നലളിതമായ ഭാഷ, അചുംബിതമായ ഭാവനാവൈഭവം, മധുരമനോഹരമായ വർണ്ണന, അത്യുൽകൃഷ്ടമായ ധർമ്മതത്വപ്രബോധനം എന്നിവ പ്രൊഫസ്സർ തരകൻെറ ഖണ്ഡകൃതികളുടെ മുഖ്യ സവിശേഷതകളാണ്.

പ്രഥമപ്രളയം, ഹേരോദാവ് എന്നിവയാണ് പ്രൊ: തരകൻെറ ഖണ്ഡകാവ്യങ്ങളിൽ പ്രധാനം. നോഹയുടെ കാലത്തെ ജലപ്രളയമാണ് "പ്രഥമപ്രളയ"ത്തിലെ വർണ്ണ്യവിഷയം. അയത്നലളിതമായ ഭാഷയിൽ ഓജസ്സുള്ള ശൈലിയിൽ പ്രസാദമാധുര്യാദി ഗുണങ്ങളിണങ്ങത്തക്കവണ്ണവും, എന്നാൽ ക്രിസ്തീയമായ ഇതിവൃത്തത്തിൻെറ അവതരണത്തിനു കോട്ടം തട്ടാത്ത മട്ടിലുമാണ് കവി വർണ്ണന നിർവ്വഹിച്ചിരിക്കുന്നതു്.

"അതിവിസ്തൃതമാം കടൽപ്പുറ-
ത്തതിമാനം മണലെന്നപോലെ"

നോഹയുടെ കാലത്തുണ്ടായ ജനപ്പെരുപ്പത്തെ വർണ്ണിച്ചിരിക്കുന്നതു് തികച്ചും ശ്ലാഘ്യതരമായിട്ടുണ്ടു്. അങ്ങനെ കുമിഞ്ഞുകൂടിയ മനുഷ്യകോലങ്ങളുടെ പേക്കൂത്തുകളും ദുഷ്കൃതികളും കവി വർണ്ണിച്ചിരിക്കുന്നതു കണ്ടാൽ ഇതൊക്കെ നേരിട്ടു കണ്ടശേഷം എഴുതിയിരിക്കുകയാണോ എന്നുതന്നെ സംശയിച്ചുപോകും. അവിടെയാണു് കവിയുടെ അചുംബിതമായ ഭാവനാശക്തി കാണാൻ കഴിയുന്നതു്.

ജലപ്രളയത്തിന്റെ വർണ്ണനയടങ്ങുന്ന ഭാഗത്തു് തള്ളിത്തള്ളിവരുന്ന പദനിരകളുടെ കൈ കോർത്തുപിടിച്ചുള്ള അരങ്ങേററം പദസമ്പത്തിൽ അനന്യസമർത്ഥനായ ഒരു കവിയെ നമുക്കു് കാണിച്ചുതരുന്നുണ്ടു്. കട്ടക്കയത്തിന്റെ "ശ്രീയേശുവിജയം" മഹാകാവ്യത്തിലെ പ്രളയവർണ്ണനയെ ഓർമ്മപ്പെടുത്തുന്നതും ചിലസ്ഥാനങ്ങളിൽ ഒരു പടികൂടി ഉയരുന്നതുമായ വർണ്ണനയാണവിടെയെല്ലാം.

"നിലവിട്ടിളകിക്കറങ്ങി, വൻ-
നിലയൗഘങ്ങൾ നിതാന്തഘർഘരം
മലപൊട്ടിവരുന്നവാരിത-
ന്നലയിൽപെട്ടു തകർന്നു ധൂളിപോൽ"

എന്നിങ്ങനെയുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ, കവി സങ്കൽപ്പിച്ചു വർണ്ണിക്കുന്ന ആ ജലപ്രളയം നമ്മൾ മുമ്പിൽ കണ്ടുനിൽക്കുന്നതുപോലെ തോന്നുന്നു. കൂടാതെ, പ്രളയത്തോടൊപ്പം പിടിപെട്ട ശക്തിയായ ക്ഷാമബാധയെ "ഇടിയേററ തലയ്ക്കു പാമ്പുതൻ കടിയും പററി"യതായി വർണ്ണിച്ചിരിക്കുന്നു. ശൈലികൾ കവിതയിൽ ചിന്തേരിട്ടു് മിനുക്കി അവതരിപ്പിക്കുന്നതിനുള്ള കവിയുടെ കഴിവു് ഇവിടെ പ്രകടമാകുന്നു. തന്നെയല്ല, ആ ക്ഷാമം "വിധിപ്രചോദിത"മാണു് എന്നു് എടുത്തുപറഞ്ഞിരിക്കുന്നതിൽ കവിയ്ക്കു് ആ കഷ്ടതയനുഭവിക്കുന്ന ജനങ്ങളുടെ ദുഷ്പ്രവൃത്തികളിലുള്ള ധാർമ്മികമായ അമർഷവും, പാപകർമ്മംചെയ്തു് അതിന്റെ

ഫലമനുഭവിക്കുന്ന ആ അജ്ഞാനാന്ധരായ ജനതതിയുടെനേരെയു ള്ള ആന്തരികമായ അനുകമ്പയും ഒരുപോലെസമ്മേളിച്ചുകാണാം.

കവിയുടെ പദസമ്പത്തിൻെറ തള്ളിക്കയററവും തോളോ ടു തോളുരുമ്മി പ്രത്യക്ഷമാകുന്നതു് ഈ കൃതിയിൽ കാണാം. "പന്തള"ത്തെപ്പോലെ "പദങ്ങൾകൊണ്ടു പന്താടുന്ന" ബഹുപദ വിഭവനായ കവിയെയാണു് നാം ഇവിടെ കാണുന്നതു്.

"മരണം നരകീടമേ! നിന-
ക്കരമെത്തേണമതാണുനിൻഗതി;
പരനെത്രദിനംസഹിച്ചു ഭീ-
കരമാം താവക പാതകങ്ങളെ"

എന്നു് വർണ്ണിക്കുമ്പോൾ അധർമ്മവിമുഖനായ കവിയുടെ രക്തധ മനികൾ ആ അധാർമ്മികരുടെ സാന്നിധ്യത്തിൽ തിളയ്ക്കുന്നതാ യനുഭവപ്പെടുന്നു. ഒരു കണക്കിനു്, ഇന്നും ലോകത്തിലങ്ങിങ്ങായി കണ്ടേക്കാവുന്ന ഇത്തരം "വിഷബീജ"ങ്ങളുടെ നേരേ കവി വിരൽ ചൂണ്ടി താക്കീതുചെയ്യുന്നതായുംപറയേണ്ടിയിരിക്കുന്നു. ജലപ്രളയാ വസാനം വർണ്ണിക്കുന്ന ഒടുവിലത്തെ ഒന്നുരണ്ടു ശ്ലോകങ്ങൾ തികച്ചും പ്രശംസാർഹമായിട്ടുണ്ടു്.

"ഹേരോദാവു്" എന്ന പേരുള്ള ഖണ്ഡകാവ്യമാണു് ര ണ്ടാമത്തേതു്. ക്രിസ്തു ജനിച്ചുവെന്നറിഞ്ഞു് സംഹാരരുദ്രനായ ഹേരോദാവു് തൻെറ രാജ്യത്തുള്ള എല്ലാ കുട്ടികളെയും നശിപ്പിക്കു വാൻ ആജ്ഞ നൽകുന്നു. "ജടിലപടലമേണസഞ്ചയത്തെപ്പടി ചെറുബാലകരെ" ആകവേ നശിപ്പിക്കുവാൻ ആജ്ഞാപിക്കുന്നതും "ഖലനൃപനുടെയാജ്ഞ കേട്ടമാത്ര"യിൽതന്നെ ദുഷ്ടന്മാരായ ഘാ തകന്മാർ അതിനു് ഒരുമ്പെടുന്നതും മററും അത്യന്തം സ്വാഭാവിക മായിട്ടുണ്ടു്. ഹേരോദാവിൻെറ ശാഠ്യം, ചിന്താഗതി എന്നിവയും കവി സ്ഫടികസ്ഫുടമായി വർണ്ണിച്ചിട്ടുണ്ടു്.

"കപടമതികൾതൻ വചസ്സുകേട്ടാ-
ലപകടമാർക്കുമുദിക്കു,മില്ലവാദം"

എന്ന മട്ടിൽ ചില ചിന്താശകലങ്ങളും ഇക്കാവ്യത്തിൽ, നക്ഷത്രങ്ങൾക്കിടയിൽ പ്രഭചൊരിഞ്ഞു നിൽക്കുന്ന ചന്ദ്രബിംബമെന്നപോലെ കാണാം. ഘാതകന്മാർ കുട്ടികളെ വധിക്കുവാൻ ചെല്ലുന്ന അവസരത്തിൽ ഓരോ ഗൃഹത്തിലും കുട്ടികൾ ഉല്ലസിച്ചു കഴിഞ്ഞിരുന്ന വിവിധങ്ങളായ ചിത്രീകരണങ്ങൾ ഭാഷാസാഹിത്യത്തിനു ലബ്ധമായിട്ടുള്ള വിലപ്പിടിപ്പുള്ള രത്നങ്ങളായിട്ടാണ് തോന്നുന്നതു്. ശിശുവത്സലനായ ഒരു രണ്ടാംവള്ളത്തോളിനെ ഇത്തരം ഭാഗങ്ങളിൽ പരോക്ഷമായി നമുക്കു കാണാം.

“വടിവൊട്ടുതറമേൽകിടന്നുരുണ്ടും,
പൊടികലരുന്നൊരുഗാത്രമോടെണീറ്റും,
ചൊടിയൊട്ടുതനുജാനുയുഗമൂന്നി-
ത്ധടിതിയിലാനകളിച്ചു നീളെനീന്തി”

വരുന്ന ആ വരവു നോക്കുക. ആ നിഷ്കളങ്കരായ, എന്നാൽ ഹതഭാഗ്യരാകാൻപോകുന്ന, ബാലകരെ നിങ്ങൾ കൺമുമ്പിൽ കാണുന്നതുപോലെ തോന്നുന്നില്ലേ? അവിടെയാണ് കവിയുടെ തൂലികാചലനപാടവം അതിൻെറ ഉത്തുംഗശൃംഗത്തിലെത്തിച്ചേരുന്നതു്. കവിയുടെനേരെയുള്ള ഭക്ത്യാദരബഹുമാനം ഏതൊരു സഹൃദയൻേറയും മനസ്സിൽ അണപൊട്ടിയൊഴുകുന്നതും അപ്പോഴാണ്. എന്നാൽ ഇത്തരം സന്ദർഭങ്ങൾ കിട്ടിയാൽ ചില മഹാകാവ്യകത്താക്കൾ വലിച്ചുവാരി വിതറുന്ന രീതിയിലുള്ള അനാവശ്യവർണ്ണനകളൊന്നുംതന്നെ കോരിച്ചൊരിയുന്നുമില്ല. ഇവിടെയാണ് കവിയുടെ ഔചിത്യനിഷ്ഠ പ്രകടമായി കാണുന്നതു്.

ഘാതകന്മാർ കുട്ടികളെ നശിപ്പിക്കാൻ തുടങ്ങുന്ന അവസരത്തിൽ അമ്മമാർ തകർന്ന ഹൃദയത്തോടുകൂടി കേഴുന്നതു വായിക്കുമ്പോൾ ആ രംഗം ആർക്കും ഹൃദയത്തുടിപ്പുകൾ വർദ്ധിപ്പിക്കും. മഹാകവി ഉള്ളൂരിൻെറ “ഉമാകേരള”ത്തിലെ ഉമയമ്മറാണിയുടെ വിലാപംപോലെ ഹൃദയഭേദകമാണ് ആ ചിത്രീകരണം.

“ഭുവനനിഖിലനാഥനെന്നിനച്ചി-
ട്ടിവനെവധിച്ചിടുവാൻ മുതിർന്നിടൊല്ലേ,
നൃവരതിലകദാസരായ നിങ്ങൾ-
ക്കവനിയിലോമനമക്കളാരുമില്ലേ?”

എന്ന ഹൃദയം തകർക്കുന്ന വിലാപം ഓരോ വായനക്കാരൻേറയും മനസ്സിൽ ആഞ്ഞു പതിക്കാതിരിക്കില്ല. കല്ലുകൊണ്ടുള്ള മനസ്സുപോലുമലിയിപ്പിക്കുവാൻ മതിയായ ആ രംഗം ചിത്രീകരിക്കുന്ന കവി യഥാർത്ഥത്തിൽ പട്ടും വളയും തന്നെ അർഹിക്കുന്നുണ്ട്. തുടർന്ന് ആ കനത്ത ദുഃഖത്തിനു് കാരണമാരാഞ്ഞാരാഞ്ഞു്,

"മർത്ത്യർക്കാതുംഗഭാസിയല്പമാത്മജർല്ലി ജീവൻ" എന്ന നിഗമനത്തിലെത്തിച്ചേരുന്ന താത്ത്വികനായ കവി സന്താനവാത്സല്യത്തിൻേറയും സന്താന സുഖത്തിൻേറയും രുചിയനുഭവിച്ചറിഞ്ഞിട്ടുള്ള ഒരാളാണെന്നറിയുവാൻ കവിയുടെ സ്വകാര്യ ജീവിതത്തിലേക്കു് എത്തിനോക്കേണ്ടതില്ല.

"നരജീവിതമായ വേദന-
യ്ക്കൊരുമട്ടർഭകരൗഷധങ്ങൾതാൻ"

എന്നു പാടിയ ആശാനെ അനുസ്മരിപ്പിക്കുന്നുമുണ്ട് കവി, ഇവിടെ. ഹേരോദാവിൻെറ അന്ത്യദിനങ്ങളും, രോഗാക്രമണവും തന്മൂലമുള്ള മനഃക്ലേശവും വർണ്ണിച്ചിരിക്കുന്നിടത്തു് അസ്വാഭാവികതയുടെ നിഴൽ പോലും തീണ്ടിയിട്ടില്ല. കവിക്കു് സ്വയം ഹേരോദാവിനോടുള്ള ഉള്ളുനിറഞ്ഞ അമർഷം വർദ്ധിച്ചിട്ടാണോ എന്തോ, ആ അന്ത്യദിനങ്ങൾ അനന്തവിസ്തൃതമായും എന്നാൽ ഔചിത്യഭംഗം കൂടാതെയും കവി വർണ്ണിച്ചുകാണുന്നുണ്ട്. ക്രിസ്തീയ കഥകളെടുത്തു പുനരാഖ്യാനം ചെയ്തിട്ടുള്ള ഖണ്ഡകൃതികളുടെ മുൻപന്തിയിൽ ഇവയ്ക്കു് സ്ഥാനം നൽകാവുന്നതാണെന്നതിൽ രണ്ടു പക്ഷത്തിനവകാശമില്ല.

# അമൃതവും വിഷവും.

— റെക്സ് എം. എ.

കേട്ടിരിക്കുന്നു പണ്ടു–
പാലാഴി കടഞ്ഞപ്പോൾ
കിട്ടിപോലമൃതവും
കാളകൂടവുമൊപ്പം!
വിഷവുമമൃതവു–
മൊരിടത്തുണ്ടാകുമോ?
വിഷമം തോന്നീയാദ്യ-
മതു വിശ്വസിക്കുവാൻ.
ഇളംപ്രായത്തിൽപ്പല–
രാവുകളുറക്കവു–
മിളച്ചക്കഥയുടെ–
യുൾപ്പൊരുളന്വേഷിച്ചേൻ.
അന്നൊന്നും പിടികിട്ടി–
യില്ലെനിക്കതിന്നർത്ഥം,
അന്നതു വെറും കടം-
കഥയാണെന്നേ കണ്ടു.
എന്നാലിന്നറിയുന്നേൻ
ദുഃഖവുമാനന്ദവു–

മെൻ മനസ്സിതിന്നഗാ-
ധങ്ങളിൽ വിളയുന്നു.
ഒരു സാഗരമത്രേ
മർത്ത്യമാനസമതി-
ലൊരുമിച്ചുണ്ടാമത്രേ
വിഷവുമമൃതവും.
പക്ഷെ ഞാൻ പാനം ചെയ്‌വൂ
സ്വയമീ വിഷം, പിന്നെ-
പ്പുഞ്ചവെയ്ക്കുന്നു നിത്യം
നിങ്ങൾക്കായമൃതവും!

— ❦ —

# ലഘുകവനങ്ങളിലൂടെ.

— പി. ഭാർഗ്ഗവൻ നായർ.

> "വള്ളത്തോളിനെയും ആശാനെയും ചങ്ങമ്പുഴയേയുമെല്ലാം ആധുനിക സഹൃദയൻ നോക്കിക്കാണുന്നതു് അവരുടെ ലഘുകവനങ്ങളെന്നദർപ്പണത്തിലൂടെയാണു്. പ്രൊഫ: മാത്തൻതരകനും ഇതു ബാധകമാണു്."

ഏതൊരുത്തമ കവിയുടെയും സാഹിത്യസപര്യയിൽ അതിപ്രധാനമാണു് ലഘുകവനങ്ങൾ. ഈ നൂററാണ്ടിൽ പിറന്നു മറഞ്ഞ എല്ലാ മഹാകവികളുടെയും വ്യക്തിത്വം അവരുടെയെല്ലാം ബൃഹത് കൃതികളിലെപ്പോലെതന്നെ – ഒരുപക്ഷെ അതിലുമധികം അവരുടെ ലഘുകവനങ്ങളിലും കാണാൻ കഴിയും. ആശാൻെറ "വീണപൂവും", ചങ്ങമ്പുഴയുടെ "മനസ്വിനിയും", വള്ളത്തോളിന്റെ "കിളിക്കൊഞ്ചലും" ആ മഹാകവികളുടെ ബൃഹത്കവിതകളേക്കാൾ, സാഹിത്യഭംഗിയിലും ലോകനിരീക്ഷണപാടവത്തിലും മേലേക്കിടയിലാണു്. ഭംഗ്യന്തരേണ പറഞ്ഞാൽ, വള്ളത്തോളിനേയും ആശാനേയും ചങ്ങമ്പുഴയേയും ഉള്ളൂരിനേയും എല്ലാം ആധുനികസഹൃദയൻ കാണുന്നതു് അവരുടെ ലഘുകവനങ്ങളെന്ന ദർപ്പണത്തിലൂടെയാണു്. പ്രൊഫസ്സർ മാത്തൻ തരകനും ഇതു

ബാധകമാണ്. അദ്ദേഹത്തിൻെറ ലഘുകവനങ്ങളിൽ പ്രത്യേക ശ്രദ്ധയെ അർഹിക്കുന്ന മൂന്നു രചനകളാണ് 'കവീന്ദ്രഗീത' 'പരിവർത്തനം', 'ഭാരതഗാനം' എന്നിവ.

മഹാകവിയായ കവിക്ക് ഇതര കവികളോട് ഉദ്ബോധിപ്പിക്കാനുള്ള സന്ദേശമാണ് "കവീന്ദ്രഗീത" എങ്കിൽ, ചഞ്ചലമനസ്കനായി ആശാശാഖിയുടെ കൊമ്പുകൾതോറും ചാടിനടക്കുന്ന മനുഷ്യമർക്കടത്തിൻെറ നേരേ അയയ്ക്കുന്ന ഒരു പരിഹാസശരമാണ് പരിവത്തനം - ആ അമ്പിൽ ചില മഹൗഷധങ്ങൾ ലേപനം ചെയ്തിട്ടുണ്ടെന്നു മാത്രം!

കവിയുടെ അദമ്യമായ ദേശസ്നേഹത്തിൻെറ ബഹിർസ്ഫുരണമാണ് "ഭാരതഗാനം"
'കവീന്ദ്രഗീതിയിൽ',

"ദിനകരൻമറയട്ടെ, തമസ്സെങ്ങുംനിറയട്ടെ,
തലമുടിനരയ്ക്കട്ടെ, ജരവരട്ടെ"—

ഇവയെല്ലാം കവിയെ അകമ്മണ്യതയിലേക്കല്ല, കമ്മകുശലതയിലേക്കാണ് നയിക്കുന്നതു്. തളരാത്ത ആ കർമ്മധീരത, അലസരായ കവികളോട് ഇങ്ങനെ ചോദിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു,

"വിചലിതഹൃദയരാം കാമിനീ കാമുകർക്കാരു
വിരചിക്കും മധുരമാം പ്രണയഗീതം?"

മാത്രമല്ല, മരണത്തിൻെറ "പടവാത്ത" കേട്ടു ഞെട്ടിത്തെറിക്കാതെ കവിതയെഴുതുവാൻ അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു, അദ്ദേഹം. ഇതിനും പുറമേ,

"ശശ്വരിതൻ ജനലിങ്കൽ നോക്കിനിൽക്കും പഥികക്കു
ജീവിതരഹസ്യം ചൊല്ലി"ക്കൊടുക്കേണ്ടതും കവിധർമ്മമാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

എല്ലാററിനും ഉപരിയായി, "പുഞ്ചിരിപ്പൂമലർ പൊഴിക്കുന്നവർക്കും", "നെഞ്ചുപൊട്ടിക്കരയുന്നവൎക്കും", "പുൽക്കുടിലിലും", "തങ്കമേടയിലും" വസിക്കുന്നവർക്കും, എന്നുവേണ്ടാ,

"നിഖിലൎക്കും സുഹൃത്തായി മരുവേണ്ടതെൻെറ ധർമ്മം
നിഖിലർക്കും സഹജരായ് ഭവിക്കേണം ഞാൻ" എന്നു

കവി തൻെറ ആത്മാർത്ഥത നിറഞ്ഞ അഭിലാഷം വ്യക്തമാക്കുകയും ചെയ്യുന്നു. അപ്പോൾപ്പിന്നെ ഈ അരുപതൊന്നും ഒരരുപതല്ല, കവിയെ സംബന്ധിച്ചിടത്തോളം അതു് ഔദ്യോഗിക കാലാവധിയുടെ ഒരു സീമരേഖമാത്രം!

"നിഖിലർക്കും സന്തതം ഞാൻ സമപ്രായക്കാരൻ പിന്നെ-
ച്ചികുരത്തിൻ ധാവള്യത്തെക്കരുതേണമോ?" 'കാലത്തോടുള്ള

ധീരമായ ഒരു വെല്ലുവിളിയല്ലേ ഇവിടെ പ്രതിധ്വനിക്കുന്നതു്.

ഇനി 'പരിവർത്തന'ത്തിലേക്കു കടക്കാം. വഴിവക്കിലിരുന്ന പാവം കല്ലുണിക്കാരൻ അതുവഴി എഴുന്നെള്ളിയ രാജാവിൻെറ പദവി ഒന്നാശിച്ചുപോയി. അതിനായി അവൻ പ്രാർത്ഥിച്ചു, അതു ലഭിച്ചു. രാജകീയ വേഷമണിഞ്ഞു കല്ലുണിക്കാരനായിരുന്ന മഹാരാജാവു് അതുവഴി നട്ടുച്ചയ്ക്കു കുതിരസവാരി ചെയ്തപ്പോഴാണു് സൂര്യൻെറ ഉഗ്രപ്രതാപം മനസ്സിലായതു്. സൂര്യനായാൽ കൊള്ളാമെന്നായി അയാളുടെ മോഹം—ആശാപ്ലവഗത്തിനു് അപ്രാപ്യമായ ശിഖരമില്ലല്ലോ. അതും സാധിച്ചു. അയാൾ സൂര്യനായി. ആ പുതു സൂര്യൻ മണലാരണ്യത്തെ തൻെറ ഉഗ്രരശ്മിയുടെ താണ്ഡവഭൂമിയാക്കി, മരങ്ങൾ തിങ്ങുംവനം, ചാമ്പൽക്കുന്നായി മാററി. അങ്ങനെ വിരാജിക്കവെ ഒരു തകരാറു്. സൂര്യൻെറ കിരണങ്ങളെ നിസ്സങ്കോചം തടഞ്ഞു നിർത്തി, മേഘം!

"മേഘംതാനതിശക്തിമാനിപ്പോൾ ഹാ ഞാനൊരു
മേഘമായെങ്കിലെന്നു നിനച്ചാൻ തമോ വൈരി"

ആ ആഗ്രഹവും സഫലമായി.

"നക്ഷത്രേശനെപ്പിടിച്ചുടച്ചു മുറിക്കള്ളിൽ
സൂര്യകേദാരത്തിലെ പൊൻക്കതിരെല്ലാംകൊയ്തു" വി

രാജിക്കുകയായി, ആ നവ്യസ്ഥാനാവരോഹിതൻ. അങ്ങിനെയിരിക്കെ വിണ്ടലവീഥിയേയും ഭേദിച്ചുനിൽക്കുന്ന ഒരു പർവ്വതത്തെ കണ്ടു. അതിനോടെതിർക്കാനായി അവൻ സഗർവ്വം പാഞ്ഞടുത്തു. എന്നിട്ടോ,

മാറിപ്പോയില്ലെന്നല്ലാമൂർത്തിയോടടുത്തപ്പോൾ
നൂറുനൂറായിത്തന്റെ ശരീരം നുറുങ്ങിപ്പോയി"

അങ്ങനെ ആ പർവ്വതത്തിൽ—കരിമ്പാറയിൽ—തട്ടി ശക്തനായ മേഘം തകർന്നുപോയി.

"ക്രൂരനാം പാറയായിത്തീരേണം എനിക്കെന്നാൽ
പറവകില്ലാപത്തൊന്നുമെന്നുജീമൂതം ഓർത്തു"

പക്ഷെ പാറയായപ്പോഴോ, കൃശനായ ഒരു ജീവി— മനുഷ്യൻ—എന്തൊക്കെയോ കാട്ടിക്കൂട്ടി.

"ആ കൊട്ടംപാറ തന്നാസ്ഥിവാരം വല്ലാതെ തകർന്നുപോയ്"

ആ തകർന്നുവീണ കൊട്ടംപാറ ആ പതനത്തിൽ കിടന്നുകൊണ്ടു് ആശിച്ചുപോയി, എന്നെ തകർക്കാൻ ശക്തനായ ഒരു മനുഷ്യനായിത്തീർന്നെങ്കിൽ എന്നു്.

"ഞാനൊരു മർത്ത്യനാകാൻ ഈശ്വരൻ കൃപചെയ്ക
എന്നു ചിന്തിച്ചാൻ പാറ, മർത്ത്യൻ മർത്ത്യനായ് വീണ്ടും"

എന്തിനേറെ? മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായി.

ഭാരതഗാനത്തിൽ കവി, 'മധുരചരിതയും', 'സുമഹിതവരദ'യും, 'ലോകോദ്ധാരണ നിരത'യുമായ തന്റെ ജനയിത്രിയ്ക്കു് —ഭാരതാംബയ്ക്കു്—ജയമംഗളങ്ങൾ നേരുകയാണു്.

ഈ മൂന്നു കവിതകളും മൂന്നുവിധത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഒന്നു്, സുഹൃത്തുക്കളായ കവികളോടു കവിക്കു നൽകാനുള്ള ഉപദേശം-കാലത്തെയും ജരാനരയേയും അതിജീവിച്ചും ലോകസേവനം ചെയ്യാനുള്ള വ്യഗ്രത കവിയ്ക്കുണ്ടായിരിക്കണമെന്നുള്ള

ഉദ്ബോധനം—ഉൾക്കൊള്ളുന്നു. വിശാലമായ ഒരു ഹൃദയത്തിൻെറ അവകാശിയായ, എല്ലാവരോടും സമഭാവനയിൽ വർത്തിക്കുന്ന കവിയെ ആണ് നമുക്കു ഈ കവിതയിൽ കാണാൻ കഴിയുക. "പരിവർത്തനത്തിൽ" മനുഷ്യൻെറ കടിഞ്ഞാണില്ലാത്ത ആശകളേയും അവ പടുത്തുയർത്തുന്ന മോഹന സ്വപ്നങ്ങളേയും, 'അക്കരെപ്പച്ചകളെ'യും കവി ചൂണ്ടിക്കാണിച്ചു് അവയിലെ യാഥാർത്ഥ്യത്തെ അന്തസ്സാരശൂന്യതയെ, നമുക്കു മനസ്സിലാക്കിത്തരുന്നു. ദുരാശകളുടെ കാറും കോളും ഇല്ലാത്ത ഒരു ജീവിതത്തിലേക്കു് അനുവാചകരെ ആഹ്വാനം ചെയ്യുന്നുമുണ്ടു്, ഇതിൽ. ഭാരതഗാനത്തിൽ സുലളിതവും സുമോഹനവും ആയ പദങ്ങളാൽ കവി ഭാരതാംബയെ സ്തുതിക്കയാണു്.

"ജയിക്ക, മംഗളമധുരിത ചരിതേ
മാമക ജനയിത്രി
ജയിക്കമെജ്ജുള സുമഹിതവരദേ
ഭാരത ജനയിത്രി
ജയിക്കലോകോദ്ധാരണ നിരതേ
ഭുവനപ്രസവിത്രി
ജയിക്ക നാനാ വിഭവമനാരത-
മരുളും വരധാത്രി"

നമുക്കു പാടാം, പ്രാർത്ഥിക്കാം,
"ജയിക്കമംഗള മധുരിത ചരിതേ!
നൂറോ നമസ്കാരം!!"

---

# നിശ്ശബ്ദ സാഹിത്യസേവനത്തിൻെറ മാതൃക.

— *പള്ളിപ്പാട്ട് കുഞ്ഞുകൃഷ്ണൻ.*

"ആരാണ് ശ്രീ: മാത്തൻതരകൻ? എന്തെല്ലാമാണ് ശ്രീ മാത്തൻതരകൻെറ തൂലികയിൽ നിന്നു മലയാൺമയ്ക്കു കൈവന്ന സമ്പത്ത്?"— പ്രഗത്ഭനായ ഒരു ചരിത്രകാരൻെറ വസ്തുനിഷ്ഠമായ വിലയിരുത്തൽ.

"ഇത്തരുണത്തിൽ പ്രസ്താവാർഹമായ മറെറാരു കൃതി റവ: ജോർജ് മാത്തൻെറ വ്യാകരണമാകുന്നു. അത് 1863-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. മുഖവുരയിൽ ഗ്രന്ഥകാരൻ നമുക്കുറപ്പു തരുന്നു, അതിൻെറ മുക്കാൽ ഭാഗവും അദ്ദേഹം തയ്യാറാക്കിയത് ഗുണ്ടർട്ടിൻെറ വ്യാകരണം പരസ്യംചെയ്യുന്നതിനുമുമ്പാണെന്ന്. ഗുണ്ടർട്ടിൻെറയും ജോർജ് മാത്തൻെറയും വ്യാകരണങ്ങൾ തുലനം ചെയ്തു നോക്കിയതിൽ ജോർജ് മാത്തൻെറ വ്യാകരണം വിഭിന്നമാണെന്ന് അദ്ദേഹം തരുന്ന ഉറപ്പ് നമുക്കു വിശ്വസിക്കാമെന്നു കാണുന്നു. കേരളപാണിനീയത്തിൻെറ അവതാരികയിൽ സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള പ്രസ്താവിച്ചിട്ടുള്ള വാ

കൃങ്ങളാണിവ. തത്താദൃശനായ ഒരു മഹാപണ്ഡിതൻെറ സഹോദരീപുത്രനാണ് ശ്രീ പുത്തൻകാവു മാത്തൻതരകൻ. പരമ്പരാഗതമായ വൈദഗ്ദ്ധ്യത്തിൻെറ നികേതനമായ ആ ഭാഷാഭിമാനിയിൽനിന്നും ഈ മൂന്നുനാലു ദശകങ്ങൾക്കുള്ളിലായി കൈരളിയ്ക്കു വളരെയേറെ മുതൽക്കൂട്ടുണ്ടായിട്ടുണ്ട്. നിസ്തുബദ്ധമായ ആ സാഹിത്യസേവനത്തെ ആ മഹാശയൻെറ ഈ ഷഷ്ടിപൂർത്തിവേളയിലെങ്കിലും മഹാജനങ്ങൾ ഓർമ്മിക്കാൻ ഇടയായതു് ചാരിതാർത്ഥ്യജനകം തന്നെ.

*ബഹുമുഖമായ നേട്ടങ്ങൾ:*

എന്തെല്ലാമാണ് ശ്രീ മാത്തൻതരകൻെറ തൂലികയിൽനിന്നും മലയാൺമയ്ക്കു് കൈവന്ന സമ്പത്തു്? നോവൽ, നാടകം, ചെറുകഥ, നിരൂപണം, ഉപന്യാസം, ഖണ്ഡകാവ്യം, മഹാകാവ്യം, സംഗീതം ഇങ്ങനെ വിവിധ സരണികളിലാണ് അദ്ദേഹം ഭാഷാസേവനം ചെയ്തിട്ടുള്ളതു്. ടാഴ്സൻ(നാലുഭാഗങ്ങൾ), പ്രതികാരം, ദുരന്തചുംബനം, മധുബാലിക, ഭാനുമതി, ജീവാമൃതം, ചിത്രാലയം മുതലായവ നോവൽ ഇനത്തിലും, ദിവ്യനക്ഷത്രം, ഉയർത്തെഴുന്നേൽപ്പ് ഇവ നാടകശാഖയിലും പെടുന്നു. ലീലാരാമവും, മഹൽകഥകളും ചെറുകഥാസരണിയിൽ മാത്തൻതരകൻെറ തൂലിക സഞ്ചരിച്ചതിൻെറ മുദ്രകളാണ്. ഉപന്യാസസമാഹാരങ്ങളും നിരൂപണങ്ങളുമാണ് പ്രസംഗമാല, ശാസ്ത്രരംഗം, പ്രകൃതിസാമ്രാജ്യം, സാഹിത്യവേദി, സാഹിത്യസോപാനം എന്നിവ. പ്രഥമപ്രളയം, കൈരളീലീല, ശ്രുലേംകുമാരി, ജീവിതമാധുരി, ബാഷ്പധാര, വികാരമുകുരം, ഉദയതാരം മുതലായ രണ്ടുഡസനിൽക്കൂടുതൽ ഖണ്ഡകാവ്യങ്ങൾ, സമാഹരിച്ച കൃതികളാകുന്നു. വിശ്വദീപം ഒരു മഹാകാവ്യമാണ്. ഗാനമഞ്ജരി, സംഗീതകൗതുകം, ഭക്തിമാഹാത്മ്യഗീതങ്ങൾ, ക്രൈസ്തവഗാനമഞ്ജരി എന്നിവ സംഗീതശാഖയിൽ പെടുത്താം.

*പരിഭാഷകൻ:*

ടാഴ്സനും (Tarson) ജീവാമൃതവും (Talisman) പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ ഭാഷാന്തരീകരണത്തിലുള്ള അദ്ദേഹ

ത്തിൻെറ വൈദഗ്ദ്ധ്യം തെളിഞ്ഞുകണ്ടു. സാഹിത്യവേദി, സാഹിത്യ സോപാനം, പ്രസംഗമാല മുതലായവ ശ്രീ മാത്തൻതരകൻെറ ഉപന്യാസരചനയ്ക്കുള്ള നിദർശനങ്ങളാണ്. അകൃത്രിമവും സുന്ദരവുമായ ശൈലിയിൽ എഴുതിയിട്ടുള്ള അതിലെ ഉപന്യാസങ്ങളിൽ അനുവാചകർക്കു നൂതനാശയങ്ങൾ ജനിപ്പിക്കുന്നതിനുള്ള ബീജാങ്കുരങ്ങൾ ധാരാളമുണ്ട്. ഭാഷയും അതിൻെറ ഉൽപ്പത്തിയും, ഭാഷയും ലിപിയും, സാഹിത്യം, സുന്ദരകലകൾ, സാഹിത്യവും സൗന്ദര്യവും, സാഹിത്യത്തിലെ വികാരാംശം, സദ്ഗ്രന്ഥപരിഗ്രഹണം ആദിയായവ അവയിലെ ചില പ്രൗഢോജ്ജ്വലങ്ങളായ ഉപന്യാസങ്ങളുടെ ശീർഷകങ്ങളാണ്. സാഹിത്യപിപഠിഷുക്കൾക്കു പലതും ഇവയിൽനിന്നു ഗ്രഹിക്കാനുണ്ടാവും.

*പദ്യരംഗത്ത്:*

ഗദ്യത്തിൻെറ സരണിവിട്ടു പദ്യത്തിലേക്കു കടന്നാൽ പ്രഫസ്സർ തരകൻ സുന്ദരനായ ഒരു കവിയായിട്ടാണു ദർശനീയനാകുന്നത്. സംഗീതദേവത അദ്ദേഹത്തെ വേണ്ടുവോളം അനുഗ്രഹിച്ചിട്ടുണ്ട്. പാലും പഞ്ചസാരയും ചേർന്നാലുള്ള മാധുര്യമാണല്ലോ സംഗീതസാഹിത്യങ്ങളുടെ സമന്വയംകൊണ്ടു സംസിദ്ധമാകുന്നത്. ഇതു് എല്ലാവർക്കും കൈവന്നു എന്നു വരികയില്ല. ഗാനമാധുരിയിലും, സംഗീത കൗതുകത്തിലും, ഭക്തിമാഹാത്മ്യശീതങ്ങളിലും എത്രഎത്ര മട്ടിലുള്ള കർണ്ണാനന്ദദായകങ്ങളായ പാട്ടുകളാണു് അദ്ദേഹം രചിച്ചിട്ടുള്ളതു്! വാസനാനുഗൃഹീതരായ കാർത്തികപ്പള്ളി മാമ്മൻഭാഗവതരെപ്പോലുള്ള ഗായകന്മാർ പാടുമ്പോഴേ അവയുടെ മാധുര്യം തികച്ചും ശ്രോതാക്കൾക്കു അനുഭവവേദ്യമാവൂ. സ്ഥാലീപുലാകന്യായേന ഒരു ഗാനം കേൾക്കുക. (വേണുഗാനമെന്ന സമാഹാരത്തിൽനിന്നു്)

(ചെഞ്ചുരുട്ടി – ആദിതാളം)

ചരണങ്ങൾ

"നാകനിവാസികൾ വണങ്ങും ദേവ!
നമിതനര നികരനരപാല!

മരണത്തെ വിജയിച്ച വിമലാത്മൻ!
ദുരിതമാമിരുൾ നീക്കം ദിനനാഥ!
ദീനലോല ദീനലോല
മഹിമപരം കലരുമനവേലം"
(നാകനിവാസികൻ...)

ഭാവഗീതങ്ങൾ രചിക്കുന്നതിൽ പ്രൊഫ: തരകന്റെ തൂലിക അതുല്യപാടവം സ്വായത്തീകരിച്ചിട്ടുണ്ട്. കൈരളീലീല, വികാരമുകരം, ഉദയതാരം തുടങ്ങിയവ താദൃശങ്ങളായ ഭാവഗീതങ്ങളുടെ നിലയനങ്ങളാണ്. കൈരളീലീലയിലെ മേഘസംഗീതം, ആത്മനീതി, ത്യാഗം, പാടാം നിത്യം എന്നിവ എടുത്തു പറയേണ്ടവയാണ്.

*ബാലസാഹിത്യത്തിൽ:*

ബാലസാഹിത്യരചനാപടുവായി പ്രഫസ്സർ തരകനെ പ്രത്യേകം കാണുക രസാവഹമാണ്. ബാലകവിതകളിലെ ലാളിത്യവും സൗകുമാര്യവും സമ്മോഹനപദസന്നിവേശവും തരകനവർകളുടെ തൂലികയുടെ മുമ്പിൽ നമ്മെ അഞ്ജലീബദ്ധരാക്കാതിരിക്കയില്ല. "തെന്നൽ" എന്ന കവിത നോക്കുക:-

"എങ്ങുനിന്നെങ്ങുനിന്നോവരുന്നു സ-
ന്മംഗളശീലനാം ഗന്ധവാഹൻ.
വിശ്രമംകൂടാതെ യാതൊരദ്ധ്വാവിലൂ-
ടശ്രമ മത്തെന്നൽ യാത്രചെയ്വൂ
ആററിലും തോട്ടിലുമാഴിപ്പരപ്പിലും-
നാട്ടിലും കാട്ടിലും മേട്ടിന്മേലും
ചുററിനടക്കുന്ന രൂപവിഹീനനാം
കാററിൻെറ കൗശലം ചിത്രം! ചിത്രം!

ഈ വരികൾക്കു ശേഷം,
"കള്ളനും ഭിക്ഷുവുംമെത്തകൾ തീർക്കുന്ന
വെള്ളിലക്കുന്നുകളങ്ങിങ്ങായി.

കൂട്ടിയാട്ടേതോ ഗുഹയ്ക്കുള്ളിലേറിത്താൻ
കാട്ടിയവിദ്യകൾ നോക്കിവാഴ്ം"

എന്നു കാററിനെപ്പററി പാടുന്ന കവിയുടെ നമ്മബോധം ആഴമേറിയതല്ലെന്ന് ആരു പറയും?

'ലോകമേ തറവാടാ'യിക്കാണുന്ന കവിയുടെ മനോധർമ്മ വിലാസമല്ലേ സ്വസഹോദരനോട് ഇപ്രകാരം പറയിച്ചതു്?

"വിവേകമില്ലാതെ പദം പെരുക്കി
വയ്ക്കാൻ തുടങ്ങും പഥികാ,സഗർഭ്യാ
നിലത്തതാനിന്നുടെ മുമ്പിലായി
പ്പുളച്ചിടുന്നുണ്ടൊരു കൊച്ചുകീടം

ഒഴിച്ചുവച്ചീടുക നിൻപദങ്ങൾ
തജ്ജീവിയെച്ചൂർണ്ണിതമാക്കിടാതെ
നിസ്സാരമെന്നാകിലുമീശ്വരൻ താ-
നതിന്റെയും ധാതൃപദം വഹിപ്പൂ"

*ബൈബിൾ കഥകൾ:*

ബിബ്ലിക്കൽ ഇതിഹാസങ്ങളെ ഉപജീവിച്ചുള്ള കവിതകൾ ധാരാളമായി ശ്രീ: മാത്തൻതരകൻ എഴുതിയിട്ടുണ്ട്. ശൂലേം കുമാരി, മഗ്ദലനമോഹിനി, മുതലായവ അക്കൂട്ടത്തിൽപ്പെടും. ഇവയിൽ ഉടനീളം കാണുന്ന ഭാവസൗന്ദര്യവും, ശില്പമഞ്ജിമയും ഇതരമതസ്ഥരായ അനുവാചകരെപ്പോലും ഉൾപ്പുളകം കൊള്ളിക്കാതിരിക്കയില്ല. ക്രൈസ്തവേതിവൃത്തങ്ങൾ പ്രമേയങ്ങളാക്കി കവനം ചെയ്ത് ഇത്രത്തോളം വിജയംവരിച്ച മററു കവികൾ തുലോം വിരളമായേ ഉള്ളു. മഹാകവികളായ കട്ടക്കയത്തേയും കെ. വി. സൈമനേയും വിസ്മരിച്ചുകൊണ്ടല്ല ഞാനിപ്പറയുന്നതു്. എന്നാൽ അവരുടെ കവനസൽശേഷിക്ക് സമസ്കന്ധത്വം വഹിക്കുന്ന തരത്തിലുള്ള ഒരു മഹാകാവ്യമാണ് ശ്രീ: തരകൻ ഇപ്പോൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതു്. കാവ്യാനുഭൂതിപ്രദീപ്തമായ ആ മഹാ

കാവ്യം—വിശാദീപം മുഴവനാകുമ്പോൾ ഒരു ക്രൈസ്തവ കൃഷ്ണഗാഥ കൈരളിക്കു കൈവന്നതായി കരുതാം. സാരസ്യവും സാരള്യവും ഉഭയപാർശ്വത്തും മകുടം ചാർത്തുന്ന ഒരു ഉത്തുംഗസാരസ്വത ഗോപുരമായിരിക്കും അതെന്നു് ഞാൻ ദീർഘദർശനം ചെയ്യട്ടെ. ഉദയകാണ്ഡം, ബാലകാണ്ഡം, യോഗകാണ്ഡം, കർമ്മകാണ്ഡം, എന്നിത്യാദി കാണ്ഡങ്ങളായിട്ടാണു് അതു് വിഭജിക്കപ്പെട്ടിരിക്കുന്നതു്. ഒരു ചെറിയ ഭാഗം ഉദ്ധരിക്കാം. (നസ്രേത്തു എന്ന ഭാഗത്തിൽ നിന്നു്)

“ഹേരോദയാതനാംപൂർണ്ണമാം മൃത്യുവി-
ന്നാരാലിരയായ് ബ്ഭവിച്ചോരനന്തരം
ആ വിഷപ്പാമ്പിൻെറ സൂനവാമർക്കിലേ-
സാവിപുലാതലഭാഗം ഭരിക്കയായ്
തദാത്തനിർമ്മിച്ച ജോസഫാംനിസ്രയേൽ
ദേശപ്രവേശസംരോധകക്കന്മതിൽ
ആകയാൽ ജായയും പുത്രനുമൊത്തുടൻ
പൂകിനാൻ നസ്രേത്തിലാവിശുദ്ധാത്മകൻ
മദ്ധ്യതരണ്യാഴി, പശ്ചിമദിക്കിലും
യോർദാൻതരംഗിണി പൂർവ്വദിക്കിങ്കലും
ഭേരിമുഴക്കിയും കാഹളമൂതിയും
പാരം പുകഴ്ത്തും പലസ്തീന നാടിനെ
രണ്ടായ് പകുത്തുകൊണ്ടുല്ലസിക്കുന്നതേ
കണ്ടാലകംകുളുർക്കുന്നോരു താഴ്‌വര”

അനവദ്യമായ പദ്യശൈലീ വിശേഷമാണു് ഈ കാവ്യത്തിൻെറ അന്തർദ്ധാര. കവനപ്രക്രിയയുടെ പാടവം തുളുമ്പിയൊഴുകുന്ന ഈ കാവ്യം അചിരേണ പൂർത്തിയാകുവാൻ നമുക്കാശംസിക്കുക!

ശ്രീ: മാത്തൻതരകൻെറ നാനാമുഖമായ കൈരളീസപര്യയെ പ്രകീർത്തിക്കുന്ന ലേഖനങ്ങൾ ഈ ഉപഹാരഗ്രന്ഥത്തിൽ ധാരാളം ഉള്ളതുകൊണ്ടു് കൂടുതലായൊന്നും ഈ അവസരത്തിൽ പ്രസ്താവിക്കുന്നില്ല. ക്രൈസ്തവ സമുദായത്തിനാകമാനം ഭൂഷണവും കേരളക്കരയ്ക്കു് അഭിമാനഭാജനവുമായ അദ്ദേഹത്തിൻെറ അപദാ

 നങ്ങൾ പാടിപ്പുകഴ്ത്തുന്നതിൽ എന്റെ പരാജയം ഞാൻ സ്വയം ഏററുപറയുന്നു. ആകൃതിപോലെ അദ്ദേഹത്തിന്റെ പ്രകൃതിയും നൈർമ്മല്യ നികേതനമാണ്. സുകുമാര ശരീരത്തിൽ സുകുമാരമല്ലാത്ത ഹൃദയത്തിന്ന് സ്ഥാനമില്ലല്ലോ. ഔദാര്യശാലിനിയും പ്രഗത്ഭമതിയുമാണ് അദ്ദേഹത്തിന്റെ സഹധർമ്മിണി. മേധാബലത്തിൽ മികച്ചുനിൽക്കുന്ന, രാമലക്ഷ്മണന്മാരെപ്പോലുള്ള, രണ്ടുപേരാണ് അദ്ദേഹത്തിന്റെ പുത്രന്മാർ. മാതൃഭാഷാസേവനമാണ് അദ്ദേഹത്തിന്റെ കർമ്മപഥം. സമൃദ്ധമായ സദ്യശസ്സാണ് അദ്ദേഹത്തിന്റെ സമ്പാദ്യം. ജന്മസാഫല്യത്തിന്ന് ഇനിയെന്തുവേണം? ഈ ഷഷ്ടിപൂർത്തി കഴിഞ്ഞും, ശതാഭിഷേകം കഴിഞ്ഞും, പുരുഷായുസ്സിന്റെ അതിർവരമ്പുവരെ അദ്ദേഹത്തിന്റെ അമോഘമായ ആയുസ്സ നീളട്ടെ! നമസ്ക്കാരം!

## ഗുരുപൂജ.

— പി. കെ. ദേവി, എം. എ.

സ്നേഹസാഗരതുല്യ
    മെൻെറയാത്മാവിൻ നിത്യ
ശ്ശുന്യത നിറയ്ക്കുന്ന
    മാമക മഹാഗുരോ!
മംഗളം നേരട്ടെയീ_
    സ്സുദിനേ വീണ്ടും വീണ്ടും
മന്ദ്രമോഹന രാഗം
    മീട്ടന്നോരങ്ങയ്ക്കായി.
ഉച്ചിയിലങ്ങയ്ക്കെന്നും
    ഭാവുകം ഭവിക്കുവാൻ
സർവ്വശക്തനോടിന്നു
    യാചിപ്പൂ മമ മനം.

— ❀ —

# ഭൂമിയിലൊരു സ്വർഗ്ഗം.

— *എൻ. ശ്രീധരൻനായർ എം. എ.*

ഉമാർഖയ്യാമിൻെറ 'റുബായിയാ' ത്തിന് ഭാഷയിൽ അസംഖ്യം പരിഭാഷകളുണ്ട്. എന്നാൽ പ്രൊഫ: മാത്തൻതരകൻെറ "ജീവിതമാധുരി", ആവിഷ്ക്കാര ശൈലിയുടെ സാരള്യമാധുര്യങ്ങളാലും, മൂലകൃതിയുടെ ആത്മചൈതന്യത്തിൻെറ അന്യൂനമായ ആവാഹനത്താലും അന്യതർജ്ജമകളെ അധഃകരിക്കുന്നു.

---

ആധുനിക മലയാളസാഹിത്യത്തിൽ വിവർത്തന സാഹിത്യത്തിന് വേണ്ട പ്രോത്സാഹനം കൊടുത്തതു് കേരളവർമ്മ വലിയ കോയിത്തമ്പുരാനാണ്. അദ്ദേഹത്തിൻെറ അനുയായികളായി പലരും രംഗപ്രവേശം ചെയ്തിട്ടുണ്ടെങ്കിലും അവരിൽ എത്രപേർ വിജയിച്ചിട്ടുണ്ടെന്നുള്ള കാര്യം ചിന്തനീയമാണ്. അക്കൂട്ടത്തിൽ ഒരപവാദമെന്നോണം പ്രശോഭിക്കുന്നൊരു സാഹിത്യനായകനാണ് ഈ ലേഖനത്തിന്ന വിഷയീഭവിച്ചിരിക്കുന്ന പുത്തൻകാവു ശ്രീ: മാത്തൻ തരകൻ.

ആശയവും സാരസ്യവും ചോർന്നുപോകാതെ വിവർത്തനം ചെയ്യേണ്ടതിൻെറ വൈഷമ്യത്തേയും വൈതരണിയേയും എടുത്തു

പറയുക അത്ര എളുപ്പമല്ല. എന്നാൽ പകപ്പിൻെറ പകർപ്പായ "ജീവിതമാധുരി"ക്ക് ഈ ദോഷം പിണഞ്ഞിട്ടില്ലെന്നു രേഖപ്പെടുത്തുവാൻ എനിക്ക് പ്രത്യേകം കൌതുകമുണ്ടു്,

*മുന്തിരിച്ചാറിൻെറ കവിത:*

എ. ഡി. പതിനൊന്നാം ശതകത്തിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ പാരസികകവിയായ "ഉമാർഖയ്യാം"മിൻെറ "റുബായിയാ"ത്തിൻെറ ഒരു സ്വതന്ത്ര ഭാഷാന്തരീകരണമാണ് "ജീവിതമാധുരി" മൂലകൃതിയെ ഇംഗ്ലീഷിലേക്ക് മററു പലരും വിവർത്തനം ചെയ്തിട്ടുണ്ടെങ്കിലും "എഡ്വേർഡ് ഫിററ്സ് ജറാൾഡി"ൻെറ വിവർത്തനത്തെയാണ് ജീവിതമാധുരീകർത്താവു് പരിഭാഷയ്ക്കു സ്വീകരിച്ചിട്ടുള്ളതു്. വിവർത്തനദ്വാരാ ലോകത്തിലെ വിവിധഭാഷകളിൽ "രുബായിയാത്തു്" പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. മലയാളത്തിൽ ജി. ശങ്കരക്കുറുപ്പിൻേറയും, സർദാർ കെ. എം. പണിക്കരുടേയും വിവർത്തനത്തിനു് രുബായിയാത്തു് വിധേയമായിട്ടുണ്ടെങ്കിലും, അഭ്യുദയകാംക്ഷികളായ സുഹൃത്തുക്കളുടെ നിരന്തരപ്രേരണയുടെ ഫലമായിട്ടാണ് ഈ വിവർത്തനത്തിനു് വീണ്ടും ഒരുമ്പെട്ടതെന്നു ഗ്രന്ഥത്തിൻെറ മുഖവുരയിൽതന്നെ ഗ്രന്ഥകർത്താവു് ഉദീരണം ചെയ്യുന്നുണ്ടു്

*ആനന്ദവാദവും മിസ്റ്റിസിസവും.*

ലൗകികാനന്ദമാണ് ജീവിതത്തിലെ മുഖ്യലക്ഷ്യമെന്ന് ഉമാർഖയ്യാം വിശ്വസിച്ചിരുന്നു. കുടിക്കുക, ആനന്ദിക്കുക ഇവയാണദ്ദേഹത്തിൻെറ പുരുഷാർത്ഥങ്ങൾ. മദ്യശാലയെ ക്ഷേത്രമായും മനുഷ്യനെ അതിൽ ആരാധന നടത്തുന്നവനായും വിവക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിനെ "മിസ്റ്റിസിസ"മായി വ്യാഖ്യാനിക്കുന്നവരും അപൂർവ്വമായിട്ടില്ലാതില്ല. രുബായിയാത്തിലെ ഓരോ പദ്യവും വേറൊന്നുമായി ബന്ധപ്പെടാത്ത നിഗൂഢമായൊരു പൊരുളിനെ ഉൾക്കൊള്ളുന്നു. പ്രസക്തഗ്രന്ഥം ഒരൊററവിഷയത്തെ ആസ്പദമാക്കി ശ്ലോകരൂപത്തിൽ രചിച്ചിട്ടുള്ള ഒരു കാവ്യമല്ല. ശൃംഖല

പോലെ കണ്ണിമറിയാതെ നിരന്തരമായിപ്പോകുന്നൊരാശയമതിനില്ല. ഏതെങ്കിലും ഒരാശയം റുബായിയാത്തിൽ ആദ്യവസാനം കാണുന്നുണ്ടെങ്കിലതു് എപ്പിക്യൂറിയനിസമാണു്. തിന്നുക, കുടിക്കുക, മദിക്കുക, ആനന്ദിക്കുക, ഇതാണു് എപ്പിക്യൂറിയൻ ഫിലോസഫി.

*എല്ലാ അധരങ്ങളിലും ഒരേയൊരു ഗാനം:*

പകുതി പ്രതിഷേധവും പകുതി നിരാശയും കലർന്ന ഒരു സമ്മിശ്രഭാവത്തോടുകൂടി പാശ്ചാത്യ യുവാക്കന്മാരും യുവതികളും ഫിററ്സ്ജറാൾഡ് ഭാഷാന്തരം ചെയ്ത റുബായിയാത്തിലെ പദ്യങ്ങൾ പാടിക്കൊണ്ടു നടക്കുന്നതു് ഒരു പരിഷ്കാരമായി കരുതിയിരുന്നു. അവർ പാടാനുപയോഗിച്ചുവന്നിരുന്ന ഒരിംഗ്ലീഷ് പദ്യത്തിന്റെ തനിപകർപ്പാണു് താഴെ ചേർക്കുന്നതു്.

സമധികമംഗി കലർന്നു വിളങ്ങും
ശ്യാമളശീതള പാദപനിഴലിൽ
സുരുചിരസംഗീതാമൃതവർഷ-
വിധാനവിലാസിനിയാകിയനീയും
മദമരുളും പുതുമദിരനിറച്ചൊരു
മണിഭാജനവും ഭോജനലവവും
മധുരമനോഹര കവിതയു-
മായാൽ മതിമരുഭൂവും മമസുരലോകം.

മേലുദ്ധരിച്ചിരിക്കുന്ന ഗാനതല്ലജമാസ്വദിച്ചാലാരാണു് രോമാഞ്ചകഞ്ചുകമണിയാത്തതു്! അങ്ങനെയുള്ളവരുണ്ടെങ്കിൽ അവരെക്കുറിച്ചു് സഹതപിക്കുകയേ നിർവ്വാഹമുള്ളൂ. ഒരു കവിവാക്യത്തിൽ ചിത്രീകരിച്ചാൽ റുബായിയാത്തിൽ ആപാദചൂഡം സകലരോഗശമനകരമായ ഒരൗഷധം-ബല്‌വർദ്ധനകരമായ ഒരു ഭേഷജം-ആരേയും അർദ്ധസുഷുപ്തിയിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന ഒരു ലഹരിസാധനം ഒളിഞ്ഞു കിടപ്പുണ്ടു്. മാത്രമല്ല ലോകത്തെ മുഴുവൻ നിയന്ത്രിക്കുന്ന ഒരു സർഗ്ഗശക്തിയുണ്ടെന്നും, ആ ശക്തി കല്പിക്കുന്ന വിധിയിലെ ദീർഘത്തിനു വ്യത്യാസംവരുത്താൻ മനുഷ്യനു സാദ്ധ്യമല്ലെന്നും ഉമർതർപ്പിച്ചു പ്രഖ്യാപിച്ചിരിക്കുന്നു.

നിരണം കവികഠം ഗ്രന്ഥരചനയ്ക്കു സ്വീകരിച്ച അതേ വൃത്തംതന്നെയാണു് ജീവിതമാധുരികൎത്താവും സ്വീകരിച്ചിരിക്കുന്നതു്. അതു് ഔചിത്യമെന്നേ പറയേണ്ടു. ഛന്ദസ്സിൻെറ സവിശേഷത കാവ്യത്തിൻെറ അകൃത്രിമസൗന്ദൎയ്യത്തിനു് മാററുകൂട്ടുന്നു. ജീവിതമാധുരിയുടെ കാവ്യമാധുൎയ്യം വെളിവാക്കുന്നതിനു വേണ്ടി സ്ഥാലീപുലാകന്യായേന ഒരു പദ്യം താഴെ ഉദ്ധരിക്കുന്നു. ഓരോ കവിതാഖണ്ഡവും ഉത്തരോത്തരം മെച്ചമായിരിക്കുന്നതുകൊണ്ടു് ഏതുദ്ധരിച്ചാലും അസ്ഥാനത്താകാനിടയില്ല.

വെണ്മയസുന്ദര മന്ദസ്മിതവും
നിർമ്മല നൂതന പരിമളഭരവും
നമ്മുടെ പരിസരമെങ്ങും വിതറും
പനിനീർപ്പൂമലരേവമുരപ്പൂ.
"മാമകനാണയസഞ്ചിയഴിച്ചതി-
ലമരും നിധികളശേഷവുമീസുമ-
കോമളവനികയ്ക്കരുളാൻ ഞാനീ-
പ്പാരിൽപ്പൊട്ടിമുളച്ചുവളർന്നു."

എൻെറ മടിശ്ശീലയിലുള്ളതു മുഴുവനും ഈ ഉദ്യാനത്തിനു് സംഭാവനചെയ്യുവാനാണു് ഞാൻ ജനിച്ചുവളരുന്നതു് എന്ന പനിനീർപ്പൂവിൻെറ പ്രസ്താവന എത്ര ഹൃദ്യമായിരിക്കുന്നു!

പാരസിക ഭാഷയിൽനിന്നും ഇംഗ്ലീഷിലേക്കു കടന്നു് അവിടെനിന്നും മലയാളഭാഷയിലേക്കു വന്നിരിക്കുന്നതും കൈരളീഭക്തന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നതുമായ 'ജീവിതമാധുരി' ഏതുവീക്ഷണകോണിൽക്കൂടി നോക്കിയാലും മലയാളസാഹിത്യത്തിനു് ഈടുററൊരു മുതൽക്കൂട്ടുതന്നെയാണു്.

KOTTAYAM PUBLIC LIBRARY
KOTTAYAM

# മംഗളാശംസകൾ.

## ഒന്നു്

വിദ്യാഭ്യാസവിഷയത്തിലും വിമലമാം സാഹിത്യവാനത്തിലും
വിദ്യോതിച്ചു വിശിഷ്ടവെൺപുകൾ സദാ വീശുന്ന വാർതിങ്കളേ!
ഹൃദ്യാനന്ദദ ഷഷ്ടിപൂർത്തിസുദിനേ പ്രാർത്ഥിപ്പിതാത്മാർത്ഥമായ്,
ഖദ്യോതൗഘസമാനരാം സഹൃദയന്മാരിങ്ങുസന്മംഗളം!!

പുത്തൻകാവ്യവിധാന രീതിയിൽ രസിച്ചോരും, മഹാസൂരികൾ-
ക്കൊത്തംഗം പ്രതിയർത്ഥഭൂഷകൾപരം മോഹിച്ചുവോരും, സമം
"പുത്തൻകാവി"ലെഴുന്ന ഗായക കവിക്കാശംസയർപ്പിക്കയാം,
ഹൃത്തിൻകാവുകളിൽക്കൊളുത്തി വിലസും "സ്നേഹ"പ്രദീപങ്ങളാൽ!!

— ഏറ്റുമാനൂർ, എം. എസ്സ്. കുമാരൻനായർ.

## രണ്ടു്

ദ്രാക്ഷാപാകരസാഢ്യയാം കവിതയാൽ സാഹിത്യമാധ്വീരസം
പ്രേക്ഷാവത്തുകളാം കലാരസികരിൽ കോരിച്ചൊരിഞ്ഞന്വഹം
വീക്ഷാവൈഭവപൂർണ്ണമിപ്രകൃതിയെക്കാണാൻ കരുത്തുള്ളൊരീ
സാക്ഷാൽ സൽക്കവി ഷഷ്ടിഹായനസമഗ്രത്വത്തിലെത്തുന്നിതാ

ഊനത്വം പരിപുഷ്ടിയെന്നിവവരും കാലത്തിലും സ്വോന്നത-
സ്ഥാനത്തിൽ ക്ഷയമെന്നിപാലൊളിപരത്തീടുന്നൊരിസ്സുന്മതി,
"മാനം, കൈവെടിയാതെ നല്ലൊ"രയനം" നാട്ടാൎക്കു കാട്ടികൊട്ടു"-
ത്താനന്ദാമൃതധാരതൂകി വിലസീടട്ടേ കലാപൂൎണ്ണനായ്-

പോരും വൎണ്ണപ്രകൎഷം, മധുരമധുരസം, വാസനാപുഷ്ടി, കണ്ടെ-
ലാരും മുത്താൻ മുത്തും മഹിമ, പരമലം കാരപൎയ്യാപ്തിഭാവം,
ചാരുത്വം, സൂത്രയോഗം, സുമഹിതനില, സൽസംഗമിത്യാദിയാലെ-
ല്ലാരും കൈക്കൊണ്ട മാത്തൻ തരക കവി, "നവോദ്യാന സന്താനസൂനം"

വാണീദേവീസമാരാധനഹിതമതിയായ്, ബാല്യകാലം മുതൽക്കേ
വാണീടാൎന്നീടുമോരോ ശുഭപദവികളിൽ തഞ്ചമായ് സഞ്ചരിച്ചു്,
നാണീയസ്സായ നിത്യോദ്യമ മഹിതഫലാപ്തിക്കു ദൃഷ്ടാന്തമാകാ-
നാണീച്ചൊല്ലാൎന്ന മാത്തൻതരക കവി, നയിക്കുന്നതാത്മീയദിഷ്ടം

പൌരസ്ത്യബ്രാഹ്മി, വിദ്വാൻ, സുമമരുളിവരിച്ചീടിനാറ്,ഹൌണിയെം.ഏ.
ഹാരത്താൽ സ്വീകരിച്ചാളഥ ബഹുവിധസാഹിത്യതത്വങ്ങളെല്ലാം
സാരഗ്രാഹിത്വപൂൎവ്വം നിജശിരസിതെരുക്കിക്കെട്ടി"സ്സത്വം"
പാരംപൂണ്ടിന്നു മാത്തൻ തരക കവി"കലാമന്ദിരാധീശ" നായി

കായസ്ഥശ്രീവിലാസസ്ഥിതി, തദനുസൃതം "വൃത്തി"വൈദഗ്ദ്ധ്യവുംപൂ-
ണ്ടായത്തജ്ഞാനവൃദ്ധ്യാ പല സമിതികളിൽ കൎമ്മിയാം മെംബറായി
പ്രായത്തിന്നൊത്ത പാകപ്രവണതയൊടഭിപ്രായമുന്നീതമാക്കി
ശ്രേയസ്സാൎജ്ജിച്ച മാത്തൻതരക കവി "സഭാൎയ്യ" പ്രഭാവൻ ജയിപ്പൂ

സ്ഥാനഭ്രംശം ഭവിക്കാത്തൊരു നടപടിയാൽ ഛാത്രവൃന്ദത്തിനേ വി-
ജ്ഞാനപ്പൂങ്കാവനത്തിൽ സുഖമൊടു "സുമന"സ്സൌരഭാകൃഷ്ടരാക്കി,
ഗാനംമൂലം സദസ്സിൻ കരളുകറ്റം കവരും ഗായകശ്രേഷ്ഠനേപ്പോ-
ലാനന്ദിപ്പിച്ച മാത്തൻതരക കവി സ"ദാചാൎയ്യ"വൈഡൂൎയ്യമായി.

സ്ഫാ"രാമോദം" നിറഞ്ഞും സുധയൊടു പടവെട്ടുന്ന വാണീരസത്തിൻ
ധാരാപൂരം ചൊരിഞ്ഞും, സവിധഗജനതാ "താപ" ഭാരം ഹരിച്ചും
ആരാലത്യന്തരമ്യപ്രകൃതിയൊടു സദാ ലാലസിച്ചീടുമീ"ന-
വ്യാരാമൌകസ്സു" മാത്തൻ തരക "സുകൃതി" ഷഷ്ട്യബ്ദപൂൎത്ത്യാ ജയിപ്പൂ.

ഓൎക്കുംതോറും രസിക്കും കഥകളധികമായ് തട്ടിവിട്ടിഷ്ടചിത്തം
ചീൎക്കുംമട്ടുള്ള പൊട്ടിച്ചിരിയുമരിയവിജ്ഞാനവും ചേൎത്തിണക്കി

ആർക്കും ധാരാളമേകീസ്സരസതരവചഃ "സ്രഗ്ദ്ധരോ" ന്മേഷഭാക്കായ്
പാർക്കും പേരാർന്ന മാത്തൻ തരക കവി വിളങ്ങുന്ന വിദ്വൽസദസ്സിൽ.

നാനാരീത്യാ സമസ്ത "പ്രകൃതി"കളെ നിരീക്ഷിച്ചുതൻ "പ്രത്യയ"ത്തെ
ന്യനാഭാവേന "വർണ്ണപ്പൊലിമ" യൊടു ഘടിപ്പിച്ചു സുവ്യക്തമാക്കി
മാനാതീതാനുരൂപപ്രതീകവൊ, ടനുഭവജ്ഞാനമന്യർക്കു നൽകി
"ജ്ഞാനാംബാജാനി" മാത്തൻ തരക കവി രസിക്കുന്നു വൈചിത്ര്യശാലി.

വൃഷ്ട്യന്തേ വിഗതാംബുദാംബരമതിൽപ്പൊന്തിപ്രകാശിച്ചു സ-
ന്തുഷ്ട്യഗ്ര്യസ്ഥിതി പാരിനേകുമരുണൻ പോലി, ന്നമാലിന്യനായ്
കൃഷ്ട്യഗ്രേസരനീ "നവോപവന" സഞ്ജാതൻ സുഹൃൽസേവ്യനായ്
ഷഷ്ട്യബ്ദത്തിക,ളൊന്നുകൂടിയിതുപോൽ ഘോഷിച്ചുതോഷിക്കണം.

സമാത്തരസ പുഷ്കലഃ കുവലയപ്രിയോയഃ പരം
സമത്തമതിരുത്തരോത്തരകലാപ്രശോഭാസിതഃ
സമാശതമതീത്യ ശാന്തരുചിരായതേനായുഷാ-
സമാനഗുണഭാസുരോവിജയതാംയശോഭാസിതഃ

— പി. കെ. കുഞ്ഞുരാമൻ, പത്തനംതിട്ട.

## മൂന്ന്.

പുത്തൻകാവിതി പേരുകേൾക്കുകിലുടൻ ചിത്തത്തിലെത്തീടുമേ
മാത്തൻസാറിനെഴുന്നരൂപമതുലം, വിഖ്യാതവൃത്താന്വിതം,
തത്തൽകാലികമായ് വിശിഷ്ടകവനം തീർത്തുല്ലസിക്കും മഹാ-
നത്തൽപ്പാടണയാതെ വാഴ്ക ചിരമിങ്ങീശപ്രസാദത്തിനാൽ.

ഫുല്ലശ്രീകവനപ്രസൂനതതിയാലക്കൈരളീ ഭാരതി-
ക്കുല്ലാസത്തൊടുനിത്യമർച്ചന നടത്തീടുന്നൊരീഭക്തനെ,
സ്വർല്ലോകാധിപ! യേശുദേവ! കരുണാ പീയൂഷവർഷം ചൊരി-
ഞ്ഞെല്ലാനാളുമനുഗ്രഹിക്ക; "തരകൻസാറി"ന്നു, ഭൂയാൽ ശുഭം.

എപ്പോഴും ഖദർവേഷ്ടി, ജുബ്ബ, വരയൻ ഷാളും ധരിച്ചിട്ടു, താ-
നൊപ്പംശിഷ്യഗണത്തൊടും പ്രതിദിനം കാളേജിലേക്കങ്ങനെ
തപ്പാതേ ദ്രുതഗത്വനാ,യരുജനായ്, പൂപ്പുഞ്ചിരിപ്പാലുമാ-
യപ്പോകുന്നതു കാൺക, ഗായകവിപശ്ചിത്തായ "മാത്തൻഗുരു."

ആൎക്കും മാന്യതമൻ, പ്രഫസ്സർ, കവി, സൽപത്രാധിപർ, നാടക-
ക്കാൎക്കും കണ്മണി, കേരളാംബയഭിമാനിക്കുന്ന പൌരാധിപൻ
ചേൎക്കുംനൽകൃപ സർവ്വമാനവരിലും; നന്നായ്നിറഞ്ഞുള്ളൊരീ
നീൎക്കുംഭം വിലസുന്നു നിശ്ചലതയാ "ശ്രീ മാത്തനാം സൽഗ്ഗുരു,

ചൊല്ലാറുണ്ടു സരസ്വതീ സ്തനയുഗം "സംഗീത സാഹിത്യ" മെ,
ന്നെല്ലാനാളുമതാസ്വദിച്ചുവഴിപോലുദ്യോഗമാളും മഹാൻ
സല്ലോകേ"വിജയം" വരിച്ചു വിലസുന്നീസ്സവ്യസാചിക്കു,മേ
ലെല്ലാനന്മകളും കനിഞ്ഞരുളുമാറാകട്ടെ ലോകേശ്വരൻ.

കൊണ്ടാടുന്നു സകല ജനവും ഷഷ്ടിപൂൎത്ത്യുത്സവത്തെ,-
ക്കണ്ടാനന്ദാംബുധിയിൽ മുഴുകീ കൈരളീദേവി താനും
പണ്ടാൎക്കും കേളിതുപടി ലഭിക്കാത്തൊരാശംസയേറും
കൊണ്ടാ"മാത്തൻ തരക"നിനിയും വാഴ്ക മംഗല്യധാമാ.

— പട്ടാഴി, ഗോപാലപിള്ള.

# നാല്.

എവിടെ വിനയ,മാത്മശുദ്ധി,കൎമ്മ-
പ്രവണത,യീശ്വരഭക്തി,കൃത്യനിഷ്ഠ,
ഇവയെവിടൊരു ചിട്ടയൊത്തു ചേരു-
ന്നവിടെ മുളച്ചു വളൎന്നിടുന്നു ഭവ്യം.

അറുപതു തികയുന്നകൊണ്ടു പാൎത്താൽ
തരുണതവിട്ടൊരു വൃദ്ധനായിതെന്നായ്
കരുതിടുകിലബദ്ധമെൻ സുഹൃത്തേ!
തരക! ഭവാൻ ചെറുപൈതലിന്നുമെന്നും

നിരുപമതര നിൎമ്മലാത്മകത്വം
നരനലഭിപ്പതപൂൎവ്വ, മാ മഹത്വം,
പരമമരരിലെന്നപോൽ വിധാതാ-
വരുളി ഭവാന,തിനില്ല കാലഭേദം.

കുലമഹിമ, കലാവിലാസ, മോമൽ
മലയജശീതളമഞ്ജുമന്ദഹാസം,
അലഘു,തരവചോമരന്ദധാര-
പ്പൊലിമയിതൊക്കെ ഭവാന്റെ ജന്മസിദ്ധം.

ഒരുനിമിഷവുമില്ലശാന്തതയ്ക്കും
തരമിയലാത്തൊരെനിക്കു താങ്കൾ മുന്നം
കരളിനു കുളുർ ചേർത്തിരുന്നകാലം
സ്മരണയിലുണ്ടു, കൃതജ്ഞനെപ്പൊഴും ഞാൻ

സരസകവിവരേണ്യ! ഗായകാഗ്രേ-
സര! തവ ഗാന സുധാഭിഷിക്തനായ് ഞാൻ
പരമരിയൊരു നിർവൃതിയ്ക്കകത്താ-
ണ്ടൊരു ദശയോത്തുയരുന്നരോമഹർഷം.

പഴയതു പലതും മറന്നിരിക്കാൻ
കഴിവെഴമാളുകൾ കാണു, മുന്നതന്മാർ
അഴലതിലൊരു ലേശമി,ല്ലെനിയ്ക്കാ-
ക്കഴിവു വരുത്തുമുയർച്ച വന്നുമില്ല

പ്രിയസഖ! വരശിഷ്ടശിഷ്യസമ്പൽ-
പ്രിയതപെട്ടം ഗുരുനാഥനാം ഭവാനായ്
നിയത സുഖസമൃദ്ധി നീണ്ടകാലം
നിയതി കനിഞ്ഞരുളട്ടെ: നിർവ്വിശങ്കം.

മഹിതമതികൾ, മാതൃഭൂവിനെന്നേ
മഹിമകളേറ്റിയമാമുനീശ്വരന്മാർ
ബഹിരുപരി ചൊരിഞ്ഞൊരാത്മതേജ-
സ്സിഹ തവ നേർവഴികാട്ടിടട്ടജസ്രം!

വിലപെടുമൊരുപാട്ടു കാവ്യഭൂഷാ-
വലിയിനിയും തിരുകൈരളീവപുസ്സിൽ
നലമൊടുമണിയിച്ചു താങ്കൾ നീണാൾ
വിലസുക! 'മത്സഖ,' നിത്യമംഗളം തേ!

— *നല്ലമുട്ടം, പത്മനാഭപിള്ള.*

## അഞ്ച്

ചെങ്ങന്നൂരിതി വിഖ്യാതേ
ദേശേ വിശ്വമനോഹരേ
പുത്തൻകാവ് നഗരീം രമ്യാ-
മധിവാസിൻ! ബുധാശ്രിതാം

"മാത്തൻ തരക" നാമൻ!! സ-
മാനന്യ സർവ്വജനാദൃതേ
ശ്രീമതാം തത്ര ഭവതാം
ഷഷ്ടിപൂർത്തി മഹോത്സവേ

സംഗതേസ്മിൻ ദിനേ ഭക്ത്യാ
ഭവ ദ്ദീർഘായുഷേ, മയാ
പ്രാർത്ഥ്യതേ; സകൃപാ മൂർത്തി-
ർവ്വന്തം പരിരക്ഷതു.

— *എൻ. മാധവൻപിള്ള ശാസ്ത്രി.*

## ആറ്.

മാത്തൻ തരകൻ സാറിനു
പൂർത്തിവരുന്നറുപതാണ്ടു ജന്മദിനം
കീർത്തിധനം, മൂർത്തിബലം
ചേർത്തരുളട്ടേ ജഗന്മയൻ നിത്യം.

കൃത്യംതെററാതെ നിത്യം നിരവധിഫലിതംകൂട്ടി വിദ്യാധനത്തേ-
യത്യന്തം ശ്രദ്ധയോടും ക്രമമൊടുമുപയോഗിക്കുമദ്ധ്യാപകാഢ്യൻ
സത്യത്തിൽ സാറുതന്നെ- സരസമധുരസംഭാഷണത്തിന്നു പാർത്താൽ
നിസ്തുല്യൻ, നിർമ്മലൻ, ശ്രീ തരക ഗുരുവരൻ, തെല്ലു സന്ദേഹമില്ല.

— *ഇ. ജി. ശ്രീധരൻപിള്ള.*

## ഏഴ്.

തോഷമേററമേററം ഭവൽ ഷഷ്ടിപൂർത്ത്യുത്സവത്തിൻ-
ശേഷം "ശതാഭിഷേക"വും ഘോഷിച്ചിടേണം
ആയിരം പൂർണ്ണചന്ദ്രനെക്കാണുമാറാകാനും, ദൈവം
ആയുരാരോഗ്യങ്ങളങ്ങേയ്ക്കരുളീടട്ടേ!!

— *എൻ. പി. നമ്പ്യാർ.*

## എട്ട്.

കൈരളീമലർക്കാവിൽ കാവ്യശാഖയിലേറി-
കൈതവാപേതം ദിവ്യഗാനങ്ങൾ പാടിപ്പാടി,

ജീവിത വസന്തത്തിൽ സ്വപ്നമേഖലതോറും
പാവനാനന്ദത്തിന്റെ പാലൊളിതൂകിത്തൂകി,

ഭാവനയുടെ സ്വർഗ്ഗസീമയിലുണർന്നാത്മ
ഭാവുകം വർഷിക്കുന്ന ഗായക, കവിശ്രേഷ്ഠ!,

എത്രയോ വസന്തങ്ങൾ പോയിട്ടും ഭവാനിന്നു-
മത്ഭുതഗാനം പാടിപ്പാടിയിങ്ങിരിക്കുന്നു!

അക്കളഗാനങ്ങൾ തൻ സ്വർഗ്ഗീയസൗന്ദര്യത്തി-
ലെത്രനാൾ കൊണ്ടീലോകം നിർവൃതിക്കൊണ്ടീടുന്നു!

വിരമിക്കല്ലേ, ഭവാനിമ്മലർക്കാവിൽനിന്നു-
മിനിയും കുറഞ്ഞൊന്നു വിശ്രമിക്കുവാൻ വേണ്ടി!

കലയെപ്പൂജിക്കുവാൻ ഗന്ധർവ്വലോകത്തിൽനി-
ന്നിവിടെപ്പറന്നെത്തിച്ചേർന്നതാണല്ലോഭവാൻ!

ഇക്കലാക്ഷേത്രത്തിന്റെ സമ്പൂത സങ്കേതത്തി-
ലെപ്പൊഴും കലാഭക്തരുത്സവം ഘോഷിക്കുമ്പോൾ,

മർത്ത്യന്റെ സംസ്കാരത്തിൻ മണിവീണകൾ മീട്ടി
നർത്തനങ്ങളുമാടി കൈരളി രസിക്കുമ്പോൾ,

ദിവ്യകോകിലമേ! നിൻ കളമാധുരിചേരും
നവ്യഗീതികൾ കേട്ടു നിർവൃതിക്കൊണ്ടു ഞങ്ങൾ!

താളങ്ങൾ പിഴയ്ക്കാതെ, രാഗങ്ങൾ മറയ്ക്കാതെ,
ഭാവങ്ങൾ രസവായ്പിലൊട്ടുമേ കുറയ്ക്കാതെ,

ഗായക!, ഭവാനിൽ നിന്നുതിർന്ന സ്വർഗ്ഗീയമാം
ഗാനങ്ങൾ മുഴങ്ങട്ടീവിശ്വത്തിലെങ്ങും മേന്മേൽ!

സാഹിതീസപര്യക്കായ് ജീവിതം സമർപ്പിച്ച
സാരജ്ഞ, വിജയിക്കമേൽക്കുമേൽ ഭവാൻ മന്നിൽ!

മംഗളം മഹാത്മാവേ, ഗായക, കവിശ്രേഷ്ഠ!
ധന്യനാമമങ്ങേയ്ക്കെന്റെ കൂപ്പുകൈപ്പൂമൊട്ടുകൾ!!

— പി. എൻ. മുരളി.

* *
*

# — ലഘു ജീവചരിത്രം —

പ്രൊഫസ്സർ പുത്തൻകാവു മാത്തൻ തരകൻ ചെങ്ങന്നൂർ താലൂക്കിൽ പുത്തൻകാവിലുള്ള പുരാതനവും പ്രശസ്തവുമായ കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ ശ്രീ: ഈപ്പൻ മാത്തൻെറയും ശ്രീമതി മറിയാമ്മയുടെയും നാലാമത്തെ പുത്രനായി 1079 ചിങ്ങം 21-ാം തീയതി ജാതനായി. കാലോചിതമായ വിദ്യാഭ്യാസം നേടിയിരുന്നവരും ദൈവഭക്തരുമായിരുന്ന മാതാപിതാക്കൾ.

*വിദ്യാഭ്യാസം:*

മലയാളത്തിലെ ആദ്യകാല ഗദ്യരചയിതാക്കളിലും വ്യാകരണ നിർമ്മിതാക്കളിലുമൊരാളായ റവ: ജോർജ്ജ് മാത്തന്റെ സഹോദരീപൗത്രനായ ശ്രീ: മാത്തൻ തരകൻ ബാല്യത്തിൽതന്നെ വിദ്യാഭ്യാസത്തിലും ജ്ഞാനസമ്പാദനത്തിലും അതീവ തല്പരനായിരുന്നു. ക്ലാസ്സിലും ക്ലാസ്സിനു വെളിയിലും അദ്ദേഹം ഒരു മാതൃകാവിദ്യാർത്ഥിയായിരുന്നു. കൗമാരത്തിൽതന്നെ കലാപ്രവർത്തനങ്ങളിൽ അദ്ദേഹം അന്യാദൃശമായ പാടവം പ്രകടിപ്പിച്ചിരുന്നു. പാടുവാനും കവിത രചിക്കുവാനും അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന കഴിവ് സതീർത്ഥ്യരുടെയും അദ്ധ്യാപകരുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിരുന്നു. പുത്തൻകാവു പ്രൈമറിസ്ക്കൂളിലും ചെങ്ങന്നൂർ ഇംഗ്ലീഷ് ഹൈസ്ക്കൂളിലുമായി അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തിന്റെ പ്രഥമഘട്ടം പൂർത്തിയായി.

*മിഡിൽസ്ക്കൂൾ അദ്ധ്യാപകൻ:*

ഹൈസ്ക്കൂൾ വിദ്യാഭ്യാസം പ്രശംസാർഹമായ രീതിയിൽ പൂർത്തിയാക്കിയ ശ്രീ: തരകൻ താമസിയാതെ ഉദ്യോഗത്തിൽ പ്രവേശിച്ചു. പുത്തൻകാവു ഇംഗ്ലീഷ് മിഡിൽസ്ക്കൂളായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ ഔദ്യോഗികപ്രവർത്തനരംഗം ഇംഗ്ലീ

ഷായിരുന്നു അന്ന് അദ്ധ്യയനമാദ്ധ്യമം. ഇന്ന് പ്രശസ്തമായ ഒരു മലയാളാദ്ധ്യാപകനായ പ്രൊഫ:തരകൻ മലയാളമൊഴികെയുള്ള വിഷയങ്ങളാണ് അന്നു പഠിപ്പിച്ചിരുന്നതു്.

*അവിരാമമായ അദ്ധ്വാനം:*

അഭ്യുന്നതിക്കുള്ള മററു സാദ്ധ്യതകൾ വളരെയുണ്ടായിരുന്നിട്ടും മലയാളത്തോടായിരുന്നു അദ്ദേഹത്തിനാഭിമുഖ്യം. തന്റെ മാനസിക സ്ഥിതിവിശേഷം പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടു് ഭാഷയുടെയും സാഹിത്യത്തിന്റെയും ശ്രീകോവിലിലേക്ക് അദ്ദേഹം ഭക്തിപൂർവ്വം കടന്നുവന്നു. അദ്ധ്യാപനത്തിനുശേഷം അല്പമായി ലഭിച്ച വിശ്രമസമയം ശരിക്കു പ്രയോജനപ്പെടുത്തി അദ്ദേഹം. അവിരാമമായ ആ അദ്ധ്വാനം 1936-ൽ അദ്ദേഹത്തിന് വിദ്വാൻ ബിരുദവും തുടർന്നു് ഇൻറർമീഡിയററ്, ബി. ഒ എൽ, എം. എ. ബിരുദങ്ങളും നേടിക്കൊടുത്തു. ആത്മാർത്ഥമായ പ്രയത്നംകൊണ്ടു സാദ്ധ്യമല്ലാത്തതായി ഒന്നുമില്ലെന്നതിന് ഒരു തെളിവാണു് പ്രൊ: മാത്തൻ തരകൻ.

*ഭാഷാദ്ധ്യാപകൻ:*

1936-ൽ മാരാമണ്ണിൽ ഒരു ഭാഷാഹൈസ്കൂൾ ആരംഭിച്ചപ്പോൾ അതിന്റെ ഭാരവാഹികൾ ശ്രീ: മാത്തൻതരകന്റെ സേവനം അഭ്യർത്ഥിച്ചു. അതിനകംതന്നെ അറിയപ്പെട്ടുതുടങ്ങിയിരുന്ന ശ്രീ: തരകൻ ഈ ക്ഷണം സസന്തോഷം സ്വീകരിച്ചു. വ്യക്തിപരമായ ചില കാരണങ്ങൾകൊണ്ടു് അധികകാലം അദ്ദേഹം അവിടെ ജോലിയിൽ തുടർന്നില്ല. ചങ്ങനാശ്ശേരിയിൽ അന്നു പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചിരുന്ന എം. പി. പോൾസ് കോളജായിരുന്നു അദ്ദേഹത്തിന്റെ അടുത്ത പ്രവർത്തനരംഗം. നേരത്തെതന്നെ പ്രാഥമികപരിചയം നേടിയിരുന്ന സംസ്കൃതത്തിലും വേദാന്തവിഷയത്തിലും പ്രാവീണ്യം നേടുവാൻ ഇക്കാലത്തദ്ദേഹത്തിനു കഴിഞ്ഞു. കോട്ടയം വൈദിക സെമ്മിനാരിയിൽ വൈദികപഠനം ഏർപ്പെടുത്തുകയും, പഠനവിഷയത്തിൽ മലയാളംകൂടെ ഉൾപ്പെടുത്തുകയും ചെയ്തതിനെത്തുടർന്നു് അദ്ദേഹം അവിടെയും ജോലി ചെയ്തുവന്നു.

1943-ൽ പാളയംകോട്ട സെൻറ് ജോൺസ് കോളജിൽ മലയാളവിഭാഗാദ്ധ്യക്ഷനായി പ്രൊഫ: തരകൻ നിയമിതനായി. അവിടെ ഒരു ദശാബ്ദക്കാലത്തോളം അദ്ദേഹം സേവനമനുഷ്ഠിച്ചു. 1951-ൽ തിരുവിതാംകൂറിൽ പുതിയ കോളജുകൾ തുടങ്ങുന്നതിനുള്ള ഒരുക്കങ്ങളാരംഭിക്കുകയും യാക്കോബായ ഓർത്തഡോക്സ് സഭാവിഭാഗവും അതിനു മുന്നോട്ടുവരികയും ചെയ്തപ്പോൾ പാളയംകോട്ടുനിന്നു മടങ്ങുവാൻ പ്രൊഫ: തരകൻ നിർബ്ബന്ധിതനായി. പത്തനംതിട്ടയിൽ ഒരു കോളജാരംഭിക്കുന്നതിനു കാലംചെയ്ത ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി ശ്രമങ്ങളാരംഭിച്ചതു് പ്രൊഫ: തരകനെക്കൂടെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു തിരുമേനിയുടെ വലങ്കയ്യായിനിന്നു പ്രൊഫ: തരകൻ നടത്തിയ ശ്രമങ്ങളാണു് പത്തനംതിട്ടയിലെ കാതോലിക്കേററ് കോളജിനു രൂപം നൽകിയതു്. 1952-ൽ പ്രവർത്തനമാരംഭിച്ച ഈ കോളജിൻെറ പൗരസ്ത്യഭാഷാവിഭാഗാദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണിന്നദ്ദേഹം. കോളജിന്റെ ഭരണസമിതിയിൽ പത്തു വർഷക്കാലം തുടർച്ചയായി അദ്ദേഹം അംഗമായിരുന്നു ഒന്നുരണ്ടു ഘട്ടങ്ങളിൽ ഈ കോളജിന്റെ പ്രിൻസിപ്പലായും അദ്ദേഹം പ്രശസ്ത സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

*കലാപ്രവർത്തനങ്ങൾ:*

ബാല്യത്തിൽതന്നെ സംഗീതം, സാഹിത്യം, ചിത്രമെഴുത്തു തുടങ്ങിയ സുന്ദര കലകളിൽ അനല്പമായ വാസന പ്രദർശിപ്പിച്ചിരുന്നു പ്രൊഫ: തരകൻ. സംഗീത സാഹിത്യാദികളിൽ സാമാന്യ പരിജ്ഞാനം നേടിയിരുന്ന സ്വപിതാവിൽനിന്നു് ഈ വാസനയെ വളർത്തിയെടുക്കുന്നതിനാവശ്യമായ പ്രചോദനം അദ്ദേഹത്തിനു ലഭിച്ചു. സ്കൂൾ സാഹിത്യ സമാജങ്ങൾ അദ്ദേഹത്തിനു നല്ലൊരു പരിശീലന കേന്ദ്രമായുപകരിച്ചു. പഠിച്ചിരുന്ന സ്കൂളുകളിൽ മാത്രമല്ല പരിസര പ്രദേശങ്ങളിലുള്ള മററു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു ഗായകനെന്ന നിലയിൽ അദ്ദേഹം ക്ഷണിക്കപ്പെട്ടുക പതിവായിരുന്നു. പാടുന്നതിനു മാത്രമല്ല പാട്ടുകൾ രചിക്കുന്നതിനും അദ്ദേഹത്തിനു പാടവമുണ്ടായിരുന്നു. നാലാംഫോറത്തിൽ പഠിച്ചുകൊണ്ടിരിക്കവെയാണു് അദ്ദേഹത്തിൻെറ ആദ്യത്തെ ഗാനം

അച്ചടിക്കപ്പെട്ടതു്. തിരുവല്ലായിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന "ബഥനിമാസിക"യാണു്. ഈ സൗമനസ്യംകൊണ്ടദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചതു്. ഇതെത്തുടർന്നു് അദ്ദേഹം ഒട്ടേറെ ഗാനങ്ങളെഴുതിയിട്ടുണ്ടു്. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന നാടകസമിതികളുടെ ഗാനരചയിതാവു ശ്രീ: മാത്തൻതരകനായിരുന്നു. മലയാളത്തിലെ ആദ്യകാല ചലച്ചിത്രങ്ങളിലൊന്നായ "ജ്ഞാനാംബിക" യിലെ ഗാനങ്ങൾ രചിച്ചതും ശ്രീ: തരകനാണു്.

*സാഹിത്യകൃതികൾ:*

1920-ൽ പ്രൊഫ: തരകൻ പരുമലപ്പെരുനാൾ എന്നൊരു ശീതങ്കൻ തുള്ളലെഴുതി. അന്നു പതിനേഴു വയസ്സു മാത്രമാണുണ്ടായിരുന്നതു് കഥാപുരുഷനു്. ആ വർഷംതന്നെ പ്രഥമ പ്രളയം എന്നൊരു ഖണ്ഡകാവ്യവും അദ്ദേഹം രചിക്കുകയുണ്ടായി. കേരളമൊട്ടുക്കു വൻപിച്ച നാശനഷ്ടങ്ങൾ വരുത്തിയ 1920-ലെ വെള്ളപ്പൊക്കത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു രചിച്ച ഒരു ഖണ്ഡകാവ്യമാണു പ്രഥമപ്രളയം. നോവലുകൾ, നാടകങ്ങൾ എന്നീ ശാഖകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. നാല്പതോളം വരുന്നു അദ്ദേഹത്തിൻെറ കൃതികളുടെ എണ്ണം. അവയിൽ എടുത്തുപറയത്തക്കവയാണു് ഉദയതാരം, വികാരമുകുരം, കൈരളീലീല, പ്രഥമപ്രളയം, ഹേരോദാവു്, വേദാന്തമുരളി, ശ്രുലേംകുമാരി, മഗ്ദലനമോഹിനി, ഉദ്യാനപാലകൻ, ദിവ്യനക്ഷത്രം എന്നിവ. ഓമർഖയ്യാമിന്റെ റുബായിയാത്തിനു് അദ്ദേഹം എഴുതിയ പദ്യപരിഭാഷയാണു് അദ്ദേഹത്തിന്റെ കൃതികളിൽ സർവ്വോൽകൃഷ്ടമായി കരുതപ്പെടുന്നതു് 15000 ത്തിൽ പരം വരികളിലായി ബൈബിളിലെ പുതിയ നിയമ കഥ രൂപപ്പെടുത്തുന്ന മഹായത്നത്തിൽ കഴിഞ്ഞ ഏതാനും വർഷമായി നിമഗ്നനായിരിക്കുകയായിരുന്നു അദ്ദേഹം. വിശ്വദീപം എന്നു പേരു നൽകിയിട്ടുള്ള ഈ മഹാഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണച്ചുമതല കേരള സാഹിത്യ അക്കാദമി ഏറ്റെടുത്തിരിക്കുകയാണു്.

*പത്ര പ്രവർത്തനം:*

KOTTAYAM PUBLIC LIBRARY KOTTAYAM

കേവലം ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ ശ്രീ: തരകൻ കേരളത്തിലെ പല പത്രങ്ങളുടെയും ലേഖകനായി പ്രവർത്തിച്ചുകൊണ്ടിരുന്നു. മലയാളമനോരമയ്ക്കു കവിതകൾ എഴുതിക്കൊണ്ടിരുന്നതിനുപുറമേ കോട്ടയത്തുനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന പ്രതിദിനം പത്രത്തിലേക്കു മദ്ധ്യതിരുവിതാംകൂറിലെ പ്രധാന വാർത്തകൾ രാഷ്ട്രീയസാമുദായിക സമ്മേളനങ്ങളിലെ പ്രസംഗങ്ങൾ മുതലായവ അയയ്ക്കുക പതിവായിരുന്നു. ആ കാലത്തുതന്നെ ചെങ്ങന്നൂരിൽനിന്നും പരേതനായ എം. മാത്തുണ്ണിയുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടുകൊണ്ടിരുന്ന "ഭജേഭാരതം" എന്ന രാഷ്ട്രീയ വാരികയുടെ സഹപത്രാധിപത്യവും വഹിച്ചിരുന്നു. എസ്. എസ്. എൽ. സി. പാസ്സായതിന്റെശേഷം സ്വന്തമായി ഒരു മാസിക തുടങ്ങണമെന്നുള്ള അഭിലാഷം ശ്രീ. തരകനിൽ ഉദിച്ചു. അതിന്റെ ഫലമായി 1926-ൽ "വനിതാരത്നം" എന്നൊരു മാസിക അദ്ദേഹം ആരംഭിച്ചു. അന്നത്തെക്കാലത്ത് സ്ത്രീസമുദായത്തിന്റെ പുരോഗതിയേയും കുടുംബജീവിതത്തെയും സംബന്ധിച്ചുള്ള ലേഖനങ്ങളടങ്ങിയ പ്രസിദ്ധീകരണങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു എന്നുവേണം പറയുവാൻ. ആ കാരണത്താലാണ് അദ്ദേഹം "വനിതാരത്നം" എന്ന പേരിൽതന്നെ ഒരു മാസിക ആരംഭിച്ചതു്. ഈ മാസിക രണ്ടു കൊല്ലം അഭംഗുരമായി നടന്നു. വരിസംഖ്യ പിരിക്കുന്നതിനും മാനേജുമെന്റ് വഹിക്കുന്നതിനും മററും തക്കതായ സഹായികൾ ഇല്ലാതിരുന്നതിനാൽ മാസിക നിന്നുപോയി. അതിന്റെ ഫലമായി അച്ചടിശാലയിൽ ഒരു നല്ല സംഖ്യ കടമായി ശേഷിക്കുകയുംചെയ്തു. എങ്കിലും പത്രങ്ങളുമായിട്ടുള്ള ബന്ധം അദ്ദേഹം കൈവെടിഞ്ഞില്ല. കേരള ക്രൈസ്തവസേവകസമിതിയുടെ ആഭിമുഖ്യത്തിൽ കേരളസേവകൻ എന്നൊരു പത്രം തിരുവല്ലായിൽനിന്നും പ്രസിദ്ധപ്പെടുത്തിവന്നിരുന്നു. നവഭാരതി പത്രാധിപരായ പി. കെ. കേശവപിള്ളയുടെയും കേരളസേവകൻ പത്രാധിപരായ സക്കറിയാ ഒളശ്ശയുടെയും പ്രേരണയാൽ ആ പത്രങ്ങൾക്ക് നിരന്തരമായ ലേഖനസഹായം ശ്രീ: തരകൻ ചെയ്തു

കൊണ്ടിരുന്നു. പക്ഷേ സ്വന്തമായി എന്തെങ്കിലും ഒരു പ്രസിദ്ധീകരണം വേണമെന്ന് ശ്രീ: തരകന് വളരെയധികം ആഗ്രഹമുണ്ടായിരുന്നു. അതനുസരിച്ച് അദ്ദേഹം 1947-ൽ "സാഹിത്യരത്നം" എന്നൊരു മാസിക ആരംഭിച്ചു. അതും രണ്ടു കൊല്ലത്തിനുശേഷം സാമ്പത്തികവൈഷമ്യം നിമിത്തം നിന്നുപോയി. പിന്നീടു തുടങ്ങിയ "തിരമാല" എന്ന വാരികയുടെയും സ്ഥിതി ഇതുതന്നെയായിരുന്നു.

*നോവലുകൾ:*

ഗാനങ്ങളും കാവ്യങ്ങളും രചിക്കുന്നതിൽ തല്പരനായിരുന്ന ശ്രീ: തരകൻ ഒരു നോവലിസ്റ്റായിത്തീർന്നതു് സർ വാൾട്ടർ സ്കോട്ടിനെയും മററും പോലെയാണ്. സാഹിത്യത്തിന്റെ ഏതു ശാഖയിലും കൈയ്‌വച്ചു വിജയം നേടുന്നതിനു കഴിവുള്ള ശ്രീ: തരകനു പത്രപ്രവർത്തനംകൊണ്ടും ഖണ്ഡകാവ്യപ്രസിദ്ധീകരണംകൊണ്ടും വമ്പിച്ച ധനനഷ്ടം നേരിട്ടിരുന്നു. 1934-ൽ അദ്ദേഹം സ്വപിതാവിനെപ്പോലെ ബഹുമാനിച്ചിരുന്ന ശ്രീ: കെ. സി. മാമ്മൻ മാപ്പിളയെ കണ്ടു് സ്വന്തം കടത്തെപ്പററിയും മററും വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു. ശ്രീ: തരകനെ സ്വന്തം പുത്രന്മാരിൽ ഒരാളായി കരുതിവന്നിരുന്ന ശ്രീ: മാമ്മൻമാപ്പിള നല്ല നല്ല നോവലുകൾ ഇംഗ്ലീഷിൽനിന്നു വിവർത്തനം ചെയ്തു മനോരമയ്ക്കു കൊടുക്കുവാൻ നിർദ്ദേശിച്ചു. ആ നിർദ്ദേശമനുസരിച്ച് ശ്രീ: തരകൻ ആദ്യമായി വിവർത്തനം ചെയ്തതു് സ്കോട്ടിന്റെ ററാലിസ്‌മാൻ എന്ന പ്രസിദ്ധമായ നോവലാണ്. സ്കോട്ടിന്റെ ഇംഗ്ലീഷ്ഭാഷാരീതി ഏതു രീതിയിൽ പ്രൗഢമായിരുന്നുവോ അതേ രീതിയിൽതന്നെ ശ്രീ. തരകൻ വിവർത്തനത്തിൽ ഉപയോഗിച്ചിരുന്ന മലയാളഭാഷയും അതി പ്രൗഢമായിരുന്നു. "ജീവാമൃതം" എന്ന പേരിൽ വിവർത്തനംചെയ്ത ആ നോവൽ മനോരമയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി. അതിനെത്തുടർന്ന് ടാർസൻ ഒന്നാംഭാഗം, രണ്ടാംഭാഗം, മൂന്നാംഭാഗം, ഇണങ്ങാത്ത മനുഷ്യൻ, പ്രതികാരം, ദുരന്തചുംബനം, ചിത്രാലയം, മന്ദാകിനി തുടങ്ങിയ നോവലുകൾ മനോരമയിൽ പ്രസിദ്ധപ്പെടുത്തി. ആ നോവലുകളിൽനിന്നും ലഭിച്ച പ്രതിഫലംകൊണ്ടാണ് പത്രപ്രവർത്തനംകൊണ്ടും പദ്യഗ്രന്ഥപ്ര

ദ്ധീകരണംകൊണ്ടും മററുമുണ്ടായ നഷ്ടം എറെക്കുറെ പരിഹരിച്ചത്. അടുത്തകാലത്ത് ശ്രീ തരകൻ മനോരമയിൽക്കൂടി പ്രസിദ്ധീകരിച്ച "മധുബാലിക" എന്ന നോവൽ വായനക്കാരെ വളരെയധികം രസിപ്പിച്ചിട്ടുള്ളതാണ്. നോവലുകൾ കൂടാതെ പ്രസംഗമാല, ശാസ്ത്രരംഗം, പ്രകൃതിസാമ്രാജ്യം, സാഹിത്യസോപാനം, സാഹിത്യവേദി എന്നീ ശാസ്ത്രസാഹിത്യഗ്രന്ഥങ്ങളും ശ്രീ തരകൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ചെറുകഥാസാഹിത്യത്തിലും ഹാസ്യലേഖനരചനയിലും അദ്ദേഹം പിന്നാക്കം മാറിയിട്ടില്ല.

*സമുദായ–രാഷ്ട്രീയ പ്രവർത്തനങ്ങൾ:*

സമുദായ – രാഷ്ട്രീയപ്രവർത്തനങ്ങളിലൂടെ ശ്രീ: മാത്തൻ തരകൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിലെ ക്രൈസ്തവരെ ഒന്നിച്ചണിനിരത്തുന്നതിനു രൂപംകൊണ്ട ക്രൈസ്തവസേവകസമിതിയുടെ മുഖ്യപ്രവർത്തകരിൽ ഒരാളായിരുന്നു അദ്ദേഹം. വൈ. എം. സി. ഏ. തുടങ്ങിയ സ്ഥാപനങ്ങളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം വേഷത്തിലും ഭാവത്തിലും മാത്രമല്ല പ്രവർത്തനത്തിലും ഒരു ഗാന്ധിഭക്തനാണദ്ദേഹം. ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ മുതൽ അദ്ദേഹം ഒരു ഖദർവസ്ത്രധാരിയാണ്.

കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ നിവർത്തനപ്രസ്ഥാനം, സ്റ്റേററ് കോൺഗ്രസ്സ്, എന്നിവ സുപ്രസിദ്ധങ്ങളാണ്. ഈ സംഘടനകളിലെല്ലാം ശ്രീ: തരകൻ സജീവമായ പങ്കുവഹിച്ചിട്ടുണ്ട്. സർ. സി. പി. യുടെ വിദ്യാർത്ഥിവേട്ട, പൗരമർദ്ദനം മുതലായവകൊണ്ട് ഇളകിമറിഞ്ഞ കേരളീയർ രാജ്യത്തിനുവേണ്ടി സജീവനെപ്പോലും ബലികഴിക്കാനുള്ള വീര്യവും ശൗര്യവും നൽകിയത് ശ്രീ തരകന്റെ ഗീതങ്ങളാണ്. ക്രൈസ്തവഗാനമഞ്ജരി, ഭക്തിമാഹാത്മ്യഗീതങ്ങൾ സംഗീതകൗതുകം എന്നീഗ്രന്ഥങ്ങളുടെ രചനകൊണ്ടു പ്രസിദ്ധി നേടിയിരുന്ന ശ്രീ. തരകന്റെ സ്റ്റേററ് കോൺഗ്രസ്സ് ഗീതങ്ങൾ കേരളത്തിന്റെ നാനാഭാഗത്തും അന്നലയടിച്ചിരുന്നു. പേരുവയ്ക്കാതെ പ്രസിദ്ധപ്പെടുത്തിയിരുന്ന ആ ഗ്രന്ഥം

ആയിടയ്ക്കു കണ്ടുകേട്ടുകയുണ്ടായി· തെരഞ്ഞെടുപ്പുകാലങ്ങളിൽ കോൺഗ്രസ് പ്ലാററ്ഫോമുകളിൽ അദ്ദേഹം ഒരു സ്ഥിരം പ്രസംഗകനാണ്. എതിരാളികളോടു വേണ്ടത്ര ബഹുമാനം പുലർത്തിക്കൊണ്ടുതന്നെ തൻെറ സ്ഥാനാർത്ഥിയെ സമ്മതിദായകർക്കുപേക്ഷിക്കാനാവാത്ത തരത്തിൽ യുക്തിപൂർവ്വം അദ്ദേഹം പ്രസംഗിക്കും. പലപ്പോഴും ഒരു രാഷ്ട്രീയപ്രസംഗത്തെക്കാൾ സരസമായ സാഹിത്യപ്രഭാഷണത്തോടായിരിക്കും അതിനടുപ്പം. എത്ര അസ്വസ്ഥമായ സഭാതലത്തെയും നിശ്ശബ്ദമാക്കുവാൻ പ്രൊഫ: തരകന് പ്രത്യേകമായ കഴിവുണ്ട്.

തിരുവല്ലാ കാവിലേവീട്ടിൽ ഐപ്പേച്ചൻെറയും അച്ചാമ്മയുടെയും പുത്രി മറിയാമ്മയാണ് അദ്ദേഹത്തിൻെറ ധർമ്മപത്നി. സുശീലയും ദൈവഭക്തയുമായ ഭാര്യയുമൊന്നിച്ച് ശ്രീ: തരകൻ ശാന്തമായ ഒരു കുടുംബജീവിതമാണ് നയിക്കുന്നത്. കോതമംഗലം കോളജിലെ ഇംഗ്ലീഷ് പ്രഫസ്സറും ഒരു നല്ല സാഹിത്യകാരനുമായ ശ്രീ: കെ. എം. തരകൻ എം. എ., തിരുവനന്തപുരം മെഡിക്കൽ കോളജ് അസിസ്റ്റൻറു പ്രഫസ്സർ ഡോക്ടർ കെ. എം. ജോസഫ് ബി.എസ്‌സി., എം ബി ബി.എസ്. എന്നിവരാണ് ശ്രീ: തരകൻെറ പുത്രന്മാർ. സീമന്തപുത്രൻ ശ്രീ: കെ. എം. തരകൻെറ ഭാര്യ റേച്ചൽതരകൻ എം. എസ്. സി. കോതമംഗലം കോളജിലും രണ്ടാമത്തെ പുത്രൻ ഡോക്ടർ ജോസഫിൻെറ ഭാര്യ ഡോ: മേരീജോസഫ് എം.ഡി.ഡി.ജി.ഒ. മെഡിക്കൽകോളജിലും സേവനം അനുഷ്ഠിക്കുന്നു,

അറുപതുതികഞ്ഞിരിക്കുന്ന പ്രൊഫ: തരകൻ ശാരീരികവും മാനസികവുമായി തികച്ചും ആരോഗ്യവാനാണ്. ആ ആരോഗ്യം നിലനിർത്തിക്കൊണ്ടു തൻെറ ബഹുലമായ പ്രവർത്തനങ്ങളാൽ കേരളത്തെയും കേരളഭാഷയേയും ഇനിയും ദീർഘകാലം അദ്ദേഹം അനുഗ്രഹിക്കുമെന്നു പ്രതീക്ഷിക്കാം.

അച്ചടി: കലാമന്ദിരം പ്രസ്സ്, പത്തനംതിട്ട.

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. M205 ROY:T Acc. No. 20477

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M05
ROY. T

ഉ0477

റോയി. സി. ജെ. ലർ
താരകോപഹാരം.